


2012 ജൂലൈ / വോള്യം 4 / ലക്കം 1 / വില ₹ 15

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത






സംഘടിത

ജൂലൈ 2012 - വാല്യം 4 - ലക്കം 1

# ഉള്ളടക്കം

7 മാദ്ധ്യമങ്ങളിലെ സ്ത്രീകൾ - ആർ. പാർവതീദേവി

11 മാറുന്ന മാധ്യമലോകവും സ്ത്രീകളും
മലീഹാ രാഘവയ്യ

16 അജ്ഞാതമായൊരിടത്തേക്ക് വന്നപ്പോൾ
മൈന ഉമൈബാൻ

19 സ്ത്രീമാധ്യമപ്രവർത്തകരുടെ കൂട്ടായ്മ - NWMI
രേണു രാംനാഥ്

23 പെണ്ണും പരാതിയും - ഡോ. ശ്രീലതാവർമ്മ

26 കരിഞ്ഞ നെൽക്കുറ്റികളും പുരപ്പുറത്തെ വൈക്കോലും ഒരു പെണ്ണും - ഡോ. മിനിപ്രസാദ്

28 പേമ്പി - പി. വത്സല

35 അഭ്രപാളികൾക്കപ്പുറം - ഇ.പി. ജ്യോതി

37 ഫൈബ്രോയ്ഡ് മുഴകളെപ്പറ്റി - ഡോ. ഖദീജ മുംതാസ്

38 കേരളസമൂഹത്തിന് സ്ത്രീസമൂഹത്തിന്റെ തുറന്ന കത്ത്
ബൽക്കീസ് ബാനു പൊന്നാത്ത്

42 പരമ്പരകളിലെ 'സ്ത്രീ' - ശ്രീവിദ്യ എൻ.ടി.

44 മൂക്കിന്റെ തുമ്പത്തുകോപം - ഡോ.ടി.അനിതകുമാരി

46 അജിതയ്ക്കുമാത്രം പറയാൻ കഴിയുന്ന സത്യങ്ങൾ-റിപ്പോർട്ട്

48 സദാചാര പോലീസ് വയനാട്ടിലും - എലിസബത്ത് സി. എസ്

52 ഞങ്ങൾ എന്തുകൊണ്ട് ജീവിതം സമരമാക്കിമാറ്റി? ഞങ്ങൾ എന്തിനീ സഹനസത്യാഗ്രഹപാത സ്വീകരിച്ചു? അനിത. എസ്

57 അന്വേഷി വാർത്തകൾ

58 പുസ്തകപരിചയം, കാർട്ടൂൺ



**9** പൊതുഇടങ്ങൾ സ്ത്രീകൾക്ക് അന്യമോ?
കൽപ്പനാശർമ്മ




**21** മാദ്ധ്യമരംഗവും സ്ത്രീകളും - വീണ ജോർജ്ജ്



**55** നോ വൺ കിൽഡ് ജെസ്സീക്ക
- ഡോ.രജനി.ബി.

## കവിതകൾ

'പ്രകാശം ചുരത്തിയ പുസ്തകം' - ഇന്ദിരാബാലൻ
കേരളാമോഡൽ (2011) - പൊന്നുലക്ഷ്മി വി. നായർ
ദൂരം - ബിജി ബാലകൃഷ്ണൻ
അതിരുകൾ - കൃഷ്ണമായ
മടക്കം - ഐ. രഞ്ജിനി
ഞണ്ടുജന്മം, ഒന്നൂല്ല - ജാൻസി
ഫിഷ് മോളി - രാധികാ സനോജ്
അടുക്കളനഗരം - സുഷമബിന്ദു
എന്നിൽനിന്നടർന്നത് - സുഭദ്രാസതീശൻ

എഡിറ്റർ : സാറാജോസഫ്
മാനേജിംഗ് എഡിറ്റർ : കെ.അജിത
എക്സി.എഡിറ്റർ : ഡോ.ജാൻസി ജോസ്
ഗസ്റ്റ് എഡിറ്റർ : സുനീത.ടി.വി
പത്രാധിപ സമിതി : ദീദി, സി.എസ്.മീനാക്ഷി, ജ്യോതി നാരായണൻ, ഡോ.കെ.എം.ഷീബ, ഗിരിജ.പി. പാതേക്കര, മിനി സുകുമാർ, ഡോ.പി. ഗീത, രാജലക്ഷ്മി, കെ.കെ.സാവിത്രി, കെ.കെ.പ്രീത
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ.എം. ലീലാവതി, ഡോ.ശാരദാമണി, മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സൂം ഇൻ, തളി, 0495 4010872,
പ്രിന്റിംഗ് : എ- വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

സംഘടിത മാസിക

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com, www.anweshi.org




# പ്രതികരണം

## പ്രിയപ്പെട്ട പത്രാധിപക്ക്,

'സംഘടിത'യിൽ ഞാനെഴുതിയ ലേഖനത്തിന് സുൽഫത്ത് എം. എഴുതിയ മറുകുറിപ്പിനുള്ള പ്രതികരണമാണിത്.

അതിൽ നടത്തിയിട്ടുള്ള പല വ്യാഖ്യാനങ്ങളും പരാമർശങ്ങളും എന്റെ ലേഖനത്തോടു നീതിപുലർത്തുന്നവയല്ല എന്ന തോന്നലാണ് ഇതെഴുതാൻ എന്നെ പ്രേരിപ്പിക്കുന്നത്.

ഒന്നാമതായി, കേരളീയ സ്ത്രീവാദത്തിന്റെ സർക്കാർവത്ക്കരണത്തെക്കുറിച്ചുള്ള ലേഖനം, ഇവിടെ നടന്ന എൻജിഒവത്ക്കരണത്തെ വിമർശിക്കുന്നില്ലെന്ന പരാമർശം തീരെ നിലനിൽക്കുന്ന ഒന്നല്ല. സർക്കാർവത്ക്കരണം, ലോകമെമ്പാടുംതന്നെ, സ്ത്രീപക്ഷരാഷ്ട്രീയത്തിന്റെ 'പാകപ്പെടലി'ന്റെ മുന്നുപാധിയായിട്ടാണ് പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. സർക്കാർവത്ക്കരണത്തിലൂടെയാണ് ഫെമിനിസ്റ്റുകൾ 'സേവനദാതാക്കളും' 'ജെന്റർ കൺസൾട്ടന്റു'മാരുമാകുന്നത്. ആ പ്രക്രിയയുടെ കേരളപശ്ചാത്തലത്തിലുള്ള ചരിത്രത്തെപ്പറ്റിയാണ് ആ ലേഖനത്തിൽ പറയുന്നത്. അതിലുൾച്ചേർന്ന തദ്ദേശീയ- ആഗോള സാഹചര്യങ്ങളുടെ കൂടിച്ചേരലിലാണ് സ്ത്രീവേദിയുടെ രൂപീകരണമെന്ന് ആ ലേഖനം വ്യക്തമായി പറയുന്നുണ്ട്. പിന്നെ, വ്യക്തികളുടെ നേരെ കുറ്റപ്പെടുത്തുന്ന വിരലുകൾ ചൂണ്ടാൻ ഞാൻ ശ്രമിച്ചിട്ടില്ലെന്നത് നേരുതന്നെ. അങ്ങനെയുള്ള ആരോപണ- പ്രത്യാരോപണവിലാസങ്ങൾ ഇനിയും കേരളത്തിലെ സ്ത്രീപക്ഷരാഷ്ട്രീയത്തിന് ഗുണം ചെയ്യില്ലെന്നാണ് ഞാൻ കരുതുന്നത്. ആ വിരൽചൂണ്ടൽ കൂടാതെതന്നെ ഫണ്ടിങ്ങ് ആവശ്യമില്ലാത്ത വിധത്തിൽ, സ്വതന്ത്രമായിത്തന്നെ സ്ത്രീപ്രസ്ഥാനത്തെ പുനഃസൃഷ്ടിക്കാനാവുമെന്നാണ് എന്റെ വിശ്വാസം. അത് ലേഖനത്തിൽ പ്രകടമാണുതാനും. ഒരു രീതിശാസ്ത്രമെന്ന നിലയ്ക്ക് വ്യക്തികളുടെ അധികാരമോഹത്തെ കണ്ടെത്തി സാമൂഹ്യപ്രക്രിയകളുടെ മുഴുവൻ ഉത്തരവാദിത്തവും അവരിലാരോപിക്കുന്നത് വളരെ ദുർബലമായ ലിബറൽ രീതിയാണ്. കേരളത്തിലെ സ്ത്രീപക്ഷരാഷ്ട്രീയത്തിന്റെ സർക്കാർവത്ക്കരണം ഒരു സാമൂഹ്യ-രാഷ്ട്രീയ പ്രക്രിയതന്നെയായിരുന്നു; ആഗോളതലത്തിൽത്തന്നെ ആഞ്ഞടിച്ച മാറ്റങ്ങളുടെ ഭാഗം. അത് അംഗീകരിക്കലാണ്, കഴിഞ്ഞകാലത്തുപറ്റിയ പിഴവുകളെ കണ്ടെത്താനുള്ള വഴി.

രണ്ടാമതായി കേരളത്തിൽ നിലനിൽക്കുന്ന സവിശേഷ സ്ത്രീവിരുദ്ധതയുടെ അടിവേരുകളെ ഇവിടെയുള്ള ഫെമിനിസ്റ്റുകൾ പഠിക്കാൻ ശ്രമിച്ചിട്ടില്ലെന്ന പരാമർശം എന്നെ കുറച്ചൊന്നുമല്ല അത്ഭുതപ്പെടുത്തുന്നത്. ഒരുപക്ഷേ, ലേഖനത്തിൽ പറയുന്നതുപോലെ സ്ത്രീപക്ഷ ജ്ഞാനനിർമ്മാണവും പ്രവർത്തനവും തമ്മിൽ വലിയ അകലം നിലനിൽക്കുന്നുവെന്നതിനുള്ള തെളിവാണ് ഇത്. 1980കളിൽ സ്ത്രീവാദത്തെക്കുറിച്ച് ഇവിടെ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനങ്ങളും പുസ്തകങ്ങളും വളരെ വലിയ അളവുവരെ പുരുഷന്മാരായ ഫെമിനിസ്റ്റുകളുടെ സംഭാവനയായിരുന്നു. എന്നാൽ 90കൾക്കുശേഷം അതല്ല എന്തായാലും സ്ഥിതി. ഡോ. ശാരദാമണി, അരുണിമ ജി., പ്രവീണാ കോടോത്ത്, അന്നാ ലിന്റ്ബർഗ്, മീരാ വേലായുധൻ, ജെ. ദേവിക തുടങ്ങിയ പലരും സുൽഫത്ത് പറയുന്ന കാര്യങ്ങളെക്കുറിച്ച് ഗൗരവമായി പഠിക്കുകയും ആ പഠനങ്ങളിൽ വലിയൊരുഭാഗം മലയാളത്തിൽ, ഇവിടുത്തെ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുകയും വ്യാപകമായി ചർച്ച ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സ്ത്രീപ്രസ്ഥാനത്തിനു വളരെ അടുത്തുനിൽക്കുന്ന ഗീതടീച്ചർ, ചന്ദ്രിക തുടങ്ങിയവർ ചരിത്രത്തിലും സാഹിത്യവിമർശനത്തിലും നടത്തിയ ഇടപെടലുകൾ കൂടാതെയാണിത്. ഇപ്പോഴും ചെറുപ്പക്കാരായ പലരും ഈ പ്രശ്നങ്ങളെക്കുറിച്ച് എഴുതിക്കൊണ്ടിരിക്കുന്നു. ഷർമ്മിളാ ശ്രീകുമാർ, രതീഷ് രാധാകൃഷ്ണൻ തുടങ്ങിയ പലരും. ഈ പുതിയധാരയുമായി കേരളത്തിലെ സ്ത്രീവാദരാഷ്ട്രീയത്തിന് ചേർന്നുനിൽക്കാനും അതിൽനിന്ന് ഊർജ്ജം സംഭരിക്കാനും കഴിയാതെപോയത്, അതിനു സംഭവിച്ച സർക്കാർവത്ക്കരണമാണെന്നാണ് ലേഖനത്തിൽ വാദിച്ചിട്ടുള്ളത്. കാരണം, ഈ ഫെമിനിസ്റ്റ് അന്വേഷണങ്ങൾ അടിസ്ഥാനപരമായി സർക്കാർവത്ക്കരണത്തിന് എതിരാണ്.

കേരളത്തിൽ 90കൾ മുതലിന്നുവരെ പലപ്പോഴായി നടന്ന ലൈംഗികപീഡനക്കേസുകളെ 'മറക്കണ'മെന്ന് ലേഖനം ആവശ്യപ്പെടുന്നുവെന്ന സൂചനയും തീർത്തും തെറ്റാണ്. അത്തരം അതിക്രമത്തെ എതിർക്കേണ്ട കാര്യമില്ലെന്ന് ആധുനികധാർമ്മികത പങ്കുവെക്കുന്ന ആരും പറയാനിടയില്ല. ആ എതിർപ്പ് ലൈംഗിക സദാചാരത്തെക്കുറിച്ചുള്ള നവോത്ഥാനതീർപ്പുകളെ മറികടന്നില്ലെന്നും അവയ്ക്കുള്ളിൽ ഒതുങ്ങിനിന്നതുകൊണ്ടുതന്നെ പലപ്പോഴും

*(ശേഷം 50-ാം പേജിൽ)*



# മുഖപ്രസംഗം



സാറാജോസഫ്

**നിരന്തരവും** അക്ഷീണവുമായ സമരത്തെത്തുടർന്ന് എൻഡോസൾഫാൻ മേഖലയിലെ ദുരിതബാധിതർക്കായി ചില പാക്കേജുകൾ പ്രഖ്യാപിക്കപ്പെടുകയുണ്ടായല്ലോ. ഏതെങ്കിലും സർക്കാരുകൾ ആ പാക്കേജ് നടപ്പിലാക്കിയോ? രോഗികൾക്കും ദുരിതമനുഭവിക്കുന്നവർക്കും ആ പാക്കേജുകൾ ഉപകാരപ്പെട്ടുവോ? ഇല്ല എന്നാണ് മൂന്നുമാസമായി എൻഡോസൾഫാൻ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന അമ്മമാരുടെ സമരം കേരളീയരെ ഓർമ്മിപ്പിക്കുന്നത്. ബൽക്കീസ്, മിസ്റിയ, മാധവി എന്നീ മൂന്ന് അമ്മമാരുടെ മുൻകയ്യിൽ തുടങ്ങിയ സത്യാഗ്രഹസമരം ഇപ്പോൾ നിരാഹാരമായി വളർന്നിരിക്കുന്നു. ഇതുവരേക്കും സർക്കാരിന്റെ ശ്രദ്ധ ഈ സമരത്തിന്റെ നേർക്ക് തിരിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി കാസർഗോഡ് ചെന്നദിവസം അദ്ദേഹത്തെ ഇത് ബോധിപ്പിക്കാനായി കാസർഗോട്ടെ അമ്മമാർ കളക്ടറേറ്റിനു മുന്നിൽ നടത്തിയ അടുക്കള സമരം അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പതിഞ്ഞില്ല. എൻഡോസൾഫാൻ രോഗികളും അവരുടെ അമ്മമാരും കളക്ടറേറ്റിനുമുന്നിൽ തീ കൂട്ടി കഞ്ഞിവെച്ച് സമരം നടത്തിയതിന് ആറ്റുകാൽ പൊങ്കാലയുടെ വർണ്ണപൊലിമ ഉണ്ടാവുകയില്ലല്ലോ.

എൻഡോസൾഫാൻ മേഖലയിൽ ഭരണകൂട ഭീകരതയുടെ ഇരകളാക്കപ്പെട്ടവരുടെ ദുരിതാശ്വാസത്തിനു വേണ്ടിയുള്ള പാക്കേജുകളാണ് പ്രഖ്യാപിക്കപ്പെട്ടത്. അത് പ്രകൃതി ദുരന്തമായിരുന്നില്ല. ഭരണകൂടം പാവപ്പെട്ട മനുഷ്യരുടെയും ജീവജാലങ്ങളുടെയും സസ്യങ്ങളുടെയും മണ്ണിന്റേയും വെള്ളത്തിന്റേയും മേൽ അറിഞ്ഞുകൊണ്ടുനടത്തിയ ഭീകരപ്രവർത്തനമായിരുന്നു. ഇരകളോട് കാണിക്കേണ്ട സാമാന്യനീതി പോലും കാണിക്കാതെ മാരകവിഷനിർമ്മാണകമ്പനികളുടെ പക്ഷം ചേർന്നുകൊണ്ട് എൻഡോസൾഫാൻ അല്ല ദുരിതത്തിന് കാരണമെന്ന നിലപാടാണ് കേന്ദ്ര-സംസ്ഥാനസർക്കാരുകൾ അനേകം കാലത്തേക്ക് തുടർന്നുപോന്നത്. ഇന്ത്യക്കാർ ലജ്ജിച്ച് തല താഴ്ത്താൻ ഇടയാകും വിധം ലോകരാഷ്ട്രങ്ങളുടെ മുമ്പിൽ എൻഡോസൾഫാന് വേണ്ടി വാദിച്ച ഭരണകൂടപ്രതിനിധികൾ പരിഹാസ്യരാവുകയും ഉണ്ടായി. മുഴുവൻ ലോകത്തിന്റേയും ശ്രദ്ധ എൻഡോസൾഫാൻ ഇരകളുടെ നേർക്ക് തിരിഞ്ഞിട്ടും കേന്ദ്ര-സംസ്ഥാന സർക്കാറുകൾ മാത്രം മടിച്ചുനിന്നു. ഒടുവിൽ ചില പാക്കേജുകൾ പ്രഖ്യാപിക്കുകയല്ലാതെ ഒരു മാർഗ്ഗവും ഇല്ലെന്ന അവസ്ഥയിൽ സർക്കാർ എത്തിച്ചേർന്നു. ആ പാക്കേജുകൾ എൻഡോസൾഫാൻ ഇരകൾക്ക് ഔദാര്യം ചെയ്യുന്ന രീതിയിലാണ് ഇന്നേവരെ കൈകാര്യം ചെയ്യപ്പെട്ടത്. സർക്കാർ പ്രഖ്യാപിച്ച സഹായം പല ഇടത്തും എത്തുന്നില്ല. മരുന്നിന്റെ ലഭ്യത വളരെ കുറവാണ്. ആവശ്യത്തിന്റെ പകുതി പോലും ഡോക്ടർമാർ ഇവിടെ ഇല്ല. ചുരുക്കത്തിൽ ഔദാര്യം ചെയ്യുന്ന രീതിയിൽ പ്രഖ്യാപിച്ച പാക്കേജുകൾ പ്രവൃത്തിപഥത്തിലെത്തിക്കാതെ സർക്കാർ ഇതിൽനിന്നു മാറി നിൽക്കുന്ന കാഴ്ചയാണ് കണ്ട് കൊണ്ടിരിക്കുന്നത്.

ഒരാഴ്ചയായി അമ്മമാരുടെ നിരാഹാരസമരം തുടങ്ങിയിട്ട്. രോഗികളായ കുഞ്ഞുങ്ങളും അമ്മമാരും ആദ്യമായാണ് ദീർഘകാലമായി ഇങ്ങനെ സമരപന്തലിൽ ഇരിക്കുന്നത്. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും ശ്രദ്ധ ഈ സമരത്തിലേക്ക് തിരിയേണ്ടതാണ്. തങ്ങളുടെതല്ലാത്ത കാരണംകൊണ്ട് ദുരിതമനുഭവിക്കുന്ന നിസ്സഹായരായ എൻഡോസൾഫാൻ ഇരകൾക്ക് പ്രഖ്യാപിക്കപ്പെട്ട സഹായങ്ങൾ ചെയ്തുകൊടുക്കുക എന്നത് ഉമ്മൻചാണ്ടി സർക്കാർ ധാർമ്മിക ബോധത്തോടെ എത്രയും വേഗം ഏറ്റെടുക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.



# ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്

**മാദ്ധ്യമകേന്ദ്രിതവും** മാദ്ധ്യമ നിയന്ത്രിതവുമായിത്തീർന്നിരിക്കുന്നു ഇന്ന് നമ്മുടെ ജീവിതം. ഈ മാദ്ധ്യമങ്ങളുടെ ഉടമസ്ഥർ ആരാണ്, അവയുടെ ഉള്ളടക്കം നിർമ്മിക്കുന്നതാര്, ഉള്ളടക്കം അപഗ്രഥിക്കുമ്പോൾ കാണുന്നതെന്ത്, മാദ്ധ്യമങ്ങൾ നിർമ്മിക്കുന്ന പൊതുഇടം കയ്യാളുന്നതാര് തുടങ്ങി നിരവധി ചോദ്യങ്ങൾക്ക് നാം ഉത്തരം തേടേണ്ടതുണ്ട്. അത്തരം ചില ചോദ്യങ്ങൾ സ്ത്രീപക്ഷത്തുനിന്ന് ഉന്നയിക്കാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

മാദ്ധ്യമങ്ങൾ എങ്ങനെ സ്ത്രീശരീരത്തേയും സ്വത്വബോധത്തേയും നിർമ്മിക്കുന്നു എന്ന അന്വേഷണത്തിന് രണ്ടുഭാഗങ്ങളുണ്ട്- (ഒന്ന്) മാദ്ധ്യമങ്ങളുടെ സ്ത്രീചിത്രീകരണം (രണ്ട്) മാദ്ധ്യമങ്ങളിലെ സ്ത്രീസാന്നിദ്ധ്യം.

മാദ്ധ്യമങ്ങൾ അടിസ്ഥാനപരമായി സ്ത്രീയെ ശരീരമായി കാണുന്നു. എല്ലായിടത്തും സ്ത്രീ ശരീരമുണ്ട്. സ്ത്രീശരീരമാണ് ഭക്ഷണംമുതൽ കാർവരെ എല്ലാം വില്ക്കാനായി പരസ്യങ്ങളിൽ ഉപയോഗിക്കപ്പെടുന്നത്. ഇതുവഴി സ്ത്രീ എന്നാൽ സുന്ദരവും പ്രലോഭനീയവുമായ ലൈംഗിക ശരീരമാണെന്ന ധാരണ നിർമ്മിക്കപ്പെടുന്നു. തത്ഫലമായി സൗന്ദര്യവ്യവസായം, ലൈംഗികവ്യാപാരം എന്നിവ വൻതോതിൽ തഴച്ചുവളരുന്നു.

സ്ത്രീമാദ്ധ്യമപ്രവർത്തകരുടെ ഒരു അന്താരാഷ്ട്രസംഘടന 70 രാജ്യങ്ങളിൽ നടത്തിയ പഠനം പറയുന്നത് മൊത്തം വാർത്തയുടെ 10% മാത്രമാണ് സ്ത്രീകളുമായി ബന്ധപ്പെട്ട് നിർമ്മിക്കപ്പെടുന്നത് എന്നാണ്. അതിൽതന്നെ വലിയൊരുവിഭാഗം ഫാഷൻ, പീഡനം, ദുരന്തം, അപകടം തുടങ്ങിയവയുമായി ബന്ധപ്പെട്ടാണ് ഉണ്ടാവുന്നത്. ചർച്ചകളിലുംമറ്റും വിദഗ്ദ്ധരായി പങ്കെടുക്കുന്ന സ്ത്രീകളും വളരെ കുറവുമാത്രമേ ഉള്ളു. മാദ്ധ്യമസ്ഥാപനങ്ങളിലെ പങ്കാളിത്തം വർദ്ധിക്കുന്നുണ്ടെങ്കിലും അധികാരസ്ഥാപനങ്ങളിൽ 75% ഇപ്പോഴും പുരുഷന്മാർതന്നെയാണ്.

അഭ്യസ്തവിദ്യരായ സ്ത്രീകളുടെ എണ്ണം ഇന്ത്യയിലേറ്റവും കൂടുതലും സ്ത്രീതൊഴിൽ പങ്കാളിത്തനിരക്കിൽ ഏറ്റവും കുറവും ആയിരിക്കുക എന്ന വൈരുദ്ധ്യാത്മകമായ സവിശേഷാനുഭവത്തിലൂടെ കടന്നുപോവുന്നവരാണ് മലയാളിസ്ത്രീകൾ. സാമൂഹ്യവത്ക്കരണത്തിനുള്ള തടസ്സങ്ങൾ വളരെയധികം നിലനില്ക്കുന്ന കേരളീയസമൂഹത്തിൽ 'വീട്ടമ്മമാരാക്കപ്പെട്ട' സ്ത്രീകളുടെ സമയം കൂടുതലും അപഹരിക്കുന്നത് മാദ്ധ്യമങ്ങളാണ്. മാദ്ധ്യമങ്ങൾ നിർമ്മിക്കുന്ന യാഥാർത്ഥ്യങ്ങളുടേയും മാതൃകകളുടേയും തടവിലാണ് വലിയൊരുവിഭാഗം സ്ത്രീകൾ. അതിനാൽ സ്ത്രീപക്ഷപഠനങ്ങളുടെ കൂട്ടത്തിൽ ഏറെ പ്രാധാന്യത്തോടെ പഠിക്കപ്പെടേണ്ട 'സ്ത്രീകളും മാദ്ധ്യമങ്ങളും' എന്ന വിഷയത്തിന് കേരളീയപരിസരത്തിൽ പ്രസക്തി വളരെയേറെയാണ്.

മാദ്ധ്യമരംഗവുമായി ബന്ധപ്പെട്ട് ദീർഘകാലമായി പ്രവർത്തിച്ചുവരുന്ന കൽപ്പനശർമ്മ, ആർ. പാർവതീദേവി, മലീഹ രാഘവയ്യ, രേണുരാംനാഥ്, വീണ ജോർജ്ജ്, മൈന ഉമൈബാൻ എന്നിവരുടെ ലേഖനങ്ങളാണ് ഇവിടെ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ ബാഹ്യമോടികൾ മാലിന്യക്കൂമ്പാരങ്ങളെ താത്ക്കാലികമായെങ്കിലും മറച്ചുപിടിക്കുന്നതുപോലെ, സ്ത്രീപദവിയെപ്പറ്റിയുള്ള പഴങ്കഥകൾ കേരളീയസ്ത്രീകളുടെ യഥാർത്ഥാവസ്ഥയെ ഒളിപ്പിക്കുന്നു. ഇവിടെയാണ് പെണ്ണുങ്ങൾക്ക് (പൊതു)ഇടമില്ലാത്ത കേരളത്തിന് "കാര്യമായെന്തോ തകരാറുണ്ടെന്ന" കൽപ്പന ശർമ്മയുടെ നിരീക്ഷണം നാം വിശകലനവിധേയമാക്കേണ്ടത്. "ഞാൻ കേരളത്തിലെത്തുമ്പോൾ ഏറെ നിരാശപ്പെടാറുണ്ട്. ഇവിടെ സ്ത്രീകൾ പേടിച്ചരണ്ടും അടിച്ചമർത്തപ്പെട്ടുമാണ് ജീവിക്കുന്നത്." എന്ന മല്ലികാ സാരാഭായിയുടെ വാക്കുകൾ കുറ്റബോധത്തോടെ മാത്രം ശ്രവിക്കേണ്ടത്. ഇത്തരം നിശിതമായ സ്ത്രീപക്ഷവിമർശനങ്ങൾ ഇനിയുമിനിയും ഉയരേണ്ടതുണ്ട്. അവ നൽകുന്ന തിരിച്ചറിവിൽനിന്നുമാവണം സ്ത്രീകൾക്ക് ആത്മാഭിമാനത്തോടെയും അന്തസ്സോടെയും സ്വതന്ത്രമായി ജീവിക്കാൻ കഴിയുന്ന ഒരു പുതിയ കേരളം പിറക്കേണ്ടത്.

ഇന്ന് മാദ്ധ്യമങ്ങൾ നിർമ്മിക്കുന്നതും പുനരുത്പാദിപ്പിക്കുന്നതുമായ സ്ത്രീമാതൃകകളെ വിമർശനബുദ്ധിയോടെ സമീപിക്കുകയും അവയുടെ പ്രതിലോമപരതയെ തിരിച്ചറിയുകയും വേണ്ടതുണ്ട്. ഒപ്പംതന്നെ മാദ്ധ്യമരംഗത്ത്, സാർത്ഥകവും ഗുണപരവുമായ സ്ത്രീപങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള ബോധപൂർവ്വമായ ശ്രമവും നടക്കേണ്ടതുണ്ട്. അത്തരം ചർച്ചകൾക്കും പരിശ്രമങ്ങൾക്കും ഉള്ള ഒരു ആമുഖമാവട്ടെ ഈ ലക്കം എന്ന പ്രതീക്ഷയോടെ.

**സുനീത ടി.വി.**



# മാദ്ധ്യമങ്ങളിലെ സ്ത്രീകൾ



ആർ. പാർവതീദേവി

**കേരളത്തിലെ** മാദ്ധ്യമ സ്ഥാപനങ്ങളിൽ സ്ത്രീസാന്നിദ്ധ്യം വർദ്ധിച്ചുവരുന്നു എന്നത് പ്രതീക്ഷക്കിട നൽകുന്നു. എന്നാൽ ഇന്നും 10%ത്തിൽ താഴെ മാത്രമാണ് സ്ത്രീകളുടെ പങ്കാളിത്തം. ബീഹാർ, ആസാം, യു.പി. തുടങ്ങിയ സംസ്ഥാനങ്ങളിൽപോലും മാദ്ധ്യമപ്രവർത്തനം തൊഴിലായി സ്വീകരിക്കുന്ന സ്ത്രീകൾ കേരളത്തിലേതിനേക്കാൾ കൂടുതലാണ്. പലരും ടി.വി. സ്ക്രീനിൽ കാണുന്ന സ്ത്രീകളെ കണ്ടിട്ട് സ്ത്രീകൾ വളരെ കൂടുതലാണെന്നു ധരിക്കാറുണ്ട്. എന്നാലത് ഒരുതരം വ്യാജപ്രതിച്ഛായ ആണെന്നേ പറയാനാകൂ. ഇതിനു കാരണങ്ങൾ നിരവധിയാണ്. പ്രധാനകാരണം മാനേജുമെന്റുകളുടെ താത്പര്യക്കുറവുതന്നെയാണ്. അടുത്തകാലംവരെയും നമ്മുടെ പ്രമുഖപത്രങ്ങൾ സ്ത്രീകളെ നിയമിച്ചിരുന്നില്ല. അവരെ ഒരു ബാദ്ധ്യതയെന്നോണമാണ് മാദ്ധ്യമ മാനേജ്മെന്റുകൾ കണക്കാക്കിയിരുന്നത്. ഒരു പുരുഷാധിപത്യസമൂഹത്തിൽ സ്വാഭാവികമായും സ്ത്രീക്കു ലഭിക്കേണ്ട പ്രത്യേകസൗകര്യങ്ങൾ തങ്ങൾക്കു സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടാക്കുമെന്ന് മാനേജ്മെന്റുകൾ കരുതി. സ്ത്രീകൾക്ക് പ്രത്യേക കുളിമുറി, വിശ്രമമുറി, വാഹനസൗകര്യം എന്നിവ നൽകുന്നതാണീ ബുദ്ധിമുട്ട്. പ്രമുഖ പത്രങ്ങളിൽ രാത്രി ഷിഫ്ടിനുശേഷം വാഹനസൗകര്യം നൽകുവാൻ മാനേജ്മെന്റുകൾ വിസമ്മതിച്ചിരുന്നു. പുരുഷന്മാർക്ക് നൈറ്റ് ഷിഫ്റ്റ് അലവൻസിനോടായിരുന്നു താത്പര്യം. കാരണം അവർ സ്വന്തം വാഹനത്തിലായിരിക്കുമല്ലോ ഓഫീസിൽ വരുന്നത്. എന്നാൽ രാത്രി 2 മണിക്കുംമറ്റും തനിച്ചു പോകാൻ കഴിയാത്ത സ്ത്രീകൾ വെളുക്കുന്നതുവരെ ഓഫീസിൽ, പലപ്പോഴും ഡസ്കിൽതന്നെ ഇരിക്കേണ്ടിവന്നിരുന്നു. ചില പത്രസ്ഥാപനങ്ങളിൽ ഇങ്ങനെയിരുന്നു നേരം വെളുപ്പിക്കാനും അനുവദിക്കാത്തതിനാൽ വീട്ടിൽനിന്നും ആരെങ്കിലും വിളിച്ചുകൊണ്ടുപോകാൻ വരേണ്ട ഗതികേടിലായിരുന്നു. ഇപ്പോൾ പല പത്രസ്ഥാപനങ്ങളും വാഹനം നൽകുന്നുണ്ടെന്നറിയുന്നതിൽ സന്തോഷിക്കുന്നു. സ്ത്രീസൗഹാർദ്ദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ മാദ്ധ്യമസ്ഥാപനങ്ങൾ ആണ് മറ്റു പല തൊഴിൽ സ്ഥാപനങ്ങളേക്കാൾ വളരെ പിന്നിൽ നിൽക്കുന്നത്. വൻകിട പത്രസ്ഥാപനങ്ങളിൽ കൃത്യമായ ഷിഫ്ടും മറ്റും ഉണ്ടെങ്കിലും ടിവി ചാനലുകളിലും ഇടത്തരം പത്രങ്ങളിലും പത്തും പന്ത്രണ്ടും മണിക്കൂർ ജോലി ചെയ്യേണ്ടിവരാറുണ്ട്. രാത്രി ഷിഫ്ടിൽ നിർബന്ധമായും ജോലി ചെയ്യേണ്ടതായും വരും. അതുകൊണ്ടുതന്നെ സ്ത്രീകൾക്ക് സുരക്ഷിതമായി തൊഴിലെടുക്കുവാൻവേണ്ട സാഹചര്യം സൃഷ്ടിക്കുവാൻ മാനേജ്മെന്റുകൾക്ക് ഉത്തരവാദിത്തമുണ്ട്. തൊഴിലിടങ്ങളിലെ ലൈംഗികപീഡനം തടയുന്നതിന് സുപ്രീംകോടതി മുന്നോട്ടുവെച്ചിട്ടുള്ള നിർദ്ദേശങ്ങൾ കേരളത്തിലെ ഒരു മാദ്ധ്യമസ്ഥാപനംപോലും നടപ്പാക്കുന്നില്ല എന്നാണറിവ്. എന്നാൽ പ്രശ്നങ്ങൾ ഒട്ടും കുറവല്ലതാനും. പൊതുസമൂഹത്തിലുള്ള എല്ലാ പ്രശ്നങ്ങളും ഏറിയും കുറഞ്ഞും മാദ്ധ്യമസ്ഥാപനങ്ങളിലും ഉണ്ട് എന്നുതന്നെയാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. തൊഴിലെടുക്കുന്ന ഒരു സ്ത്രീക്ക് ലഭിക്കേണ്ട ന്യായമായ അവകാശങ്ങൾ പലതും മാദ്ധ്യമസ്ഥാപനങ്ങളിൽ നിഷേധിക്കപ്പെടുന്നു.




മാദ്ധ്യമപ്രവർത്തനത്തിന് സ്ത്രീ

കൾക്ക് തടസ്സമാകുന്ന മറ്റൊരു ഘടകം കുടുംബമാണ്. കടുത്ത പുരുഷാധിപത്യം നിലനിൽക്കുന്ന കേരളീയകുടുംബാന്തരീക്ഷം മാദ്ധ്യമപ്രവർത്തകയ്ക്കുമുമ്പിൽ വലിയ വെല്ലുവിളി ഉയർത്തുന്നു. പരമ്പരാഗത കുടുംബിനിയായിരിക്കുകയും ഒപ്പം മാദ്ധ്യമപ്രവർത്തനം നടത്തുകയും ചെയ്യുക എന്നത് എളുപ്പമല്ല. ഭർത്താവിന്റേയും കുഞ്ഞുങ്ങളുടേയും ദൈനംദിനാവശ്യങ്ങൾ നോക്കിക്കണ്ടു ചെയ്യുവാൻ ഒരു മാദ്ധ്യമപ്രവർത്തകയ്ക്കു കഴിയില്ല. വെളുപ്പിന് 5 മണിക്കും രാത്രി 7 മണിക്കുംമറ്റും തുടങ്ങുന്ന ഷിഫ്റ്റുകളിൽ ആഴ്ചകളോളം പണിയെടുക്കുമ്പോൾ മകനെ ഉണർന്നുകാണാൻ കഴിയാത്തത് ഈ ലേഖികയുടെ അനുഭവമാണ്. 'ഫോണിലൂടെ ശിശുപരിപാലനം' നടത്തിയ വർഷങ്ങൾ പലതാണ്. കുടുംബത്തിന്റെ സഹായവും പിന്തുണയും ഉണ്ടെങ്കിൽ മാത്രമേ സ്ത്രീകൾക്ക് മാദ്ധ്യമപ്രവർത്തനം സാദ്ധ്യമാകൂ. വിവാഹത്തിനുശേഷവും പ്രസവത്തിനുശേഷവും മാദ്ധ്യമപ്രവർത്തനം അവസാനിപ്പിച്ച സമർത്ഥരായ നിരവധി സ്ത്രീകളുണ്ട്. സ്ത്രീകൾക്ക് ഏറ്റവും സൗകര്യപ്രദമെന്നു കരുതപ്പെടുന്ന അദ്ധ്യാപകജോലിയിലേക്കോ മറ്റോ അവർ മാറുന്നു.

> കടുത്ത പുരുഷാധിപത്യം നിലനിൽക്കുന്ന കേരളീയകുടുംബാന്തരീക്ഷം മാദ്ധ്യമപ്രവർത്തകയ്ക്കു മുമ്പിൽ വലിയ വെല്ലുവിളി ഉയർത്തുന്നു

പൊതുഇടങ്ങളുടെ അരക്ഷിതാവസ്ഥയും മാദ്ധ്യമപ്രവർത്തകയ്ക്കു മുന്നിലെ പ്രതികൂല ഘടകമായിക്കാണാം. 'യാത്രാപീഡന'ത്തിൽ റെക്കോഡു സൃഷ്ടിക്കുന്ന കേരളത്തിൽ സ്ത്രീകളുടെ ചലനാത്മകത (mobility) വല്ലാതെ തടയപ്പെടുന്നുണ്ട്. രാത്രികാലങ്ങളിലെ യാത്ര ഭയപ്പെടുത്തുന്നതാണ്. വാർത്ത അന്വേഷിച്ചായാലും ഓഫീസിലേക്കും തിരിച്ചും ഉള്ള യാത്രയായാലും സുരക്ഷിതമല്ലെന്ന തോന്നൽ ഇന്ന് ശക്തമാണ്. പല വനിതാമാദ്ധ്യമപ്രവർത്തകർക്കും പറയാൻ പല ദുരനുഭവങ്ങളും ഉണ്ടുതാനും. (ഇവർ വളരെ വിജയകരമായി ഇത്തരം പ്രതിസന്ധികൾ തരണംചെയ്തു എന്നത് വേറെ കാര്യം!) ടിവി ചാനലുകളിൽ പ്രവർത്തിക്കുന്നവർക്കിത്തരം പ്രശ്നങ്ങൾ കുറവാണ്. കാരണം അവർക്ക് ഔദ്യോഗിക വാഹനം ലഭിക്കുവാൻ വലിയ ബുദ്ധിമുട്ടില്ല. പിന്നെ ക്യാമറാപേഴ്സനും ഡ്രൈവറും അടങ്ങുന്ന ഒരു സംഘമാണല്ലോ പലപ്പോഴും റിപ്പോർട്ടിങ്ങിനു പോകുന്നത്. അച്ചടിമാദ്ധ്യമങ്ങളിൽ ആണ് ഒറ്റയ്ക്കു യാത്രകൾ ആവശ്യമായിവരുന്നത്.




ഇത്തരം ബാഹ്യഘടകങ്ങൾക്കു പുറമേ പ്രൊഫഷണൽ പ്രശ്നങ്ങളും സ്ത്രീകൾക്കു നേരിടേണ്ടിവരുന്നുണ്ട്. സ്ത്രീകളെക്കുറിച്ചുള്ള പൊതുസങ്കല്പത്തിനനുസരിച്ച് 'ബീറ്റുകൾ' നിശ്ചയിക്കുന്നത് സാധാരണമാണ്. 'ഹാർഡ് ന്യൂസ്' (രാഷ്ട്രീയം, സാമ്പത്തികം എന്നിവ) പുരുഷന്റേയും 'സോഫ്ട് ന്യൂസ്' (സംസ്കാരം, പരിസ്ഥിതി എന്നിവ) സ്ത്രീയുടേയും എന്നാണു വെപ്പ്. ഒരു പ്രൊഫഷണൽ എന്ന നിലയിൽ തന്റെ സ്ഥാനം ഉറപ്പിക്കുവാൻ സ്ത്രീകൾ ഇരട്ടി അദ്ധ്വാനിക്കേണ്ടിവരുന്നു. 'തന്നെക്കൊണ്ടിതു സാധിക്കും' എന്ന് ബോദ്ധ്യപ്പെടുത്തേണ്ടതിന്നായി ആദ്യകാലങ്ങളിലെങ്കിലും വനിതാമാദ്ധ്യമപ്രവർത്തകർ പരിശ്രമിക്കേണ്ടിവരും.

തീരുമാനം എടുക്കുവാൻ അധികാരം ഉള്ള തസ്തികയിലേക്ക് സ്ത്രീകൾ ഉയർന്നുവരുന്നതിനും നേരത്തെ സൂചിപ്പിച്ച മുൻവിധി തടസ്സം ആകാറുണ്ട്. മാർഗരറ്റ് ഗല്ലഗർ, അമ്മു ജോസഫ് എന്നിവരുടെ പഠനങ്ങളിൽ ഈ കാര്യം വിശദീകരിക്കുന്നുണ്ട്. കേരളത്തിൽ മാദ്ധ്യമരംഗത്ത് തീരുമാനം എടുക്കൽ വേദികളിൽ സ്ത്രീകൾ പൂർണമായി ഇല്ലെന്നുതന്നെ പറയാം.

എന്നാൽ ഈ പറഞ്ഞ പ്രശ്നങ്ങൾ എല്ലാം നിലനിൽക്കുമ്പോഴും നമ്മുടെ വനിതാമാദ്ധ്യമപ്രവർത്തകർ അതീവസാമർത്ഥ്യത്തോടെ ഇന്ന് ഈ രംഗത്ത് തലയുയർത്തി നിൽക്കുന്നുണ്ടെന്നത് അഭിനന്ദനാർഹമായ സംഗതിയാണ്. രാഷ്ട്രീയ സംവാദങ്ങൾക്ക് ചുക്കാൻ പിടിക്കുവാനും സ്കൂപ്പുകൾ കൊണ്ടുവരുവാനും ഏതുബുദ്ധിമുട്ടുള്ള വാർത്തയും റിപ്പോർട്ടുചെയ്യുവാനും പുതിയ തലമുറയിലെ മാദ്ധ്യമപ്രവർത്തകമാർ മുന്നിട്ടുനിൽക്കുന്നു. ജേണലിസം കോഴ്സ് പാസ്സായി വരുന്നവരിലും പെൺകുട്ടികളുടെ എണ്ണം ഓരോവർഷവും കൂടിയാണു വരുന്നത്.

സ്ത്രീകളെ ഒഴിച്ചുനിർത്തുവാൻ ഇനി ആവില്ല. സ്ത്രീപക്ഷ കാഴ്ചപ്പാടിൽ വാർത്തയെ പുനർനിർവചിക്കുവാനും ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാദ്ധ്യമങ്ങളെ മാറ്റുവാനും ഈ ശക്തമായ സ്ത്രീസാന്നിദ്ധ്യത്തിനുകഴിയും എന്നുറപ്പാണ്. ഏറെ വൈകാതെ സ്ത്രീപങ്കാളിത്തവും 10 ശതമാനത്തിൽ നിന്നും 50 ശതമാനമോ അതിനുമേലെയോ ആകുമെന്നു നമുക്ക് പ്രത്യാശിക്കാം. ■



# പൊതുഇടങ്ങൾ സ്ത്രീകൾക്ക് അന്യമോ?



കൽപനാശർമ്മ
('ദ ഹിന്ദു' ലേഖിക)

**കേരളം** പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണെന്ന മിഥ്യ പൊളിച്ചെഴുതുന്നതായിരുന്നു അടുത്തകാലത്ത് 'പൊതുസ്ഥലങ്ങളിലെ സ്ത്രീയുടെ സുരക്ഷ'യെക്കുറിച്ച് നടത്തിയ സർവ്വേയുടെ കണ്ടെത്തലുകൾ.

ബാഹ്യരൂപം പലപ്പോഴും ചതിക്കുമെന്ന ചൊല്ല് സാർത്ഥകമാക്കുന്നതായിരുന്നു ഈ സർവ്വേ. തലസ്ഥാനനഗരിയായ തിരുവനന്തപുരം പ്രകൃതിരമണീയവും സുന്ദരവും വൃത്തിയുള്ളതുമായ നഗരമായാണ് ഒറ്റനോട്ടത്തിൽ തോന്നുക. ശുചിത്വത്തിന്റെ കാര്യത്തിൽ ഈ നഗരം വളരെ മുന്നിലാണെന്ന് തോന്നിയേക്കും. പ്രത്യേകിച്ചും രാജ്യത്തിലെ വലുതും ചെറുതുമായ മറ്റു നഗരങ്ങളിലെ മാലിന്യക്കൂമ്പാരങ്ങൾ ശ്രദ്ധയിൽപെടുമ്പോൾ. എങ്കിലും ഏതൊരു പ്രാദേശികപത്രമെടുത്തു വായിച്ചാലും മലേരിയയുടേയും ഡെങ്കിപ്പനിയുടേയും വിശേഷങ്ങളാണ് ശ്രദ്ധയിൽ പെടുക- ആശുപത്രികൾ രോഗികളെക്കൊണ്ട് നിറഞ്ഞുകവിയുന്നതിന്റേയും മാലിന്യപ്രശ്നത്തിന്റെ പേരിൽ തമ്മിലടിക്കാൻ തയ്യാറായിനിൽക്കുന്ന രാഷ്ട്രീയക്കാരുടേയും വിശേഷങ്ങൾ. "ഇവിടങ്ങളിലെ മാലിന്യമെവിടെ?" ടാക്സിഡ്രൈവറോട് ഞാൻ അന്വേഷിക്കുകയുണ്ടായി. "അതെല്ലാം ഇടവഴികളിലാണ് തള്ളുന്നത്" എന്നായിരുന്നു അയാളുടെ ഉത്തരം.




തിരുവനന്തപുരത്തെ മാലിന്യപ്രശ്നം ഇന്നു വളർന്നുവളർന്ന് വലിയ പ്രശ്നമായി മാറിയിരിക്കുന്നു. മനുഷ്യവാസമില്ലാത്ത സ്ഥലങ്ങൾ കുറവായ ഒരു സംസ്ഥാനത്തിൽ നഗരങ്ങളിലെ മാലിന്യസംസ്കരണം ഒരു വലിയ പ്രശ്നംതന്നെയാണ്. തലസ്ഥാനനഗരിക്കടുത്തുള്ള വിളപ്പിൽശാലപോലുള്ള ഗ്രാമങ്ങളിലെ ജനങ്ങളാവട്ടെ മാലിന്യമോ മാലിന്യസംസ്കരണപ്ലാന്റോ തങ്ങളുടെ പ്രദേശത്ത് വരുന്നതിനെ എതിർക്കുന്നു. ഞങ്ങൾക്ക് വീട്ടുമുറ്റത്ത് മാലിന്യം വേണ്ട എന്നാണവർ പറയുന്നത്. ആരുടെ വീട്ടുമുറ്റത്താണ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ മാലിന്യക്കൂമ്പാരങ്ങൾ അടക്കംചെയ്യേണ്ടത്? വളർന്നുവരുന്ന നഗരങ്ങൾ ഈ ചോദ്യങ്ങൾ നേരിടേണ്ടിവരുന്നു, ഉത്തരങ്ങൾക്കായി ശ്രമിക്കേണ്ടിയുമിരിക്കുന്നു.

ഈ മാലിന്യപ്രശ്നം ശുചിത്വത്തിന്റെ മറവിൽ ഒളിക്കുന്നതുപോലെത്തന്നെ, കേരളത്തിലെ ലിംഗസമത്വത്തിന്റെ മറവിൽ സ്ത്രീകളുടെ പ്രശ്നങ്ങളും മറഞ്ഞുകിടക്കുന്നു.

കേരളത്തിലെ പ്രത്യേക സാഹചര്യം നമുക്കെല്ലാമറിയാം. പുരുഷന്മാരെക്കാളധികം സ്ത്രീകളുണ്ട് സമൂഹത്തിൽ. ജനനത്തിനുമുമ്പുതന്നെ പെണ്ണായതുകൊണ്ടുമാത്രം കൊലചെയ്യപ്പെടുന്ന ഈ രാജ്യത്തിൽ ഇതൊരപവാദംതന്നെയാണ്. മറ്റുസംസ്ഥാനങ്ങളിലെ സ്ത്രീകളെ അപേക്ഷിച്ച് ഉയർന്ന വിദ്യാഭ്യാസവും കൂടുതൽ ആയുർദൈർഘ്യവും ഉയർന്ന വിവാഹപ്രായവുമെല്ലാം കേരളവനിതയ്ക്ക് അനുകൂലമാണ്. പക്ഷേ, സുരക്ഷയുടെ വിഷയമെടുത്താൽ വ്യത്യസ്തമായൊരു കഥയാണ് നമ്മൾ കേൾക്കുക. നിസ്സഹായതയുടേയും അമർഷത്തിന്റേയും കഥ.

### പുതിയ അറിവ്:

സഖിയും മറ്റുപല സ്ത്രീസംഘടനകളും പൊതുസ്ഥലങ്ങളിലെ സ്ത്രീസുരക്ഷയെക്കുറിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്,

തൃശൂർ എന്നീ നഗരങ്ങളിൽ നടത്തിയ സർവ്വേയുടെ കണ്ടെത്തലുകൾ അത്ഭുതപ്പെടുത്തുന്നവയും അതേസമയം നിരാശാജനകമായ സത്യങ്ങളെ വെളിപ്പെടുത്തുന്നവയുമാണ്.

ഈ നാലുനഗരങ്ങളിലെ സ്ത്രീകളും ഒരേസ്വരത്തിൽ പറഞ്ഞത് ലൈംഗികപീഡനമാണ് അവരെ അസ്വസ്ഥരാക്കുന്നത് എന്നാണ്. ശാരീരികപീഡനത്തോടൊപ്പംതന്നെ വാക്കാലുള്ള പീഡനങ്ങളെക്കുറിച്ചും അവർ പരാതിപ്പെട്ടു. തൊഴിൽ ചെയ്യുന്ന സ്ത്രീകൾ ഏറ്റവുമധികം ഉപയോഗിക്കുന്ന ബസ്സുകൾതന്നെയാണ് ഈ പീഡനങ്ങളുടെ മുഖ്യവേദി. കയറിപ്പിടിക്കലും നുള്ളലും ചാഞ്ഞുനിൽപ്പുമെല്ലാം സഹിക്കേണ്ടിവരുന്നതായി അവർ അഭിപ്രായപ്പെട്ടു. അപകടകാരികളായ ഈ പുരുഷന്മാരുടെ ലിസ്റ്റിൽ കണ്ടക്ടർമാരും ഉൾപ്പെടുന്നു.

വിദ്യാർത്ഥിനികളാണ് ഈ പീഡനങ്ങളുടെ മുഖ്യപങ്കും സഹിക്കേണ്ടിവരുന്നത്. ഒരു സഹയാത്രികൻ മൂർച്ചയുള്ള ഒരുപകരണംകൊണ്ട് തന്റെ വസ്ത്രം നീളത്തിൽ കീറിക്കളഞ്ഞതിനെക്കുറിച്ച് ഒരു വിദ്യാർത്ഥിനി വിവരിക്കുകയുണ്ടായി. കണ്ടക്ടർമാർ ഉപയോഗിക്കുന്ന നീചമായ ഭാഷയെക്കുറിച്ചായിരുന്നു മറ്റൊരു വിദ്യാർത്ഥിനിക്ക് വിവരിക്കാനുണ്ടായിരുന്നത്. ബസുകൾ വളവുകൾ തിരിയുമ്പോൾ 'അറിയാതെ' ശരീരത്തിലേക്കു ചായുന്ന വീരന്മാരെക്കുറിച്ചും കിട്ടുന്ന അവസരങ്ങളിലെല്ലാം ശരീരാവയവങ്ങളെ തലോടാൻ ശ്രമിക്കുന്നവരെക്കുറിച്ചുമെല്ലാം ഈ സ്ത്രീകൾ വാചാലരായി.

ഓട്ടോറിക്ഷകളും സ്ത്രീകൾക്ക് ആശ്വാസം നൽകുന്നില്ല. നേരമിരുട്ടിയാൽ സ്ത്രീകൾക്ക് സഞ്ചാര സൗകര്യംപോലും അവർ നിഷേധിക്കുന്നു. എന്തൊക്കെപ്പറഞ്ഞാലും രാത്രികാലസഞ്ചാരം അരക്ഷിതാവസ്ഥ ഉളവാക്കുന്നുവെന്നതിൽ സ്ത്രീകൾക്കു സംശയമില്ല.

ഇത്തരം 'കയ്യേറ്റങ്ങൾ' നഗരവാസികളായ സ്ത്രീകൾ നേരിടുമ്പോൾതന്നെ, പാർക്കുകളിലും ബീച്ചുകളിലും തിയേറ്ററുകളിലും ടിക്കറ്റ് കൗണ്ടറുകളിൽപോലും സ്ത്രീകൾ നേരിടുന്ന പീഡനങ്ങൾ അനേകമാണ്. മുംബൈ പോലുള്ള നഗരങ്ങളോട് താരതമ്യം ചെയ്യുമ്പോൾ അസൂയപ്പെടേണ്ടതായി തിരുവനന്തപുരത്തുകാർക്ക് ധാരാളം സുന്ദര ഉദ്യാനങ്ങളുണ്ട്. കനകക്കുന്നുകൊട്ടാരത്തിന്റെ പച്ചപ്പുകളിലൊന്നും പക്ഷേ, സ്ത്രീകളേയോ സ്ത്രീകളുടെ കൂട്ടങ്ങളേയോ കാണുവാൻ സാധിക്കുകയില്ല. സന്ദർശകരായി എത്തുന്ന സ്ത്രീകൾക്ക് സുരക്ഷ ഉറപ്പുവരുത്തുന്ന പുരുഷന്മാർ ഒപ്പമുണ്ടാവാറുണ്ട്. എഴുതപ്പെടാത്ത 'സാമൂഹ്യനിയമങ്ങൾ' തെറ്റിച്ചെത്തുന്ന സ്ത്രീകളാവട്ടെ നോട്ടപീഡനങ്ങൾക്കിരയാവുന്നു.

> ഈ നാലുനഗരങ്ങളിലെ സ്ത്രീകളും ഒരേസ്വരത്തിൽ പറഞ്ഞത് ലൈംഗികപീഡനമാണ് അവരെ അസ്വസ്ഥരാക്കുന്നത് എന്നാണ്. ശാരീരികപീഡനത്തോടൊപ്പംതന്നെ വാക്കാലുള്ള പീഡനങ്ങളെക്കുറിച്ചും അവർ പരാതിപ്പെട്ടു. തൊഴിൽ ചെയ്യുന്ന സ്ത്രീകൾ ഏറ്റവുമധികം ഉപയോഗിക്കുന്ന ബസ്സുകൾതന്നെയാണ് ഈ പീഡനങ്ങളുടെ മുഖ്യവേദി

**അടിസ്ഥാനസമവാക്യങ്ങളുടെ അഭാവം:**

ലൈംഗികപീഡനംപോലെതന്നെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ടുകിടക്കുന്നു. വൃത്തിയും സുരക്ഷയുമുള്ള ടോയ്‌ലെറ്റുകളുടെ അഭാവത്തെക്കുറിച്ച് ബഹുഭൂരിപക്ഷം സ്ത്രീകളും പരാതിപ്പെട്ടു. വൃത്തിഹീനവും പുരുഷന്മാർ ഉപയോഗിക്കുന്നവയുമാണ് ടോയ്‌ലെറ്റുകളിലധികവും. ഇവയ്ക്കടുത്തേക്കു പോകുവാൻതന്നെ സ്ത്രീകൾ ഭയക്കുന്നു.

വെളിച്ചമില്ലാത്ത തെരുവുകൾ, നിരപ്പല്ലാത്ത പാതകൾ, തുറന്നിട്ടിരിക്കുന്ന ചാലുകൾ- ഇവയെല്ലാംതന്നെ വൃദ്ധർക്കും കുട്ടികൾക്കും അംഗവൈകല്യമുള്ളവർക്കും അപകടകാരികളാകുന്നതുപോലെ സ്ത്രീകൾക്കും വിഷമമുണ്ടാക്കുന്നവയാണ്. നഗരവികസനം ആസൂത്രണംചെയ്യുന്നവരോട് ഒരു ഉപദേശം: അരക്ഷിതാവസ്ഥ നേരിടുന്നവർക്കും സ്ത്രീജനങ്ങൾക്കും സുരക്ഷ ഉറപ്പാക്കുകയാണെങ്കിൽ നിങ്ങളുടെ നഗരം ആർക്കും സുരക്ഷിതമാണ്.

സ്ത്രീസുരക്ഷ ഓഡിറ്റ് ചെയ്യുന്നവർക്കുപോലും ചീത്ത അനുഭവങ്ങളുണ്ടായി. നോട്ടങ്ങൾ, കൈക്രിയകൾ, അടികൾ, പിന്തുടരലുകൾ എന്നിവ. ചീത്ത സ്ത്രീകൾക്കു മാത്രമേ പീഡനങ്ങൾ നേരിടേണ്ടിവരാറുള്ളു എന്ന വിശ്വാസംമൂലം അവരനുഭവിച്ച പീഡനങ്ങളെക്കുറിച്ച് തുറന്നുപറയുവാൻപോലും പലരും മടിച്ചു. തങ്ങളും 'ചീത്തസ്ത്രീക'ളായി ബ്രാൻഡ് ചെയ്യപ്പെടുമോ എന്നായിരുന്നു അവരുടെ പേടി.

ഒരു സമൂഹത്തിലെ സ്ത്രീകളുടെ അവസ്ഥയെ നിർവചിക്കുന്നത് പൊതുസ്ഥലങ്ങളിലുള്ള അവരുടെ അനുഭവങ്ങളാണ്. സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകാം, ആരോഗ്യപരിപാലനം നൽകാം, തൊഴിലവസരങ്ങൾ നൽകാം. സ്വന്തം 'ജെൻഡർ' കാരണം മാത്രം വീടുകളിൽനിന്നും തൊഴിൽസ്ഥലങ്ങളിൽനിന്നും പുറത്തിറങ്ങാൻ ഒരുവിഭാഗം മടിക്കുന്നുണ്ടെങ്കിൽ, വേരാൽ പിഴുതുകളയേണ്ട ഒരസുഖമായേ ആ അവസ്ഥയെ കാണുവാൻ സാധിക്കുകയുള്ളു. ■

*വിവ: ഡോ. രജനി.ബി.*





# മാറുന്ന മാദ്ധ്യമലോകവും സ്ത്രീകളും



മലീഹാ രാഘവയ്യ

**മാദ്ധ്യമപ്രവർത്തകർ** ഐ.പി.എൽ. ക്രിക്കറ്റ് ടീം കളിക്കാരെപ്പോലെ വിൽക്കപ്പെടുകയും ലേലം ചെയ്യപ്പെടുകയും ചെയ്യുന്ന ഈ സാമൂഹികാന്തരീക്ഷത്തിൽ എന്താണ് സ്ത്രീകൾക്കുള്ള വേഷം, സ്ഥാനം? മാദ്ധ്യമങ്ങളുടെ പ്രാഥമിക കർത്തവ്യങ്ങളിൽ എത്രത്തോളം സ്ത്രീ പത്രപ്രവർത്തകർക്കു സംഭാവനചെയ്യാൻ കഴിയും? സമൂഹത്തിന്റെ മനസ്സാക്ഷി സൂക്ഷിപ്പുകാരിയെപ്പോലെയോ? അല്ലെങ്കിൽ പത്രദൃശ്യമാദ്ധ്യമങ്ങൾക്ക് സുഗമമായി വിശ്വാസയോഗ്യമായ വൃത്താന്തങ്ങളെത്തിക്കുന്ന ചുമതലക്കാരിയെപ്പോലെയോ? വാണിജ്യവ്യാപാരനിയമങ്ങൾ അടിച്ചേൽപ്പിക്കുന്ന ഈ ചെളിപുരണ്ട അന്തരീക്ഷത്തിൽ, സമകാലിക പത്രപ്രവർത്തനം ചലിക്കുന്ന സഞ്ചാരപഥങ്ങളേതൊക്കെയാണ്? ഒരുപാട് സർവ്വകലാശാലകളും വിദ്യാഭ്യാസസ്ഥാപനങ്ങളും മാസ് കമ്യൂണിക്കേഷൻ ആന്റ് ജേർണലിസം കോഴ്സ്



നൽകിവരുന്നുണ്ട്. ഒരുപാട് സ്ത്രീകൾ പത്രപ്രവർത്തകരായി യോഗ്യത നേടുകയും ചെയ്യുന്നു. ഇവരുടെ സാന്നിദ്ധ്യം അവരെക്കാളും ഭാഗ്യംകുറഞ്ഞവരായ പുരുഷന്മാർക്ക് ഈ സമൂഹത്തിൽ എന്തെങ്കിലും തരത്തിലുള്ള വ്യത്യാസം ഉണ്ടാക്കുമോ? ഇത്തരം വിഷയങ്ങൾക്ക് കുറെക്കൂടി ശ്രദ്ധാപൂർവ്വമായ പ്രതികരണങ്ങൾ ആവശ്യമാണ്.

ഒരു പത്രപ്രവർത്തകയെന്നനിലയിൽ മാദ്ധ്യമങ്ങൾ കടന്നുപോവുന്ന ദ്രുതമായ മാറ്റത്തെ ഞാൻ അത്ഭുതത്തോടെ നോക്കിനിന്നിട്ടുണ്ട്. സാങ്കേതികമായി, ടെലി-പ്രിന്ററുകളുടെ കാലം മുതൽ കട്ട്-ആന്റ്-പേസ്റ്റ് പ്രവർത്തനങ്ങളിലൂടെ ഇന്നത്തെ ആധുനികതരത്തിലുള്ള കലാസാമഗ്രികളുടെ വരെ അവിശ്വസനീയമായ ആധിപത്യം മാദ്ധ്യമം കടന്നുവന്ന വഴികളിൽ കാണാം. ദ്രുതഗതിയിൽ പത്രത്താളുകൾ അയയ്ക്കാൻ പറ്റുന്ന ഫാസിമിലിപ്രിന്റിംഗ് (Facsimile printing) മാദ്ധ്യമരംഗത്ത് ഒരു വലിയ മാറ്റം കൊണ്ടുവന്നിരിക്കുകയാണ്. കംപ്യൂട്ടറിന്റേയും ഇന്റർനെറ്റിന്റേയും കുത്തൊഴുക്ക് ആവശ്യമായ അറിവുകൾ വിരൽത്തുമ്പിലെത്തിക്കുന്നു. അതുകൊണ്ടുതന്നെ മാദ്ധ്യമലോകം സാക്ഷ്യം വഹിക്കുന്ന വ്യാപകമായ ഈ മാറ്റങ്ങളെ വിവരിക്കാൻ പറ്റിയ വാക്ക് 'കുതിച്ചുചാട്ടം' എന്നായിരിക്കും. ടിറ്ററും ഫേസ്ബുക്കും പോലെയുള്ള സാങ്കേതിക - സാമൂഹികസൈറ്റുകൾ വായനക്കാരന് മറ്റുതരത്തിൽ വിവരങ്ങൾ ലഭ്യമാക്കുന്ന വ്യത്യസ്തമായ രീതിയാണ്.

വീരവാദംമുഴക്കി വരുന്ന എണ്ണമറ്റ ചാനലുകളിലൂടെയുള്ള ദൃശ്യമാദ്ധ്യമങ്ങളുടെ വരവ് മറ്റൊരുരീതിയിലുള്ള ഒരുപാട് ജോലി സാഹചര്യങ്ങൾ സ്ത്രീകൾക്കുമുമ്പിൽ ലഭ്യമാക്കുന്നു. ദൃശ്യമാദ്ധ്യമശ്രേണിയിൽ സ്ത്രീകൾക്ക് ബഹുമാനം ലഭിക്കത്തക്കവണ്ണമുള്ള സ്ഥാനങ്ങൾ കിട്ടുന്നുണ്ടോ എന്ന ചോദ്യം ഉയരുന്നു. ചിലപ്പോൾ അത്ഭുതപ്പെട്ടേക്കാം, കാഴ്ചക്കാരന് സുഖകരമായ കാഴ്ച നൽകാനാണോ അവരെ ജോലിക്ക് നിർത്തിയതെന്ന്. സ്ത്രീകളെ മാദ്ധ്യമങ്ങളിൽ, പ്രത്യേകിച്ച് ദൃശ്യമാദ്ധ്യമങ്ങളിൽ വരച്ചുകാണിക്കുന്നത് അശ്ലീലത്തിന്റെ പരിധിയോളമെത്തുന്നു.

ഉപഭോഗവസ്തുക്കൾ കമ്പോളത്തിൽ ശക്തമായി പരസ്യംചെയ്യുന്നതിനുള്ള ഒരുപാധി മാത്രമാണ് സ്ത്രീകൾ. വനിതാസംഘടനകളും കേരള വനിതാകമ്മീഷനും ഇടപെടേണ്ട തരത്തിൽ സ്ത്രീകളെ സീരിയലുകളിലുംമറ്റും മോശം രീതിയിൽ ചിത്രീകരിക്കുന്നു.

ഈ മാറിയ സാഹചര്യം എങ്ങനെ സ്ത്രീ–പുരുഷ മാദ്ധ്യമപ്രവർത്തകരെ സ്വാധീനിച്ചു? പൗരസമൂഹത്തിന്റെ മനഃസാക്ഷി സൂക്ഷിപ്പുകാരായുള്ള നാലാംതൂണുകാരെ പരിശോധിക്കാൻപറ്റിയ സാഹചര്യം ഇതാണ്. എത്രത്തോളംവരെ മാദ്ധ്യമങ്ങൾ ജനങ്ങൾക്ക് സത്യസന്ധമായ വിവരങ്ങൾ എത്തിക്കുക എന്ന ജോലി സഫലീകരിക്കുകയും അങ്ങനെ അവയുടെ വിശ്വാസ്യതയെ നിലനിർത്തിക്കൊണ്ടുപോവുകയും ചെയ്യുന്നുണ്ട്? സ്ത്രീപ്രവർത്തകർക്ക് മാദ്ധ്യമങ്ങൾ അവരർഹിക്കുന്ന സ്ഥാനം നൽകുകയും അവരെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ മതിയായ ഇടം ലഭ്യമാക്കുകയും ചെയ്യുന്നുണ്ടോ?

പത്രമാദ്ധ്യമങ്ങൾ വാണിജ്യവത്കൃതമായതോടെ അവയ്ക്ക് സ്വതന്ത്രമായ സ്ഥാനം ഇല്ലാതായി. ലാഭം മാത്രം നയമാക്കിയുള്ള ഈ മാദ്ധ്യമപ്രവർത്തനംമൂലം സാമൂഹ്യബോധവും പ്രതിബദ്ധതയുമൊക്കെ മുഖ്യധാരയിൽനിന്നും മാറ്റപ്പെട്ടു. സ്ത്രീകൾ, ന്യൂനപക്ഷം, പരിസ്ഥിതി തുടങ്ങിയ പ്രശ്നങ്ങൾക്ക് മാദ്ധ്യമങ്ങളിൽ സ്ഥാനമേയില്ല. വലിയവലിയ അന്താരാഷ്ട്ര വ്യാവസായികസ്ഥാപനങ്ങളുടെ ഖനനപ്രവർത്തനങ്ങളും സംരംഭകത്വവുംമൂലം ആദിവാസികൾക്കും കൃഷിക്കാർക്കും അവരുടെ ജീവിതരീതിയിൽ സംഭവിച്ചിരിക്കുന്ന വ്യാപകമായ തകിടംമറിച്ചിലുകൾക്കുനേരെ മാദ്ധ്യമങ്ങൾ കണ്ണടച്ചിരിക്കുകയാണ്. ഝാർഖണ്ഡിലും ഒറീസയിലും രാജ്യത്തെ മറ്റുസ്ഥലങ്ങളിലും തദ്ദേശനിവാസികളെ ബലംപ്രയോഗിച്ച് അവരുടെ താമസസ്ഥലത്തുനിന്ന് മാറ്റിയപ്പോൾ, അവരുടെ അവകാശത്തിനുവേണ്ടി നിൽക്കാൻ എന്ത് ഉത്തരവാദിത്തമാണ് മാദ്ധ്യമപ്രവർത്തകർ കാണിച്ചിട്ടുള്ളത്? കുറച്ചുകാലംമുമ്പുവരെ

> വാർത്തകളെ വറുത്തുപ്പേരി കഴിക്കുന്നതുപോലെ ചാടിപ്പിടിക്കുകയും ഉദ്വേഗജനകമായ ലേഖനങ്ങളാക്കിമാറ്റുകയും ചെയ്യുന്നതുകണ്ട് ഈ രംഗത്തുനിന്ന് വിടപറഞ്ഞ പത്രപ്രവർത്തകരുമുണ്ട്

അവജ്ഞയോടെമാത്രം കണ്ടിരുന്ന പണംകൊടുത്തുവരുത്തിക്കുന്ന വാർത്തകളെ ഇന്നങ്ങനെ കാണുന്നേയില്ല. മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ കാലത്ത് ഉദയം ചെയ്ത 'പ്രതിജ്ഞാബദ്ധമായ' പത്രപ്രവർത്തനം ഇന്ന് ഒരു വലിയ യാഥാർത്ഥ്യമാണ്. പത്രപ്രവർത്തകർ രാഷ്ട്രീയപ്രവർത്തകരോടും ഉദ്യോഗസ്ഥമേധാവികളോടും കൂറുകാണിക്കേണ്ടിവരുന്നു.

ഉദാഹരണമായി ഒരു രാജ്യത്തിന്റെ മർമ്മപ്രധാനമായ പ്രശ്നങ്ങളിൽപോലും പക്ഷപാതപരമായ കാഴ്ചപ്പാട് മാദ്ധ്യമങ്ങളിലെ പല വിഭാഗക്കാരും കാണിക്കാറുണ്ട്. ഈ അടുത്തായി ഒരു പ്രമുഖപത്രം മോൺസാന്റോ എന്ന അന്താരാഷ്ട്ര സംരംഭകരുമായി ജനിതകമായി പരിഷ്കരിച്ച വിത്തുകൾ വിൽക്കാനും ഇന്ത്യയിൽ കമ്പോളങ്ങൾ കണ്ടെത്താനും അതിന്റെ പ്രോത്സാഹനവുമായി ബന്ധപ്പെട്ടും ഒരു ഉടമ്പടി വെച്ചു. ഇതിനെതിരെ പൊതുമനഃസാക്ഷി പെട്ടെന്നുയർന്നു എന്നത് ഒരു വലിയ ആശ്വാസംതന്നെയാണ്. കോളിളക്കമുണ്ടാക്കിയ പ്രശ്നങ്ങൾ നൈമിഷികമായി അറിയിക്കാനും അതിനെതിരെ പ്രതികരിക്കാനും ആത്മാർത്ഥതയും സമഗ്രതയും നിലനിർത്തിക്കൊണ്ടുപോകാനും രാജ്യത്തെ മാദ്ധ്യമങ്ങൾ ശ്രദ്ധിക്കാറുണ്ട്. വിത്തുസംസ്കാരത്തെ ഏറ്റെടുക്കുന്നതുമൂലം രാജ്യത്തെ കൃഷിക്കും പരിസ്ഥിതിക്കും വരുന്ന നാശത്തെക്കുറിച്ചും അതിന്റെ കൊടിയ പ്രത്യാഘാതങ്ങളെക്കുറിച്ചും പൊതുസമൂഹത്തെ ബോധവത്ക്കരിക്കുവാൻ മാദ്ധ്യമങ്ങൾക്ക് അതിന്റെ ശൈലിയിൽ കഴിയുമായിരുന്നു.

ഇത്തരം പ്രശ്നങ്ങളിൽ മാദ്ധ്യമപ്രവർത്തകർ സജീവമായ താത്പര്യം കാണിക്കേണ്ടതായിരുന്നുവെന്ന് എനിക്കുതോന്നുന്നു. അത്തരം പ്രമുഖമായ കാര്യങ്ങൾ ഉയർത്തിക്കാണിക്കുന്ന കോളം കൈകാര്യംചെയ്യുന്ന മാദ്ധ്യമപ്രവർത്തകകളുമുണ്ട്. പരിസ്ഥിതി, ആരോഗ്യം, ന്യൂനപക്ഷം, വ്യത്യസ്തമായ രീതിയിലുള്ള പ്രശ്നങ്ങൾ എന്നിവ സ്ത്രീമാദ്ധ്യമപ്രവർത്തകർക്ക് ഉത്സാഹത്തോടെ ഏറ്റെടുക്കാവുന്ന വിഷയങ്ങളാണ്. അല്ലെങ്കിൽ അത്തരം കാര്യങ്ങളോട് ഒരു ചെറിയ ചായ്‌വെങ്കിലും കാണിക്കേണ്ടതാണ്.

പത്രദൃശ്യമാദ്ധ്യമങ്ങളിലെ പ്രതാപമേറിയ സ്ഥാനങ്ങളിൽ സിനിമ, സിനിമാതാരങ്ങൾ, ഭക്ഷണം, സൗന്ദര്യവർദ്ധകവസ്തുക്കൾ, സൗന്ദര്യസംരക്ഷണ വസ്തുക്കൾ എന്നിവ സ്ഥാനം പിടിക്കുന്നു. വായനക്കാർ ഇത്തരം അറിവുകൾ കിട്ടാൻ കുതുകികളാണുതാനും. പക്ഷേ, ഇതുപോലുള്ള സാഹചര്യങ്ങളിൽ പ്രധാനപ്പെട്ട പ്രശ്നങ്ങൾ പുറകിലോട്ടു തള്ളപ്പെട്ടുപോകുന്നു. ഇത്തരം പ്രവണതകൾമൂലം രാജ്യത്തെ പ്രമുഖപ്രശ്നങ്ങൾ പത്രമാദ്ധ്യമങ്ങളുടെ വിശകലനങ്ങളിൽപോലും സ്ഥിരമായിവരാറില്ല. ഭക്ഷണം, ഫാഷൻ പോലുള്ള നിസ്സാരമായ കാര്യങ്ങൾക്ക് മാദ്ധ്യമങ്ങളിൽ സ്ഥാനം കൂടിക്കൊണ്ടിരിക്കുന്നു. സ്ഥിരമായി ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് വനിതാറിപ്പോർട്ടർമാരാണ്. ഇതിന്റെ ഫലമായി വിവേചനബുദ്ധിയുള്ള വായനക്കാരിൽനിന്നും രാജ്യത്തേയും സമൂഹത്തേയും സംബന്ധിക്കുന്ന പ്രശ്നങ്ങൾ മാറ്റപ്പെട്ടുപോവുന്നു. മാദ്ധ്യമങ്ങളിൽ വികസന വിഷയങ്ങൾക്കുപോലും വലിയതോതിൽ സ്ഥാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. മർഡോക്ക്‌വത്ക്കരണം എന്ന പ്രതിഭാസം നമ്മുടെ രാജ്യത്തുമാത്രമല്ല സംസ്ഥാനത്തും അതിന്റേതായ പ്രതിധ്വനികൾ ഉണ്ടാക്കിയിട്ടുണ്ട്. വാർത്തകളെ വറുത്തുപ്പേരി കഴിക്കുന്നതുപോലെ ചാടിപ്പിടിക്കുകയും ഉദ്വേഗജനകമായ ലേഖനങ്ങളാക്കിമാറ്റുകയും ചെയ്യുന്നതുകണ്ട് ഈ രംഗത്തു

നിന്ന് വിടപറഞ്ഞ പത്രപ്രവർത്തകരുമുണ്ട്. ഫോൺ ഹാക്കിംഗ്, ഉപഭോക്തൃവത്ക്കരണം, വാർത്താവാണിജ്യവത്ക്കരണം തുടങ്ങിയവ ഇന്ന് പത്രമാദ്ധ്യമരംഗത്തെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാണ്. നൂറ്റിയറുപത്തിയെട്ട് വർഷം പഴക്കമുള്ള പ്രസിദ്ധമായ ടാബ്ലോയിഡ് 'ന്യൂസ് ഓഫ് ദി വേൾഡ്' (Now) ന്റെ ഇത്തരം പ്രവർത്തനങ്ങളും അതുമൂലമുണ്ടായ അതിന്റെ ചീഫ് എക്സിക്യൂട്ടീവ് റബേക്ക ബ്രൂക്സിന്റെ രാജിയും തുടർന്നുള്ള നടപടികളും മുതൽ ഈ ലോകം ചെളിപുരണ്ട അവസ്ഥകളുമായി പരിചിതമാണ്.

മാദ്ധ്യമങ്ങൾക്ക് ഓർമ്മശക്തി കുറവാണ് എന്നത് ഒരു രസകരമായ വസ്തുതയാണ്. പലപ്പോഴും ആകർഷകമായ തലക്കെട്ടോടുകൂടി വരുന്ന വാർത്തകൾ വായനക്കാരിൽ അതിയായ ഉത്കണ്ഠയും ഉദ്വേഗവും ഉളവാക്കുന്ന സാഹചര്യങ്ങളും ഉണ്ടാകാറുണ്ട്. കോളിളക്കം സൃഷ്ടിച്ച സംഭവംപോലും യുക്തിയുക്തമായ നിഗമനങ്ങളിലേക്ക് എത്തിക്കുകയോ ജനങ്ങളെ അതിന്റെ ആത്യന്തികഫലം എന്താണെന്ന് അറിയിക്കുകയോ ചെയ്യില്ല. പത്രപ്രവർത്തകർക്ക് ഒരു വാർത്തയിലുണ്ടാകുന്ന താത്പര്യം വളരെ കുറച്ചുമാത്രമാണ്. അതുകൊണ്ടുതന്നെ അവർ വായനക്കാരെയും പ്രേക്ഷകരെയും വീണ്ടും ആകർഷിക്കുവാൻ വേണ്ടി അടുത്ത വാർത്തയിലേക്കു പോകുന്നു. ഇത്, വാർത്തകളുടെ അവസാനം പൊതുജനങ്ങൾക്ക് ലഭിക്കാത്ത സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു.

തിരഞ്ഞെടുപ്പുകാര്യങ്ങൾ സംബന്ധിച്ചിട്ടുള്ള പ്രവചനങ്ങൾ നടത്തുന്ന ജോലികൂടി മാദ്ധ്യമങ്ങൾ ഇപ്പോൾ ഏറ്റെടുത്തിട്ടുണ്ട്. നീരാ റാഡിയ പോലുള്ള ഉന്നതസ്ഥാനങ്ങളിലിരിക്കുന്ന വ്യക്തികൾ പത്രപ്രവർത്തകരെ സ്വാധീനിച്ച് രാഷ്ട്രീയക്കാരെ ഉന്നതസ്ഥാനങ്ങളിൽ എത്തിക്കുന്നതും ഇതിനുള്ള ഉദാഹരണങ്ങളാണ്. തിരഞ്ഞെടുപ്പുകാലത്തെ നാണംകെട്ട രാഷ്ട്രീയപ്പേക്കൂത്തുകൾക്ക് ഉദാഹരണങ്ങൾ ഏറെയാണ്.


മാദ്ധ്യമപ്രവർത്തനം പുറത്തുകടക്കാൻ പറ്റാത്ത ദുഷിച്ച ചിലന്തിവലയിൽ കുടുങ്ങിയിരിക്കുന്നതുപോലെയാണ് ഇപ്പോൾ. പാരമ്പര്യ മാദ്ധ്യമങ്ങൾപോലും അതിനെ അതിജീവിക്കാൻവേണ്ടി, അവയുടെ ശക്തമായ സ്വാധീനത്താൽ അപകടകരമാംവിധം ദുഷിച്ചുപോയ നീതിയുക്തമല്ലാത്ത പ്രവർത്തനങ്ങളിൽനിന്ന് തുല്യദൂരം സൂക്ഷിച്ചു നിൽക്കുകയാണ്. പത്രം-രാഷ്ട്രീയപ്രവർത്തകർ-പോലീസ് എന്നിവർ തമ്മിലുള്ള ലജ്ജാവഹമായ ബന്ധം മൂലമുള്ള അപകടങ്ങളിന്ന് കൂടി വരികയാണ്. എന്നിട്ട് ഈ ഭാരം/കുറ്റം ഉത്സാഹഭരിതരായ 'റോഗ്'



റിപ്പോർട്ടേഴ്സിന്റെ തലയിൽ വെച്ചുകൊടുക്കുന്ന മാദ്ധ്യമങ്ങളോട് നമുക്ക് ക്ഷമിക്കാൻ കഴിയില്ല. മേലധികാരികളിൽനിന്ന് ഒരു തടസ്സവുമില്ലാതെ 'റോഗ്' റിപ്പോർട്ടർമാർക്ക് വാർത്തകൾ കടഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ടോ? അല്ലെങ്കിൽ ഇത്തരം വൃത്തികെട്ട ജോലികൾ ചെയ്യാൻവേണ്ടി നിയമിച്ചതാണോ 'റോഗ്' റിപ്പോർട്ടർമാരെ? ഇത്തരം ദൂഷ്യങ്ങൾക്കെതിരായാണ് ഒരുപാട് സ്ത്രീകൾ ഈ രംഗത്തേക്കു വന്നത്. സത്യസന്ധതയോടും തന്റേടത്തോടും തന്റെ തത്ത്വശാസ്ത്രങ്ങൾക്കായി നിൽക്കാൻവേണ്ടി.

എന്നെ സംബന്ധിച്ചിടത്തോളം പത്രപ്രവർത്തനരംഗത്തേക്കുള്ള വരവ് വളരെ അവിചാരിതമായിരുന്നു. ഞാൻ നിയമം പഠിച്ചത് ഒന്നുകിൽ ബാറിൽ പോകാൻവേണ്ടിയിട്ടോ അല്ലെങ്കിൽ ലേബർ നിയമങ്ങളുമായി ബന്ധപ്പെട്ട മേഖലകളിൽ പ്രവർത്തിക്കുവാനോ വേണ്ടിയിട്ടായിരുന്നു. ഈ ഉദ്ദേശ്യത്തോടുകൂടിയായിരുന്നു കോഴിക്കോട് ഗവണ്മെന്റ് ലോ കോളേജിലെ എൽ.എൽ.ബി. ക്ലാസ്സിൽ ചേർന്നത്. അതിനുശേഷം രാജഗിരി കോളേജ് ഓഫ് സോഷ്യൽസയൻസ്, കളമശ്ശേരിയിൽനിന്ന് സോഷ്യൽസർവ്വീസ് കോഴ്സ് പഠിച്ചു. പക്ഷേ, ഒരിക്കൽ പത്രമാദ്ധ്യമരംഗത്തേക്കെത്തിപ്പെട്ടതോടെ ജിജ്ഞാസാഭരിതവും വെല്ലുവിളികളുമുള്ള ഈരംഗത്തെ ഞാനിഷ്ടപ്പെട്ടു. പുരുഷാധിപത്യമുള്ള ഈ സമൂഹത്തിൽ കുടുംബത്തിലും സമൂഹത്തിലുമുള്ള സ്ത്രീകളുടെ സ്ഥാനം, അവരുടെ ആരോഗ്യം, പാർശ്വവത്ക്കരിക്കപ്പെട്ട സ്ത്രീകളുടെ അരോചകമായ അവസ്ഥ, സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ, ചൂഷണങ്ങൾപോലുള്ള നമ്മുടെ മനസ്സിൽ ചേർന്നുനിൽക്കുന്ന പ്രശ്നങ്ങളെ ഉയർത്തിക്കാണിക്കാൻ പറ്റുന്ന ജോലിയാണിത്. എല്ലാരീതിയിലുള്ള സംഭാഷണത്തിലും രാഷ്ട്രീയം ഒരുഭാഗമായുള്ള വീട്ടിൽ വളർന്നതുകൊണ്ട് രാഷ്ട്രീയത്തോട് ചായ്‌വുള്ള ഒരു വ്യക്തിയാണു ഞാൻ. എന്റെ മുത്തശ്ശനും മുത്തശ്ശിയും സ്വാതന്ത്ര്യസമരസേനാനികളായിരുന്നു. എന്റെ മുത്തശ്ശൻ ശ്രീ ബെഞ്ചമിൻ പാവമണി കോഴിക്കോട് ബാറിലെ വക്കീലും മലബാർ ഡിസ്ട്രിക്ട് കോൺഗ്രസ്സ് കമ്മിറ്റിയിലെ സ്ഥാപകാംഗവുമായിരുന്നു. മുത്തശ്ശി മാർഗരറ്റ് പാവമണി സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതുകൊണ്ട് രണ്ടുവർഷം ജയിലിൽ കിടന്നിട്ടുണ്ട്. രണ്ടുപേരും കാലിക്കറ്റ് മുനിസിപ്പൽ കൗൺസിലിൽ കൗൺസിലേഴ്സ് ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഏറ്റവും നിരാശാവഹമായ വസ്തുത ഒരു സ്ത്രീയായതുകൊണ്ടുമാത്രം രാഷ്ട്രീയപരമായ റിപ്പോർട്ടിംഗിന് എനിക്ക് അവസരം കിട്ടിയിട്ടില്ല എന്നതാണ്. തിരഞ്ഞെടുപ്പുകാലത്തുമാത്രമേ എനിക്ക് പൊളിറ്റിക്കൽ സ്റ്റോറീസ് കൈകാര്യം ചെയ്യാൻ പറ്റുമായിരുന്നുള്ളു. വടക്കുകിഴക്കേ ഇന്ത്യയിലെ പ്രസിദ്ധമായ ദിനപത്രം 'ദി സെന്റിനൽ' ദിനപത്രത്തിൽ സബ്എഡിറ്ററായി ജോലിനോക്കുമ്പോഴാണ് ഞാൻ പത്രപ്രവർത്ത

നത്തിന്റെ മൗലികതത്ത്വങ്ങൾ പഠിച്ചത്. വടക്കുകിഴക്കുഭാഗത്തെ സ്ത്രീകൾ കേരളത്തിലെ സ്ത്രീകളെക്കാളും ആത്മവിശ്വാസമുള്ളവരും നിർഭയരുമാണ്. സ്ത്രീപുരുഷാനുപാതം വളരെ കുറവുള്ള അവിടെ ട്രാൻസ്പോർട്ട് ബസ്സുകളിൽ വേർതിരിവുകളില്ല. ഗേയ് അബാന്റ



നിലുള്ള പാരമ്പര്യ അസാമീസ് നൃത്തമായ ബിഹുവിൽ സ്ത്രീകളും പുരുഷന്മാരും ഒരുമിച്ച് നൃത്തം ചെയ്യുന്നു. ഈ ആരോഗ്യപരമായ സ്ത്രീപുരുഷസംസ്കാരം അവരുടെ ജോലിസ്ഥലത്തുപോലും പ്രതിഫലിക്കുമെന്നതിൽ യാതൊരു സംശയവും വേണ്ട. പുരുഷ സഹപ്രവർത്തകരെപ്പോലെതന്നെ സ്ത്രീകൾക്കും തുല്യഅവസരങ്ങൾ കിട്ടുന്നു. ഒരു വ്യക്തി സ്ത്രീയായതുകൊണ്ടുമാത്രം എന്തെങ്കിലും കാര്യം ഏറ്റെടുക്കുന്നതിനു തടസ്സമോ കഴിവുകളെ അടിച്ചമർത്തുന്ന സംസ്കാരമോ അവിടെ ഉണ്ടായിരുന്നില്ല. കൂട്ടിച്ചേർത്തുപറയേണ്ട മറ്റൊരു വസ്തുതയാണ് സ്ത്രീകൾക്ക് സുരക്ഷിതമായി രാത്രികാലങ്ങളിൽ സഞ്ചരിക്കാമെന്നുള്ളത്. കോഴിക്കോടും കേരളത്തിലെ മറ്റുപ്രദേശങ്ങളിലും നമുക്കു ചിന്തിക്കുവാൻ പോലുമാവാത്ത കാര്യം.

അതിനുശേഷം ഞാൻ 'ദ ഹിന്ദു'വിൽ സബ് എഡിറ്ററായി അതിന്റെ ചെന്നൈയിലുള്ള ഹെഡ് ഓഫീസിലേക്ക് മാറിച്ചേർന്നു. രാജ്യത്തിനകത്തും പുറത്തും ബ്യൂറോകളുള്ള പ്രസിദ്ധമായ ഒരു ദേശീയദിനപത്രം എന്നെ സംബന്ധിച്ച് ആകപ്പാടെ ഒരു പുത്തൻ അനുഭവമായിരുന്നു. ഒരു പുതിയ ലോകം എനിക്കുമുന്നിൽ തുറന്നു. ഓഫീസ് വളരെ നൈതികമായ ഒരു തൊഴിൽ സംസ്കാരമാണ് ഉയർത്തിപ്പിടിച്ചത്. പുതിയ ജീവനക്കാർ ഏറ്റവും താഴത്തെ പടിയിൽനിന്ന് തുടങ്ങേണ്ടിയിരുന്നു. ജൂനിയർ സബ് എഡിറ്റർമാർ എഡിറ്റുചെയ്ത കോപ്പികൾ, പിഴവുകൾ തിരുത്താനായി നിരവധി കൈകളിലൂടെ കടന്നുപോവും. പ്രസിദ്ധരായ നിരവധി പത്രപ്രവർത്തകരുമായി സംവദിക്കാനും ജോലിചെയ്യാനുമുള്ള അവസരം എനിക്കു ലഭിച്ചു. എഡിറ്റോറിയൽ വിഭാഗത്തിൽ ഒരുപാട് സ്ത്രീകളുണ്ടായിരുന്നു.

തിരുവനന്തപുരത്തെ ദ ഹിന്ദുവിന്റെ ബ്യൂറോയിൽ സീനിയർ റിപ്പോർട്ടർ ആയി ചേർന്നപ്പോൾ മുതലാണ് ഞാൻ ശരിക്കും ജോലി ആസ്വദിക്കാൻ തുടങ്ങിയത്. ഫീച്ചറെഴുത്തും റിപ്പോർട്ടിംഗുമാണ് എന്റെ മേഖലയെന്ന് എനിക്കു മനസ്സിലായി. തിരുവനന്തപുരം ബ്യൂറോ വലുതും പ്രൊഫഷനലുമായിരുന്നു. സീനിയോറിറ്റിക്ക് പ്രാധാന്യം നല്കിയിരുന്നു. എനിക്ക് എഴുതാൻ ധാരാളം അവസരങ്ങൾ ലഭിച്ചു. ഫീച്ചറെഴുത്തുകാരിയായാണ് ഞാൻ ജോലി ആരംഭിച്ചത്. ഹിന്ദു കേരള എഡിഷൻ തുടങ്ങിയപ്പോൾ ഞാനതിന്റെ സിറ്റി ബ്യൂറോയുടെ ഭാഗമായി വാർത്തകൾ തയ്യാറാക്കാൻ തുടങ്ങി. എനിക്ക് ഭർത്താവിന്റേയും പെൺമക്കളുടേയും സീനിയർ റിപ്പോർട്ടറുടേയും എല്ലാവിധ പിന്തുണയുമുണ്ടായിരുന്നു. നീണ്ട അവധിയെടുത്ത് ഗുവാഹത്തിയിൽ പോയി ഹിന്ദുവിനുവേണ്ടി ഫ്രീലാൻസ് ചെയ്തപ്പോഴാണ് ഞാനേറ്റവും ആസ്വദിച്ചത്. ബ്യൂറോയുടെ പരിധികൾക്കപ്പുറത്തുനിന്ന് ആസാമിലെ സിനിമ, സംസ്കാരം, നൃത്തം, ഭൂപ്രകൃതി, ഭീകരവാദം തുടങ്ങിയവയെക്കുറിച്ചെഴുതാൻ ഇക്കാലത്ത് എനിക്കു സാധിച്ചു. ചുരുക്കത്തിൽ തൊഴിൽപരമായ ഉയർച്ചയുടെ കാലമായിരുന്നു അത്.

സാമൂഹ്യപുരോഗതിയുടെ വലിയ അവകാശവാദങ്ങൾ ഉയർത്തുന്ന കേരളം എന്തുകൊണ്ട് സ്ത്രീ മാദ്ധ്യമപ്രവർത്തകരെ സ്വീകരിക്കാൻ മടികാണിക്കുന്നു എന്ന് ഒരു ദശകത്തിലധികം നീണ്ട കോഴിക്കോടൻ പത്രപ്രവർത്തകജീവിതം പിന്നിട്ട് ഇന്നുഞാൻ അത്ഭുതപ്പെടുന്നു. ഒരുവശത്ത് ഈ സംസ്ഥാനം സ്ത്രീ–പുരുഷാനുപാതം, കുറഞ്ഞ ശിശുമരണനിരക്ക്, കൂടിയ ആയുർദൈർഘ്യം തുടങ്ങിയ സാമൂഹ്യസൂചകങ്ങൾ അഭിമാനത്തോടെ പ്രദർശിപ്പിക്കുന്നു. മറുവശത്ത് ഇതിനു പിറകിൽ വളരെ ആഴത്തിലുള്ള ഒരു പുരുഷാധിപത്യവ്യവസ്ഥയുണ്ട്. മരുമക്കത്തായം, ഉയർന്ന സ്ത്രീ വിദ്യാഭ്യാസം എന്നീ പാരമ്പര്യങ്ങളുണ്ടെങ്കിലും ലിംഗസംവേദനക്ഷമത (Gender sensitivity) യുടെ അഭാവം ഇവിടെ നിലനിൽക്കുന്നു. കേരളത്തിലെ മാദ്ധ്യമങ്ങൾ പുരുഷാധിപത്യപരമാണ്. ന്യൂസ് റൂമുകളിൽ സ്ത്രീകൾക്ക് അർഹിക്കുന്ന സ്ഥാനം ലഭിക്കുന്നില്ല. ധാരാളം ചെറുപ്പക്കാരികൾ പത്രപ്രവർത്തനം തൊഴിലായി തിരഞ്ഞെടുക്കുന്നുണ്ടെങ്കിലും സ്ത്രീകൾക്ക് ഇത് "no entry zone' ആണ്. രാഷ്ട്രീയം പുരുഷലേഖകരുടെ സ്വന്തം തട്ടകമാണ്. രാഷ്ട്രീയലേഖകരായ സ്ത്രീകൾ കേരളത്തിൽ അതിവിരളമെന്നോ, ഇല്ലെന്നുതന്നെയോ പറയാം.

കല, സംസ്കാരം, ചലച്ചിത്രം, സാമൂഹ്യക്ഷേമം തുടങ്ങിയവ സ്

ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു. ആരോഗ്യം, ടൂറിസം എന്നിവ ബോണസ്സായി കിട്ടും. കേരളത്തിൽ വനിതാപത്രപ്രവർത്തകർക്ക് ഇപ്പോഴും അവഗണനയാണ്. രാത്രി വൈകിയുള്ള ജോലി ഷിഫ്ടുകളാണോ സ്ത്രീകൾക്ക് ഔദ്യോഗികജീവിതവും കുടുംബചുമതലകളും ഒരുമിച്ചുകൊണ്ടുപോവാൻ തടസ്സമായി നിൽക്കുന്നതെന്ന് ആളുകൾ അത്ഭുതപ്പെടും. ഒരു പത്രപ്രവർത്തകയെന്ന നിലയിൽ കോഴിക്കോട്ടെ എന്റെ അനുഭവം ഒരു ഒറ്റപ്പെട്ട സംഭവമായി കണക്കാക്കാൻ പറ്റില്ല. മറിച്ച് എന്നെക്കാൾ ഇളയവരായ പത്രപ്രവർത്തകമാർ പൊതുവിൽ നേരിടുന്ന പ്രശ്നങ്ങൾ ഉൾപ്പെടുന്നതാണത്.

മറ്റുള്ള തൊഴിൽമേഖലകളെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതലായി ഇടയ്ക്കുവെച്ച് പിൻവാങ്ങുന്ന മേഖലയാണ് മാദ്ധ്യമപ്രവർത്തനം. ബിരുദാനന്തരബിരുദവും കഴിവുമുള്ള ചെറുപ്പക്കാരികൾ ആവേശത്തോടെ മാദ്ധ്യമരംഗത്തേക്ക് വരുന്നുണ്ടെങ്കിൽപ്പോലും ഉടനെയോ പിന്നീടോ മറ്റുജോലികളിലേക്ക് മാറുന്ന പ്രവണതയാണ് കാണാൻ കഴിയുന്നത്. ചിലർ ഉന്നതവിദ്യാഭ്യാസത്തിനും മറ്റുചിലർ പുതിയ തൊഴിലുകൾ തേടിയും രംഗം വിടുന്നു. കേരളീയ സ്ത്രീകൾ എപ്പോഴും മുൻപന്തിയിൽ നിൽക്കുകയും പുരുഷന്മാർക്കുമാത്രമായിരുന്ന തൊഴിലുകളിൽ കടന്നുചെല്ലുകയും ചെയ്തിട്ടുണ്ട് എന്നതാണ് ഇവിടുത്തെ ശ്രദ്ധേയമായ വിരോധാഭാസം.

ഈ വിവേചനപരമായ സമീപനത്തിനിടയിലും പിടിച്ചുനിൽക്കുന്ന മാദ്ധ്യമപ്രവർത്തകമാർ, അവർക്കായി നീക്കിവെക്കപ്പെട്ട അപ്രധാനമായ ഇടങ്ങളിൽ തുടരുന്നു.

സ്ത്രൈണമായ സംവേദനക്ഷമതയും ഭാവുകത്വവുംമൂലം വലിയ സംഭാവനകൾ നല്കാനാവുന്ന ഈ വെല്ലുവിളികൾ നിറഞ്ഞ തൊഴിൽരംഗത്തുനിന്നും സ്ത്രീകളെ പുറത്തേക്കാനയിക്കുന്നതാരാണ്? സാമൂഹ്യപുരോഗതിയുടെ സൂചകങ്ങളായി നാം പുറംലോകത്തിനുമുമ്പിൽ അവതരിപ്പിക്കുന്ന നേട്ടങ്ങൾക്കപ്പുറത്തുനിൽക്കുന്ന സത്യം ഇതാണ്: സ്ത്രീകൾ മാദ്ധ്യമരംഗത്തുനിന്നും മാഞ്ഞുപോവുന്നു.

കഴിഞ്ഞ ഏതാനും ദശകങ്ങളായി മാദ്ധ്യമപ്രവർത്തനം എന്ന വിദഗ്ദ്ധ തൊഴിലും പത്രപ്രവർത്തകർ എന്ന പ്രൊഫഷനൽ ക്ലാസും വളരെയേറെ ദൂരം മുന്നോട്ടുപോയിരിക്കുന്നു. മാദ്ധ്യമപ്രവർത്തനം ഒരു യാന്ത്രികമായ തൊഴിലല്ല. ഇന്റർനെറ്റിൽനിന്നും വിവരങ്ങൾ ശേഖരിച്ച് വാർത്തകളിൽ നിറയ്ക്കുന്ന റോബോട്ടുകളല്ല അവർ. വളരെയധികം വെല്ലുവിളികളുള്ളതും അതേസമയം സാമൂഹ്യപ്രതിബദ്ധതയും താഴെക്കിടയിലുള്ളവരുടെ പ്രശ്നങ്ങൾ വെളിച്ചത്തുകൊണ്ടുവരാനുള്ള പ്രതിജ്ഞാബദ്ധതയും ആവശ്യപ്പെടുന്നതാണ് ഈ തൊഴിൽ. പത്രപ്രവർത്തകർക്ക് സമൂഹത്തിൽ ഉന്നത സ്ഥാനമുണ്ട്. പക്ഷപാതമില്ലാത്ത മൂല്യാധിഷ്ഠിതപത്രപ്രവർത്തനം നടത്തുന്നവരുടെ വിശ്വാസ്യതയാണ് ഇതിനടിസ്ഥാനം.

എന്നാലിന്ന് മാദ്ധ്യമരംഗത്തേക്കു വന്നെത്തുന്നവരുടെ കഴിവിൽ വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. മാദ്ധ്യമലോകം സിനിമാലോകം പോലെ ഒരു ഗ്ലാമർലോകമാണിന്ന്. അതിൽതന്നെ ദൃശ്യമാദ്ധ്യമപ്രവർത്തകർക്ക് ലഭിക്കുന്ന പ്രശസ്തി അവിശ്വസനീയമാണ്. ഇതുമാത്രം ലക്ഷ്യമാക്കി ഈ രംഗത്തേക്കു വരുന്നവരും ധാരാളമുണ്ട്. സാമൂഹ്യപ്രതിബദ്ധതയും തൊഴിലിനോടുള്ള അർപ്പണബോധവും ഇല്ലാത്തവരും നിരവധിയുണ്ട്. അതീവപ്രാധാന്യമുള്ള വിഷയങ്ങളിൽനിന്ന് അപ്രധാനമായ വിഷയങ്ങളിലേക്കുള്ള മാറ്റമാണ് ഇതിന്റെ ഫലം. വായനക്കാരെ ത്രസിപ്പിക്കാനായി അപ്രധാനവാർത്തകൾ പെരുപ്പിച്ചുകാണിക്കാനും സെൻസേഷനലൈസ് ചെയ്യാനുമുള്ള പ്രവണത ഏറിവരുന്നു.

അച്ചടി-ദൃശ്യമാദ്ധ്യമങ്ങളിലെ സ്ത്രീപുരുഷാനുപാതത്തിനുവന്ന മാറ്റത്തിനു ചുവടൊപ്പിച്ച് സ്ത്രീകൾക്ക് അർഹിക്കുന്ന സ്ഥാനം മാദ്ധ്യമങ്ങളിൽ ലഭിക്കേണ്ടതുണ്ട്. പുരുഷന്മാർക്ക് ലഭിക്കുന്ന രീതിയിലുള്ള അംഗീകാരവും സ്ഥാനമാനങ്ങളും കിട്ടാൻവേണ്ടി കേരളത്തിലെങ്കിലും സ്ത്രീകൾക്ക്

ബിരുദാനന്തരബിരുദവും
കഴിവുമുള്ള
ചെറുപ്പക്കാരികൾ
ആവേശത്തോടെ
മാദ്ധ്യമരംഗത്തേക്ക്
വരുന്നുണ്ടെങ്കിൽപ്പോലും
ഉടനെയോ പിന്നീടോ
മറ്റുജോലികളിലേക്ക്
മാറുന്ന പ്രവണതയാണ്
കാണാൻ കഴിയുന്നത്

ഇനിയും ഒരുപാടുദൂരം താണ്ടാനുണ്ട്. സ്വന്തം കഴിവുകൊണ്ടും സൂക്ഷ്മബുദ്ധികൊണ്ടും ജനസമ്മതി നേടുന്ന ഊർജ്ജസ്വലരായ ചെറുപ്പക്കാരികൾപോലും ഒരുകാരണവുമില്ലാതെ മാദ്ധ്യമരംഗം വിട്ടുപോവുന്നത് കേരളത്തിലെ സ്ഥിരം കാഴ്ചയാണ്. തൊഴിലിനോടു പ്രതിബദ്ധതയുള്ള, നല്ല പ്രകടനം കാഴ്ചവെക്കുന്ന വാർത്തവായനക്കാരികൾ പെട്ടെന്ന് അപ്രത്യക്ഷരാവുന്നത് നാം എത്ര കണ്ടതാണ്? കേരളത്തിലെ മാദ്ധ്യമരംഗം ഇന്നും പുരുഷാധിപത്യപരം തന്നെയാണ്.

രാജ്യത്തെ മാദ്ധ്യമശൃംഖല അതിഗംഭീരമായി വളർന്നുകൊണ്ടിരിക്കുകയാണ്. 60,000-നു മുകളിൽ പ്രസിദ്ധീകരണങ്ങൾ രജിസ്ട്രാർ ഓഫ് ന്യൂസ്പേപ്പേഴ്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ നൂറുകണക്കിനു റേഡിയോസ്റ്റേഷനുകളും വെബ്സൈറ്റുകളും 600-ലധികം ടെലിവിഷൻ ചാനലുകളുമൊക്കെ പ്രവർത്തനനിരതമായിരിക്കുന്നു. പക്ഷേ, എത്രകാലം ഈ ഫോർത്ത് എസ്റ്റേറ്റ്, ജനാധിപത്യത്തിന്റെ അവിഭാജ്യഘടകമായി ജനങ്ങളുടെ വിശ്വാസ്യതയാർജ്ജിച്ചുകൊണ്ട് നിലനിൽക്കും? 'അവസാനത്തിന്റെ തുടക്ക'ത്തിന്റെ വാതിൽപ്പടിയിലാണോ നമ്മൾ? ■

*വിവ: അനുജ എൻ. സി.*




# അജ്ഞാതമായൊരിടത്തേക്ക് വന്നപ്പോൾ

മൈന ഉമൈബാൻ

**ഇന്റർനെറ്റ്** ഇവൾക്ക് അജ്ഞാതമായിരുന്നു. അവിടെ മലയാളമുണ്ട് എന്ന് അത്രപോലുമറിയില്ലായിരുന്നു. ജേണലിസത്തിനു പഠിക്കുമ്പോൾ മലയാളം ഡി ടി പി നിർബന്ധമായിരുന്നു. ആ ക്ലാസ്സുകളിലൊന്നിലാണ് വെബ് ജേർണലിസത്തെക്കുറിച്ചറിയുന്നത്. കമ്പ്യൂട്ടർ സ്ക്രീനിൽ മലയാളം കാണുന്നത്.... അതൊരു അത്ഭുത കാഴ്ചതന്നെയായിരുന്നു.! ആ കാഴ്ച എന്നെ ശരിക്കും വശീകരിച്ചു കഴിഞ്ഞിരുന്നു. എന്നാൽ നെറ്റ് പോയിട്ട് കമ്പ്യൂട്ടർ പോലുമില്ലാത്തവൾക്ക് എന്ത് വെബ്‌ലോകം, എന്ത് ദാറ്റ്സ് മലയാളം.കോം.? അറിയുമായിരുന്ന ISM GIST കൊണ്ട് ഒരു പ്രയോജനവുമില്ലായിരുന്നു അവിടെ.. വരമൊഴി ഉപയോഗിച്ചുള്ള മലയാളമെഴുത്താണ് അന്ന് ഇന്റർനെറ്റിൽ കണ്ടത്.

കോഴ്സു കഴിയുമ്പോഴേക്കും ബാങ്കിൽ ജോലി കിട്ടിയിരുന്നതുകൊണ്ട് മാധ്യമലോകത്തേയും എഴുത്തിനേയും മറന്നു പോയിരുന്നു. രണ്ടോ മൂന്നോ കൊല്ലം കൊണ്ട് കമ്പ്യൂട്ടർ വാങ്ങി എന്നതൊഴിച്ചാൽ സാഹിത്യമോ മലയാളമോ ഒന്നുമില്ലാത്തൊരു കാലം.

ഓഫീസിലേക്ക് പോകുംവഴി വല്ലപ്പോഴും അധ്യാപകരെ കാണാൻ ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ടിൽ കയറും. അങ്ങനെയൊരിക്കൽ കയറിയതാണ്. ജോസഫ് ആന്റണി സാർ ഒരത്ഭുതം കാണിച്ചു തരികയായിരുന്നു. സാറൊരു ബ്ലോഗു തുടങ്ങിയിരിക്കുന്നു. പേര് കുറിഞ്ഞി ഓൺലൈൻ. ഒരു ചെലവുമില്ലത്രേ! നമ്മുടെ രചനകൾക്ക് അപ്പോൾ തന്നെ പ്രതികരണം കിട്ടും. കാത്തിരിപ്പുവേണ്ട. എന്തുവേണമെങ്കിലും കൂട്ടിച്ചേർക്കാം. എഡിറ്റു ചെയ്യാം. ഫോട്ടോ കൊടുക്കാം. ചുരുക്കത്തിൽ അവനവൻ/ അവളവൾ പ്രസാധനം.



അതിനേക്കാളൊക്കെ ആകർഷിച്ചത് അറിയുന്ന ISM GIST ന്റെ അതേ പോലെ കീ ഉപയോഗിച്ച് ടൈപ്പ് ചെയ്ത് യുണീകോഡിലേക്ക് കൺവെർട്ട് ചെയ്യാവുന്ന സോഫ്റ്റ് വെയർ ഉണ്ടെന്നതാണ്. അത് ഡൗൺലോഡ് ചെയ്യാനാവും. ബ്ലോഗെന്ന പദം ആദ്യമായി കേൾക്കുകയായിരുന്നിട്ടും ഒരു ബ്ലോഗറാവാൻ ആ നിമിഷം തീരുമാനിച്ചു. അഞ്ചു മിനിറ്റിനുള്ളിൽ സാറുതന്നെ ഒരു ബ്ലോഗു നിർമിച്ചു തന്നു!

എഴുതുന്നത് ആരു വായിക്കും എന്നൊക്കെ ആശങ്കയുണ്ടായിരുന്നിട്ടും എഴുതി തുടങ്ങുകയായിരുന്നു. സജീവമായി മെയിലുപയോഗിക്കാൻ തുടങ്ങുന്നതും അപ്പോഴായിരുന്നു. പക്ഷേ, വളരെ പെട്ടെന്നു തന്നെ ബൂലോകം എന്ന മാധ്യമം എന്നെ കീഴടക്കി. ബ്ലോഗിൽ രചന പോസ്റ്റുചെയ്യാനല്ലാതെ ഒന്നുമറിയാതിരുന്ന എന്നെ, ചാറ്റിലൂടെയും ഓർക്കൂട്ട് സ്ക്രാപ്പുവഴിയും മെയിൽ വഴിയുമൊക്കെയായി കുഞ്ഞു കുഞ്ഞു മാറ്റങ്ങൾ, പുതുക്കി പണിയലുകളൊക്കെ പറഞ്ഞു തന്നു. ഒരു പക്ഷേ, ബാങ്കുജോലിയുടേയും വീടിന്റേയും ഇടയിലെ വിരസമായ ദിവസങ്ങളെ സജീവമാക്കിയത് ബ്ലോഗായിരുന്നു. അന്നത്തെ ഇ-വായനക്കാരായ സുഹൃത്തുക്കളില്ലായിരുന്നുവെങ്കിൽ, അവരുടെ പ്രോത്സാഹനമില്ലായിരുന്നുവെങ്കിൽ എഴുത്തിലേക്കൊരു മടക്കമുണ്ടാവുമായിരുന്നോ എന്നു സംശയമാണ്.

അക്കാലത്തെ ബ്ലോഗുകളെ പൊതുവേ വിശകലനം ചെയ്താൽ ഏറ്റവുമേറെ നർമം ചേർന്ന അനുഭവക്കുറിപ്പുകളും ഗൃഹാതുര സ്മരണകളുമാവും. പിന്നെ കവിത. വലിയ കഥകളൊക്കെ വളരെ കുറവാണ്.

പ്രവാസികളാണ് സൈബർ മലയാളത്തെ സജീവമാക്കിയതെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. ഒരു മലയാളം വാക്കുകേൾക്കാൻ കൊതിക്കുന്നവർ, ഒരു വരി വായിക്കാൻ കാത്തിരിക്കുന്നവർ..അവർ സൈബർ മലയാളത്തെ ആർത്തിയോടെ സ്വീകരിച്ചു. ഒരുപക്ഷേ, സ്വന്തം നാടും വീടും വിട്ടുനിന്ന സ്ത്രീയെന്ന നിലയിൽ ഇവളും അതിന്റെ ഭാഗമായിത്തീർന്നു.

അച്ചടി മാസികകളിൽ നടക്കുന്നതു തന്നെയാണ് ബ്ലോഗിലെന്ന് പറയാറുണ്ട്. പക്ഷേ, ബ്ലോഗുകളെ ജനകീയമാക്കിയത് ആകാശത്തിനു കീഴിലുള്ള ഏതു വി

ഷയത്തെയും ആർക്കും എഴുതാം എന്നതും അഭിപ്രായങ്ങൾ വളരെപ്പെട്ടെന്ന് അറിയിക്കാം എന്നതുമാണ്.

സ്വന്തം ജീവിതപരിസരത്തെ ഹാസ്യത്തിന്റെ മേമ്പൊടി ചേർത്ത്, ബ്ലോഗിൽ വിശാലമനസ്കൻ കൊണ്ടു വന്ന എഴുത്തുരീതി വലിയൊരളവിൽ അനുകരിക്കുകയുണ്ടായി. ഇന്നും അതു തുടർന്നു കൊണ്ടിരിക്കുന്നു. ഇവ മുദ്രിതസാഹിത്യത്തിന്റെ ഉപോൽപ്പന്നമാകുന്നതെങ്ങനെ.? ..കവിത എഴുതിയവർ അധികവും അച്ചടി പ്രസിദ്ധീകരണത്തിന് അയച്ചിട്ടും ഫലം കാണാത്തവയും പലരുടേയും ഉള്ളിൽ എഴുത്തുകാരനുള്ളതുകൊണ്ടും അവനവൻ പ്രസാധകൻ എന്ന നിലയിൽ ബ്ലോഗിലെത്തുകയായിരുന്നു. ഇവിടെ എഴുത്തുകാരനും പത്രാധിപനും ഒന്നാവുകയായിരുന്നു. അച്ചടിച്ചു കഴിഞ്ഞ ഒരു രചനയിൽ തിരുത്തൽ അസാധ്യമാണെങ്കിൽ എപ്പോൾ വേണമെങ്കിലും തിരുത്താം. പോസ്റ്റോ ബ്ലോഗോ തന്നെ എടുത്തുമാറ്റാം.

തപാൽ സ്റ്റാമ്പുവേണ്ട, മടുപ്പിക്കുന്ന കാത്തിരിപ്പുവേണ്ട...അഭിപ്രായത്തിനുള്ള കാത്തിരിപ്പുമില്ല. എല്ലാം ഒരു നൊടിയിടയിൽ...പാടത്തെ പണിക്ക് വരമ്പത്ത് കൂലി...

മെയിലിലും സ്ക്രാപ്പിലും പലപല സംവാദങ്ങൾ...ആ സംവാദങ്ങളിൽ നിന്നാണ് ഒരു കൂട്ടായ്മയിലൂടെ നാട്ടുപച്ച എന്ന ഓൺലൈൻ മാസിക തുടങ്ങാൻ തീരുമാനിക്കുന്നത്. ധാരാളം സുഹൃത്തുക്കളുടെ പിന്തുണയുണ്ടായിരുന്നു. ഒരിക്കലും കാണുകയോ കേൾക്കുകയോ ചെയ്യാത്ത അകലെയിരുന്ന അടുത്ത കൂട്ടുകാർ...

സിറ്റിസൺ ജേർണലിസത്തിന് വലിയ പ്രാധാന്യമുണ്ടിവിടെ. പുറം ലോകം അന്വേഷിച്ചു കണ്ടെത്താത്ത പലതും അല്ലെങ്കിൽ എഡിറ്ററുടെ കത്രികയിൽ മുറിഞ്ഞു പോകുന്ന പലതും ആരുടേയും സഹായമില്ലാതെ വെട്ടാതെ മുറിക്കാതെ കിട്ടുന്നു. കൂടുതൽ തുറന്നതും ജനാധിപത്യപരവുമാണ് ഇവിടെ കാര്യങ്ങൾ..


> പുരുഷൻ സ്ത്രീയുടെ
> യഥാർത്ഥശക്തി
> തിരിച്ചറിഞ്ഞിട്ടില്ല.
> തിരിച്ചറിയുന്ന കാലം
> അധികം ദൂരത്തല്ലെന്നാണ്
> വിശ്വാസം


അച്ചടി, ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ എല്ലാഗുണങ്ങളെയും ഒരുമിച്ചു ചേർക്കാവുന്ന ഇടവുമാണ്. ഈ ഇ-മലയാളത്തിൽ അക്ഷരശ്ലോക സദസ്സുകൾ നടക്കുന്നു..കവിതാലാപന മത്സരം നടക്കുന്നു..കവിതകളും ലഘു നാടകങ്ങളും posdcast ചെയ്യപ്പെടുന്നു. virtual tour കാണുന്നു. ഇതൊക്കെ മറ്റെവിടെ നടക്കും?

പക്ഷേ, ഇപ്പറഞ്ഞതെല്ലാം പേരിനേയുള്ളു. സൈബറിടം വേണ്ട പോലെ നമ്മൾ ഉപയോഗിച്ചിട്ടില്ല.

ഇ-എഴുത്ത് അച്ചടിയെ അനുകരിക്കുകയല്ല എന്നാൽ ഇ-മാഗസിനുകൾ എല്ലാം തന്നെ സാങ്കേതികത വേണ്ടത്ര ഉപയോഗിക്കാതെ അച്ചടി പ്രസിദ്ധീകരങ്ങളുടെ ചുവടു പിടിച്ചു തന്നെയാണ് നില്ക്കുന്നതെന്ന് പറയേണ്ടി വരും. വരുംകാലത്ത് അത് മാറുമെന്നു പ്രതീക്ഷിക്കാം.

സ്ത്രീ, പുരുഷൻ എന്ന വേർതിരിവുവെച്ചിട്ട് ആരെങ്കിലും പ്രവർത്തിച്ചതായി ഓർമയില്ല. സ്ത്രീയെന്ന നിലയിൽ പരിഗണനയോ അവഗണനയോ ഉള്ളതായും അനുഭവത്തിലില്ല. ഇ-ലോകത്തുള്ള എല്ലാ സ്ത്രീകൾക്കും അങ്ങനെയായിരിക്കണമെന്നില്ല. എന്തു പറഞ്ഞാലും ഇവിടെ കിട്ടുന്ന സ്വാതന്ത്ര്യം മറ്റൊരിടത്തുമില്ലെന്നതാണ് സന്തോഷം തരുന്നത്. ഒരുപാടുപേരെ പരിചയപ്പെടുന്നു. നിലനില്ക്കേണ്ട, ആരോഗ്യകരമായ ബന്ധങ്ങൾ നിലനില്ക്കുന്നു. അല്ലാത്തവ തുടക്കത്തിലോ പാതിവഴിയിലോ മുറിഞ്ഞു പോകുന്നു. സ്വാഭാവികം മാത്രം.

ഓഫീസ് ജോലി, വീട് എന്നൊക്കെ പറഞ്ഞ് അലസമട്ടിൽ ജീവിച്ചു പോന്നവൾക്ക് സൈബറിടമാണ് കൂടുതൽ ഉത്തരവാദിത്വബോധം നൽകിയത്.പിന്നെ വിമർശനങ്ങൾ കേൾക്കാറുണ്ട്.

വലിയ എതിർപ്പുകളൊന്നുമുണ്ടായിട്ടില്ല. അനുഭവമെഴുത്തുകാരിയെന്നും അനുഭവത്തിൽ കാമ്പുള്ളതൊന്നുമില്ലെന്നുമൊക്കെ പറയുന്നവരുണ്ട്. എന്തെങ്കിലുമൊക്കെ പറയട്ടെ, അതൊക്കെ എനിക്ക് ഊർജ്ജം തരുന്നേയുള്ളു. എഴുത്തിൽ കൂടുതൽ ശ്രദ്ധവരുത്താൻ വിമർശനങ്ങൾ നല്ലതാണ്.

പെണ്ണ് ഇങ്ങനെയൊക്കെയേ എഴുതാവൂ എന്നു നിബന്ധന വെക്കുന്നുണ്ട് ചിലർ. ബ്ലോഗിലും ഓൺലൈനിലുമൊക്കെ വരുന്ന ചെറിയ കുറിപ്പുകൾ ചിലരെ വല്ലാതെ പ്രകോപിപ്പിക്കാറുണ്ട്. ഭീഷണി രൂപത്തിലൊക്കെ മെയിലു വരാറുണ്ട്. എഴുതുന്നെങ്കിൽ ദൈവവചനം മാത്രമെഴുതി സ്വർഗ്ഗത്തിലെത്താനുള്ള വഴി കാണാനൊക്കെ. കാർന്നോമ്മാരും കൂട്ടുകാരും പരിചയക്കാരുമൊക്കെ അറിഞ്ഞോ അറിയാതെയോ ചെറിയ ചെറിയ തെറ്റും കുറ്റവുമൊക്കെ ചെയ്തവരാ. കണക്കു നോക്കിയാൽ മിക്കവരും നരകത്തിൽ പോകേണ്ടവർ. എല്ലാരും നരകത്തിലാണെങ്കിൽ എനിക്കു സ്വർഗ്ഗമെന്തിനാണ് എന്നു തിരിച്ചു പറയാൻ തോന്നും.

ഇതൊക്കെ അടുത്ത കാലത്ത് കേട്ടു തുടങ്ങിയതാണ്.

സ്ത്രീകളെ രണ്ടാം ലിംഗ വിഭാഗമായി തരംതാഴ്ത്തുന്ന ചില പുരുഷന്മാരുടെ നിലപാടുകളോട് ഒരു യോജിപ്പുമില്ല. സ്വയം തരംതാഴ്ത്തലാണത്. പുരുഷൻ സ്ത്രീയുടെ യഥാർത്ഥശക്തി തിരിച്ചറിഞ്ഞിട്ടില്ല. തിരിച്ചറിയുന്ന കാലം അധികം ദൂരത്തല്ലെന്നാണ് വിശ്വാസം.

ഉപഭോഗവസ്തു, കാഴ്ച വസ്തു എന്നതിൽ നിന്നൊക്കെ മാറി ബുദ്ധിപരമായി എല്ലാമേഖലയിലും ഇടപെടാനും പുരുഷനെപോലെ ഏതു തൊഴിൽ നേടാനും പ്രവർത്തിക്കാനുമൊക്കെയുള്ള കഴിവവൾക്കുണ്ട്. വരും കാലങ്ങളിൽ അതു കൂടുതൽ തെളിയിക്കും. വീട്ടിലിരിക്കുന്ന സ്ത്രീകൾക്കു കൂടി സ്വാതന്ത്ര്യത്തിന്റെ അതിരുകളില്ലാത്ത ആകാശം തുറന്നു തരുന്നുണ്ട് സൈബറിടം. അത് ഏതുവിധത്തിൽ ക്രിയാത്മകമാക്കാം എന്നതിലാണ് ശക്തിയിരിക്കുന്നത്. ■

# കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

## ആരോഗ്യ വിജ്ഞാനവൃത്താന്തം


കണ്ണ്
രോഗങ്ങളും പ്രതിവിധികളും
ഡോ. വി. സഹസ്രനാമം
വില : 70 രൂപ
സിൽ : 2800


കർണരോഗങ്ങൾ
ഡോ. സദറുദീൻ അഹ്മദ്. എം
വില : 80 രൂപ
സിൽ : 2804


ഹൃദ്രോഗം
കാരണങ്ങൾ ചികിത്സകൾ
ഡോ. കെ.എസ്. മോഹനൻ
വില : 70 രൂപ
സിൽ : 2795


ആസ്ത്മ
അറിയാം പ്രതിരോധിക്കാം
ഡോ. പി.എസ്. ഷാജഹാൻ
വില : 85 രൂപ
സിൽ : 2796


ഉദരരോഗങ്ങൾ
ഡോ. വർഗീസ് തോമസ്
വില : 85 രൂപ
സിൽ : 2803


മറവിരോഗം
ഡോ. റോബർട്ട് മാത്യു
വില : 75 രൂപ
സിൽ : 2797


സ്ട്രെസ്സ് രോഗങ്ങളും
പരിഹാരമാർഗങ്ങളും
ഡോ. പി.കെ. ജയറസ്
വില : 95 രൂപ
സിൽ : 2806


രക്തം രക്തസന്നിവേശം
ഡോ. എൻ. ശശികല
വില : 75 രൂപ
സിൽ : 2801


ജീവിതശൈലീരോഗങ്ങളും
പ്രതിരോധമാർഗങ്ങളും
ഡോ. ബി. പദ്മകുമാർ
വില : 70 രൂപ
സിൽ : 2808

*വായിക്കുക! വരിക്കാരാവുക!*
**വിജ്ഞാനകൈരളി**
ഒറ്റപ്രതി 10 രൂപ; വാർഷിക വരിസംഖ്യ 100 രൂപ

**മികച്ച പുസ്തകങ്ങൾ മിതമായ വിലയ്ക്ക്**

**മൺമറഞ്ഞ മഹാപ്രതിഭകളുടെ ജീവചരിത്രം**
**'അറിവ് നിറവ്' പുസ്തകപരമ്പര**

പുസ്തകങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, കോഴിക്കോട് പ്രാദേശികകേന്ദ്രം, കണ്ണൂർ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല, തിരുവനന്തപുരം 'സംസ്കാര' പുസ്തകശാല, ബുക്ക്മാർക്ക് ശാഖകൾ, പ്രദർശനവാഹനങ്ങൾ, കറന്റ് ബുക്സ്/ഡി.സി. ബുക്സ്, അവന്തി ബുക്സ്, മാതൃഭൂമി ബുക്സ്, പൂർണാ ബുക്സ്, ചിന്ത ബുക്സ്, സി.ഐ.സി.സി. എന്നിവിടങ്ങളിൽ നിന്നും വാങ്ങാം.

പുസ്തകങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് വാങ്ങുന്നതിന്
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം എന്ന പേരിലും
കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിൽ നിന്ന് വാങ്ങുന്നതിന്
സൂപ്രണ്ട്, കോഴിക്കോട് പ്രാദേശിക കേന്ദ്രം എന്ന പേരിലും മാത്രം
ഡി.ഡി./മണിയോർഡർ അയച്ചുതരേണ്ടതാണ്.

പുസ്തകങ്ങൾ ലഭിക്കാൻ MO/DD അയക്കേണ്ട വിലാസം
**ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നളന്ദ, തിരുവനന്തപുരം-695 003**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിൽപ്പനശാലകൾ**
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല, മറിയം ആർക്കേഡ്, സൗത്ത് ബസാർ, കണ്ണൂർ. ഫോൺ : 0497 - 2760021
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല, ഇ.എം.എസ്. സ്റ്റേഡിയം ബിൽഡിങ്, രാജാജി റോഡ്, കോഴിക്കോട് -4. ഫോൺ : 0495 2724600
'സംസ്കാര', കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല, ഗവ. പ്രസ്സ് റോഡ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001, ഫോൺ : 2331581
പ്രാദേശിക കേന്ദ്രം, ചെറൂട്ടി റോഡ്, കോഴിക്കോട് - 1, ഫോൺ : 0495 - 2366124
Web: www.keralabhasha.org, www.keralabhasha.com, Email : keralabhashatvm@gmail.com, Phone : 0471-2317238, 2316306

beyond



# സ്ത്രീമാധ്യമപ്രവർത്തകരുടെ കൂട്ടായ്മ (NWMI)



രേണു രാംനാഥ്

**വളരെ** ബൃഹത്തും പ്രാദേശിക പരിസ്ഥിതികൾക്കനുസരിച്ച് ഏറെ സങ്കീർണ്ണതകൾ നേരിടുന്നതുമാണ് ഇന്ത്യൻ മാദ്ധ്യമരംഗം. പലതരത്തിലുള്ള ഒട്ടേറെ വെല്ലുവിളികൾ നേരിടുന്ന ഒരു രംഗമായിട്ടുപോലും മാദ്ധ്യമപ്രവർത്തകരുടെ അവകാശങ്ങൾ ഉയർത്തിപ്പിടിക്കാനോ പ്രവർത്തനരംഗത്തെ വെല്ലുവിളികൾ പങ്കിടാനോ ഒരു പൊതുവേദി ദേശീയതലത്തിൽ ഇന്നുവരെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്നതാണ് സത്യം. പ്രാദേശിക തലത്തിൽ, ഓരോ സംസ്ഥാനങ്ങളിലേയും രാഷ്ട്രീയസാക്ഷരതയനുസരിച്ച് കേരളത്തിലെ കേരളായൂണിയൻ ഓഫ് വർക്കിംഗ് ജേർണലിസ്റ്റ്സ് പോലെ ചില സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെന്നു മാത്രം.



മാദ്ധ്യമപ്രവർത്തകർക്കിടയിൽ ദേശീയരംഗത്തെ പൊതുസ്ഥിതി ഇതായിരിക്കെയാണ് വനിതാമാദ്ധ്യമപ്രവർത്തകരുടെ ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന സംഘടനയായ നെറ്റ്വർക്ക് ഓഫ് വിമൻ ഇൻ മീഡിയ (ഇന്ത്യ) എന്ന NWMI വിജയകരമായ പ്രവർത്തനങ്ങളുടെ ഒരു ദശകം പൂർത്തിയാക്കി നിൽക്കുന്നത്.

2002 ജനവരി 30-ന് ന്യൂഡൽഹിയിലെ ഇന്ത്യാ ഇന്റർനാഷണൽ സെന്ററിൽ നടന്ന മൂന്നുദിവസത്തെ ദേശീയ ശില്പശാലയ്ക്കൊടുവിലാണ് NWMI ഔപചാരികമായി രൂപീകരിക്കപ്പെടുന്നത്. 14 സംസ്ഥാനങ്ങളിൽനിന്നായി ഒരു ഡസനിലേറെ ഭാഷകളിൽ പ്രവൃത്തിയെടുക്കുന്ന നൂറോളം വനിതാമാദ്ധ്യമ പ്രവർത്തകർ ആ ശില്പശാലയിൽ പങ്കെടുത്തിരുന്നു. ബാംഗ്ലൂരിൽ കമ്മ്യൂണിക്കേഷൻ രംഗത്തു പ്രവർത്തിക്കുന്ന 'വോയ്സ്' എന്ന സന്നദ്ധസംഘടനയുടെ മുൻകൈയിലാണ് ശില്പശാല നടന്നത്. യുനെസ്കോയുടെ സഹകരണവുമുണ്ടായിരുന്നു.

ഒരുവർഷംമുമ്പേ ആരംഭിച്ച ഒരു പ്രക്രിയയുടെ ഒടുവിലാണ് നെറ്റ്വർക്ക് രൂപീകരിക്കപ്പെടുന്നത്. അതിനുമുമ്പ് 2000-2001-ൽ നടന്ന മൂന്നു പ്രാദേശികശില്പശാലകളായിരുന്നു ഈ നെറ്റ്വർക്കിന്റെ രൂപീകരണത്തിന്റെ ആദ്യഘട്ടം. വേൾഡ് അസോസിയേഷൻ ഫോർ ക്രിസ്റ്റ്യൻ കമ്യൂണിക്കേഷനും ഫ്രീഡംഫോറവുമാണ് ഈ പ്രാദേശിക ശില്പശാലകൾ സംഘടിപ്പിക്കുന്നത്. 2000 നവംബറിൽ ബാംഗ്ലൂരിൽ നടന്ന ആദ്യശില്പശാലയിൽ ദക്ഷിണ-പശ്ചിമ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് പങ്കെടുത്തത്. പിന്നീട് 2001 ഏപ്രിലിൽ ജയ്പൂരിൽവെച്ച് നടന്ന പൂർവ്വഭാഗത്തുള്ള സംസ്ഥാനങ്ങളിലെ പ്രതിനിധികൾ അടങ്ങുന്ന സമ്മേളനവും 2001 സെപ്തംബറിൽ ഷില്ലോങ്ങിൽവെച്ച് ഉത്തരപൂർവ്വ സംസ്ഥാനങ്ങൾക്കായി നടത്തിയ ശില്പശാലയുമാണ് നെറ്റ്വർക്കിന്റെ രൂപീകരണത്തിന്റെ ആദ്യഘട്ടങ്ങൾ.

പക്ഷേ, ഇതെല്ലാം തുടങ്ങുന്നത് പ്രശസ്തപത്രപ്രവർത്തകയായ അമ്മു ജോസഫ് 2000ൽ പ്രസിദ്ധീകരിച്ച 'വിമൻ ഇൻ ജേണലിസം: മെയ്ക്കിങ്ങ് ന്യൂസ്' എന്ന പുസ്തകത്തിൽനിന്നാണ്. ഈ പുസ്തകത്തിനുവേണ്ടി 90-കളുടെ അവസാനവർഷങ്ങളിൽ, ഇന്ത്യയുടെ വ്യത്യസ്തഭാഗങ്ങളിൽ സഞ്ചരിച്ച് അമ്മുജോസഫ് നടത്തിയ ഇന്റർവ്യൂകളാണ് വനിതാ മാദ്ധ്യമപ്രവർത്തകർക്കായി ഒരു സംഘടനയെന്ന ആശയം ഉയർന്നുവരാനിടയാക്കിയത്. ഈ അഭിമുഖങ്ങൾക്കിടയിൽ ഉയർന്നുവന്ന പ്രധാനവിഷയങ്ങളിലൊന്ന്, തൊഴിൽപരമായ നേട്ടങ്ങളെ സഹാ

യിക്കാൻ കഴിയുന്ന എന്തെങ്കിലും തരത്തിലുള്ള ഒരു സംവിധാനം വനിതാമാദ്ധ്യമപ്രവർത്തകർക്ക് അങ്ങേയറ്റം ആവശ്യമാണെന്നതായിരുന്നു. വ്യക്തിപരവും സാമൂഹ്യപരവുമായ കാരണങ്ങൾമൂലം ഏറെ പരിമിതപ്പെട്ട സാഹചര്യങ്ങൾക്കുള്ളിലാണല്ലോ വനിതാമാദ്ധ്യമപ്രവർത്തകർ ജോലിചെയ്യുന്നത്. തൊഴിൽപരമായ മുന്നേറ്റങ്ങൾക്ക് ഏറ്റവും ആവശ്യമായ സഹപ്രവർത്തകരുമായുള്ള ഇടപഴകൽ പലപ്പോഴും സ്ത്രീകൾക്ക് സാധിക്കുന്നില്ല എന്നതായിരുന്നു ഒരു പ്രധാനവിഷയം. വിവരങ്ങൾ കൈമാറൽ എന്ന പ്രധാനപ്രക്രിയ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് ഏറെ ബുദ്ധിമുട്ടാണെന്ന് എല്ലാവരും മനസ്സിലാക്കിയിരുന്നു. അതോടൊപ്പം മാദ്ധ്യമരംഗത്തെ പൊതുപ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള ഒരു വേദിയായിക്കൂടി ഉപകരിക്കാവുന്ന ഒന്നാവണം അതെന്നും ഒരു പൊതുധാരണയിൽ എത്തിച്ചേർന്നു.

പേര് സൂചിപ്പിക്കുന്നപോലെതന്നെ, NWMI ഒരു നെറ്റ്‌വർക്ക് ആണ്. സാമ്പ്രദായികരീതിയിലുള്ള ഒരു സംഘടനയല്ല. ഒരു സംഘടനയുടെ ചട്ടങ്ങളും ഭാരവാഹികളും വേണ്ടെന്നുള്ള തീരുമാനം ഏറെ ചർച്ചകൾക്കൊടുവിലാണെടുത്തത്. ഭാരവാഹിത്വത്തിന്റെ ഔപചാരികതകൾ ഇല്ലാതെ ആശയവിനിമയം പ്രധാനലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു വിർചൽ നെറ്റ്‌വർക്ക് ആണിന്ന് NWMI. ദേശീയതലത്തിലുള്ള NWMIയുടെ ഇ-ഗ്രൂപ്പിലൂടെ ഇന്ത്യയൊട്ടുക്കുമുള്ള ഏറെ വനിതാമാദ്ധ്യമപ്രവർത്തകകൾ പരസ്പരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. വിവിധ സംസ്ഥാനങ്ങളും നഗരങ്ങളെ കേന്ദ്രീകരിച്ച് പ്രാദേശിക ചാപ്റ്ററുകളും പ്രവർത്തിക്കുന്നുണ്ട്. വർഷത്തിലൊരിക്കൽ ഏതെങ്കിലുമൊരു സംസ്ഥാനത്തിൽവെച്ച് അവിടത്തെ പ്രാദേശിക ഘടകത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ദേശീയ സമ്മേളനം അംഗങ്ങൾക്ക് നേരിൽ കണ്ടുമുട്ടാനും ചർച്ചചെയ്യാനുമുള്ള അവസരമൊരുക്കുകയും ചെയ്യുന്നു. ■

# 'പ്രകാശം ചുരത്തിയ പുസ്തകം'



ഇന്ദിരാബാലൻ

പരുഷതയാൽ
കാഠിന്യമേറിയ പുറംചട്ടയുള്ള പുസ്തകം
വായിക്കാനെടുത്തപ്പോഴും
അപ്രതിരോധ്യമായ ഭാരം
ഉള്ളു മറിക്കുമ്പോളേറിവരുന്ന ഗഹനത....
സംശയലേശമെന്യേ
താളുകളിലേക്കിറങ്ങിനടന്നു
തുടക്കത്തിൽ ആശയങ്ങളുടെ
ആഴം ഉൾക്കൊള്ളാനാവാതെ
തന്നെനോക്കി കൊഞ്ഞനം
കുത്തുന്നതുപോലെ
പക്ഷേ, അക്ഷരങ്ങളുടെ
തീക്ഷ്ണസുഗന്ധം
നിശ്ശബ്ദചിത്തത്തിന്റെ
വക്കരയിൽ
എണ്ണമറ്റ അർത്ഥവിന്യാസങ്ങളായി
ഉടക്കിനിന്നു....
ജീവിതമുറിവുകളുടെ
അവശതയിൽ
വായന പലപ്പോഴും മുറിഞ്ഞുകിടന്നു
ഉയിർത്തെഴുന്നേൽക്കുന്ന
ഫീനിക്സ് പക്ഷികണക്കെ

പുസ്തകത്തിന്റെ പുറന്തോട്
കൊത്തിയുടച്ച്
വായനയുടെ പുതിയ ഏടുകളിലേക്ക്....
ആവേശത്തിരയടിക്കുന്ന മനസ്സുമായി
അകത്താളുകളിലേക്കിറങ്ങുന്തോറും
വജ്രവാക്കുകളുടെ
തിളക്കവും മൂർച്ചയും...
കരിയിലമൂടിക്കിടക്കുന്ന
വഴികളിൽ മുള്ളുകളുടക്കി
വീണപ്പോൾ
പ്രകാശം ചുരത്തുന്ന
വാക്കിന്റെ കതിരുകൾ
ഓടിവന്നെഴുന്നേൽപ്പിച്ച്
ഊന്നുവടിയായ് താങ്ങി...
മനസ്സിന്റെ വിതാനങ്ങളിൽ
കെട്ടിനിൽക്കുന്ന
മുഷിഞ്ഞ വിചാരങ്ങളുടെ
അതിരുകൾ തട്ടിനീക്കി
പുതിയ ദിശാബോധത്തിന്നിടം നൽകി
ഉൾക്കനമേറിയ പുസ്തകം
എത്രയോ ആർദ്രവും ശക്തവുമെന്നറിഞ്ഞ്
ജീവിതത്തോടടക്കിപ്പിടിച്ചു.......



# മാദ്ധ്യമരംഗവും സ്ത്രീകളും



വീണ ജോർജ്ജ്

**സ്വയംകണ്ടെത്താൻ** എന്നെ തുണച്ച മേഖലയാണ് മാദ്ധ്യമരംഗം. അതുകൊണ്ടുതന്നെ തൊഴിലിടം എന്ന നിലയിൽ മാദ്ധ്യമമേഖല എനിക്കു പകർന്നു നൽകുന്ന ഊർജ്ജം വലുതാണ്. മാദ്ധ്യമരംഗത്ത് സ്ത്രീകൾ തീർത്തും അവഗണിക്കപ്പെട്ടിരുന്ന കാലം അവസാനിച്ചു. അച്ചടിമാദ്ധ്യമങ്ങളിൽ ഇന്നും മുൻനിരയിലേക്ക് എത്തപ്പെടുന്ന സ്ത്രീകളുടെ എണ്ണം വളരെ പരിമിതമാണ്. ദൃശ്യമാദ്ധ്യമങ്ങളിൽ സ്ത്രീകൾക്ക് താരതമ്യേന കൂടുതൽ അവസരം ലഭിക്കുന്നുണ്ട്. മികവ്




തെളിയിച്ചാൽ മാറ്റിനിർത്താൻ കഴിയില്ല എന്നതുകൊണ്ട് തന്നെയാവണം ദൃശ്യമാദ്ധ്യമങ്ങളിൽ സ്ത്രീകൾ തീരെ നിഷേധിക്കപ്പെടാതെ പോകുന്നത്. എങ്കിലും സ്ത്രീ അംഗീകരിക്കപ്പെടാൻ പുരുഷനേക്കാൾ കൂടുതൽ സമയമെടുക്കുമെന്നുള്ളത് യാഥാർത്ഥ്യമാണ്. മാദ്ധ്യമപ്രവർത്തകരായ സ്ത്രീകളുടെ പിഴവുകൾ പെട്ടെന്ന് തിരിച്ചറിയപ്പെടുകയും കൂടുതൽ വിമർശിക്കപ്പെടുകയും ചെയ്യുന്നു എന്നതുകൊണ്ട് തൊഴിലിൽ കൂടുതൽ ജാഗ്രത കാട്ടുവാൻ സ്ത്രീകൾ ശ്രമിക്കുന്നുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എങ്കിലും ഉത്തരവാദിത്തങ്ങൾ ഭാരമേൽപ്പിക്കപ്പെടുന്നതിൽ സ്ത്രീ പുരുഷനേക്കാൾ ഏറെ പിന്നിലാണ്. മുൻവിധിയോടെയാണ് സ്ത്രീ സമീപിക്കപ്പെടുന്നത് എന്നുള്ളതുകൊണ്ടാണ് അത്. അന്തിമതീരുമാനം എടുക്കുന്നതിലും നയരൂപീകരണത്തിലും സ്ത്രീ പിന്തള്ളപ്പെട്ടിരിക്കുന്നതും ഈ മുൻവിധി സ്ത്രീയെ വിടാതെ പിന്തുടരുന്നതുകൊണ്ടാണ്. മാദ്ധ്യമരംഗമെന്ന തൊഴിൽ മേഖലയിൽ സ്ഥാനം കണ്ടെത്തുന്ന സ്ത്രീക്ക് മുന്നിലുള്ള മാർഗം സുഗമമല്ല.സ്ത്രീ എന്ന നിലയിൽ പരിഗണന പ്രതീക്ഷിക്കേണ്ടതില്ല. ആ പരിഗണന ആവശ്യമില്ല എന്നതാണ് എന്റെ പക്ഷം. പരിഗണനയെക്കാൾ അവഗണന കാത്തിരിക്കുന്നുണ്ട് എന്ന വിചാരം പോരാട്ടത്തിന്റെ ശക്തി വർധിപ്പിക്കും. എങ്കിലും ശുഭാപ്തി വിശ്വാസത്തോടെ ഭാവിയെ കാണാനാണ് എനിക്കിഷ്ടം. മാദ്ധ്യമസ്ഥാപനങ്ങളുടെ തീരുമാനരൂപീകരണ ഘട്ടങ്ങളിൽ സ്ത്രീകൾ സജീവമായി പങ്കെടുക്കുന്ന കാലം വിദൂരമല്ല. അപ്പോൾ മാത്രമേ സ്ത്രീ എന്ന നിലയിൽ സമൂഹത്തോട് പൂർണമായും നീതി കാട്ടാൻ ഒരു മാദ്ധ്യമപ്രവർത്തകയ്ക്ക് കഴിയുകയുള്ളൂ എന്ന് ഞാൻ വിശ്വസിക്കുന്നു. ■

മാദ്ധ്യമപ്രവർത്തകരായ സ്ത്രീകളുടെ പിഴവുകൾ പെട്ടെന്ന് തിരിച്ചറിയപ്പെടുകയും കൂടുതൽ വിമർശിക്കപ്പെടുകയും ചെയ്യുന്നു എന്നതുകൊണ്ട് തൊഴിലിൽ കൂടുതൽ ജാഗ്രത കാട്ടുവാൻ സ്ത്രീകൾ ശ്രമിക്കുന്നുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്

# പ്രിയ സുഹൃത്തുക്കളോട്

**'സംഘടിത'യുടെ ഹൃദയംഗമമായ ആശംസകൾ!**

അന്വേഷിയുടെ പുതിയ സംരംഭമായ സംഘടിത എന്ന സ്ത്രീമാസിക മാധ്യമരംഗത്ത് വിവിധ മേഖലകളിലുള്ള സ്ത്രീകളുടെ ചലനങ്ങൾക്ക് ആവിഷ്കാരം സാദ്ധ്യമാക്കാൻ ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ്. ഇതിന്റെ ആദ്യത്തെ പ്രതി 2010 ഡിസംബറിൽ പ്രസിദ്ധ തമിഴ് കവിയായ ശ്രീമതി സൽമ പ്രകാശനം ചെയ്യുകയുണ്ടായി. മാസികയുടെ എഡിറ്റർ പ്രസിദ്ധ എഴുത്തുകാരിയും സാമൂഹ്യപ്രവർത്തകയുമായ പ്രൊഫസർ സാറാ ജോസഫും മാനേജിങ്ങ് എഡിറ്റർ പ്രമുഖ സ്ത്രീപ്രവർത്തകയായ കെ. അജിതയുമാണ്. ദീദി, സി. എസ്. മീനാക്ഷി, പി. ഗീത, ഗിരിജ പാതേക്കര, ജ്യോതി നാരായണൻ, മിനി സുകുമാർ, കെ.എം. ഷീബ, അഡ്വ. കെ. കെ.പ്രീത, കെ.കെ.സാവിത്രി, രാജലക്ഷ്മി തുടങ്ങിയ സർഗ്ഗധനരായ സ്ത്രീകളടങ്ങിയ പത്രാധിപസമിതിയും, എക്സിക്യൂട്ടിവ് എഡിറ്റർ ഡോ. ജാൻസി ജോസും ആണ് ഇതിന്റെ ചുക്കാൻ പിടിക്കുന്നത്. സുഗതകുമാരി, എം.ലീലാവതി, ഡോ.ശാരദാമണി, മല്ലികാസാരാഭായ്, ബീനാപോൾ എന്നിവരടങ്ങുന്ന ഉപദേശകസംഘവും മാസികയുടെ പ്രവർത്തനങ്ങളോടൊപ്പമുണ്ട്. **2011 ഒക്ടോബർ മാസത്തിൽ മാസികയുടെ 10-ാം പതിപ്പാണ് പുറത്തിറങ്ങുന്നത് എന്നതിൽ ഞങ്ങൾക്ക് അഭിമാനവും സന്തോഷവുമുണ്ട്.** കേരളത്തിൽ വ്യത്യസ്ത മേഖലകളിലുള്ള എഴുത്തുകാരികൾക്ക് മാധ്യമരംഗത്ത് തനതായ ഒരിടം കണ്ടെത്താനായി ഉയർന്നുവന്ന ഈ സംരംഭം കേരളചരിത്രത്തിൽതന്നെ ഒരു നാഴികക്കല്ലാണ്. ഓരോ ലക്കവും പ്രത്യേകവിഷയങ്ങളിൽ വൈദഗ്ധ്യമുള്ള ഗസ്റ്റ് എഡിറ്ററെ ഏൽപ്പിക്കുന്നതിലും ഏതു വിവാദപരമായ വിഷയങ്ങളും പ്രസിദ്ധീകരിക്കുന്നതിലും ഈ സംരംഭം വിജയിച്ചിട്ടുണ്ട്.

എന്നാൽ ഈ മാസികയുടെ സാമ്പത്തിക ചെലവുകൾ നേരിടുന്നതിൽ വലിയ പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ് ഇപ്പോൾ. പ്രധാനമായി പരസ്യങ്ങൾ വഴിയും വരിക്കാർ വഴിയുമാണ് ഇതിന്റെ മുഖ്യ ചെലവുകൾ നിറവേറി പോരുന്നത്. വരിക്കാർ വർദ്ധിക്കുന്നുണ്ടെങ്കിലും ശക്തമായൊരു സാമ്പത്തിക അടിത്തറ ഉണ്ടാക്കിയെടുക്കുന്ന തലത്തിലേക്ക് ഈ പ്രക്രിയ ഉയർന്നിട്ടില്ല. പൊതു വില്പനയിൽനിന്നുള്ള വരുമാനം 25% ത്തിലപ്പുറം പോകാൻ കഴിയുന്നുമില്ല എന്നതാണ് വാസ്തവം. ഞങ്ങളുടെ സംരംഭത്തോട് സ്ഥാപനങ്ങൾക്കുള്ള അനുകൂലസമീപനം ഒന്നുകൊണ്ടു മാത്രമാണ് പരസ്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് മാസികയുടെ നടത്തിപ്പിനാവശ്യമായ കരുതൽ ധനം ശേഖരിക്കുന്നതിനായി ഒരു തീവ്രയത്നം നടത്തേണ്ടത് അത്യന്താപേക്ഷിതമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വാർഷികവരിക്കാരുടെ സംഖ്യ പരമാവധി വർദ്ധിപ്പിച്ചുകൊണ്ടും ഞങ്ങളുമായി സഹകരിക്കുന്ന വ്യക്തികളിൽനിന്ന് ചുരുങ്ങിയത് 1000/-രൂപ വീതം ധനസഹായമായി സ്വീകരിച്ചുകൊണ്ടും ഈ പ്രതിസന്ധി പരിഹരിക്കാനാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അയ്യായിരം രൂപയും അതിലധികവും തന്ന് സഹായിക്കുന്നവരെ മാസികയുടെ ആയുഷ്കാല വരിക്കാരാക്കുന്നതും അവരുടെ പേരുകൾ മാസികയിലും ഞങ്ങളുടെ വെബ്സൈറ്റിലും (www.anweshi.org) പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

സംഭാവനകൾക്ക് ഇൻകംടാക്സ് ആക്ടിന്റെ 80(G) വകുപ്പ് പ്രകാരമുള്ള ഇളവുകൾ ലഭിക്കുന്നതാണ്.

സ്നേഹപൂർവ്വമുള്ള പ്രതികരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

കോഴിക്കോട്: നിങ്ങളുടെ 'സംഘടിത' ടീം.

**ചെക്കുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക**

അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ,
പി.ഒ. കുതിരവട്ടം,
കോഴിക്കോട്-673016,
ടെലി: 0495-2744370

**ഓൺലൈനായി:**

'സംഘടിത', ഫെഡറൽ ബാങ്ക്, മാവൂർ റോഡ്, കോഴിക്കോട്-16
അക്കൗണ്ട് നമ്പർ: 14130100072122,

IFSC Code : FDRL*0001413*
(രാജ്യത്തിനകത്തുനിന്ന്)



വായനാനുഭവം

# പെണ്ണും പരാതിയും



ഡോ. ശ്രീലതാവർമ്മ

**പരാതി,** പരിഭവം, പായാരം തുടങ്ങി കുറെയധികം പദങ്ങൾ പെണ്ണുമായിച്ചേർത്ത് സംസാരിക്കുന്നത് സാധാരണയാണ്. പെണ്ണുങ്ങളെപ്പോലെ പരാതി പറയരുത് എന്നും മറ്റും പറഞ്ഞുകേൾക്കുന്നതും ധാരാളം. പരാതി, ആവലാതി തുടങ്ങി ദുർബലതയുടെ സ്പർശമുള്ളതെല്ലാം പെണ്ണിന്റെ കുത്തകാവകാശമാണെന്ന് അംഗീകരിക്കാൻ ലോകത്തിന് ഒരു മടിയുമില്ല. അവൾ ആഗ്രഹിക്കാതെതന്നെ അവളെ ഇത്തരം ദുർബലതകളുടെ ഉടമയാക്കാൻ ചുറ്റുപാടുകൾ എന്നും വെമ്പൽകൊണ്ടിട്ടുണ്ട്. മലയാളത്തിലെ രണ്ടു പ്രമുഖ കവികൾ – കടമ്മനിട്ട രാമകൃഷ്ണൻ, ഒ.എൻ.വി. കുറുപ്പ് – ദ്രൗപദി എന്ന ഇതിഹാസ കഥാപാത്രത്തെ മുൻനിർത്തി രചിച്ചിട്ടുള്ള കവിതകളിൽ (യഥാക്രമം 'പരാതി', 'കേശമിതുകണ്ടുവോ...') സ്ത്രീത്വത്തിന്റെ സാമാന്യവത്ക്കരണം സംഭവിക്കുന്നുണ്ട്. ദ്രൗപദിയുടെ സ്വത്വത്തെ പ്രശ്നവത്ക്കരിക്കാനോ അതുവഴി സ്ത്രീയുടെ അതിജീവനശ്രമങ്ങളെ തുണയ്ക്കാനോ ഈ രചനാസന്ദർഭങ്ങൾക്ക് കഴിയുന്നില്ല. ഇതേക്കുറിച്ചുള്ള അന്വേഷണമാണ് ഈ പ്രബന്ധം.

നമ്മുടെ പുരാണ, ഇതിഹാസങ്ങളിലെ സ്ത്രീകഥാപാത്രങ്ങൾ ശീലഗുണങ്ങൾക്ക്, വിശേഷിച്ചും സഹനം തുടങ്ങിയവയ്ക്ക് പേരുകേട്ടവരാണ്. പക്ഷേ, എത്രയൊക്കെ സഹനത്തിന്റെ മുഖാവരണം അണിയിച്ചാലും ഇവരിൽ ദ്രൗപദി പലപ്പോഴും തന്നിലെ പരാതിക്കാരിയുടെ നില വെളിപ്പെടുത്തിയിട്ടുണ്ട്. കുടുംബം എന്ന സാമൂഹിക സ്ഥാപനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടു ചിന്തിച്ചാൽ, ഗൃഹനാഥൻ, ഗൃഹനായിക തുടങ്ങിയ സങ്കല്പനങ്ങൾ ദ്രൗപദിയെ സംബന്ധിച്ചിടത്തോളം സംഗതമല്ല എന്നു പറയേണ്ടിവരും. കാരണം, ഗൃഹനാഥൻ എന്ന ഏകവും വ്യവസ്ഥാപിതവുമായ അധികാരസ്വരൂപത്തെയല്ല അവൾ നേരിടുന്നത്, പകരം, ബഹുലവും ഏറെക്കുറെ ശിഥിലവുമായ അധികാരസ്വരൂപങ്ങളെയാണ്. ജ്യേഷ്ഠൻ എന്ന നിലയ്ക്ക് യുധിഷ്ഠിരന് അവളിലുണ്ടെന്നു സങ്കല്പിക്കപ്പെട്ടിട്ടുള്ള അധികാരം തത്ത്വത്തിൽ മാത്രമേ നിലനിന്നിരുന്നുള്ളൂ. ഫലത്തിൽ അഥവാ പ്രയോഗത്തിൽ അവളുടെ മേൽ, സ്വയംവരപരീക്ഷയിൽ ജേതാവായ അർജ്ജുനന്റേതടക്കം മറ്റുപാണ്ഡവരുടേയും അധികാരശക്തി നിശ്ശബ്ദമായി പ്രവർത്തിച്ചിരുന്നു എന്നുവേണം കരുതാൻ. അധികാരശക്തിയുടെ ഈ ബാഹുല്യംതന്നെയാണ് അതിനെ ശിഥിലമാക്കിയത്. അതുകൊണ്ടാണ് ദ്രൗപദിക്ക് മറ്റ് ഇതിഹാസസ്ത്രീകളിൽനിന്നു ഭിന്നയായി പിതാമഹന്മാരും ഗുരുശ്രേഷ്ഠന്മാരും ഉപവിഷ്ടരായ സഭയിൽനിന്നുകൊണ്ട് 'ന്യായം പറയാൻ' കഴിഞ്ഞത്; ധൃതരാഷ്ട്രരുടെ ഔദാര്യം ദുർബലരായ ഭർത്താക്കന്മാർക്കുവേണ്ടി ഇരന്നു വാങ്ങാൻ കഴിഞ്ഞതും.

കടമ്മനിട്ട രാമകൃഷ്ണന്റെ 'പരാതി' എന്ന കവിതയിലെ വക്താവായ 'ഞാൻ', കൃഷ്ണയെ അഭിസംബോധനചെയ്തുകൊണ്ട് അവളോട് പരാതി പറയാൻ ആവശ്യപ്പെടുകയാണ്. വക്താവായ 'ഞാൻ'



ദ്രൗപദിയുടെ പരാതികൾ കേൾക്കാനും പരിഹാരം കാണാനും ദയ കാണിച്ച സാക്ഷാൽ ശ്രീകൃഷ്ണനാകാം അല്ലെങ്കിൽ കവിതന്നെയാകാം, ആരായാലും അയാൾ പുരുഷവർഗ്ഗപ്രതിനിധിയാണ്. വക്താവിനെ സംബന്ധിച്ചിടത്തോളം തന്റെ ഹൃത്സ്പന്ദനങ്ങളിൽ തുടരുന്ന ജീവന്റെ ബോധം നിലയ്ക്കാതിരിക്കണമെങ്കിൽ കൃഷ്ണയുടെ പരാതികളും നിലയ്ക്കാൻപാടില്ല. അവളുടെ പരാതികളും അർത്ഥനകളുമാണ് തന്നെ നിലനിർത്തുന്നത്. ഈ നിലപാട് സ്ത്രീയുടെ സഹനത്തെ

യല്ല പ്രതിരോധശ്രമങ്ങളെയാണ് ലാളിക്കുന്നത് എന്ന കാര്യത്തിൽ സംശയമില്ല. പരാതികൾ നിരത്തുന്ന ദ്രൗപദി നിശ്ശബ്ദസഹനത്തിൽനിന്ന് ശബ്ദായമാനമായ പ്രതിരോധശ്രമങ്ങളിലേക്ക് ചുവടുമാറിയവളാണ്. സർവംസഹ എന്ന നിലയിലുള്ള തരളതയല്ല സംഹാരക എന്ന നിലയിലുള്ള ഭീഷണത്വമാണ് അലങ്കാരത്തിനായാൽപ്പോലും അവൾക്ക് ഇണങ്ങുക. പെണ്ണിന്റെ നാവും വാക്കും അടക്കുന്ന പുരുഷനു പകരം അവളെ സംസാരിക്കാൻ അനുവദിക്കുകയും അവളുടെ വാക്കുകൾ ക്ഷമാപൂർവ്വം കേൾക്കുകയും ചെയ്യുന്ന സഹവർത്തിത്വഭാവമുള്ള പുരുഷൻ ഏതു സന്ദർഭത്തിലും വേറിട്ട കർതൃത്വമാണെന്നതിൽ സംശയമേയില്ല.

അല്ലെങ്കിലെന്തുണ്ടനവധി
കാര്യങ്ങൾ
ഉള്ളതൊരിത്തിരി ദുഃഖം
മിഴികോർത്തുനിന്നു നീ പറയു
ന്ന മാത്ര ഞാൻ
കേൾക്കുന്ന മാത്രകൾ
അതിൽ മാത്രമാണു നാമന്യോ
ന്യമുണ്ടെന്ന–
തറിയുന്നതിന്നായ് പറയൂ
പറയൂ പരാതി നീ, കൃഷ്ണേ.

ഉച്ചത്തിലുച്ചത്തിൽ പരാതിപറയാൻ വക്താവ് കൃഷ്ണയോട് ആവശ്യപ്പെടുന്നുവെങ്കിലും ശബ്ദം പുറപ്പെടാത്ത നിശ്ചലമായ ചുണ്ടുകളും നിറയാത്ത കണ്ണുകളുമാണ് അയാൾ കാണുന്നത്. അവളുടെ കൃഷ്ണമണികളിൽ തന്റെ രൂപം പ്രതിഫലിക്കുന്നില്ല എന്നതും അയാൾ തിരിച്ചറിയുന്നു.

പറയൂ പരാതി നീ കൃഷ്ണേ
ഉച്ചത്തിലുച്ചത്തിലാകട്ടെ നിൻ
മൊഴി
ഒച്ചയടഞ്ഞുവോ?
നിശ്ചലം ചുണ്ടുകൾ!
നിറയാത്ത കണ്ണുകൾ
നിറയാത്തകൺകളിൽ
കൃഷ്ണമണികളിൽ
നിഴലില്ല, ഞാനില്ല.....

ഈ അവസ്ഥ മുൻപ് നമ്മൾ കണ്ട പ്രതിരോധശ്രമങ്ങളെ മുന്നോട്ടുനയിക്കാൻ പോന്ന ഒന്നല്ല. നിശ്ചലമായ ചുണ്ടുകൾ അഥവാ മൗനം, പറയാതെ പറയുന്നത് മാറാത്ത വ്യവസ്ഥിതിയെക്കുറിച്ചുതന്നെ. എത്രപറഞ്ഞിട്ടും പ്രതിഷേധിച്ചിട്ടും മാറ്റമില്ലാതെ തുടരുന്ന വ്യവസ്ഥിതികളെയാണ് കാവ്യാന്തരത്തിലെ മൗനം വ്യക്തമാക്കുന്നത്. സ്ഥിതിമാറ്റം സംഭവിക്കുന്നില്ല എന്നത് വ്യക്തിഗത പ്രതിഭാസമായിത്തന്നെ കവിതയിൽ അവശേഷിക്കുന്നുമുണ്ട്. ദ്രൗപദി എന്ന ഇതിഹാസ കഥാപാത്രത്തിന്റെ വ്യക്തിപരതയ്ക്കുപരി സ്ത്രീ എന്ന സാമൂഹിക യാഥാർത്ഥ്യം കവിയുടെ പരിഗണനയിൽ വരുന്നില്ല. അപ്രകാരം സംഭവിച്ചിരുന്നെങ്കിൽ മൗനം പ്രചണ്ഡ ശബ്ദങ്ങളിലേക്ക് വളർന്നുപടരുമായിരുന്നു.

ഒ.എൻ.വി.യുടെ 'കേശമിതു കണ്ടുവോ' എന്ന കവിതയിൽ ദുര്യോധനവധം ആട്ടക്കഥയുടെ പശ്ചാത്തലത്തിലാണ് പാർഷതി അവതരിപ്പിക്കപ്പെടുന്നത്. ഇവിടെ പാർഷതിയുടെ-ദ്രൗപദിയുടെ-വാക്കുകൾ കുറച്ചുകൂടി വാചാലമാണ്. കടമ്മനിട്ടയുടെ കൃഷ്ണ, തന്റെ പരാതികൾക്ക് വാഗ്രൂപം നൽകുന്നില്ല. എന്നാൽ ഒ.എൻ.വി. പാർഷതിയുടെ വിഷമാവസ്ഥകൾ വാചാലമായിത്തന്നെ അവതരിപ്പിക്കുന്നു.

മോഹിച്ച കല്യാണ–
സൗഗന്ധികം വേണ്ട;
സ്നേഹസംസ്പർശമി–
ല്ലാതെയേതോശ്യാമ
മേഘം കണക്കെ–
യിഴഞ്ഞു പാറുന്നതൻ
കേശഭാരത്തി–
ലൊരുദിനം തന്നുടു–
ചേലയഴിച്ചോന്റെ
ചോരപുരട്ടാതെ
മേലിൽ നിബന്ധിക്ക–
യില്ലെന്ന നിശ്ചയം
ഇന്നും നിറവേറി–
യില്ലെന്ന നേരിന്റെ
ഖിന്നമുഖം തൊട്ടു–
കാട്ടുന്ന മാതിരി
പാർഷതി തൻ മൊഴി
കേൾക്കുന്നു ദീനമായ്
"കേശമിതു കണ്ടുവോ നീ
കേശവ! ഗമിക്കേണം....."

പുരുഷന്റെ നീതിക്കുമുന്നിൽ നിശ്ശബ്ദയാക്കപ്പെട്ട സ്ത്രീയല്ല ദ്രൗപദി. തന്റെ നേർക്കുണ്ടായ അനീതികൾ വിളിച്ചുപറഞ്ഞവളും തന്നെ അപമാനിച്ചയാളുടെ ചോര

പരാതികൾ നിരത്തുന്ന
ദ്രൗപദി
നിശ്ശബ്ദസഹനത്തിൽനിന്ന്
ശബ്ദായമാനമായ
പ്രതിരോധശ്രമങ്ങളിലേക്ക്
ചുവടുമാറിയവളാണ്

യ്ക്കുവേണ്ടി ദാഹിച്ചവളുമാണ്. ദുശ്ശാസനന്റെ രക്തം പുരട്ടിയ ശേഷം മാത്രമാണ് അനേകവർഷം ബന്ധിക്കാതെ ഇട്ടിരുന്ന തന്റെ തലമുടി ദ്രൗപദി ബന്ധിച്ചതെന്ന ഇതിഹാസസൂചന സ്ത്രീയുടെ നിശ്ചദാർഢ്യത്തെ കുറിക്കുന്ന അതിശയോക്തികലർന്ന ഒരു ഭാവനയായിക്കണ്ടാലും ആ ദൃഢനിശ്ചയത്തിനു പിന്നിലുള്ളത് ധർമ്മാധർമ്മങ്ങളെക്കുറിച്ചുള്ള സ്ത്രീയുടെ വേറിട്ട അവബോധമാണ് എന്നത് തീർച്ചയാണ്. ഈ അവബോധം യുധിഷ്ഠിരന്റെ ധാർമ്മികബോധത്തോട് ഇണങ്ങുന്നതല്ലെന്നു മാത്രമല്ല, നിരന്തരം കലഹിക്കുന്നതുമാണ്. ഈവിധ കലഹങ്ങളിൽ നിന്ന് ദ്രൗപദിക്ക് മരണപര്യന്തം മോചനമുണ്ടായിരുന്നില്ല എന്നതും ഇതിഹാസം വ്യക്തമാക്കിത്തരുന്ന സത്യങ്ങളിലൊന്നാണ്.

കടമ്മനിട്ടയുടെ 'പരാതി'യിൽ കൃഷ്ണയിൽ അവശേഷിക്കുന്ന വൈയക്തികമായ മൗനം മാറാത്ത വ്യവസ്ഥിതിയെക്കുറിച്ചുള്ള സ്ഥിരീകരണമായിത്തീരുന്നു. ഒ.എൻ.വി.യുടെ 'കേശമിതുകണ്ടുവോ' -ൽ പാർഷതിയുടെ വാചാലത പുരുഷനിൽ രക്ഷകനെ കണ്ടെത്തുന്നു എന്നതുകൊണ്ടുതന്നെ വ്യവസ്ഥിതിയിൽനിന്ന് തെല്ലും വ്യതിചലിക്കുന്നുമില്ല. ഒ.എൻ.വി. അവതരിപ്പിക്കുന്ന സന്ദർഭങ്ങൾ വ്യക്തിനിഷ്ഠതലത്തിൽനിന്നുയർന്ന് സമൂഹപരതയിലെത്തുന്നുണ്ട്, മാത്രമല്ല, രോഷത്തിലൂടെ അതു രേഖപ്പെടുന്നുണ്ടെങ്കിലും ദുഃഖവും നിസ്സഹായതയും ഒഴിഞ്ഞുപോകുന്നതേയില്ല. പാർഷതിയുടെ മൊഴി 'ദീന'മായാണ് കവി കേൾക്കുന്നത്;



മറ്റൊരിടത്ത് 'കാതര'മായും. ദീനവും കാതരവുമായ ഭാവങ്ങൾ ദുർബലതയെയാണ് കുറിക്കുന്നത്.

"കേശമിതുകണ്ടുവോ –
എന്നിലെപ്പാതിതൻ
രോഷമായ്, ദുഃഖമായ്
നിസ്സഹായത്വമായ്...."

എന്നിങ്ങനെ രോഷവും ദുഃഖവും നിസ്സഹായതയും തന്നിലേക്കുതന്നെ ഉണരുക എന്നതിലുപരി പുരുഷനിൽ രക്ഷകനെ കണ്ടെത്തുന്നതിലേക്കാണ് ദ്രൗപദിയെ–സ്ത്രീയെ– നയിക്കുന്നത്.

ഈ പഴയ വീട്ടി–
ലുണർന്നിരുന്നാ 'വിശ്വ
രൂപ'ത്തെയെന്നിൽ ഞാൻ
തോറ്റുന്നു പിന്നെയും!

എന്ന് കവി തന്റെ–പുരുഷന്റെ– ഉള്ളിൽ രക്ഷകനെ തോറ്റിയുണർത്തുന്നതായി കവിത പര്യവസാനിക്കുന്നു. എവിടെയോ ഒരു രക്ഷകനുണ്ടെന്നു വിശ്വസിക്കാനല്ലാതെ ആത്മരക്ഷയ്ക്കായി ശ്രമിക്കാൻ സ്ത്രീ ഇവിടെയും പ്രേരിതയാകുന്നില്ല.

പ്രാതികൂല്യങ്ങൾ തിരിച്ചറിയുന്ന സ്ത്രൈണാവസ്ഥയെ ഇവിടെ അപഗ്രഥനവിധേയമാക്കിയ രണ്ടുകവിതകളും പ്രത്യക്ഷത്തിൽ പരിചരിക്കുന്നുണ്ട്. എന്നാൽ, സ്വന്തം രക്ഷ സ്വയം കണ്ടെത്താൻ ശ്രമിക്കുക എന്നതിനുപരി രക്ഷകനെ തിരയുന്ന ദ്രൗപദിയുടെ–സ്ത്രീയുടെ–ചിത്രത്തിനാണ് രണ്ടുസന്ദർഭങ്ങളിലും മിഴിവ് കൈവരുന്നത്. പരാതി പറഞ്ഞാൽ മാത്രമേ രക്ഷകന്റെ അസ്തിത്വത്തിന് സാംഗത്യമുള്ളൂ എന്ന് കടമ്മനിട്ടയും ഇതിഹാസത്തിലെ കൃഷ്ണന്റെ വിശ്വരൂപം – രക്ഷകന്റെ സ്വത്വം– തന്റെയുള്ളിലും തോറ്റുന്നു എന്ന് ഒ.എൻ.വി. യും പറയുന്നിടത്ത് ഇതു കൂടുതൽ വ്യക്തമാണ്. ഇതിഹാസത്തിൽ ദ്രൗപദിയെ സാന്ദർഭികമായി രക്ഷിച്ചത് കൃഷ്ണനാണ് എന്നതു സത്യം. സമാനമായരീതിയിൽ രക്ഷകരെ പ്രതീക്ഷിച്ചിരിക്കാൻ വേണ്ട മുഗ്ധത ഇന്ന് ഒരു സ്ത്രീക്കുമില്ല. ദ്രൗപദി തന്റെ ജീവിതത്തിൽ ആത്യന്തികമായി രക്ഷനേടിയിരുന്നു എന്ന് ഇതിഹാസം ഒരു തരത്തിലും തെളിയിക്കുന്നതുമില്ല. സ്വന്തം രക്ഷ സ്വയം കണ്ടെത്താൻ കഴിയാതിരുന്നതിനാലാകാം ഇത്. എന്തുതന്നെയായാലും ചരിത്രപരവും തുലനാത്മകവുമായ ഒരു വിശകലനത്തിൽ, ദ്രൗപദിക്ക് ചെയ്യാനാകുന്നതിന്റെ പരമാവധി അവൾ ചെയ്തു എന്നും പറയാം. ഇതിഹാസസന്ദർഭങ്ങളെ ഉപജീവിച്ചുകൊണ്ടെഴുതുന്ന ഏതു സാഹിത്യസന്ദർഭത്തിലും സമകാലികതയുമായി ദൃഢബന്ധം സ്ഥാപിക്കുന്ന ഒരു തലം ഉണ്ടായിരിക്കണം. ഇവിടെ പരിശോധനാവിധേയമാക്കിയ രണ്ടു കവിതകളിലും അത്തരമൊരു തലം ഉണ്ടായിരിക്കുമ്പോൾത്തന്നെ, സ്ത്രീയുടെ സ്വത്വനിർമ്മിതി, സ്വത്വപരിണതി തുടങ്ങിയ വിഷയങ്ങളിൽ ഇവ വ്യവസ്ഥാപിതത്വത്തോട് കൂടുതൽ അടുത്തുനിൽക്കുന്നു. ■


## സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകളിൽനിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ (കഥ, കവിത, ലേഖനം, ചിത്രങ്ങൾ)

## സംഘടിത മാസിക

### വരിസംഖ്യാ നിരക്ക്

ഒറ്റപ്രതി : 15 രൂപ
വാർഷിക വരിസംഖ്യ : 150 രൂപ

വിദേശത്തേക്ക് ഒറ്റപ്രതി : 100 രൂപ



പുനർവായന

# കരിഞ്ഞ നെൽക്കുറ്റികളും പുരപ്പുറത്തെ വൈക്കോലും ഒരു പെണ്ണും



ഡോ. മിനിപ്രസാദ്

**'പേമ്പി'** എന്ന കഥയിലൂടെ പി. വത്സല ഒരു ആദിവാസിപ്പെണ്ണിന്റെ കഥ പറയുന്നു. ഒരുവാക്കുപോലും സംസാരിക്കാത്ത ഒരു നിശ്ശബ്ദ സാന്നിദ്ധ്യമാണ് അവൾ ഈ കഥയിൽ എങ്കിൽ അതേസമയം നിറഞ്ഞ സാന്നിദ്ധ്യവുമാണ്. ജന്മിയായ നേത്യാരമ്മ, അവരുടെ കാര്യസ്ഥനായ ഗോപാലൻനായർ, അയാളുടെ വെപ്പാട്ടിയായ പേമ്പി എന്നു പരിചയപ്പെടുത്താവുന്ന ഒരു വ്യക്തിത്വം മാത്രമേ കഥയിൽ അവൾക്കുള്ളൂ. പതിനാറുകൊല്ലമായി അവൾ അയാൾക്കൊപ്പം താമസിക്കുകയും അയാൾക്കുവേണ്ടതെല്ലാം അറിഞ്ഞു ചെയ്തുകൊടുക്കുകയും ചെയ്യുമ്പോഴും അയാളെ സംബന്ധിച്ചിടത്തോളം അവൾ അന്യയാണ്. പേമ്പി തന്റെ ആരുമല്ല എന്ന യാഥാർത്ഥ്യം ഊട്ടിയുറപ്പിക്കാനായി ഗോപാലൻനായർ കിണഞ്ഞുപരിശ്രമിക്കുന്നുണ്ട്. അവളുടെ ശരീരം അയാൾ സ്വീകരിക്കുന്നത് തികഞ്ഞ ഉപഭോഗമനോഭാവത്തോടെയാണ്.

പേമ്പി തന്റെ ആരുമല്ല എന്നും കളത്തിലെ കന്നുകാലികളെക്കുറിച്ച് ചിന്തിക്കാനെടുത്ത സമയംപോലും അവളെക്കുറിച്ച് ചിന്തിക്കാനെടുത്തിട്ടില്ല എന്നുമുള്ള യാഥാർത്ഥ്യം അയാൾ തള്ളിക്കളയുന്നുമില്ല. മറ്റു കൂലിക്കാർക്കൊപ്പം വല്ലി കൊടുക്കുമ്പോൾ, ഓരോ ദിവസത്തേക്കു മാത്രമുള്ള നെല്ല് കൃത്യമായി അളന്നുകൊടുക്കുമ്പോൾ യജമാനനും വെപ്പാട്ടിയും എന്ന അകലം കൃത്യമായി പാലിക്കാനയാൾ ശ്രദ്ധിക്കുന്നു. ഒരു ഗൃഹസ്ഥ എന്ന രീതിയിലുള്ള അവളുടെ ഒരു അവകാശവാദത്തേയും അനുവദിച്ചു കൊടുക്കാതെയിരിക്കാനാണ് ഭക്ഷണം കഴിച്ചു എന്നു നുണപറഞ്ഞ് അയാൾ പട്ടിണികിടക്കുന്നതും അവൾ തിളപ്പിച്ചുവെക്കുന്ന വെള്ളം ഉപേക്ഷിച്ചുകൊണ്ട് ചോലയിലെ തണുത്ത വെള്ളത്തിൽ കുളിക്കുന്നതും രാത്രി വളരെ വൈകുന്നതുവരെ അങ്ങാടിയിൽ ചുറ്റിത്തിരിയുന്നതും. വീട്ടിൽ ഒരാൾ കാത്തിരിക്കുന്നു എന്ന യാഥാർത്ഥ്യത്തെ ഇല്ലാതാക്കാനായി തലയിൽ കയറ്റിവെക്കേണ്ട എന്നു തന്നോടുതന്നെ ഉരുവിടുന്നു. ഞാനിവിടെ സ്ഥിരമൊന്നുമല്ല എന്ന് എല്ലാവരോടും ആവർത്തിച്ചു പറയുന്നു. ഈ വാക്കുകൾ ഇടയ്ക്കിടെ പറയുമ്പോൾ അതു കഴിയുന്നത്ര ഉച്ചത്തിലാവാൻ ഗോപാലൻ നായർ ശ്രദ്ധിക്കുന്നത് പേമ്പിക്കുള്ള മുന്നറിയിപ്പാണ്.

പതിനാറുകൊല്ലങ്ങൾക്കുശേഷം നാട്ടിലേക്ക് പോവാൻ തീരുമാനിക്കുമ്പോൾ തന്റെ രക്തത്തിൽ പിറന്ന മകൻപോലും തന്നെ തിരിച്ചറിയും എന്ന വിശ്വാസം അയാൾക്കില്ല. ഒന്നിനും കൊള്ളാത്തവൻ എന്ന അമ്മാവന്റെ പരിഹാസത്തിൽനിന്ന് ഒരു മോചനമായിരുന്നു വയനാട്ടിലേക്കുള്ള പ്രയാണത്തിന്റെ പിന്നിലെ ചേതോവികാരം. ഗോപാലൻനായർ നല്ല കാര്യസ്ഥനും കാവൽക്കാരനുമാണ് എന്ന അംഗീകാരം അയാൾക്കൊരാവശ്യമാണ്. പന്നിക്കാല് എന്ന ഭീതിപരത്തുന്ന സ്ഥലത്ത് വിത്തിട്ട് വിളകൊയ്യുന്നതോടെ പ്രകൃതിയുടെ പ്രതിരോധങ്ങളെ കീഴടക്കുന്ന- മണ്ണിനേയും



ഭൂമിയേയും കീഴടക്കുന്ന, പുരുഷാധിപത്യം വിജയിക്കുകയാണ്. ഒന്നിനും കൊള്ളാത്തവൻ എന്ന ആക്ഷേപത്തിൽനിന്നും അയാൾ രക്ഷപ്പെടുകയും സാമൂഹിക അംഗീകാരം ലഭിക്കുകയും ചെയ്യുന്നു.

പന്നിക്കാലിലെ തണുപ്പിന് കരിമ്പടം മാത്രം പോരാ എന്നറിയാവുന്ന നേത്യാരമ്മ അനുവദിച്ചുകൊടുത്ത ഒരു വസ്തുവാണ് പേമ്പി. പതിന്നാലുവയസ്സുള്ള ആദിവാസിപ്പെണ്ണിന് ഉണ്ണാനും ഉടുക്കാനും കിട്ടുന്നതുതന്നെ വലിയ കാര്യമാണ്. അയാളെ സംബന്ധിച്ചിടത്തോളം കളത്തിലെ കാവലിനു കിട്ടിയ ടോർച്ച്, കരിമ്പടം, ആ കുടിൽ എന്നിവയോടൊപ്പമുള്ള ഒരു വസ്തുമാത്രമാണ് അവൾ. ഒരു കഷ്ണം പുകയിലകൊണ്ട് വിലയ്ക്കുവാങ്ങാനാവുന്ന ആദിവാസിപ്പെൺകുട്ടികളെപ്പറ്റിയുള്ള പരാമർശം കഥയിലുണ്ട്. ഇതേ ചെറിയ ഉപഹാരങ്ങൾകൊണ്ട്, ചേലയും മിനുക്കുപണ്ടങ്ങളും കൊണ്ട് അയാൾ അവളെ പ്രീണിപ്പിക്കുന്നു. പക്ഷേ, പേമ്പിയുടെ കാര്യത്തിൽ അവളെ തന്റേതാക്കി ഉറപ്പിക്കാനായി ഒരുറുപ്പികത്താലികൂടി അയാൾ സമ്മാനിക്കുന്നു. ആ താലി അവളെ സംബന്ധിച്ചിടത്തോളം ഒരു വാഗ്ദാനമായിരുന്നു. അതു കിട്ടുമ്പോൾ അവളുടെ കണ്ണുകളിലെ തിളക്കം സൂചിപ്പിക്കുന്നത് ആ താലി നൽകുന്ന പുതിയ സാമൂഹ്യപദവിയെപ്പറ്റി അവൾക്കുള്ള സ്വയംബോദ്ധ്യമാണ്. അതോടെ പേമ്പി തമ്പ്രാന്റെ പേമ്പിയായിമാറുന്നു. പേമ്പി മിടുക്കിയാണ് അല്ലേ എന്നുള്ള നേത്യാരമ്മയുടെ ചോദ്യവും കുടിലിന്റെ പരിഷ്കാരത്തെപ്പറ്റിയുള്ള വാഗ്ദാനവും മമ്മത് കൊണ്ടുവരുന്ന വിലകൂടിയ ചേലയും ഈ ബന്ധത്തിന്റെ സാമൂഹികാംഗീകാരത്തെക്കുറിക്കുന്നു. ഒരുപക്ഷേ, ഈ അംഗീകാരമാവാം ആ ബന്ധത്തിൽ നിന്നും രക്ഷപെടാൻ അയാൾ തിടുക്കപ്പെടുന്നതിന്റെ ഒരു കാരണം. കയ്യിൽ പണം കിട്ടിയപ്പോൾ പഴയ അപകർഷബോദ്ധ്യങ്ങൾ അയാളെ വിട്ടൊഴിയുകയും നാട് ഇപ്പോൾ ആകർഷകമാവുകയും ചെയ്യുന്നു. അപ്പോൾ ബാദ്ധ്യത അടിയാട്ടിപ്പെണ്ണാണ്. അവളുടെ ഗന്ധവും സ്പർശവും തങ്ങി നിൽക്കുന്ന കുടിലാണ്. താൻ നാളെ നാട്ടിലേക്കു പോവുന്നു എന്ന് അവളോടു പറയാനുള്ള ഒരു ഔദാര്യം ഗോപാലൻനായർ കാണിക്കുന്നു– അങ്ങനെ ഒരു പതിവില്ലെങ്കിലും– "പുരപ്പുറത്തെ നെല്ലിനോടും പാടത്തെ കരിഞ്ഞ നെൽക്കുറ്റികളോടും ആരും യാത്രപറയാറില്ലെങ്കിലും'' അവളോടൊന്ന് പറഞ്ഞുപോവണമെന്ന് അയാൾക്കു തോന്നുന്നു.

നാട്ടിലേക്കുപോവുമ്പോൾ ആദ്യം ചെയ്യേണ്ടകാര്യമായി അയാൾ സ്വയം തീരുമാനിക്കുന്നത് അവളെ നേത്യാരമ്മയുടെ കളത്തിൽ തിരികെ എത്തിക്കുകയാണ്. താൻ പോയതിനുശേഷം അവിടെ വരുന്ന



മറ്റൊരാൾക്കുവേണ്ടി അവൾ ആ കുടിലിൽ നിൽക്കുന്നത് അയാൾക്ക് ഓർക്കാനാവുന്നില്ല. സ്വാർത്ഥത എന്ന പുരുഷമനോഭാവത്തിന്റെ മൂർത്തിമദ്ഭാവമായി ഈ ചിന്തയിലൂടെ അയാൾ മാറുന്നു. പരസ്യമായി സ്വീകരിക്കാൻ അഹംബോധം അല്പംകൂടി പച്ചയായിപ്പറഞ്ഞാൽ ജാതിബോധ്യങ്ങൾ അയാളെ അനുവദിക്കുന്നില്ല. പക്ഷേ, മറ്റൊരു പുരുഷൻ അവളെ ഉപയോഗിക്കുന്നത് അയാൾക്ക് ഓർക്കാനും ആവുന്നില്ല. അവൾ തന്റെ ആരുമല്ല എന്ന് ആവർത്തിച്ചുപറയുമ്പോഴും ഈ മനോഭാവം പുലർത്തുന്ന ഒരു വ്യക്തിയുടെ ഉള്ളിരിപ്പുകളെ തികഞ്ഞ കാപട്യം എന്നല്ലാതെ എന്താണു വിളിക്കുക.

തമ്പ്രാൻ നേത്യാരമ്മയുടെ അടുത്ത് നിന്നോട്ടെ എന്നു തീരുമാനിച്ചാലും അവരുടെ ആജ്ഞാനുസരണം പ്രവർത്തിക്കാനേ തനിക്കാവൂ എന്ന തിരിച്ചറിവ് നിരക്ഷരയായ ആ ആദിവാസിപ്പെണ്ണിനുണ്ട്. ഒരുറുപ്പികത്താലി അയാൾക്കൊരു താത്ക്കാലിക അവകാശം സ്ഥാപിക്കലാണെങ്കിലും അവൾക്കതല്ല. കഴിഞ്ഞ പതിനാറു വർഷക്കാലം ഒപ്പം താമസിച്ച പുരുഷൻ അവൾക്ക് സ്വന്തം ജീവനാണ്. അവളുടെ ശരീരത്തിന്റെ നിർണ്ണയാവകാശം അവൾക്കുതന്നെയെന്നു പേമ്പി തീരുമാനിക്കുന്നു. അതുകൊണ്ട് കാട്ടിൽ അവൾ അപ്രത്യക്ഷയാകുന്നു. കാട്, ഇരുണ്ടതും നിഗൂഢവുമായ കാട് സ്വന്തം മകളെ സ്വീകരിക്കുന്നു. അന്യാധീനപ്പെട്ട പെണ്ണിന്റെ നിലവിളി അന്യാധീനപ്പെട്ട ഭൂമിക്കാണ് വേഗം തിരിച്ചറിയാനാവുക. ഗോപാലൻനായരോട് പ്രതികാരം ചെയ്യുക എന്ന മനോഭാവത്തിനുമപ്പുറം ഇനി മറ്റൊരാളുടേതാവാനുള്ള വിസമ്മതമാണ് അവൾ പ്രകടിപ്പിക്കുന്നത്. അയാൾക്ക് ഇവിടം 'മടുക്കുമ്പോൾ' നാട്ടിലേക്കു പോവാം. അവൾക്കു പോകാൻ കാടേയുള്ളൂ.

സ്ത്രീപുരുഷബന്ധത്തോട് ഇരുവരുടേയും മനോഭാവംകൂടി ഈ കഥ വെളിപ്പെടുത്തുന്നു. അവന് ഉപയോഗിച്ച് ഉപേക്ഷിക്കാവുന്ന ഒന്നാണ് അവൾ. അവൾക്കുപക്ഷേ അങ്ങനെയല്ല. ഒരുകഷണം പുകയിലകൊണ്ട് വാങ്ങാവുന്ന ആദിവാസിപ്പെണ്ണിനും ചില തീരുമാനങ്ങൾ

*(ശേഷം 34-ാം പേജിൽ)*



കഥ

# പേമ്പി



പി. വത്സല

**കറുത്ത** കുടിലിന്റെ വാതില്ക്കൽ അവൾ നില്ക്കുന്നുണ്ടെന്ന് അയാൾക്കുതോന്നി. അവളുടെ തലമുടിയിൽ ചൂടിയിട്ടുണ്ടാകാവുന്ന തണുത്തുവിറയ്ക്കുന്ന വെള്ളിലകൾപോലെ, മഞ്ഞുതുള്ളികളേറ്റ് മരവിച്ച കൊയ്ത്തുകഴിഞ്ഞ വയലിലെ നെൽക്കുറ്റികൾപോലെ തന്റെ ഉള്ളും മരവിച്ചിരിക്കുകയാണെന്ന് അയാൾ സ്വയം ഉറച്ചു. കോലായിലെ മൺവിളക്കിന്റെ നേർത്ത വെളിച്ചത്തിൽ, അവളുടെ ഇരുണ്ട ചിന്ത (ചേല)യുടെ മഞ്ഞക്കര ഒരു വാളുപോലെ മിന്നി. ഒന്നു തിരിഞ്ഞുനോക്കിയപ്പോൾ അയാൾ നടുങ്ങി. അവസാനം യാത്ര പറയേണ്ട നിമിഷം എത്തിയിരിക്കുന്നു. പറിച്ചെറിയാൻ വയ്യാത്ത നിമിഷം.

'ഞാൻ നാട്ടിലേക്കുപോണു, പേമ്പി.'

കൊയ്ത്തുകഴിഞ്ഞ കണ്ടത്തിലെ നെൽക്കുറ്റികളോടും പോയ കൊല്ലം പുരപ്പുറത്തു പുതച്ച കരിഞ്ഞ വൈക്കോലിനോടും ആരും യാത്രപറയാറില്ലല്ലോ!

ഇവളോടും യാത്രപറയേണ്ട കാര്യമൊന്നുമില്ല. ഇല്ലെന്നുവിശ്വസിക്കാനാഗ്രഹിച്ചു. പതിനാറുകൊല്ലം കൂടെത്താമസിച്ചവളാണ്. കാട്ടുമുക്കിലെ തണുപ്പിനും ഏകാന്തതയ്ക്കും കുറവുവരുത്തിയവളാണ്. കളത്തിലെ കാലികളെക്കുറിച്ച് ചിന്തിക്കാൻ ചെലവഴിച്ച സമയത്തിന്റെ നൂറിലൊരംശംപോലും താൻ ഇവളെപ്പറ്റിയോർക്കാൻ ചെലവാക്കീട്ടില്ല. അതും അയാളെ നടുക്കി.

കോലായിലെ വിളക്ക്, ഒഴിഞ്ഞ നെല്ലറയിലേക്കു വെളിച്ചംവീശി. മുളംചെറ്റയുടെ ഇരുവശവും കളിമണ്ണുകൊണ്ട് തേച്ചുപിടിപ്പിച്ച, തണുപ്പുകടക്കാത്ത അറ അവളുടെ കൈകൾ തീർത്തതാണ്. നെല്ലിടാൻ തുടങ്ങിയപ്പോൾ അതിനകം അവൾ കണ്ടിട്ടില്ല. തനിക്കും അവൾക്കും ചെലവിനുവേണ്ട നെല്ല് ദിവസവും അറവാതിൽക്കൽ കാണുന്ന മുറത്തിലേക്ക് അളന്നിട്ടുകൊടുത്തു. അപ്പോൾ അവളുടെ മുഖത്തുനോക്കിയില്ല. അവൾ നന്ദിയോടെ നെല്ലുകുത്തി, അരിയാക്കി, ആവിപറക്കുന്ന ചോറ് മുമ്പിൽ കൊണ്ടുവന്നു വിളമ്പി. ചിലദിവസങ്ങളിൽ ഉണ്ടു. ചിലപ്പോൾ വിശന്നിരുന്നിട്ടും മനഃപൂർവ്വം പറഞ്ഞു:

''എനിക്കൂണുവേണ്ട. ഞാൻ പുറമേളുണ്ടു.''

താനൊരു ഗൃഹസ്ഥനല്ല. വീട്ടിൽ സമയത്തിനുവന്ന് ഉണ്ണാൻ ബാദ്ധ്യസ്ഥനുമല്ല. ഇവൾ തന്റെ വെപ്പാട്ടി, വേലക്കാരി, അരിവെപ്പുകാരി. നാളെ എന്നൊരവസ്ഥ ഇവൾക്കും തനിക്കും ഇടയിലില്ല. അതറിഞ്ഞു ജീവിച്ചോട്ടെ.

അറയിലെ നെല്ലുമുഴുവനും ഇന്നലെ മമ്മതിന് അളന്നുവിറ്റപ്പോൾ അവൾ ചോദിച്ചു.

"ഗോപാലന്നായരെന്താ നാട്ടിലേക്ക് പെട്ടെന്നൊരു പോക്ക്! ഇബടെ ഞമ്മള് തന്ന്യാപ്പോ ഒടുക്കം?"

താഴ്‌വരയിൽനിന്ന് ഇവിടെ ഇനിയും മനുഷ്യർ വരും. കാട്ടിൽ തേനുണ്ട്. എട്ടണ കൊടുത്താൽ നിധി എന്നു കരുതുന്ന കുറുമരും കുറിച്യരും ഓരോകുപ്പി തേൻ കൊണ്ടുവന്ന് കൊടുക്കും. ഒരുകഷ്ണം പുകയിലകൊണ്ട് വിലയ്ക്കുവാങ്ങാവുന്ന അടിയാത്തിപ്പെണ്ണുങ്ങൾ എത്രയെങ്കിലുമുണ്ടിവിടെ. ഒരുഗ്ലാസ് ശർക്കരച്ചായയ്ക്ക് ഒരിടങ്ങഴി പച്ചനെല്ല് കൊടുക്കാൻ അടിയാന്മാരുണ്ട്. ഇവിടെ മണ്ണുവിലയ്ക്ക് കിട്ടുന്നത് താഴ്‌വരയിലെത്തിച്ചാൽ പൊന്നുവിലയ്ക്കു വിൽക്കാം.

"ഞാനല്ലെങ്കിലും ഇവിടെ സ്ഥിരക്കാരനൊന്നും അല്ലല്ലോ!" തന്റെ



പഴയ പല്ലവി ആവർത്തിച്ചു, ഉറക്കെ. അകത്തുള്ളവൾ കേൾക്കണം. തനിക്കൊരു കുടുംബം നാട്ടിലുണ്ട്. പതിനാറുകൊല്ലം കൂടെ സഹിച്ച പേമ്പി തന്റെ ആരുമല്ല. കാട്ടിനുള്ളിൽ കുടുങ്ങിക്കിടക്കുന്ന, പുഷ്ടിയേറിയ ഈ കറുത്തമണ്ണുപോലെ. ഇടക്കാലത്ത് ഒന്നു കാണുകപോലും ചെയ്തിട്ടില്ലാത്ത മീനാക്ഷി തന്റെ ഭാര്യയാണ്. ആണോ? അവളുടെ മകൻ ഇന്ന് തന്നെ തിരിച്ചറിയുമോ? അവളിനിയും തന്നെ സ്വീകരിക്കുമോ എന്ന കാര്യത്തെപ്പറ്റി ചിന്തിക്കാതിരിക്കാൻ ശ്രമിച്ചു.

നാട്ടിലേക്കുപോകണം. അടച്ചുപൂട്ടിയ ഇരുമ്പുപെട്ടിയുടെ പൂട്ട് അയാൾ ഒന്നുകൂടി പരിശോധിച്ചു. പെട്ടിപ്പുറത്തിരുന്ന നീളമേറിയ ടോർച്ചെടുത്ത് തെളിയിച്ചു. വെറുതെ വയലിനെ കീറിമുറിച്ചുകൊണ്ട് ഒരു കഠാരംപോലെ അതിന്റെ വെളിച്ചം അക്കരെ, കാട്ടിന്റെ ഹൃദയത്തിൽ ചെന്നുതറച്ചു. നടക്കുമ്പോൾ മുട്ടുകൾ വിറയ്ക്കുന്നു. അത്രയ്ക്കും തണുപ്പുണ്ടോ?

മൺചുവരോടുചേർത്തിട്ട മുക്കാലിയിൽ ചെന്നിരുന്നു. ചാണകവും കരിയും മെഴുകി മിനുത്ത ചുമർ ദേഹത്തുതട്ടിയപ്പോൾ നടുങ്ങി. ഇതു പേമ്പിയുടെ സ്പർശനമാണ്. തൊടുന്നതെന്തും അവളുടേതാണ്.....

പതിനാറുകൊല്ലങ്ങൾക്കു മുമ്പിവിടെ കയറിവന്നത് ആർത്തിയോടെ ദേഹത്ത് ചാടിവീണ് രക്തംവലിച്ചെടുക്കുന്ന അട്ടകളെ പറിച്ചെറിഞ്ഞുകൊണ്ടാണ്. തണുത്തുമരവിച്ച കാട്ടിലകൾ വിറച്ചുകൊണ്ടിരുന്നു. കാടുകയറിക്കിടന്ന വയലിൽ മണ്ണട്ടകൾ കൂട്ടക്കരച്ചിൽ നടത്തിയിരുന്നു. ഞണ്ടുകൾ തിടുക്കത്തിൽ മാളങ്ങളിൽ കയറിയൊളിച്ചു. കാട്ടുചോലയുടെ ഇമ്പം ഭയാനകമായിരുന്നു. കഷ്ടപ്പാടുകളുടെ ഉരുളൻകല്ലുകളിൽ തെന്നിച്ചാടി ഇരച്ചുപതച്ച് ഒഴുകുന്ന അടിയാരുടെ ജീവിതത്തെ ഓർമ്മിപ്പിക്കുന്ന ചോല.

നേത്യാരമ്മയുടെ വാക്കുകേട്ട് ഈ കാട്ടുമൂലയിൽ വിത്തിടാൻ പോന്നത് വിഡ്ഢിത്തമായെന്നു തോന്നി.

'ഉടുക്കാനും തേക്കാനും തരാത്തൊരു നായരെ നെണക്കെന്തി

'ഉടുക്കാനും തേക്കാനും
തരാത്തൊരു നായരെ
നെണക്കെന്തിനാടീ?'
എന്നുചോദിച്ച
അമ്മാവന്റെ മുഖത്ത്
ഇനി നോക്കരുത്
എന്നുറപ്പിച്ചുപറഞ്ഞു

നാടീ?' എന്നുചോദിച്ച അമ്മാവന്റെ മുഖത്ത് ഇനി നോക്കരുത് എന്നുറപ്പിച്ചുപറഞ്ഞു. പച്ചമണ്ണിന്റേയും ചാണകത്തിന്റേയും മണമുള്ള കുടിലിനകത്തുകയറി.....

'നെണക്കിവിടെ ഒന്നിന്റെ കുറവും ഉണ്ടാവൂല, ഗോപാലാ.' നേത്യാരമ്മ പറഞ്ഞു. പുതുതായി വാങ്ങിയ തടിച്ചുകരുത്തനായൊരു എരുതിനെ കിട്ടിയ തൃപ്തിയും സന്തോഷവുമുണ്ടായിരുന്നു അവരുടെ വാക്കുകളിൽ.

'ഇവിടെ ജോലിയുണ്ട്. ചെയ്യാൻ തരല്യായ്യേള്ളു.'

കാടുകയറിയ കനിമണ്ണിൽ കനകം വിളയിക്കാമെന്ന് വയനാട്ടിൽ വന്നുകൂടിയശേഷം അവർ മനസ്സിലാക്കിയിരുന്നു.

നല്ലത്. വല്യമ്മാവന്റെ മുഖത്തു നോക്കണമെങ്കിൽ, ഇവിടെ കുറേ നാൾ കൂടണം.

'എന്തു ജോലിയാണാവോ?'

'കാര്യായിട്ടൊന്നുല്ല്യ, പ്പഴ്. കൊറച്ചീസം കാവൽ. അത്രേയുള്ളു!'

മകരമാസത്തിലെ മരംകോച്ചുന്ന തണുപ്പ് എന്നു കേട്ടിട്ടേയുള്ളു, നാട്ടിൽ. അനുഭവിച്ചറിഞ്ഞു. മനുഷ്യനെ കല്ലാക്കുന്ന തണുപ്പ്. മരവിച്ചുനിൽക്കുന്ന കാട് ചുറ്റും. നാലുപുറവുമുള്ള കാവൽപന്തലുകളിൽ നിന്നു കേട്ട പാട്ടുകൾ കൂർക്കംവലികളായി മാറുന്നു. ആനക്കാവലിനും പന്നിക്കാവലിനും ഉണ്ടാക്കിയ പന്തലുകളിലെ തീക്കുണ്ഡത്തിനുമീതെ നല്ല സുഖം. നല്ല ഉറക്കം. പന്നി മുക്രയിട്ടുനടക്കുന്ന കതിരുവിളഞ്ഞ വയലിനുനടുക്ക് കരിമ്പടം പുതച്ച് ഉറങ്ങുന്ന കാവൽക്കാർ. അടിയാന്മാർ. അവർക്കെങ്ങും ഉറങ്ങി ശീലമാണ്. താൻമാത്രം ഉറക്കം വരാതെ യഥാർത്ഥ കാവലിരുന്നു. ആനക്കാട്ടിൽ പച്ചമുളകൾ വളഞ്ഞൊടിയുന്ന ശബ്ദം കേട്ടു. ശ്വാസമടക്കി കയ്യോളംപോന്ന നീണ്ട ടോർച്ച് സമീപമില്ലേ എന്നു പരിശോധിച്ചു. കല്ലെറിഞ്ഞു പഠിച്ച കവണക്കയറിന്റെ അറ്റം പെരുവിരലിൽ ഭദ്രമായി ചുറ്റിപ്പിടിച്ചു. ഉണങ്ങിയ വിറകുമുട്ടികൾ തീകൊടുക്കാൻപാകത്തിന് അടുക്കിവെച്ചു. തണുത്തിരുണ്ട ആകാശത്തിലെ നേർത്ത ചന്ദ്രക്കല കണ്ടപ്പോൾ ഒറ്റക്കണ്ണൻ രാക്ഷസനെ ഓർത്തു. കണ്ണിറുക്കിയടച്ചു. ഉറങ്ങിപ്പോവില്ല. എന്നാലും മുട്ടിനുമീതെ കരിമ്പടം വലിച്ചുകയറ്റി. ആയിരം അസ്ത്രങ്ങൾ കാലിൽ തറച്ചുകയറുമ്പോൾ ഉറങ്ങിയില്ല. നേത്യാരമ്മയുടെ വയൽ പന്നികയറി നശിക്കില്ല. ഒരു കതിരും കാട്ടാന ചവുട്ടിമെതിക്കില്ല.

കിഴക്കിനു ചുവപ്പുനിറം കണ്ടപ്പോൾ കാലുകൾ അറിയാതെ കരിമ്പടത്തിനുള്ളിലേക്കു വലിഞ്ഞു. അറച്ചറച്ചുകൊണ്ട് നിന്നിരുന്ന ഉറക്കം ചാടിപ്പിടിച്ചു കീഴടക്കിക്കളഞ്ഞു.

'ഏയ്... ഏയ്.... മീനാക്ഷിയാണോ? അവൾ ഇത്ര നേരത്തെ കുളികഴിഞ്ഞുവന്നോ! ഞെട്ടിയുണർന്നു. ജാള്യതയോടെ കണ്ണുതിരുമ്പി. കരിമ്പടം മൂക്കിനുകീഴെ വലിച്ചിട്ടു പതുക്കെ ചുറ്റുംനോക്കി. ഒന്നും കാണുന്നില്ല. ഒരു പുക, മൂടൽമഞ്ഞിന്റെ പുക.

'ഏയ്.... ഏയ്.....' ശരംപോലെ പാഞ്ഞുവന്ന സ്വരം മഞ്ഞിനേയും തണുപ്പിനേയും തുളച്ച് ഉള്ളിൽ കയറി. ഈ തണുപ്പിൽ എണീറ്റു നടക്കുന്ന ജീവി ഏതാണ്!

പന്തലിന്റെ കാലിനു തൊട്ടുതാഴെ കറുത്ത ചേലക്കഷ്ണം ചുറ്റിയ പെണ്ണ്. തലേന്നാൾ ചൂടിയ ചതഞ്ഞ വെള്ളിലകൾ കാറ്റിൽ വിറയ്ക്കുന്നു.

'എന്താ?'

പെൺകുട്ടി നേത്യാരമ്മയുടെ കളത്തിനുനേരെ വിരൽചൂണ്ടി.

കീറിയ ചേലക്കഷ്ണത്തിനിടയിലൂടെ തണുപ്പിന്റെ ശരങ്ങൾ അവളെ ആക്രമിച്ചുകൊണ്ടിരുന്നു.

'നീ പൊയ്ക്കോ!' അവൾക്കു മന



മുഖത്തു സംതൃപ്തിയുടെ ചിരി.

'നാലുപുറത്തും ഇന്നലെ പന്നികളുടെ തിമിർപ്പായിരുന്നൂന്നാ കേക്കണത്.'

'നാലുപുറത്തെ വയലിലും ഇന്നലെ കാവൽക്കാർ നല്ല ഒറക്കായിരുന്നു.'

'എല്ലാം നശിച്ച വകയാണെന്നേയ്. ഒന്നര സേറ് വല്ലിവാങ്ങി കഞ്ഞികുടിച്ച് നേരം വെളുക്കുംവരെ പന്ത ലിൽ കെടന്നുറങ്ങീട്ടും കാവൽ!'

ഒരുപറ നെല്ല് വല്ലി കിട്ടിയാലും നാട്ടിൽനിന്നൊരാള് ഇക്കാവലിനു വരില്ല. അതുപറയാൻ പറ്റില്ല. താനോ വന്നുപെട്ടു. ഇനിയിവിടെത്തെന്നെ.

കറുത്ത ചേലക്കഷ്ണം ചുറ്റിയ പെണ്ണ് ചൂലുമായി മുറ്റമടിക്കാൻ വന്നു.

'നല്ലപോലെ അടിക്കണം, കേട്ടോ! ഇന്നും കളം തളിയാണ്.'

അവൾ ചേലത്തുമ്പൊതുക്കി ഒന്നു തലയുയർത്തിനോക്കി ജോലി തുടർന്നു. തൊഴുത്തിലെ കാലികളുടെ മുഖഭാവമായിരുന്നു അന്നവൾക്ക്.

നേത്യാരമ്മ വെളുക്കെച്ചിരിച്ചുകൊണ്ട് തുടർന്നു:

'നമുക്ക് പന്നിക്കാലിൽ ഇക്കൊല്ലം വിത്തിടണം.' നടുങ്ങി. പന്നിക്കാലിലോ? വിത്തിടുകയോ? നെല്ലിനു വില കേറിയപ്പോൾ തള്ളയുടെ ബുദ്ധി ഭ്രമിച്ചുപോയോ? ഒന്നുകൂടെ തണുത്തുചിന്തിച്ചപ്പോൾ മനസ്സിലാക്കി. വീടും നാടും വിട്ട് അവർ ഈ കാട്ടുമൂലയിൽ മനുഷ്യനും വാഹനങ്ങളും എത്താത്ത ദിക്കിൽ വന്നുകൂടിയിരിക്കുന്നത് കാടിന്റെ ചന്തംകണ്ട് രസിക്കാനല്ല, സമ്പാദിക്കാനാണ്. തനിക്കും വയ്യേ, ഇപ്പണി? മാരാരുടെ കളത്തിലെ കാര്യസ്ഥൻ നാട്ടിൽനിന്നു വന്നുകൂടിയിട്ട് കൊല്ലം നാലേ ആയുള്ളു. ആറേക്ര കൃഷി, സ്വന്തം. കാര്യസ്ഥപ്പണി വേറെ. ചെലവു സൗജന്യം, അധ്വാനിക്കുന്നത് സമ്പാദ്യം.

അമ്മാവനെപ്പറ്റി ചിന്തിച്ചപ്പോൾ, അട്ടകൾ കുടിപാർക്കുന്ന ഏരിറങ്ങാത്ത കണ്ടത്തിൽ വിത്തിടുന്നതിൽ വിസമ്മതം പ്രകടിപ്പിച്ചില്ല. നേത്യാരമ്മയുടെ മുഖം തൊഴുത്തിനുപിറകിൽ നിൽക്കുന്ന വെളുത്ത റോസാപ്പൂ പോലെ വിടർന്നു.

സംരക്ഷണമില്ലാതെ കാടുകയറിക്കഴിഞ്ഞ കാപ്പിത്തോട്ടം. ഒരരുകിൽ ചെളിയിൽ മുങ്ങാംകുഴിയിടുന്ന അട്ടയും ഞണ്ടുകളും നിറഞ്ഞ വയൽ. വയലിനെയും തോട്ടത്തെയും വിഴുങ്ങാൻ കാത്തുനിൽക്കുന്ന റിസർവ് ഫോറസ്റ്റുകൾ മൂന്നുപുറവും. കുറിച്യനുംകൂടി കാര്യസ്ഥപ്പണി ഇട്ടെറിഞ്ഞുപോയ പന്നിക്കാലിലെ വയലിൽ എന്തു ധൈര്യവുംകൊണ്ടാണു വന്നുകയറിയത്!

അടിയാരെ വിളിച്ചു. ഏരു കെട്ടി. വളം വേണ്ട. വിത്തിട്ടു. ഞാറുപറിച്ചു, നട്ടു. സന്ധ്യയുടെ നിഴൽ വീശുന്നതിനുമുമ്പ് വനത്തിന്റെ വായിൽനിന്നു രക്ഷപ്രാപിച്ച് തിരികെ നേത്യാരമ്മയുടെ കളത്തിലേക്കുപോന്നു. ചായ്പിൽ കിടന്നുറങ്ങി. കതിരുവീണപ്പോൾ നേത്യാരമ്മ കല്പിച്ചു. 'ഗോപാലൻ വേണം കാവലിന്. പന്നിയും ആനയും വെച്ചേക്കില്ല, ഒരുതരി. ഇതുവരെ പാടുപെട്ടതു വെറുതെയാവില്ലേ!'

പ്രതീക്ഷിച്ച വിപത്തായിരുന്നുവെങ്കിലും വന്നുതലയിൽ കയറിയപ്പോൾ ഇരുന്നുപോയി.

അടുക്കളക്കാരനെ വിളിക്കാതെ നേത്യാരമ്മതന്നെ വിളമ്പിക്കൊടുത്ത ദോശയും തേനും അകത്താക്കി. വലിയ ടോർച്ചും കരിമ്പടവും മാറാപ്പാക്കി. പടിവരെ വന്ന നേത്യാരമ്മ പറഞ്ഞു:

സ്സിലായെന്നുതോന്നുന്നു. ചേല ത്തുമ്പ് കൂട്ടിപ്പിടിച്ച്, മഞ്ഞുനിറഞ്ഞ വയലിലൂടെ അവൾ മുങ്ങാംകുഴി യിട്ടു.

കൈകൾ കൂട്ടിത്തിരുമ്മി, കരിമ്പടംകൊണ്ട് അടിമുടി പുതച്ച് നനഞ്ഞ വയൽവരമ്പിലൂടെ നടക്കു മ്പോൾ ഓർത്തു, മീനാക്ഷി കുളി ച്ചുവന്നിട്ടുണ്ടാവുമോ? പുൽത്തുമ്പു കളിൽ തങ്ങിനിന്ന മഞ്ഞുതുള്ളി കൾ അവളുടെ ഈറൻതലമുടി യിൽനിന്ന് ഇറ്റുവീഴുന്ന വെള്ളത്തു ള്ളികളെ ഓർമ്മിപ്പിച്ചു. വേണ്ട, മീനാക്ഷി വല്യമ്മാവന്റെ മകളാണ്. താൻ നേത്യാരമ്മയുടെ വേലക്കാര നാണിവിടെ. ധൃതിയിൽ നടന്നു.

കളത്തിന്റെ പടിക്കലെ അത്തി മരച്ചുവട്ടിൽ ചതഞ്ഞ പഴങ്ങളും മാ നിന്റെ കാഷ്ടവും വീണുകിടന്നി രുന്നു.

ആവിപൊങ്ങുന്ന കാപ്പിമൊന്ത മുമ്പിൽവെച്ചു നേത്യാരമ്മ ചോദി ച്ചു:

'ഇന്നലത്തെ കാവലിനു ഫല ണ്ടായില്ലേ?' അവരുടെ വിളർത്ത

'രണ്ടീസം കഴിയുമ്പഴ് ഇങ്ങ് വരാ. ഇടയ്ക്ക് വിവരം അറിയാലോ?'

'വരാം.'

പേടിപ്പെടുത്തുംവിധം അസാധാരണപുഷ്ടിയോടെ വളർന്നുനിൽക്കുന്ന നെൽച്ചെടികൾക്കുകീഴെ, അട്ടകൾ പതിയിരിക്കുന്ന വയൽവരമ്പുകൾ കാണാൻ കഴിയുന്നില്ല. കള പറിച്ചുകൊണ്ടുനിന്ന അടിയാത്തികൾ കരിമ്പടമാറാപ്പുനോക്കി പിറുപിറുത്തു.

മൂന്നു കാടുകളും സന്ധിക്കുന്ന മൂലയ്ക്ക്, ചോലയുടെ താഴെ ഒടിയിൽ നിൽക്കുന്ന ഊക്കൻ വെണ്ട മരം ദൂരെനിന്നു കണ്ടു. മരത്തിനു കീഴെ പുതിയൊരു കുടിലിന്റെ അസ്ഥികൂടം തെളിഞ്ഞു. പുതുതായി ചീവിയ മുളകൾ. രണ്ടുമൂന്ന് അടിയാന്മാർ ധൃതിയിൽ പണിയെടുത്തുകൊണ്ടിരുന്നു. നട്ടുച്ചയ്ക്കും കുത്തിത്തുളയ്ക്കുന്ന തണുപ്പ്! മുഴുത്ത വയൽ രാവിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതുംനോക്കി മുറ്റത്തിരുന്നു. അടിയാന്മാർ ചെളിമണ്ണ് വെട്ടിക്കൂട്ടിയ നിലം ഇടിച്ചമർത്തുന്ന ഒച്ച കാടുകളിൽ ചെന്നലച്ചു. നിലംതല്ലിയുടെ ഓരോ ഒച്ചയും മനസ്സിനെ നടുക്കി.

ഇതാ ഇപ്പോൾ അവസാനിക്കും. അവർ അവസാനത്തെ ഇടി ഇടിക്കുന്നതും കാത്തിരുന്നു. കാടിന്റെ നിഴൽ വയലിന്റെ വലവീശിയപ്പോഴേക്കും അവർ ജോലി നിറുത്തി. പിന്നിൽ രൂപംപൂണ്ട കുടിലിലേക്കും അതിനുപിന്നിൽ കോട്ടമതിലുപോലെ നിൽക്കുന്ന ഇരുണ്ട വനത്തിലേക്കും നോക്കി. വേല മതിയാക്കിയ അടിയാർ ഇറങ്ങിവന്നു. അവർ ഇരുണ്ടുതുടങ്ങിയ കാട്ടിലേക്കും നിഴലുവീണ വയലിലേക്കും ഭീതിയോടെ നോക്കി. അവർക്കു പോകണം. ആനയും പന്നിയും പതിയിരിക്കുന്ന ഇരുട്ടിൽനിന്നു രക്ഷപ്പെടണം. തൊട്ടുതൊട്ടു മൊട്ടക്കുന്നുകളിൽ കൂന്നിരിക്കുന്ന കുടിലുകളിൽ എത്തിയാലേ പ്രാണൻ നേരെവീഴുകയുള്ളു. പോകാൻ അനുവാദം കൊടുത്തു. വയലിലിറങ്ങിയപ്പോഴും പുതിയ തമ്പ്രാനെ അവർ തിരിഞ്ഞുതിരിഞ്ഞു നോക്കി. ഇടയ്ക്ക് കാലിൽ കടിച്ചുതൂങ്ങിക്കിടക്കുന്ന അട്ടകളെ പറിച്ചെറിഞ്ഞിട്ട്

> പേടിപ്പെടുത്തുംവിധം അസാധാരണപുഷ്ടിയോടെ വളർന്നുനിൽക്കുന്ന നെൽച്ചെടികൾക്കുകീഴെ, അട്ടകൾ പതിയിരിക്കുന്ന വയൽവരമ്പുകൾ കാണാൻ കഴിയുന്നില്ല

അവർ അതിവേഗം നടന്നു. വളവുതിരിഞ്ഞ് തുറന്ന വയലിലെത്തിയപ്പോൾ, അക്ഷരമില്ലാത്ത അവരുടെ പാട്ടുകൾ നാലുപാടും മുഴങ്ങി.

തണുപ്പ് തന്നെ വളയുന്നു. മുറ്റത്തെ പാറക്കല്ലിൽ രാവിലെ കൊണ്ടുവന്നുവെച്ച കരിമ്പടവും മാറാപ്പും അകത്തുകൊണ്ടുചെന്നിടണം. നേത്യാരമ്മ കൊടുത്തയച്ച ഒരു ചാക്കുസഞ്ചി തുറന്നുനോക്കിയിട്ടേയില്ല.

കുടിലിലേക്കു കുനിയാൻ തുടങ്ങിയപ്പോൾ പിന്നിൽ നനുത്ത പാദപതനം കേട്ടു.

'അപ്പൻ പോ. പയം കാണി. കുടീല് അവ്വചിന്ത ഒലിപ്പ പോയിന്റേയ്.'

ഞെട്ടിത്തിരിഞ്ഞുനോക്കി. മുറ്റത്ത് ആ പെണ്ണ്! കളത്തിലെ അടിച്ചുതളിക്കാരി പേമ്പി! കാട്ടിലെ ചക്കയും വയൽവരമ്പിലെ ഞണ്ടും പിടിച്ചുതിന്ന് കഴിയേണ്ട പേമ്പി! കറുത്ത ചേലത്തുണ്ടിനു പകരം അവളൊരു വലിയ 'ചിന്ത' ചുറ്റിയിരുന്നു. തലയിലിരുന്ന സാമാന്യം വലിയ കുട്ട കുടിലിന്റെ കോലായിൽ ഇറക്കി അവൾ മൊഴിഞ്ഞു.

'പച്ചയെന്റ്, തമ്പ്രാട്ടി തന്തേച്ച്....' അവളുടെ തലമുടിയിൽ ചൂടിയിരുന്ന പുത്തൻ വെള്ളിലകൾ മരവിച്ച ചിരി ചിരിക്കുകയും തണുത്തുവിറയ്ക്കുകയും ചെയ്തു.

'നീ ഒറ്റയ്ക്കു വന്നത്?'

മറുപടി പറയുന്നതിനുപകരം അവൾ താഴെ വയലിലേക്കു ചൂണ്ടിക്കാണിച്ചു. അവളുടെ അപ്പൻ മൊണ്ണൻ വയൽവരമ്പിലൂടെ ശരംവിട്ട പോലെ ഓടുന്നു.

'അപ്പോൾ നീ....' നാക്കു കടിച്ചു. നേത്യാരമ്മ തന്നെയിവിടെ തളച്ചിടാൻതന്നെ ഉദ്ദേശിച്ചിരിക്കുന്നു. മകളെ വനമദ്ധ്യത്തിൽ തനിക്കു കൂട്ടാക്കി ഇറങ്ങിപ്പോയ അവളുടെ അച്ഛന്റെ രൂപം മനസ്സിൽ തറച്ചു.

അവളെ തിരികെ കുടിലിൽ കൊണ്ടുചെന്നാക്കണം എന്ന ചിന്ത ഉള്ളിൽ ബലമായുദിച്ചു. തനിക്കിന്നു തന്നെ തിരിച്ചുവരാൻ നേരമുണ്ടോ?

ആളൊഴിയാൻ കാട്ടിപ്പറമ്പിൽ കാത്തുനിൽക്കുന്ന പന്നികൾ. ആനകളുമുണ്ടാവാം. നേത്യാരമ്മ പറഞ്ഞില്ലെന്നേയുള്ളു. വയൽവരമ്പിൽ വീണുകിടക്കുന്ന ആനപ്പിണ്ടിയുടെ ഗന്ധം അടങ്ങീട്ടില്ല. ടോർച്ചും കവണയും കല്ലും കയ്യിൽ കരുതാം. പേമ്പിയെ കൊണ്ടുചെന്നാക്കീട്ടു വേറെ കാര്യം. തന്നോടൊരു വാക്കു ചോദിക്കാതെ, ഈ പെൺകുട്ടിയെ കാട്ടിനു നടുക്കുള്ള തന്റെ കുടിലിലേക്ക് - ഒരു പെണ്ണില്ലെങ്കിലും താൻ നല്ലൊരു കാവൽക്കാരനായി ഇവിടെ താമസിക്കും. കാണിച്ചുകൊടുക്കണമത്.

മഫ്ളർ തലയിൽ കെട്ടി. കരിമ്പടം കുടഞ്ഞു പുതച്ചു. ടോർച്ചെടുത്തു. അകത്തുചെന്നു. അടുപ്പിൽ പച്ചച്ചാണകം തളിച്ച നിലത്ത് വിറകു പൊട്ടിത്തെറിച്ചു കത്തുന്നു.

'നിണക്കു കുടിലിൽ പോകണ്ടേ?'

അവൾ തലയാട്ടി.

'ഇവിടെ പാർക്കാൻ ഭയമില്ലേ?'

'കാണി.'

അവളുടെ കല്ലുപോലത്തെ ഇരിപ്പുകണ്ട് ബോദ്ധ്യമായി, അവളിനി പോകാനുദ്ദേശിക്കുന്നില്ല.

അമർഷം പതഞ്ഞുയർന്നു. അടിയാന്മാരെപ്പോലെ തന്നെയും അടിമയാക്കാമെന്നോ? ആനയിറങ്ങുന്ന വയലിൽ ആണ്ടുതോറും കൃഷിയിറക്കാൻ, ഒരു കാര്യസ്ഥനെ കിട്ടിയെന്ന് നേത്യാരമ്മ കരുതേണ്ട. ഈ കൊയ്ത്തുകഴിഞ്ഞോട്ടെ. വയനാട്ടിലെ പെണ്ണിനെക്കണ്ടല്ല ഗോപാലൻനായർ വന്നതെന്നും കാണിച്ചുകൊടുക്കണം. നേരം ഒന്നു വെളുത്തോട്ടെ. മീനാക്ഷിയെ ധ്യാനിച്ചുകൊണ്ടുറങ്ങാൻ ശ്രമിച്ചു. മീനാക്ഷി ദുഷ്ടനായ വലിയമ്മാ

വന്റെ മകളാണ്. തന്നെ അവമാനിച്ച അമ്മാവന്റെ– തിരിഞ്ഞുംമറിഞ്ഞും കിടന്നു. കുടിലിനുപുറത്ത് ഊക്കൻ പുളിമരത്തിൽ കെട്ടിയ പന്തലിൽ കാവലിരുന്നു. ഒരുപോള കണ്ണടച്ചില്ല. ഉരുണ്ടുകൂടിയ ഇരുട്ടുപോലെ തോന്നിച്ച കുടിലിൽ കത്തിക്കൊണ്ടിരുന്ന മണ്ണെണ്ണവിളക്ക് എപ്പോഴേ കെട്ടു. സന്ധ്യയ്ക്കു വയലിന്റെ ഓരത്തു കത്തിച്ച



തീക്കുണ്ഡത്തിൽനിന്ന് അപ്പോഴും പുക ഉയർന്നു കൊണ്ടിരുന്നു. മുളങ്കമ്പുകളിൽ ചവുട്ടി പന്തലിൽനിന്നിറങ്ങി കരിമ്പടംകൊണ്ട് ചുറ്റിപ്പിടിച്ചു നടന്നു.

കുടിലിനകത്ത് ഇരുമ്പുവളകൾ കിലുങ്ങുന്ന ശബ്ദം കേട്ടു. പാത്രങ്ങൾ കിലുങ്ങുന്നു. അടുപ്പിൽ തീ. വലിയ ചെമ്പുനിറയെ വെള്ളം ചൂടായി ക്കിടക്കുന്നു.

കുളിക്കാനാണ്! തനിക്കുവേണ്ട. പച്ചവെള്ളത്തിനെന്താ തകരാറ്! കാട്ടിൽനിന്ന് തിരിച്ചുകൊണ്ടുവന്ന ചോലവെള്ളം പച്ചമുളമ്പാ ത്തിയിലൂടെ കുടിലിന്റെ വടക്കേ മുറ്റത്തു വീണുകൊണ്ടിരിക്കുന്ന ശബ്ദം കേട്ടു.

ഐസുപോലെ തണുത്ത വെള്ളത്തിൽ കുളിച്ചു.

ആവി പറക്കുന്ന കഞ്ഞി അവൾ തളികയിൽ കൊണ്ടുവന്നുവെച്ചു. കുടിക്കണോ? അടിയാത്തി വെച്ച കഞ്ഞി? നേത്യാരമ്മയ്ക്കു കീഴടങ്ങണോ? വേണം. വേണ്ട. അമ്മാവൻ ദുഷ്ടനാണ്. തന്നെ അപമാനിച്ച ആ മനുഷ്യന്റെ മകളാണ് മീനാക്ഷി.

'കഞ്ഞി കുറച്ചുകൂടി.' അകത്തേക്കുനോക്കിപ്പറഞ്ഞു.

കഞ്ഞി പകർന്നുകൊടുക്കുമ്പോൾ അവൾ ചിരിച്ചു. വെളുത്ത പല്ലുകൾ തിളങ്ങി. മുറുക്കിച്ചുവന്ന ചുണ്ടുകൾ. അവൾക്ക് പുകയില വാങ്ങിക്കൊടുത്തു. കാവിൽ തിറയുണ്ടായപ്പോൾ ഒരു ചേല. ഒരുറുപ്പികത്താലിയും. അതുകണ്ടപ്പോൾ അവളുടെ കണ്ണുകൾ എന്നത്തേതിലുമധികം തിളങ്ങി. അവസാനം തമ്പ്രാൻ തന്നെ പരസ്യമായി കെട്ടിയിരിക്കുന്നു എന്നൊരു ഭാവം അവളുടെ മുഖത്തു പ്രകടമായിക്കണ്ടു.

കൊയ്ത്തുതുടങ്ങുന്നതിനുതലേദിവസം നേത്യാരമ്മയെച്ചെന്നുകണ്ടു.

'പേമ്പി മിടുക്കിയാണ്, അല്ലേ ഗോപാലാ?'

ആണെന്നും അല്ലെന്നും പറഞ്ഞില്ല.

'കൊയ്ത്തുകഴിഞ്ഞോട്ടെ. ഗോപാലന്റെ കുടിലൊന്നു മാറ്റണം. പച്ചക്കട്ട മുറിച്ചുകെട്ടാം.'

'വേണ്ട, അതിനു ഞാനിവിടെ സ്ഥിരക്കാരനൊന്നും അല്ലല്ലോ!'

'എന്താ അമ്മാവനുമായി ഇണങ്ങ്യോ?

'ഇല്ല.'

'ആ പുഴക്കുനിയിൽ കുറെ റവന്യൂ ഭൂമിയുണ്ടല്ലോ. അതു കിളപ്പിച്ച് സ്വന്തമായി കുറച്ചു വിത്തിട്ടൂടേ ഗോപാലന്?'

വിത്തും പെണ്ണുംതന്ന് തന്നെയിവിടെ തളച്ചിടാനോ?

'വേണ്ട. അതൊക്കെ ബുദ്ധിമുട്ടാ.'

'ഏരും വിത്തും വല്ലിയും ഇവിടുന്നെടുക്കാം.'

'വേണ്ട. എല്ലാടത്തുംകൂടി കണ്ണെത്തൂലാ.'

'നെന്റെ ഇഷ്ടം.'

വൃത്തിയുള്ള ചിന്തയും കഴുത്തിൽ ഉറുപ്പികത്താലി യുമായി പേമ്പി വയലിലിറങ്ങി കൊയ്യുന്നത് അടിയാത്തികൾ അസൂയയോടെ നോക്കി. തമ്പ്രാന്റെ പേമ്പി! പേമ്പി കൊയ്ത്തിന് ഇറങ്ങില്ലെന്നാണ് അവർ കരുതിയത്.

വേണ്ട. തലയിൽ കേറ്റിവെക്കണ്ട. ഒരിക്കൽ ഉപേക്ഷിക്ക പ്പെടേണ്ടവളാണ്. ഈ കറുത്ത മണ്ണുപോലെ, വളഞ്ഞു നിൽക്കുന്ന കാടുപോലെ, ചുറ്റിയടിക്കുന്ന തണുത്ത കാറ്റുപോലെ, ചോലവെള്ളംപോലെ, പച്ചച്ചും കതിരണി ഞ്ഞും കട്ടവിണ്ടു കാണുന്ന ഈ വയൽപോലെ ഉപേക്ഷി ക്കപ്പെടേണ്ട ഒന്നാണ് ഇവളും.

വല്ലി വാങ്ങാൻ വരുന്ന അടിയാന്മാർ കേൾക്കെ, പുക യിലക്കച്ചവടക്കാരൻ മമ്മതിനോടു പറഞ്ഞു:

'എന്തിനാ സ്വന്തം കൃഷി! ഞാനിവിടെ സ്ഥിരക്കാര നൊന്നും അല്ലല്ലോ! ഇന്നോ നാളെയോന്നറീല്യ, നാട്ടിലിയ് ക്കങ്ങു പൂവും.'

'നേരോ?'

'എന്താ സംശ്യം?'

അവൻ അകത്തേക്ക് ഇടംകണ്ണിട്ടു ചിരിക്കുന്നു, മുഖ ത്തുനോക്കി. ഇത്തരമൊരു പെണ്ണിനെ നാട്ടിൽ കിട്ടില്ല എന്നാണോ?

തനിക്കുവേണ്ടി എല്ലാം നല്കിയ അവളെ താനൊരു നിശ്ചിത വരയ്ക്കപ്പുറത്തു നിറുത്തി. മറ്റടിയാത്തികൾ ക്കൊപ്പം അവൾക്ക് കൃത്യമായി പച്ചനെല്ലളന്നു വല്ലി

കൊടുത്തു. നേത്യാരമ്മ സമ്മാനിച്ച പത്തായത്തിന്റെ താക്കോൽ ഒരിക്കലും അവളുടെ കയ്യിൽ കൊടുത്തില്ല. തനിക്കു ചെലവിനുവേണ്ട നെല്ല് അന്നന്ന് കാലത്ത് അളന്നു മുറത്തിലിട്ടുകൊടുത്തു. ഒരാഴ്ചത്തെയോ രണ്ടാഴ്ചത്തെയോ നെല്ല് ഒന്നായി പുഴുങ്ങിയുണക്കി കുത്തി കരുതിവെച്ച് ചോറുവെക്കാൻ അവളെന്താ തന്റെ വീട്ടുകാരത്തിയാണോ?

കൊയ്ത്തുകഴിഞ്ഞു. മമ്മതു തുണിക്കെട്ടുമായി താഴ്വരയിലെഅങ്ങാടിയിൽനിന്നു തിരിച്ചുവന്നു. കാവിലെ ഉത്സവച്ചന്തയിൽ അടിയാത്തികൾക്ക് വിൽക്കാനുള്ള ചിന്തകൾ.

'ഒരു ചിന്തയെടുക്ക്!' ഗോപാലൻനായരെ കണ്ടപ്പോൾ, നിരത്തിമടക്കിവെച്ചിരുന്ന ചേലകൾക്കപ്പുറം ഇരുന്ന ഒരു പുതിയ മാറാപ്പഴിച്ച്, പൂക്കളുള്ള നല്ല ചേല മമ്മതു പുറത്തെടുത്തു.

'ഇതാർക്കാ?'

'പായ്യ്യാരംപറയാതെ ഇതങ്ങട് എടുത്തോളീന്ന്.'

'ആർക്കാണെന്ന്?'

'ആർക്കാ! നായര്ടെ കെട്ട്യോൾക്കല്ലാതെ?'

'എന്റെ കെട്ട്യോളോ?'

'അല്ല, പെയച്ച്. അടിയാത്തിപ്പെണ്ണ് കെട്ട്യോളാവൂല്ലല്ലോ!'

താഴ്വരയിൽ എട്ടരയുറുപ്പികയ്ക്ക് കിട്ടുന്ന കടുംനിറത്തിലുള്ള പരുക്കൻ ചേലകൾ പതിനഞ്ചുറുപ്പികയ്ക്ക് വാങ്ങി അടിയാത്തികൾ പലരും വന്നു, പോയി. ഗോപാലൻനായർ ചേല വാങ്ങുന്നതുകാണാൻ അവർ കുറച്ചകലെ നിന്നു. എല്ലാവരും വാങ്ങിയ തരത്തിലുള്ള കടുംനീല ചേലകളിലൊന്നുവാങ്ങി. മമ്മത് കൊണ്ടുവന്ന ആകെ രണ്ടു നല്ല ചേലകൾ അവിടെ ശേഷിച്ചു. മമ്മതിന്റെ മുഖം കനത്തിരുന്നു. അവൻ ഈ ചേലകൾ ഇനിയാർക്കു വിൽക്കും? ആർക്കെങ്കിലും വിൽക്കട്ടെ. താൻ പറഞ്ഞിട്ടല്ലല്ലോ?

അവൾ ചേല വാങ്ങി. വെളുത്ത പല്ലുകൾ തെളിഞ്ഞില്ല. ഒന്നു മറിച്ചുനോക്കുകപോലും ചെയ്യാതെ അവൾ അതുമായി അകത്തുപോയി.....

ഓരോ തവണയും ഏരു കെട്ടിക്കുമ്പോൾ കരുതി അടുത്ത കൊയ്ത്തുകഴിയുമ്പോൾ നാട്ടിൽ പോകും. പിന്നെ തിരിച്ചുവരില്ല. പോയില്ല. കൊല്ലങ്ങൾ ഒന്നും രണ്ടും മൂന്നുമല്ല, പതിനാറു കഴിഞ്ഞു.

'നാട്ടിലെ കാര്യങ്ങൾ വിട്ടുകള ഗോപാലാ. നെണക്കിവിടെ കൊറച്ചു കൃഷീം കാര്യോക്കെ ആയിക്കൂടേ?'

ഇവിടത്തെ മേലാളരുടെ കാര്യസ്ഥന്മാരെല്ലാം അങ്ങനെയല്ലേ? ഇവിടം കണ്ടാൽ വിടാനൊക്കില്ല. അദൃശ്യമായൊരു നീരാളിപ്പിടുത്തത്തിൽ അകപ്പെട്ടതുപോലെയാണ്.

നാലുപാടും കൊഴുത്തുകുറുകിയ ഇരുട്ട്. ഉറക്കം വന്നില്ല. ചെകിടോർത്തു. കാടിന്റെ



അനുസ്യൂതമായ ആരവം. മണ്ണട്ടയുടെ കരച്ചിൽ. ഒന്നുറങ്ങണം. അകത്ത് അനക്കമൊന്നും കേട്ടില്ല. അവൾ ഉറങ്ങിക്കാണുമോ? കുറച്ചുദിവസങ്ങളായി അവളുടെ കൈകളിലെ ഇരുമ്പുവളകൾപോലും ഉറക്കെ ശബ്ദിക്കുന്നില്ല. നിശ്ശബ്ദമായ കുടിലിനകത്ത് വിറകുകമ്പുകൾ പൊട്ടുന്ന ശബ്ദവും പൊട്ടിത്തെറിക്കുന്ന തീപ്പൊരിയുടെ തിളക്കവും മാത്രമേ ഉള്ളു. അവൾ എന്താണാലോചിക്കുന്നത്?

വിളമ്പിവെച്ചു കാത്തിരിക്കുന്ന ചോറുണ്ണാതെയിരിക്കുമ്പോൾ, തിളപ്പിച്ചാറിയ വെള്ളമിരിക്കെ ഐസുപോലെ തണുത്ത ചോലവെള്ളത്തിൽ കുളിക്കുമ്പോൾ, ഒരക്ഷരം മിണ്ടാതെ വേലയില്ലാത്ത നാളുകളിൽ കുടിലുവിട്ടിറങ്ങിപ്പോവുമ്പോൾ, രാവെന്നും പകലെന്നുമില്ലാതെ മമ്മതിന്റെ കടയിൽ വെടിപറഞ്ഞിരിക്കുമ്പോൾ– ഒരുവേളയിലും അവളെന്തുചിന്തിക്കും എന്നു താൻ വിചാരിച്ചിട്ടില്ല. പതിനാറുകൊല്ലം ഉപകരിച്ച അവൾ തന്റേതല്ലേ? കാട്ടിറമ്പിലെ ഈ കുടിലും അട്ടകളും ഞണ്ടുകളും ഒളിച്ചുകളിക്കുന്ന ഈ വയലും നേത്യാരമ്മയുടെ തൊഴുത്തിലെ പശുക്കളും അറയിലെ നെല്ലും– എല്ലാം തന്റേതല്ലേ? അല്ല. ഒന്നുമില്ല. തനിക്കു സ്വന്തമായിട്ടൊന്നുമില്ലിവിടെ. അവളങ്ങനെ വിചാരിക്കുന്നുണ്ടെങ്കിൽ അതവളുടെ ബുദ്ധിയില്ലായ്മ.

നാളെ അവളെ നേത്യാരമ്മയുടെ കളത്തിലേക്കു പറഞ്ഞയയ്ക്കണം. പതിനാലുവയസ്സിൽ മുറ്റമടിക്കുന്നേടത്തുനിന്ന് തന്റെയാവശ്യത്തിനു പുറകെ നേത്യാരമ്മ പറഞ്ഞയച്ചു അവളെ. അവിടെ ഇനിയുമുണ്ടാവും അടിക്കാനും തളിക്കാനും പാത്രം വടിക്കാനും.

അവൾ ചേല വാങ്ങി.
വെളുത്ത പല്ലുകൾ
തെളിഞ്ഞില്ല.
ഒന്നു മറിച്ചുനോക്കുകപോലും
ചെയ്യാതെ അവൾ
അതുമായി
അകത്തുപോയി...

അല്ലെങ്കിൽ..... അല്ലെങ്കിൽ എന്താണ്? കളത്തിൽ ഇനിയും കാര്യസ്ഥന്മാർ വരില്ലേ? ഉള്ളിൽ എന്തോ ഒന്നുരുണ്ടുവീണുടഞ്ഞു. പേമ്പി തന്റെ സ്വന്തമല്ല, അല്ല, അല്ല. ഈ കുടിലുപോലെ..... ഈ കളത്തിലെ അടുത്ത കാര്യസ്ഥനാരാണ്? വെടിക്കാരൻ പോത്തനോ? ചിന്തകൾക്ക് അവിടെ കടിഞ്ഞാണിടണം. തന്റെ കണ്ണറയത്ത് പേമ്പിയുടെ പിന്നാലെ ചെല്ലാറുള്ള പോത്തന്റെ കണ്ണുകൾ! വയ്യ, നാളെയാവട്ടെ. അവളെ കളത്തിൽത്തന്നെ കൊണ്ടുചെന്നാക്കണം. അവിടത്തെ അടിച്ചുതളിക്കാരിയാക്കട്ടെ.....

ഒന്നു മയങ്ങിയോ? എന്തേ കേട്ടത്? കാട്ടിലൊരു വെടി പൊട്ടിയോ? വെടിക്കാരൻ പോത്തൻ സ്ഥലത്തുണ്ടോ? കാട്ടിൽ ആനയുടെ ചിഹ്നംവിളിയല്ലേ കേട്ടത്? ഉണർന്നപ്പോൾ കിളികൾ ചിലച്ചുകൊണ്ടിരുന്നു. മണ്ണട്ടകളുടെ സ്വരം മാറി. തണുത്ത കാറ്റ് പതിവിലധികം തണുപ്പോടെ ആഞ്ഞുവീശി.

കണ്ണുതിരുമ്മിയെണീറ്റു. പോവുന്നതിനുമുമ്പ് മമ്മതിനെക്കാണണം. നേത്യാരമ്മയോട് യാത്രപറയണം. നാട്ടിൽ കാരണവര് മരിച്ചിരിക്കുന്നു. കുടുംബത്തിൽ ആളില്ല. അവര് തടസ്സം പറയുമായിരിക്കും. പറയട്ടെ. കിടന്ന പായ ചുരുട്ടി പുറത്തുനിന്നുകൊണ്ടുതന്നെ അകത്തെ മൂലയിലേക്കിട്ടു. കരിമ്പടം മടക്കിവെക്കാൻ പെട്ടിയുടെ അടുത്തേക്കു നീങ്ങുന്നതിനിടയിൽ വീണ്ടും കാലിലെന്തോ തട്ടി, കിലുങ്ങി.

കുനിഞ്ഞുനോക്കി. വെളിച്ചമായിട്ടില്ല. തപ്പിയെടുത്തു. ഞെട്ടിപ്പോയി. കടകങ്ങളും ചൂഡയും. പേമ്പിക്കു വാങ്ങിക്കൊടുത്ത ഓട്ടുവളകളും നേർത്ത ഇരുമ്പുവളകളും. സംശയം തീർന്നില്ല. അവളെവിടെ?

വെളിച്ചം കുറേശ്ശെ പരന്നുതുടങ്ങിയിരുന്നു.

അകത്തുകടന്നുനോക്കി.

'പേമ്പി!' വാക്കുകൾ പുറത്തുവരാൻ പേടിച്ചുനിന്നു. അയാൾ ശബ്ദിക്കാതെ അകത്തുകടന്നു. അവളെവിടെ? ഇത്രനേരത്തെ എണീറ്റോ? പുറത്തു വെള്ളപ്പാത്തിയുടെ അടുത്തുകാണും. പാത്രം തേയ്ക്കുകയാവും. മുളമ്പാത്തിയിൽനിന്നു വെള്ളം ഒഴുകിക്കൊണ്ടിരിക്കുന്ന ശബ്ദം മാത്രം കേട്ടു. കൂടെ കാടിന്റെ ആരവം. തവളകളുടെ കരച്ചിൽ. കിളികളുടെ ചിലയ്ക്കൽ. മലയണ്ണാന്റെ ചിലമ്പിച്ച ഒച്ചകൾ. അടുക്കളഭാഗത്തേക്കു പോകുന്നതിനിടയിൽ അയാൾ ഒന്നുകൂടി അന്വേഷിച്ചു. അവളുടെ പായ് മൂലയിൽ ചുരുട്ടിവെച്ചിരിക്കുന്നു.

കുറേക്കൂടി പരന്ന വെളിച്ചത്തിൽ അയാൾ ഒന്നുകൂടി കണ്ടു. അവളുടെ പുതിയ സാരി. വിഷുവിനു കാവിലെ ചന്തയിൽനിന്നു വാങ്ങിയ സാരി. അതൊരു കടലാസിൽ ഭംഗിയായി ചുരുട്ടിവെച്ചിരിക്കുന്നു. ഒരു ചെറിയ പൊതി നാണയങ്ങൾ. താൻ പലപ്പോഴായി പേമ്പിക്ക് വളയും കുങ്കുമവും വാങ്ങാൻ കൊടുത്ത ചില്ലറപ്പൈസ. കൂട്ടത്തിൽ വിരലിൽത്തടഞ്ഞ ഉറുപ്പികത്താലി ഒരു ചെറിയ പാമ്പിനെപ്പോലെ അയാളുടെ വിറയ്ക്കുന്ന വിരൽത്തുമ്പിൽ തൂങ്ങിക്കിടക്കുന്നു.

നിലത്തിരുന്നുപോയി. തണുത്തുവെറുങ്ങലിച്ച നിലത്ത്! പേമ്പി തന്നെ വിട്ടുപോയിരിക്കുന്നു; താൻ പേമ്പിയെയല്ല. അയാളുടെ തലച്ചോറിലൂടെ, ഹൃദയത്തിലൂടെ, ഞരമ്പുകളിലൂടെ ഒരു ചുഴലിക്കാറ്റ് കറങ്ങിക്കൊണ്ടിരുന്നു. ചൂളമടിച്ചുകൊണ്ട് ഒരു തണുത്തകാറ്റ് കുടിലിനെ ചുറ്റിവീശി. ഉണങ്ങിയ വൈക്കോൽത്തുരുമ്പുകൾ പറന്നുയർന്നു.

കാട്ടിൽ അപ്പോഴും ആനയുടെ ചിഹ്നംവിളി കേട്ടു. നേരം നന്നേ വെളുത്തപ്പോഴും ശൂന്യമായ കുടിലിന്റെ കോലായിൽ പൂട്ടിയ ഇരുമ്പുപെട്ടിയുടെ പുറത്ത് കൈവെച്ചുകൊണ്ട് അയാളിരിക്കുന്നുണ്ടായിരുന്നു. ■

*(28-ാം പേജിൽ നിന്നും തുടർച്ച)*

ഉണ്ടാവും എന്ന അറിവുകൂടിയാണ് ഈ കഥ. മറ്റൊന്നുകൂടി പതിനാറുകൊല്ലക്കാലം ആ കുടിലിനുള്ളിൽ അവളനുഭവിച്ച അവഗണനകളുടെ ഒറ്റപ്പെടലുകളുടെ അവസാനവുമാണ് ഈ ഇറങ്ങിപ്പോക്ക്. അവളുടെ സമൂഹത്തിൽ തമ്പ്രാന്റെ പേമ്പിയാണെങ്കിലും അയാൾക്ക് അവളൊരു ശരീരം മാത്രമായിരുന്നു. തന്നോടയാൾ കാണിച്ച മനോഭാവം തിരിച്ചറിഞ്ഞ അവൾ, എന്നും മൗനംകൊണ്ട് മറുപടി കൊടുത്തിരുന്നവൾ സ്വയം ഒരു മറുപടിയാവുന്നു. നിശ്ശബ്ദരായി ചൂഷണം സഹിക്കുന്ന വയനാട്ടിലെ ലക്ഷക്കണക്കിന് ആദിവാസി സ്ത്രീകളിൽ ഒരാളായി പേമ്പി മാറുന്നു. പ്രാന്തവത്ക്കരിക്കപ്പെട്ട സമൂഹത്തോട് പ്രത്യേകിച്ച് ആ സമൂഹത്തിലെ സ്ത്രീകളോട് മുഖ്യധാരാസമൂഹത്തിന്റെ മനോഭാവവും ഈ കഥ വെളിപ്പെടുത്തുന്നു.

പി.വത്സലയുടെ 'പേമ്പി' എന്ന കഥ. 'വത്സലയുടെ കഥകൾ' എന്ന സമാഹാരത്തിൽനിന്ന്. ■



കഥ

# അഭ്രപാളികൾക്കപ്പുറം



ഇ.പി. ജ്യോതി

**വാച്ചിൽ** നോക്കി. സമയം അഞ്ചുമണി കഴിഞ്ഞിരിക്കുന്നു. മുന്നിൽ ഉത്തരം മുട്ടിക്കിടക്കുന്ന ഫയലുകളെ കെട്ടിയൊതുക്കി അലമാരയ്ക്കകത്തുവെച്ചു. ബാഗുമെടുത്ത് ഇറങ്ങി. കനത്ത മഴയ്ക്കുള്ള കോളുണ്ട്. എങ്കിലും വീഴാൻ വെമ്പൽകൊണ്ടുനിൽക്കുന്ന കറുത്ത മേഘങ്ങളെ വകവെക്കണമെന്നു തോന്നിയില്ല. എന്റെ തലച്ചോറ് ഉദ്ദീപിപ്പിക്കപ്പെട്ടുകൊണ്ടിരുന്നു. മുമ്പിൽ ഒറ്റ ലക്ഷ്യം മാത്രം. അമ്മാളുഅമ്മ.

"ആ തൊഴുത്തിലെങ്ങനെയാ അവരും മോനും പശുക്കളും...."

സുഹൃത്തായ കോമളേടത്തിയുടെ വാക്കുകൾ മുഴങ്ങിക്കൊണ്ടിരുന്നു.

"കാർന്നോമ്മാര് കുരങ്ങന്മാരാണെങ്കിലും ഈ നൂറ്റാണ്ടിലുണ്ടോ ഇങ്ങനെ. അവരെ സമ്മതിക്കണം."

ക്ലാർക്ക് അജയൻ പറഞ്ഞത് തമാശയായിട്ടാണെങ്കിലും ആ വാക്കുകൾ എന്നെ നീറ്റിക്കൊണ്ടേയിരുന്നു.

ഒരുവിധത്തിൽ അമ്മാളുഅമ്മയുടെ താമസസ്ഥലം കണ്ടുപിടിച്ചു. ഒരു പഴയ വീടിന്റെ പശുത്തൊഴുത്തിനോടു ചേർന്ന്..... ഒരുവശത്ത് പശുക്കൾ. തൊട്ടടുത്ത് എന്നുതന്നെ പറയണം, നടുക്കായി ഒരു മടഞ്ഞ ഓലകൊണ്ട് മറച്ചിരിക്കുന്നു. കഴിഞ്ഞദിവസം പെയ്ത മഴയുടെ ബാക്കിപത്രമായിതന്നെ കാണപ്പെട്ടു നിലം.

ഞാൻ കയറിച്ചെല്ലുമ്പോൾ ഒഴുകിവരുന്ന ഗോമൂത്രം തുടയ്ക്കുകയായിരുന്നു അവർ. അപരിചിതയെ കണ്ട ഭാവം. എങ്കിലും അവരെന്നെ അകത്തേക്കു ക്ഷണിച്ചു. ഒരു മുറി എന്നു പൂർണ്ണമായും അവകാശപ്പെടാനില്ലാത്ത ഒരിടം. ഉള്ളിലേക്കു കയറി. മുറിക്കുള്ളിൽ പഴകിദ്രവിച്ച ഒരു മരക്കട്ടിൽ. ഞാനതിലിരുന്നു. സ്വയം പരിചയപ്പെടുത്തി.

"ഞാൻ അനാമിക. സ്വാമിയുടെ സഹപ്രവർത്തകനായ ഉണ്ണിയുടെ ഭാര്യ."

മുഴുവൻ പറയുന്നതിനുമുമ്പേ ഓടിവന്ന് അവരെന്റെ കൈകൾ കൂട്ടിപ്പിടിച്ച് മുഖത്തോടുചേർത്തു. ഒരക്ഷരം ഉരിയാടിയില്ല. പതുക്കെ എന്റെ കൈകൾ സ്വതന്ത്രമായി. ഒരുനിമിഷം എന്നെ സൂക്ഷിച്ചുനോക്കി. അറിഞ്ഞതും അതിലേറെ അറിയാത്തതുമായ എന്തൊക്കെയോ ആ കണ്ണുകൾ പറയുന്നതായി ത്തോന്നി.



കുലമഹിമ വിളിച്ചുപറയാവുന്ന ഇല്ലത്തെ മൂന്നു പെൺമക്കളിൽ ഇളയവൾ അമ്മാളു. സർക്കാർ സ്ഥാപനത്തിൽ ക്ലാർക്കായ സുബ്രഹ്മണ്യസ്വാമിയുടെ പത്നി. രണ്ട് ആൺമക്കൾ. കടുത്ത ജ്വരം പിടിപെട്ട് സ്വാമി മരണപ്പെട്ടതോടെ സ്ഥിതി മാറി. മുടിയനായ പുത്രൻ എന്നു നാട്ടുകാർ ഓമനപ്പേരിട്ടുവിളിച്ച ഭൈരവൻ നാടുവിട്ടുപോയി. സർവ്വീസിലിരിക്കെ മരണപ്പെട്ട ഭർത്താവിന്റെ ജോലിയിൽ പ്രവേശിച്ച അമ്മാളുഅമ്മയ്ക്ക് പ്രായം അവിടെ അനുവദിച്ച കാലാവധി പന്ത്രണ്ടു വർഷമായിരുന്നു. ഇളയമകന്റെ കടുത്ത രാഷ്ട്രീയപ്രേമത്തെ എതിർക്കാൻ തുനിഞ്ഞില്ല. നാടുവിട്ടുപോയ മകൻ ഉണ്ടാക്കിവെച്ച കടബാധ്യത തീർക്കാൻ ഉള്ള കിടപ്പാടം വിറ്റിട്ടും കഴിഞ്ഞില്ല. ബന്ധുക്കളുടേയും കുടുംബാംഗങ്ങളുടേയും സ്നേഹത്തിന്റെ പരിധി വിട്ടപ്പോൾ ജീവിതം അവർക്കുമുമ്പിൽ ചോദ്യച്ചിഹ്നമായി. ഇതിനിടയിലുള്ള ഇളയമകന്റെ മനോഭാവം. പൂജാദി കർമ്മങ്ങളനുഷ്ഠിക്കേണ്ട കൈകൾ കൊടിയുയർത്തി. സമരജാഥകളിൽ ആവേശമായപ്പോൾ ബന്ധുക്കളുടെ മുഖത്തു നിറഞ്ഞ പരിഹാസം പക്ഷേ, ആ അമ്മ കണ്ടില്ലെന്നു നടിച്ചു. എന്നാൽ രാഷ്ട്രീയപ്പോരിനും പകപോക്കലിനും ഇരയായി ദേഹംതളർന്ന് കിടക്കുന്ന മകൻ. രാത്രികൾ അവർക്കു ഭീകരമാകുന്നു. മുമ്പിലൂടെ കടന്നുപോകുന്ന ചെറിയ ജാഥകൾപോലും അവരെ ഭയപ്പെടുത്തുന്നു.

"ന്റെ കുട്ടീനെ ആരും തിരിഞ്ഞുനോക്ക്യതേല്ല്യ. ആരും സഹായിച്ചിട്ടും ല്ല്യ."

അമ്മാളുഅമ്മയുടെ കണ്ണിൽ ഒരിറ്റ് കണ്ണീരുപോലും പോടിഞ്ഞില്ല. പകരം മുഖത്ത് നിറഞ്ഞ കാർക്കശ്യം.

"പാർട്ടി പാർട്ടി എന്നുപറഞ്ഞ് നടന്നു. അത് തെറ്റാണ്ന്ന് ഞാൻ പറഞ്ഞില്ല. പറയൂല്ല്യ. പക്ഷേ, സ്വന്തം കാര്യംപോലും നടത്താൻ ശേഷിയില്ലാതെ ദാ കെടക്ക്ണ്ത് കണ്ടില്ലേ ന്റെ കുട്ടി."

"ഒരു സമരജാഥയുടെ പരിസമാപ്തി." ഒരു ദീർഘനിശ്വാസം.

''നരച്ച നെടുംതൂണ് എപ്പഴാണാവോ നിലംപതിക്ക്ൺത്.'' അവർ പറഞ്ഞുകൊണ്ടേയിരുന്നു. ''മാറ്റം മോഹിച്ച ആളുതന്ന്യാ രമേശന്റെ അച്ഛനും."

"അമ്മാളുഅമ്മേ, നമുക്ക് മുകളിലേക്കൊരു കത്തുകൊടുത്തുനോക്കിയാലോ?"

എന്റെ ചോദ്യത്തിന് ഒരു ചെറുചിരിയായി അവരുടെ മറുപടി.

"ഇപ്പോൾ പശുക്കളെങ്കിലുമുണ്ട് കൂട്ട്." അമ്മാളുഅമ്മയുടെ മറുപടി.

''അടുത്ത ലോകമഹായുദ്ധം സംജാതമായേതീരൂ. ജാതി-മത സ്പർദ്ധകളും രാഷ്ട്രീയ ചേരിതിരിവുകളും എല്ലാം ഉടച്ചുവാർക്കണം. അകളങ്കമായ സങ്കല്പങ്ങൾ നെയ്യണം. പുതുതലമുറകളെ പഠിപ്പിക്കണം...." പുറത്ത് ഗംഭീര പ്രസംഗം. ''ജനകീയ മുന്നേറ്റമാണത്രേ, ഉം......"

അമ്മാളുഅമ്മ ചിരിച്ചു. ചിരിച്ചപ്പോൾ ആ മുഖത്തു വിരിഞ്ഞ നുണക്കുഴികൾ. എഴുപത്തിരണ്ടു വയസ്സായി തനിക്കെന്ന് ഇടയ്ക്കിടെ പറയുമെങ്കിലും ഈ പ്രായത്തിലും അവരേറെ സുന്ദരിയായിരിക്കുന്നതായി എനിക്കുതോന്നി.

"കുട്ടിയെക്കുറിച്ചൊന്നും ചോദിച്ചില്ല. കുടുംബം?" കുറ്റബോധം നിറഞ്ഞ മുഖം.

എന്റെ കുടുംബത്തെക്കുറിച്ചു പറഞ്ഞപ്പോൾ അവരെന്റെ മുടിയിഴകളിലൂടെ വിരലോടിച്ചു.

"കുട്ടി പൊയ്ക്കോളൂ. സമയം സന്ധ്യയായിരിക്ക്ണൂ." അവർ ഓർമ്മിപ്പിച്ചു.

"അമ്മേ രമേശന്റെ ചികിത്സ?"

"കുടുംബക്കാരും ബന്ധുക്കളും എത്രയെന്നുവെച്ചാ?....."

"കുട്ടി നടന്നോളൂ. കാലത്തിനും കണ്ണുകാണാത്ത സമയമാ. വന്നതിൽ സന്തോഷം." തൊഴുകയ്യോടെ അവർ തിരിഞ്ഞു.

എന്തൊക്കെയോ ചിന്തകൾ എന്റെ മനസ്സിനെ കീഴ്പ്പെടുത്തുന്നു. ഞാൻ തിരിഞ്ഞുനോക്കി. അമ്മാളു അമ്മ നിലം തുടയ്ക്കുകയാണ്. എന്റെ കാലുകൾ നടത്തം മറന്നോ?

റോഡരികിൽ പൂർവ്വാധികം തിരക്ക്. ബഹളം. സമരപ്പന്തലിൽ ഏകദേശം പത്തിരുപത് വയസ്സു തോന്നിക്കുന്ന ചെറുപ്പക്കാരൻ. അടുത്തൊരു ബോർഡും. 'നിരാഹാരസമരം ഒന്നാം ദിവസം.'

നഗരത്തിലെ പ്രധാന വിദ്യാഭ്യാസസ്ഥാപനത്തിലെ മൂന്നാംവർഷ നിയമബിരുദ വിദ്യാർത്ഥിയാണതെന്ന് അന്വേഷണത്തിൽ അറിഞ്ഞു.

അതെ ഇതും കാലത്തിനുനേരെ ചാർത്താം. ഞാൻ നടന്നു. എങ്കിലും കാലിത്തൊഴുത്തിൽ ഒരുവശംചേർന്ന് തളർന്നുകിടക്കുന്ന മകനെ ശുശ്രൂഷിച്ച് രാപ്പകലുകൾ തള്ളിനീക്കുന്ന എഴുപത്തിരണ്ടുകാരി ഒരു ജ്വാലയായി എന്റെ മനസ്സിൽ തെളിയുന്നു. മുഖത്തെ വീര്യം, വാക്കുകളിലെ കാർക്കശ്യം. ഒരു തീപ്പന്തം പോലെ എന്റെ മനസ്സിൽ..... ഈ മനസ്സിലെന്തോ ഉറവെടുക്കുന്നു. തൊട്ടടുത്ത ക്ഷേത്രത്തിലെ നിവേദ്യച്ചോറിൽ ഉപജീവനം നടത്തുന്നവർ. പുറത്തെ കോലാഹലങ്ങളിൽ ഞെട്ടിയുണരുന്ന അവർക്ക് ആശ്രയം ആ നാൽക്കാലികൾ തന്നെയാണ്. അഭ്രപാളികൾക്കപ്പുറത്ത് ഇനിയെത്ര അമ്മാളുഅമ്മമാർമാർ ഉണ്ടാകും? ആവോ? ■



# കേരളാമോഡൽ (2011)

**പൊന്നുലക്ഷ്മി വി. നായർ**

വടക്കേത്തലയ്ക്കൽ
വിഷം ജന്മം നൽകിയ
തലമുറകൾ.
തെക്കേത്തലയ്ക്കൽ
ഭരണമാറ്റം.
'അരി'യുടെ പേരിൽ
തമ്മിൽ തല്ലും,
പല്ലിടകുത്തിനാറ്റിക്കലും.
സംശയം തോന്നുന്നവനെ
തല്ലിക്കൊല്ലുന്ന
സാത്വികമലയാളി.
തീവണ്ടിയുടെ ചൂളംവിളിയിൽ
എരിഞ്ഞടങ്ങേണ്ടി
വന്നൊരു പെൺകുട്ടി.

(ഒന്നല്ല...
പെൺകുട്ടികൾ പലത്)
"ഫ്ളാറ്റായ" ചിരകാല
സ്വപ്നങ്ങൾ.
പെരിയാറും മുല്ലയാറും
ഉറക്കംകെടുത്തിയ
ദിനങ്ങൾ
പണ്ടൊരു എം.എൽ.എ.
മുണ്ടുപറിച്ചപ്പോൾ
ഇന്നൊരു മന്ത്രി
മുണ്ടുപൊക്കിയത്രേ!
അതും സഭാമദ്ധ്യത്തിൽ!
സാംസ്കാരിക കേരളം!!






# ഫൈബ്രോയ്ഡ് മുഴകളെപ്പറ്റി



ഡോ. ഖദീജ മുംതാസ്

- **സ്ത്രീകളിൽ** ഏറ്റവും കൂടുതൽ കാണപ്പെടുന്ന ട്യൂമർ വിഭാഗത്തിൽപെട്ട മുഴയാണ് ഫൈബ്രോയ്ഡ് (Fibroid) അല്ലെങ്കിൽ മയോമ (Myoma).
- 35 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകളെ 'റുട്ടീൻ അൾട്രാസൗണ്ട് സ്കാനിങ്ങി'നു




വിധംയരാക്കിയാൽ 30 ശതമാനത്തോളം പേർക്ക് ഫൈബ്രോയിഡുകൾ കണ്ടെത്തിയെന്നുവരാം.

- ഗർഭപാത്ര മാംസഭിത്തിയിൽ നിന്നുണ്ടാകുന്ന ഫൈബ്രോയിഡുകൾ അസാധാരണ വലിപ്പം പ്രാപിക്കാമെങ്കിലും അവയിൽ അർബ്ബുദസാദ്ധ്യത തള്ളിക്കളയാവുന്നത്രയും കുറവ്.
- 1 മി.മീ. മുതൽ 20–25 സെ.മീ. വരെ വലിപ്പമുള്ള അനേകം ഫൈബ്രോയിഡുകൾ ഒരൊറ്റ ഗർഭപാത്രത്തിനുമുകളിൽ ഉണ്ടായെന്നുവരാം.
- കുട്ടികളുടെ എണ്ണം കുറയുന്നത് ഫൈബ്രോയ്ഡ്സാധ്യത കൂട്ടാം.
- ദുർമ്മേദസ്സുള്ളവരിൽ ഫൈബ്രോയ്ഡ്സാധ്യത കൂടുതൽ.
- പോളിസിസ്റ്റിക് ഓവേറിയൻ ഡിസീസിൽ (Polycystic ovarian desease - PCOD) ഫൈബ്രോയിഡ്സാധ്യത കൂടുതൽ.
- ഗർഭപാത്രത്തിന്റെ ഉൾവശത്തേക്കു വളരുന്ന ഫൈബ്രോയ്ഡുകളാണ് ആർത്തവത്തകരാറുകളും അമിത രക്തസ്രാവവുമുണ്ടാക്കുന്നത്.
- പുറമേക്കുതള്ളി വളരുന്നവ, അസാമാന്യമായി വളരുംവരെ ലക്ഷണങ്ങൾ ഒന്നും കാണിക്കണമെന്നില്ല.
- ഫൈബ്രോയ്ഡുകളുടെ സ്ഥാനവും വലിപ്പവുമനുസരിച്ച് ചിലപ്പോൾ മൂത്രതടസ്സമോ സാവകാശമുള്ള വൃക്കനാശമോ ഉണ്ടായെന്നു വരാം.
- ഫൈബ്രോയ്ഡും അനപത്യത (Infertility) യും ബന്ധപ്പെട്ടു കിടക്കുന്നതിനാൽ, ഇൻഫർട്ടിലിറ്റി സർജറിയിൽ ഫൈബ്രോയ്ഡ് നീക്കംചെയ്യൽ ശസ്ത്രക്രിയ (Myomectomy) കൂടി ഉൾപ്പെടുത്താറുണ്ട്.
- സ്ത്രീഹോർമോണായ ഈസ്ട്രജൻ (Estrogen) മായി ബന്ധമുള്ളതിനാൽ ആർത്തവവിരാമശേഷം ഫൈബ്രോയ്ഡുകൾ ചുരുങ്ങി നിരുപദ്രവകാരികളായിത്തീരാം.
- സ്ത്രീയുടെ പ്രായവും ഫൈബ്രോയ്ഡിന്റെ വലിപ്പവും ഗർഭധാരണാവശ്യവും കണക്കിലെടുത്തേ ഫൈബ്രോയ്ഡിനായി ശസ്ത്രക്രിയയ്ക്ക് തീരുമാനമെടുക്കാവൂ.
- എല്ലാ ഫൈബ്രോയ്ഡുകളും ശസ്ത്രക്രിയ ആവശ്യമുള്ളവയല്ല.
- ലാപ്രോസ്കോപ്പി (Laparoscopy), ഹിസ്റ്ററോസ്കോപ്പി (Hysteroscopy) ശസ്ത്രക്രിയകൾവഴി ഫൈബ്രോയ്ഡുകൾ നീക്കം ചെയ്യാം.
- ലേസർ (Laser), ക്രയോസർജറി (Cryosurgery) തെർമോലൈസിസ് (Thermolysis) തുടങ്ങിയ ആധുനിക ചികിത്സാരീതികൾ പ്രചാരത്തിലായി വരുന്നു.
- ഫൈബ്രോയ്ഡ് മുഴകൾക്കുവേണ്ടി ചെയ്യാറുള്ള ഗർഭപാത്രം നീക്കംചെയ്യൽ ശസ്ത്രക്രിയ (Hysterectomy) കളിൽ പലതും അനാവശ്യവും ഒഴിവാക്കാവുന്നവയുമാണ്.
- പച്ചക്കറികളും പഴങ്ങളും ധാരാളമായി ഉൾപ്പെട്ട, കൊഴുപ്പും സ്റ്റാർച്ചും കുറഞ്ഞ ഭക്ഷണരീതിയും വ്യായാമവും ഫൈബ്രോയ്ഡുകളെ പ്രതിരോധിക്കാനും വളർച്ചയെ മന്ദീഭവിപ്പിക്കാനും സഹായിക്കാം. ■



Uterus with multiple myomas: (a) The clamp is placed in the endometrial cavity. Subserous, intramural and submucous myomas are seen. (b) Multiple myomas removed from a single uterus.

# കേരളസമൂഹത്തിന് സ്ത്രീസമൂഹത്തിന്റെ തുറന്ന കത്ത്



ബൽക്കീസ് ബാനു പൊന്നാത്ത്

**ഒഞ്ചിയം** മാത്രമല്ല; ഞങ്ങളും കെഞ്ചുന്നു

ടി.പി. ചന്ദ്രശേഖരനെന്ന സഖാവിനെ 51 പ്രാവശ്യം വെട്ടി മുറിവേൽപ്പിച്ചുകൊന്ന ദാരുണസംഭവം ഒഞ്ചിയത്തിന്റെ മാത്രം പ്രശ്നമല്ല. ഞങ്ങൾ സ്ത്രീകളുടേതുകൂടിയാണ്. ആ രംഗം ഹൃദയമുള്ള ഒരമ്മയുടേയും ഭാര്യയുടേയും സഹോദരിയുടേയും മക്കളുടേയും ഹൃദയത്തിൽനിന്നും മായ്ചുകളയാവുന്ന ഒന്നല്ല. ജീവിക്കാനുള്ള അവകാശത്തിനുമേലുള്ള കടന്നുകയറ്റം മാത്രമല്ല, അത്; അഭിപ്രായസ്വാതന്ത്ര്യമെന്ന നമ്മുടെ മൗലികാവകാശത്തെക്കൂടി ഹനിക്കുന്നു. ഭയമില്ലാതെ ജീവിക്കാനുള്ള നമ്മുടെ അവകാശം ഇല്ലാതാക്കുന്നു.

ഇത് രാഷ്ട്രീയഭേദമന്യേ അന്വേഷിച്ച് കൊലയാളിയെ കണ്ടുപിടിക്കേണ്ടത്, ഭാവിയിൽ ജീവിക്കേണ്ടുന്ന നമ്മുടെ മക്കളുടേയും ഭർത്താക്കന്മാരുടേയും സഹോദരന്മാരുടേയും പിതാക്കന്മാരുടേയും സുരക്ഷയെ കാക്കുന്ന ഏതൊരു സ്ത്രീയുടെയും ആഗ്രഹമാണ്. അദ്ദേഹത്തിന്റെ ഭാര്യയുടേയും അമ്മയുടേയും മകന്റേയും ദുഃഖം ഞങ്ങളുടെകൂടിയാണ്.

മുതലാളിത്തസമൂഹം എല്ലാ അവകാശങ്ങളും അധികാരങ്ങളും കയ്യടക്കി, അടിസ്ഥാനവർഗ്ഗമായ മണ്ണിന്റെ മക്കളുടെമേൽ അടച്ചുവാണിരുന്നകാലത്ത് ഉടലെടുത്തതാണ് വിപ്ലവം. അന്ന് അവരുടെ ആവശ്യങ്ങൾ നിവർത്തിക്കാനാണവർ ഒരുമിച്ചുകൂടിയത്. അന്നു പണിയെടുത്താലും ഉണ്ണാനും ഉടുക്കാനും ലഭിച്ചിരുന്നില്ല. അല്പം നെല്ലിനും നെല്ലിനോളം ഉയിർത്തെഴുന്നേറ്റ അടിയാളന്മാരുടെ സ്വപ്നങ്ങൾ പൂവണിയാനായി ഉടലെടുത്തതാണ് സമത്വസുന്ദരമായ കമ്മ്യൂണിസം എന്ന ആശയം. ആ ആശയങ്ങൾ ജനിക്കുന്ന വഴികൾ, പഴയകാലകൃതികൾ പ്രത്യേകിച്ചും തകഴിയുടെ 'രണ്ടിടങ്ങഴി' പോലുള്ള നോവലുകൾ വരച്ചുകാണിക്കുന്നുണ്ട്.

അങ്ങനെയുള്ള ജന്മി-മുതലാളിത്ത സമൂഹത്തിനുനേരെ, അവരുടെ വൃത്തികേടുകൾക്കെതിരെ ഉടലെടുത്ത കമ്മ്യൂണിസം ഇന്ന് ഇത്തരത്തിലുള്ള കൊടുംക്രൂരതയ്ക്ക് കൂട്ടുനിൽക്കാതെ കുറ്റവാളികൾ ഏതു പാർട്ടി അനുഭാവിയായാലും അല്ലെങ്കിലും രാഷ്ട്രീയഭേദമന്യേ കണ്ടെത്താൻ സഹായിക്കണം. കുറ്റവാളികളേയും അതിനു ഗൂഢാലോചന നടത്തിയവരേയും പിടികൂടുവാൻ വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കണം.

അല്ലായെങ്കിൽ നാം മനസ്സിലാക്കേണ്ടത് അല്പം പണം പല നിലയ്ക്ക് പാർട്ടിയിൽ വന്നുചേർന്നപ്പോൾ, പണ്ടത്തെ ജന്മി-മുതലാളിമാരുടെ സ്വഭാവസവിശേഷത പാർട്ടിനേതൃത്വത്തിലും തലപൊക്കിയോ.... എന്നാണ്.

അഭിപ്രായസ്വാതന്ത്ര്യമുള്ളവരെ അടിച്ചമർത്തി, ഇല്ലാതാക്കി, ആരും ചോദ്യംചെയ്യാത്ത മുതലാളിത്ത ബൂർഷ്വാസികളായി അവരുടെ നേതൃത്വവും പരിണമിച്ചുവോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

ആരൊക്കെ ഇല്ലാതാക്കിയാലും 'അഭിപ്രായം' ഇവിടെ നിലനിൽക്കും. സത്യം ഇവിടെ ജീവിക്കും. വർഷങ്ങളോളം മരുഭൂമിയിൽ മഴകാത്തുകിടന്ന് മഴയിൽ കിളിർത്തുവരുന്ന വിത്തുകളെപ്പോലെ, എന്നെങ്കിലും ആ അഭിപ്രായങ്ങൾ ഉയർത്തിപ്പിടിക്കുവാൻ ഇവിടെ ആളുകളുണ്ടാകും. അവരെയൊക്കെ ഇല്ലാതാക്കുവാൻ ആ 'അജ്ഞാത കൊലയാളികൾക്ക്' കഴിയുമോ....?

ഭൂമിയിൽ ജീവനുള്ള എല്ലാത്തിനും മരണവുമുണ്ട് (ഖുർ ആൻ) എന്നോർക്കുക. പക്ഷേ, അതു മനുഷ്യരുടെ കൈകൊണ്ടാകരുത്. പ്ര



മുതലാളിത്തസമൂഹം എല്ലാ അവകാശങ്ങളും അധികാരങ്ങളും കയ്യടക്കി, അടിസ്ഥാനവർഗ്ഗമായ മണ്ണിന്റെ മക്കളുടെമേൽ അടച്ചുവാണിരുന്നകാലത്ത് ഉടലെടുത്തതാണ് വിപ്ലവം

കൃതിയെ നശിപ്പിച്ച്, അതിന്റെ സന്തുലിതാവസ്ഥ തകർത്തു, പ്രകൃതിനാശം ചോദിച്ചുവാങ്ങി, അമൂല്യ ജലംപോലും മലിനമാക്കിയ മനുഷ്യൻ ഇനി മനുഷ്യനുനേരെ മനുഷ്യനെ കൊല്ലാനായി നാശ ഹേതുവായ പണം ഉപയോഗപ്പെടുത്തുന്നു. ഇതാണോ കാറൽമാർക്സും ഏംഗൽസും ലെനിനും എല്ലാം സ്വപ്നംകണ്ട കമ്മ്യൂണിസവും മാർക്സിസവും? ഇതാണോ കമ്മ്യൂണിസത്തിന്റെ സമത്വസുന്ദരമായ ലോകം..? തൊഴിലാളി–മുതലാളി ബന്ധം ഇങ്ങനെയാണോ 'തട്ടി' നിരത്തി സമത്വമാക്കുക.

മനുഷ്യൻ എന്ന നിലയ്ക്ക് ജീവൻ കയ്യാളൻ നമുക്കെന്തധികാരം...? ഇങ്ങനെയായാൽ നാളെ നമ്മുടെ ജീവനും അവർ കയ്യാളില്ലേ...? സഖാവിനെ ഇല്ലാതാക്കിയവർ എന്തുനേടി? സമൂഹം ഒന്നടങ്കം അവരെ ഒറ്റപ്പെടുത്തുകയല്ലേ ചെയ്യുക. ഇനിയും ചോരപ്പുഴയൊഴുക്കുമ്പോൾ, ഇതെങ്കിലും കൊലയാളി സമൂഹത്തിനൊരു പാഠമാകുംവിധം കൊലക്കയർ വാങ്ങിക്കൊടുക്കാൻ സമരം ചെയ്യേണ്ടത് സ്ത്രീയെന്ന നിലയിൽ നമ്മുടെ കൂടി ധർമ്മമാണെന്ന് ഞാൻ കരുതുന്നു.

ആ അമ്മയ്ക്കുവേണ്ടി, ഭാര്യയ്ക്കുവേണ്ടി, മകനുവേണ്ടി ഭാവിയിലെ നമ്മുടെ തലമുറയ്ക്കുവേണ്ടി.

സസ്നേഹം,

സ്ത്രീസമൂഹം.

# ദൂരം



ബിജി ബാലകൃഷ്ണൻ

എന്നിൽനിന്ന് നിന്നിലേക്കുള്ള ദൂരം
ഒരു വേനൽകൊണ്ട് അവസാനിപ്പിക്കാൻ വയ്യ.
എന്നിൽനിന്ന് നിന്നിലേക്കുള്ള ദൂരം
ഒരു നദിയിറക്കിൽവെച്ച് ചിന്തിക്കാൻ വയ്യ.
എനിക്കുമുന്നേ ഉണർന്നെണീറ്റ്
എന്നിൽനിന്ന് പടിയിറങ്ങിപ്പോയ
ആ പഴയ ചിത്രത്തെ ഓർക്കാതെവയ്യ.
എനിക്കുമുന്നേ നടന്നകന്ന്
എന്നിൽനിന്നു തേഞ്ഞുപോയ
ആ പഴയ ചെരുപ്പിനെ കാണാതെവയ്യ.
പലകുറി നേടിയപ്പോഴും
നിനക്കായ് ഞാനൊന്നും കരുതിവെച്ചില്ല.
പലകുറി കരഞ്ഞപ്പോഴും
നിനക്കായ് ഞാനൊന്നും വരുതിയിൽ നിർത്തിയില്ല.
എങ്കിലും
എനിക്കായ് വളർന്ന നിന്റെ നാക്ക്
എനിക്കായ് ചുമന്ന നിന്റെ സിരകൾ
എല്ലാം, എന്റേതുമാത്രമാണെന്ന്
കരുതുമ്പോഴും
എന്നിൽനിന്ന് നിന്നിലേക്കുള്ള ദൂരം
ഒരു കവിതകൊണ്ട് അളന്നെടുക്കാൻ വയ്യ.

## തിരുത്ത്

സംഘടിത ജൂൺ 6 ലക്കത്തിൽ ജ്യോതിനാരായണൻ എഴുതിയ 'കേരളത്തിലെ സ്ത്രീപ്രസ്ഥാനങ്ങൾ' എന്ന ലേഖനത്തിൽ ചില അച്ചടിപ്പിശകുകൾ വന്നിട്ടുണ്ട്.

ഒന്നാം ഖണ്ഡികയിൽ "സ്ത്രീകൾ ആഗോളവൽക്കരണ നവലിബറൽ വ്യവസ്ഥയ്ക്കുള്ളിലെ നല്ല പ്രജകളാക്കപ്പെടുന്നു എന്ന നിലപാടിനോട് പൂർണ്ണമായി **യോജിക്കുന്നു**." എന്നു വായിക്കുക.

രണ്ടാം ഖണ്ഡികയിൽ അടിയന്തിരാവസ്ഥ കാലഘട്ടം **1975 മുതൽ 77 വരെ** എന്നും ഒന്നാം പേജിലെ അവസാനവരിയിൽ **യു. എസ്. എസ്. ആർ. പതനം** എന്നും ആണ് ലേഖിക ഉദ്ദേശിച്ചത്. ഇത്തരത്തിൽ തെറ്റുകൾ വന്നതിൽ നിർവ്യാജം ഖേദിക്കുന്നു.

**സംഘടിത ടീം**

# അതിരുകൾ



**കൃഷ്ണമായ**

നിറങ്ങളെ കൂട്ടിക്കലർത്തിയാൽ
അവ ഒന്നിച്ചുനിൽക്കാറുണ്ടോ?
ഒന്നിനുള്ളിലേക്ക്
മറ്റൊന്നു കടന്നുകയറി
പരസ്പരം കീഴടക്കാൻ
വ്യഗ്രതകാട്ടി
ഒടുക്കം ഒന്നുമല്ലാത്ത
മറ്റൊരു നിറമായോ
കറുപ്പിന്റെ ഇരുളിമയായോ
അവസാനിക്കാറല്ലേ പതിവ്?

ഓരോ നിറത്തിനും
അതിർവരമ്പ് നിശ്ചയിച്ചു
നിനക്കിന്നൊരു
ചിത്രം വരച്ചൂടേ?
എനിക്കെന്നും ഓർമ്മയിൽ
സൂക്ഷിക്കാൻ?
വർണ്ണങ്ങൾ തട്ടിത്തൂവി
എന്നിലും നിന്നിലും വികൃതമായ
പാടുകൾ വീഴാതിരിക്കാൻ?




# മടക്കം

**ഐ. രഞ്ജിനി**

മടുപ്പൻ പ്രസംഗവേദിയിൽനിന്ന്
തുരുമ്പുപിടിച്ച അഴികളിൽനിന്ന്
ബോധിവൃക്ഷച്ചുവട്ടിൽനിന്ന്
ആശുപത്രിക്കിടക്കയിൽനിന്ന്
മടക്കം
പട്ടുവസ്ത്രത്തിന്റെ തിളക്കത്തിൽനിന്ന്
ഒളിമങ്ങാത്ത ഓർമയിൽനിന്ന്
താക്കിൻമുനയുടെ തുമ്പത്തുനിന്ന്
പുസ്തകത്താളിൽനിന്ന്, മടക്കം
നേരിന്റെ ദിശയിലേക്കും
പുലരിയുടെ ഉണർവിലേക്കും
കാറ്റിന്റെ ഒഴുക്കിലേക്കും
മഴയുടെ താളത്തിലേക്കും
മടക്കം
പുഴയുടെ പാട്ടുതേടി
കുയിലിന്റെ കൂടന്വേഷിച്ച്
കാറ്റിന്റെ ഗതിയേറി
ആളൊഴിഞ്ഞ കടവിലേക്കും
ഒരുജന്മത്തിന്റെ
മൗനത്തിലേക്കും
മടക്കം.

### തുള

ഓട്ടുപാത്രത്തിനും
ജീവിതത്തിനും
ചോർന്നൊലിക്കാൻ
ഒരിടം

# ഞണ്ടുജന്മം



**ജാൻസി**

മാസങ്ങളൊരിക്കലും
ആഴ്ചകളാവില്ല
ആഴ്ചകളൊരിക്കലും
ദിവസങ്ങളാവില്ല
പിറകോട്ടുപോവാനാവാത്തവനും
ഞണ്ടിന്റെ ജന്മം
എല്ലാപരിധിക്കുമിപ്പുറം
പിന്നോട്ടുപോയാലേ
മുന്നോട്ടുപോകാനാവൂ.


# ഒന്നൂല്ല

ഒന്നല്ല
ഒന്നൂല്ല
നന്നല്ല
നന്നാവൂല്ല
ഓണത്തിനും
വിഷുവിനും
ഒന്നാവേണ്ട
പൊന്നുംവിലയ്ക്ക്
പെണ്ണെടുത്താൽ
നന്നാവൂല്ല
ഒന്നല്ല നന്നല്ല
ഒന്നൂല്ല നന്നാവൂല്ല

# ഫിഷ് മോളി

രാധികാ സനോജ്

ഒമ്പത് സിയിലെ
കായ നിറഞ്ഞ
മെട മുടിക്കാരിയല്ല.
അവളുടെ അമ്മ,
കുണ്ടുവക്കടവ് ചന്തയിലെ
ഉണക്കച്ചാളവില്പനക്കാരിയല്ല
വറുതിയുടെ പൊറുതിയിൽ
ചെകിള പിഴുതെറിഞ്ഞ് വരഞ്ഞ്
അച്ഛനോട് സൗന്ദര്യപ്പിണക്കം
പുകഞ്ഞ്
ചുവന്നുതുടുത്ത പിരിയൻ പെണ്ണുങ്ങളെ
അരച്ചുകുഴച്ച്
നെടുനീളെ വീശിത്തടവി
വിടവിലും ഇടുക്കിലും
നീറ്റി
കണ്ണുതുറുപ്പിച്ച്
മഞ്ഞയും കറുപ്പും തേച്ച്
തൊലി കടുപ്പിച്ച്
വാലറ്റം ഒപ്പം വെട്ടി
തിളച്ച വെളിച്ചെണ്ണയിൽ
അമ്മ ശീ....ന്നു തുട ചുകപ്പിച്ച
ആ തോന്ന്യാസക്കാരി
തടിച്ചി മീനല്ല....
മൊബിഡിക്കല്ല,
ചെമ്മീനല്ല.....
ബ്യൂട്ടി പാർലറിൽ
മുഖം കഴുകി
മുടി മിനുക്കി
ഫെയർനെസ്ക്രീം പുരട്ടി
മഞ്ഞുകാലക്കുറുക്ക് തേച്ച്
അവളങ്ങനെ
അടങ്ങിയൊതുങ്ങിക്കിടന്നു.
ഒന്നു വിരൽ തൊട്ടപ്പോൾ
അടന്ന്,
നാവിൽ അലിഞ്ഞലിഞ്ഞ് പോയി.....
എന്തായാലും
ഒന്നുറപ്പ് : രുദ്രയായാലും സൗമ്യയായാലും
തിന്നാൻ എന്തെരി!
എന്തു രസം!





# അടുക്കളനഗരം

സുഷമബിന്ദു

ഊതിയൂതി കണ്ണുകലങ്ങുമ്പോഴും
അടുപ്പെന്നെ കനൽക്കണ്ണാൽ
തുറിച്ചുനോക്കുന്നു.
തീയെന്റെ കൈനക്കി
രുചിനോക്കുന്നു.
കാമത്തിന്റെ ഉഷ്ണമർദ്ദത്തിൽ
കുക്കറെന്നെനോക്കി ചൂളമടിക്കുന്നു.
നാക്കുനീട്ടി ചിരവയെന്നെ
നുണഞ്ഞിരിക്കുന്നു.
ചില്ലുമേടയിലിരുന്നൊരു
പഞ്ചസാരഭരണിയെന്റെ
കൊതിയിളക്കുന്നു.
ചുമരിൽ പതിയിരുന്ന്
ഒരൊറ്റക്കണ്ണൻ സമയമാപിനി
ഇമചിമ്മാതെന്നെ
പിൻതുടർന്നുകൊണ്ടേയിരിക്കുന്നു.

# പരമ്പരകളിലെ 'സ്ത്രീ'

ശ്രീവിദ്യ എൻ.ടി.

**ഇന്ത്യൻ** ടെലിവിഷൻ ചരിത്രത്തിൽതന്നെ വിപ്ലവകരമായ പ്രേക്ഷകശ്രദ്ധ നേടിയെടുക്കുവാൻ സീരിയൽ അഥവാ പരമ്പരകൾക്ക് സാധിച്ചു. ഇവ പ്രധാനമായും നമ്മുടെ സായാഹ്നങ്ങളെ ലക്ഷ്യം വെക്കുന്നു. ഇപ്പോൾ റിയാലിറ്റി ഷോകളും പരമ്പരകളും ആയുള്ള മത്സരംതന്നെ നിലനിൽക്കുന്നു. ഈ മത്സരം വൻകിട പരസ്യകമ്പനികളെ പരിപോഷിപ്പിക്കുന്നു എന്ന സത്യം അറിയാവുന്നതാണല്ലോ. എന്നിരുന്നാലും ദൂരദർശൻ മാത്രമുള്ളകാലത്തുനിന്നും നമ്മൾ വളരെ മുന്നേറിയിരിക്കുന്നു. വൈവിധ്യമാർന്ന പരിപാടികൾ ഇന്ന് ചാനലുകൾ അടക്കിവാഴുകയാണ്. എന്തുതന്നെ ആയാലും 'പ്രൈം ടൈം' എന്നത് സീരിയലുകളുടെ അവകാശമായി മാറിയിരിക്കുന്നു.

ചാനൽ കാഴ്ചകളിലെ സ്ത്രീ പ്രാതിനിധ്യം എത്രത്തോളം ഉണ്ടെന്ന് ആലോചിക്കേണ്ടതാണ്. കാരണം മിക്കപരിപാടികളും (പ്രത്യേകമായി പറയട്ടെ വിനോദമാധ്യമം എന്ന നിലയിൽ വീക്ഷിക്കുമ്പോൾ) സ്ത്രീകളെ കേന്ദ്രീകരിച്ചുള്ളതാണ്. പരമ്പരകൾ മിക്കതും സ്ത്രീയുടെ വൈകാരികതയും വ്യക്തിജീവിതവും നിസ്സഹായതയും ചൂഷണം ചെയ്ത് എപ്പിസോഡുകളുടെ സുവർണ്ണജൂബിലി ആഘോഷിക്കുന്നു. മരുന്നിനെന്നപോലെ ചില ശക്തമായ കഥാപാത്രങ്ങൾ പോലീസ് വേഷത്തിൽ പ്രത്യക്ഷപ്പെട്ടാലായി. ഉത്തരേന്ത്യൻ പരമ്പരക്കാഴ്ചകൾ വസ്ത്രധാരണത്തിലും അലങ്കാര വസ്തുക്കളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന 'സ്ത്രീ' സീരിയലുകളാണ്. എന്തുതന്നെയായാലും പരമ്പരകളുടെ മുഖ്യപങ്കും സ്ത്രീജീവിതത്തിന്റെ ഉള്ളറകളിലൂടെ കടന്നുപോകുന്നവയാണ്. നോവലുകളുടേയും സിനിമകളുടേയും പ്രചാരം പോലും സീരിയലുകളുടെ കടന്നുകയറ്റത്താൽ മങ്ങിയിരിക്കുകയാണ്. അഭിനേതാക്കൾക്ക് ഒരു തൊഴിൽ എന്നത് നല്ലകാര്യംതന്നെ, വരുമാനം എന്നതിലുപരിയായി ഇത്തരം പരമ്പരകൾ വർദ്ധിക്കുന്നത് (റിയാലിറ്റി ഷോ ഉൾപ്പെടെ) നല്ല പ്രവണതയാണോ?




പരമ്പരകൾ അറിഞ്ഞോ അറിയാതെയോ ഒരു മാതൃകാസ്ത്രീരത്നം എന്ന കാഴ്ചപ്പാട് പ്രേക്ഷകരിലേക്കു കടത്തിവിടുന്നില്ലേ? പരമ്പരയായി തുടർന്നുപോരുന്ന ചില ചട്ടക്കൂടുകളിലേക്കുതന്നെ അവളെ തളച്ചിടുന്ന ഒരു കാഴ്ചയാണ് നമുക്ക് ലഭിക്കുന്നത്. അവിഹിതബന്ധങ്ങൾ, അമ്മായിയമ്മ–മരുമകൾ പോര് തുടങ്ങി ചില വ്യക്തമായ രസക്കൂട്ടുകൾ എന്നും സീരിയലുകളുടെ പോഷകവസ്തുക്കളാണ്. ടിപ്പിക്കലായ ചില രൂപങ്ങളെ – ഉദാ: സർവ്വംസഹയായ അമ്മ, പ്രേമരൂപിയായ ഭാര്യ– നമ്മളിലേക്ക് സ്ഥാപിക്കുവാൻ ഇവർ പ്രേരിപ്പിക്കുന്നു. പൊതുവേ ഈ പരിപാടികൾ, സദാചാരപ്രിയരും യാഥാസ്ഥിതികരുമായ സാധാരണക്കാരെ രസിപ്പിക്കുവാൻതക്ക ശേഷിയുള്ളവതന്നെയാണ്. തലമുറകളായി പുരുഷസമൂഹം ആഗ്രഹിക്കുന്ന സ്ത്രീരൂപങ്ങളുടെ സംപ്രേഷണം ആണ് അറിഞ്ഞോ അറിയാതെയോ പരമ്പരകൾ നടത്തുന്നത്.

നൃത്തം, ഗാനാലാപനം എന്നീ സ്ഥിരം ട്രെൻഡിൽനിന്നും വ്യത്യസ്തമായി വെറുതെ ആയിപ്പോയ ചില ഭാര്യമാരെ അധികരിച്ചുള്ള ഷോ വ്യത്യസ്തത പുലർത്തിയോ? ആദ്യസീസണിലെ വിജയിയെ പ്രഖ്യാപിച്ച് രണ്ടാംസീസണിലേക്ക് പരിപാടി മുന്നേറുകയാണ്. സ്ത്രീ കേന്ദ്രീകൃതമായി സ്ത്രീകളുടെ ബുദ്ധിമുട്ടുകളെ മനസ്സിലാക്കി നവീനകാഴ്ചകൾ ഒരുക്കുന്ന ഷോ

എന്ന് കാഹളം മുഴക്കിയായിരുന്നു പരിപാടിയുടെ തുടക്കം. എന്നാൽ തുടർന്നുവന്ന ആഴ്ചകളിൽ അതു 'തൊലിക്കട്ടി' അളക്കുന്ന ഒന്നായി മാറി. ഭർത്താക്കന്മാരെ, അവരുടെ പെരുമാറ്റങ്ങളെ അളക്കുന്ന 'ജഡ്ജസ്' ആയി ഭാര്യമാർ മാറി. ലോകശ്രദ്ധ ആകർഷിക്കുവാൻ എന്തു പേക്കൂത്തും കാട്ടുവാൻ കുടുംബങ്ങൾ തയ്യാറായി. വ്യക്തിജീവിതത്തിന്റെ അകത്തളങ്ങളിലേക്കും മൈൻഡ് മേപ്പിങ്ങിലേക്കും പരിപാടി നീങ്ങി. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ അവസാന ആഴ്ചകളിൽ അത് ഭാര്യമാരെ നോക്കുകുത്തികളാക്കി ഭർത്താക്കന്മാരുടെ പ്രോഗ്രാമായിമാറി. വെറുതെയല്ലാത്ത ഭാര്യമാരെ നീക്കി ഭർത്താക്കന്മാരുടെ പേരിൽ എസ്.എം.എസ്. നൽകി വിജയിപ്പിക്കണമെന്ന ആഹ്വാനമാണ് ഫൈനലിൽ കണ്ടത്. സ്ത്രീകൾ അവിടെ വീണ്ടും അപ്രസക്തരായി. കൂടാതെ സമൂഹത്തിൽ വളരെ ശ്രദ്ധനേടിയ വിവിധമേഖലയിലെ

> ഉത്തരേന്ത്യൻ പരമ്പരക്കാഴ്ചകൾ വസ്ത്രധാരണത്തിലും അലങ്കാരവസ്തുക്കളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന 'സ്ത്രീ' സീരിയലുകളാണ്

പ്രമുഖർ മാർക്കിട്ടതുപോലും പുരുഷന്മാർ നല്കിയ ഉത്തരങ്ങളെ അടിസ്ഥാനമാക്കി ആയിരുന്നു. മക്കളുടെ പഠനം, വിവാഹം തുടങ്ങി വർഷങ്ങളായി പാലിച്ചും ശീലിച്ചും പോരുന്ന ചോദ്യങ്ങളായിരുന്നു പ്രധാനമായും ഉണ്ടായിരുന്നത്. ഇത്തരത്തിൽ ശ്രദ്ധേയമെന്നു വിശേഷിപ്പിക്കപ്പെട്ട പരിപാടിയും 'വെറുതെ' ആയ കാഴ്ചയാണു കണ്ടത്.

ഇങ്ങനെ നോക്കുമ്പോൾ ചാനൽ മാദ്ധ്യമങ്ങളിലൂടെ വളരെ വിലകുറഞ്ഞ രീതിയിലുള്ള ഒരുതരം കാഴ്ചകൾക്ക് നാം ഇരയാവുകയാണ്. ഇഷ്ടമില്ലാത്ത പരിപാടികൾ ആസ്വദിക്കണമോ വേണ്ടയോ എന്നു നമുക്ക് തീരുമാനിക്കാം. എന്നാൽ ഇവയെ പ്രോത്സാഹിപ്പിച്ച്, വീണ്ടുംവീണ്ടും സ്ത്രീ പ്രാതിനിധ്യം എന്നത് ഒരു പുസ്തകത്തിലെയോ വാചകങ്ങളിലെയോ മാത്രം വാക്കായിമാറരുത്. ജനശ്രദ്ധ ലഭിക്കുവാനും ചിന്തകളെ സ്വാധീനിക്കുവാനും വളരെ സാധ്യതയുള്ള മാധ്യമരംഗം സ്ത്രീയെന്നതിനെ കേവലം റേറ്റിങ്ങിനുതകുന്ന ഒരു 'വസ്തു' ആക്കാതെ കാര്യക്ഷമവും പ്രയോജനപ്രദവും ആയ രീതിയിലേക്ക് ഉതകുന്ന ഒരു ശക്തിസ്രോതസ്സായി മാറ്റണമെന്ന് ആഗ്രഹിക്കുന്നു. സാധ്യതകളുടെ സദുപയോഗം ഉണ്ടാവേണ്ടതാണ് കാലത്തിന്റെ ആവശ്യം.. ■

# എന്നിൽനിന്നടർന്നത്

**സുഭദ്രാസതീശൻ**

വാൾത്തിളക്കത്തിലടർന്നീ–
മണ്ണിൽക്കിടക്കുന്നതെന്റെ പെണ്ണത്തം.
കാലിലൂടരിച്ചിറങ്ങിയ ചോപ്പിൽ
കാട്ടാറുകലങ്ങിയനാൾതൊട്ട്
അമ്മയണിയിച്ച പെരുങ്കല്ലുമാല വകഞ്ഞുമാറ്റി
എന്റെയഹങ്കാരമായുയർന്നുപൊങ്ങിയത്.
എന്നെയാകെയൊതുക്കിത്തുളുമ്പിനിന്നത്.
കിനിയുമെന്നിലെത്തേൻമണം നുകരുവാൻ
ചിറകുവീശിയണഞ്ഞ
ആൺമിഴിക്കിളികളോരോന്നും
കണ്ണിലും ചുണ്ടിലും പാറിക്കളിച്ച്
താഴെയിറങ്ങിക്കുറുകിയിരിക്കവേ
കൈരണ്ടുംപിണച്ചുഞാൻ
പൊതിഞ്ഞുപിടിച്ചത്.
ഒരുപൂവിരൽത്തഴുകലിലലിയുംകാലം
വീർത്ത ഞരമ്പുകളഴിയുംകാലം
പ്രിയമുള്ളൊരുടലിലമരും കാലം
അമൃതുനിറഞ്ഞുകനക്കുംകാലം
മുന്തിരിക്കണ്ണുകൾ വിങ്ങുംകാലം
കുഞ്ഞിച്ചുണ്ടുകൾ നുണയുംകാലം....
കണ്ടകിനാക്കളെല്ലാമൊടുങ്ങി.
എന്റെ വാക്കും വടിവുമിതാ
വേരോടെ വെട്ടിയരിഞ്ഞിട്ടിരിക്കുന്നു.
കാലമേ....
നിന്നിലിത് ചോരയാൽ കുറിച്ചിട്ട കളങ്കം.
എന്റെ പ്രണയക്കണ്ണിൽത്തറച്ച
പരിഹാസമുള്ളുമായി..
മോഹങ്ങൾ വെന്ത തീച്ചൂടിൽ
പകയുടെ പുകയൂതി
ഞാനിതാ പോകുന്നു...
എട്ടുദിക്കും കേട്ടുകൊള്ളുക.
ഒഴിഞ്ഞീക്കിടക്കുമെൻ നെഞ്ചാണെസത്യം
സൂര്യകുലത്തിലിനി പെണ്ണിന് കണ്ണീർമാത്രം!



അമ്മയനുഭവം

# മൂക്കിന്റെ തുമ്പത്തുകോപം



ഡോ.ടി.അനിതകുമാരി

**ഞാനിതെഴുതാനിരിക്കുമ്പോൾ,** മരണത്തിന്റെ പട്ടുംപൂവുമണിഞ്ഞ് അമ്മ വീടുവിട്ടുപോയിട്ട് എഴുപത്തിരണ്ടു ദിവസമേ ആയിട്ടുള്ളൂ. കണ്ണുതുളുമ്പാതെ അമ്മയെപ്പറ്റി എഴുതാവുന്നൊരു സാധാരണത്വത്തിലേക്ക് ഞാനെത്തിയിട്ടുമില്ല. ചന്ദനംരണ്ടും, പാവും പവിഴപ്പുറ്റും എന്നു തുടങ്ങുന്നൊരു കുറിപ്പടിയിൽ അമ്മ കാച്ചിയെടുക്കുന്ന കൈയ്യോന്നിഎണ്ണയുടെയും ചന്ദ്രികാസോപ്പിന്റെയും മണമുള്ള മുറിയിൽ ഇനിയൊരിക്കലും അമ്മ ഉണ്ടാവില്ല എന്ന സത്യം ഞാനിതുവരെ വിശ്വസിച്ചിട്ടുമില്ല.

ഇക്കഴിഞ്ഞ മാർച്ച് 28ന്, 79-ാം വയസ്സിലായിരുന്നു അമ്മയുടെ മരണം. കുട്ടനാട്ടിലെ എടത്വായിൽ ജനിച്ചുവളർന്ന് ആലപ്പുഴ ജില്ലയിലെ വിവധസ്ക്കൂളുകളിൽ അദ്ധ്യാപികയായിരുന്ന ടി.എൻ.ശാരദ എന്ന എന്റെ അമ്മ പത്തനംതിട്ട ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂളിലെ യു.പി.വിഭാഗത്തിൽ നിന്നാണു വിരമിച്ചത്. റിട്ടയർമെന്റിനുശേഷം ഏകദേശം കാൽനൂറ്റാണ്ട്! പക്ഷേ അമ്മ ആ പഴയ അദ്ധ്യാപികയുടെ കൃത്യനിഷ്ഠയും കാർക്കശ്യവും വിട്ടുകളഞ്ഞതേയില്ല. അലക്കുകല്ലിൽ അടിച്ചടിച്ചു വെളുപ്പിച്ച്, നീലവും ടിനോപ്പാലും മുക്കിയുണക്കി, ചിരട്ടക്കരികൊണ്ട് ഇസ്തിരിയിട്ടുമാത്രം തൃപ്തിയാകുന്ന അമ്മയ്ക്ക് വാഷിംഗ് മെഷീനിൽ കഴുകിക്കൊടുക്കുന്ന തുണികൾ അത്ര പിടിച്ചിരുന്നില്ല. എങ്കിലും കുളിച്ച്, നീണ്ടമുടി തുമ്പുകെട്ടി, കണ്ണടവച്ച്, വൃത്തിയോടെ, തിങ്കളാഴ്ച കലാകൗമുദിയും, മാധ്യമവും, ചൊവ്വാഴ്ച മാതൃഭൂമിയും ബുധനാഴ്ച മലയാളം വാരികയും വ്യാഴാഴ്ച ചിത്രഭൂമിയും പിന്നെ ഭാഷാപോഷിണിയും വനിതയും കൈയിൽ കിട്ടുന്നതെന്തും വായിക്കുന്ന എന്റെ അമ്മ ഇപ്പോഴതൊക്കെ തിരയുന്നുണ്ടാകുമോ എന്തോ?....... രാവിലെ ഞാനുണരും മുമ്പേ ഉണർന്ന്, എനിക്കുകൂടി കാപ്പി ഇട്ടുവച്ച്, പത്രമെടുത്ത് വായിച്ചിരിക്കുന്ന അമ്മ...ചിലപ്പോഴെങ്ങാനും ഞാൻ നേരത്തെ ചെന്നു പത്രമെടുത്ത് വായിച്ചിരുന്നാൽ കണ്ണടയും കൈയ്യിൽപ്പിടിച്ച് , എന്റെയടുത്തുവന്ന് അസ്വസ്ഥതപിടിച്ചിരിക്കുന്ന അമ്മ..വായിക്കാൻ അകത്തുനിന്നൊരു പേജുകൊടുത്താൽ അതു തട്ടിക്കളയുന്ന അമ്മ..

എന്റെ അമ്മേ..

എനിക്കെഴുതാൻ വയ്യ... ഇതൊരു ധർമ്മസങ്കടമാണ്.

'സംഘടിത'യോടും മിനിപ്രസാദിനോടും എഴുതാമെന്ന് ഞാനേറ്റുപോയി.

പക്ഷേ അണയാത്ത അഗ്നിയായി,

ഒരായിരം ഓർമ്മച്ചിത്രങ്ങളായി അമ്മ മുന്നിൽ നിൽക്കുന്നു...

എഴുതി അകറ്റാനുള്ള സമയമായിട്ടില്ല...

എങ്കിലും സംഘടിതയ്ക്കുവേണ്ടി... ഈ കുറിപ്പ്...



ചാച്ചനും അമ്മയ്ക്കും ഞങ്ങൾ അഞ്ചുമക്കൾ. (ചാച്ചൻ-എന്റെ അച്ഛൻ- പത്തനംതിട്ട മൈലപ്രാ അശോക്ഭവനിൽ എം.എസ്.തങ്കപ്പൻ-58-ാം വയസ്സിൽ നിര്യാതനായി. ഞാൻ രണ്ടാമത്തെയാളാണ്. മൂത്തമകൾ മകം പിറന്നവൾ. പക്ഷേ ജനിച്ചപ്പോഴേ മരിച്ചു. രണ്ടാമത്തെ എന്നെ നേരത്തേ പ്രസവിച്ചതുകൊണ്ട്, കൂടുതൽ കരുതലോടെ വളർത്തിയെന്നാണ് അമ്മ പറയുന്നത്. ശരിയായിരിക്കാം. കാരണം എനിക്ക് എന്നെ ഓർമ്മയുള്ളപ്പോൾ മുതൽ ഞാനൊരു കട്ടബ്ബൊമ്മയാണ്. ഭക്ഷണത്തിനോട് ഒരു വിട്ടുവീഴ്ച്ചയുമില്ല (ഇന്നത്തെ ലാബ് റിസൾട്ട് ഷുഗർ PPBS 354 , കൊളസ്ട്രോൾ 365, ബി.പി.200-120-ഹഹഹ തട്ടിപോകാതിരുന്നതു ഭാഗ്യം!) എന്റെ അനുജത്തി 'ശുഭ' എന്നുഞാൻ പേരിട്ട-പിണങ്ങുമ്പോൾ ഞാൻ 'പശു' എന്നു വിളിക്കുന്ന - അജിതാരവിശങ്കർ - ചിത്രകാരൻ രവിശങ്കറിന്റെ ഭാര്യ- പിന്നെ രണ്ട് അനുജൻമാർ. അതിൽ മൂത്തയാൾ അജിത്കുമാർ എന്ന അനിമോന് 1991 ഏപ്രിൽ 30ന് 23-ാം വയസ്സിൽ ആത്മഹത്യചെയ്തു. സൗദി

അറേബ്യയിൽ ജോലിചെയ്തിരുന്ന ചാച്ചൻ, അനിമോനെയും അവിടെ ജോലിയാക്കി മടങ്ങി നാട്ടിൽവന്ന് അമ്മയോടൊപ്പം വിശ്രമജീവിതം നയിക്കാമെന്നു കരുതിയപ്പോഴാണ് അവൻ എല്ലാം കളഞ്ഞ് നാട്ടിലെത്തിയത്. തുടർന്ന് ഒരു ബൈക്ക് ആക്സിഡന്റ്. ദേഷ്യം കാരണം ചാച്ചൻ അവനോട് സംസാരിച്ചതേയില്ല. പ്ലാസ്റ്ററൊക്കെ അഴിച്ച് നടക്കാറായപ്പോൾ അവൻ വീടുവിട്ടുപോയി. പിന്നെ പാലക്കാട്ടുനിന്ന് ആത്മഹത്യയുടെ വിവരമാണെത്തിയത്. പോലിസ് വിവരമറിയിച്ചപ്പോൾ ചാച്ചൻ ഞങ്ങളോടതുപറയാതെ, മറ്റൊരാളെയുംകൂട്ടി പാലക്കാടിനു പോയി. മോനെകണ്ടതും ചാച്ചൻ വീണുപോയി എന്നാണ് പിന്നീടറിഞ്ഞത്. അവനെ ഭാരതപ്പുഴയുടെ തീരത്ത് സംസ്കരിച്ചശേഷം ചാച്ചൻ മടങ്ങിവന്നപ്പോഴേക്കും പത്രവാർത്തകണ്ട് എല്ലാവരും കാര്യങ്ങളറിഞ്ഞിരുന്നു. (ഭരതം സിനിമ റിലീസായ ദിവസങ്ങൾ...) അവനെക്കാണാതെ കരഞ്ഞ അമ്മ, നിസ്സഹായനായ ചാച്ചൻ- ചാച്ചൻ പിന്നീടാറുമാസംപോലും ജീവിച്ചിരുന്നില്ല. ഒരേവർഷം ഏറ്റവും പ്രിയപ്പെട്ട രണ്ട്പേരെ നഷ്ടപ്പെട്ട അമ്മയ്ക്കു പിന്നെ തുണ ഞാനായിരുന്നു. അന്നുതൊട്ട് അമ്മയുടെ മരണംവരെ – ഇളയമകൻ അശോക് എന്ന അച്ചു കുടുംബസമേതം ന്യൂയോർക്കിലാണ് – അമ്മ എന്നോടൊപ്പം തിരുവനന്തപുരത്ത് ഫ്ളാറ്റു ജീവിതത്തിലും.

ഒരു പക്ഷേ നഗരജീവിതത്തിന്റെ ഏകാന്തതയും ഏജൻസികൾ തരുന്ന വീട്ടുജോലിക്കാരും ഹോംനഴ്സുകളും ചേർന്നു തട്ടിയെടുത്തതാണ് അമ്മയുടെ ജീവൻ എന്നു ഞാൻ വിശ്വസിക്കുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി അമ്മയുടെ ആരോഗ്യസ്ഥിതി മോശമായിരുന്നതിനാൽ ഞാൻ ഏജൻസികൾ വഴി മുഴുവൻ സമയവും നിൽക്കുന്ന പരിചാരകരെ ഏർപ്പാടാക്കിയിരുന്നു. അമ്മ ജോലികൾ ചെയ്യാതിരിക്കാനും, പകൽമുഴുവൻ ഒറ്റയ്ക്കാവാതിരിക്കാനുമായാണ് അങ്ങനെ ചെയ്തത്. ഏജൻസികൾ പലപ്പോഴും പല വിധ കണക്കുകൾ പറഞ്ഞ് ആദ്യം ഒരു തുക ഈടാക്കുകയും ആരെയെങ്കിലും ഒരാളെ തന്ന് അവരുടെ

> നഗരജീവിതത്തിന്റെ
> ഏകാന്തതയും ഏജൻസികൾ
> തരുന്ന വീട്ടുജോലിക്കാരും
> ഹോംനഴ്സുകളും ചേർന്നു
> തട്ടിയെടുത്തതാണ്
> അമ്മയുടെ ജീവൻ
> എന്നു ഞാൻ വിശ്വസിക്കുന്നു

ജോലിതീർക്കുകയും ചെയ്യുകയാണ് പതിവ്. ഞാനൊരല്പം സ്ത്രീപക്ഷപാതം കൂടിയ ആളായതിനാൽ ഇവരെ സമത്വഭാവത്തോടെ സ്വീകരിക്കും. കഴിഞ്ഞ കുറേയധികം വർഷങ്ങൾക്കുള്ളിൽ മോഷണം തൊഴിലാക്കാത്ത വീട്ടുജോലിക്കാരികൾ മൂന്നോ നാലോ പേരേ വന്നിട്ടുള്ളൂ. ഭർത്താവിന്റെയോ മക്കളുടെയോ രോഗവിവരം പറഞ്ഞ് അഡ്വാൻസും വാങ്ങി, ഒരു പ്ലാസ്റ്റിക് കവറും മുഷിഞ്ഞ തുണിയും വച്ചിട്ട് പോയി, മടങ്ങിവരാത്തവർ നിരവധി. ഇവരുടെ പരിചരണങ്ങൾക്കിടയിൽ സ്ട്രോക്ക് വന്ന് അമ്മ കിടപ്പിലായി. പിന്നെ ഫിസിയോതെറാപ്പി, നടത്തി അല്പമൊന്നു നടന്നുതുടങ്ങി. രാവിലെ ഏകദേശം പത്തുമണിയോടെ കുളിക്കാൻ കയറിയ അമ്മ വീണ് ഉച്ചകഴിയും വരെ ബാത്ത്റൂമിൽ കിടന്നപ്പോൾ ഞാൻ കോളേജിലും എന്റെ പരിചാരിക ഉറക്കത്തിലും ആയിരുന്നു. ഞാൻ വൈകിട്ടെത്തുമ്പോൾ നീരുവീർത്ത കൈയോടെ അമ്മ... പിറ്റേന്ന് അവരെപറഞ്ഞുവിട്ടു. പുതിയ ആളിനെ കിട്ടും വരെ ഞാൻ അവധിയിൽ.... വീണ്ടും മറ്റൊരാൾ....ആശുപത്രി... ഹോംനേഴ്സ്...

മരിക്കും മുമ്പൊരു പത്തുദിവസം അമ്മ പൂർണ്ണമായും കിടപ്പിലായിരുന്നു. ഭക്ഷണം കഴിക്കാനാവാതെ ട്യൂബിട്ട്... എയർബെഡ്ഡിലാണ് കിടന്നതെങ്കിലും ദേഹം പെട്ടെന്ന് കുമിളിച്ചുപൊട്ടി...പത്രപരസ്യംകണ്ടു വിളിച്ചു വരുത്തിയ ഹോംനഴ്സ് ഞായാറാഴ്ചവന്നു...വന്നപ്പോഴേ പറഞ്ഞു "ഞാൻ പേഷ്യന്റിന്റെ കാര്യമേ നോക്കൂ..... എന്റെ ഫുഡ് സഹിതം നിങ്ങൾ നോക്കണം.." ഓകെ...ഞാൻ സമ്മതിച്ചു..തിങ്കളും ചൊവ്വയും ഞാൻ കോളേജിൽപോയി. വൈകിട്ടുവന്നാൽ നേരെ അമ്മയുടെ മുറിയിലേക്കാണ് ചെല്ലുന്നത്...അമ്മേ...അമ്മേ എന്നു വിളിച്ച് ഞാൻ കൈപിടിച്ച് അരികിലിരുന്നപ്പോൾ, അമ്മയുടെ കണ്ണുകൾ വശത്തേയ്ക്കു നിറഞ്ഞൊഴുകി....ഒന്നും മിണ്ടാൻവയ്യ...ആരെയും തിരയുന്നില്ല.

മാർച്ച് 28 ബുധനാഴ്ച ഞാൻ രാവിലെ എഴുന്നേറ്റ് കാപ്പിയും ചോറുമൊക്കെയൊരുക്കി. 7.30 നാണ് കോളജിലേക്ക് പോകാനിറങ്ങുക. 7.25 ന് ഞാൻ വാതിലിൽ മുട്ടിവിളിച്ചപ്പോൾ ഹോംനഴ്സ് ഉറക്കത്തിൽ നിന്നെഴുന്നേറ്റു 'ദാ..ഞാനിറങ്ങുന്നു. മണി എഴരയായി..' അമ്മയെ നോക്കുമ്പോൾ ആകെ ശാന്തമായ മട്ടിൽ അമ്മ ചുണ്ടുകൾ നനയ്ക്കുന്നു. ഞാനൊന്നു ഭയന്നു വിളിച്ചപ്പോൾ എന്റെ ഭർത്താവ് ശിവകുമാർ ഓടിയെത്തി. ' നീ അമ്മയ്ക്കിത്തിരിവെള്ളംകൊടുക്കെന്നു' പറഞ്ഞു. ഞാൻ കപ്പിൽനിന്നും കൈയിലിറ്റിച്ച് മൂന്നോനാലോ തുള്ളി... അമ്മയുടെ കണ്ണ് മുകളിലേക്ക്മറിഞ്ഞു... ശിവകുമാർ കൈകൊണ്ട് ആ കണ്ണ് തിരുമ്മിയടച്ചു. അമ്മയുടെ മരണമായിരുന്നു മുന്നിൽ നടന്നതെന്ന് എനിക്ക് വിശ്വസിക്കാനായില്ല.

എനിക്കിപ്പോ ഭൂമിയിലാരെയും പേടിക്കാനില്ല എന്നൊരവസ്ഥയാണെന്നു തോന്നാറുണ്ട്. കാരണം ചെറുപ്പത്തിലെന്നോണം, അമ്മ ഉണ്ടായിരുന്നത്രകാലവും ഞാനമ്മയെ ഭയന്നിരുന്നു. എന്റെ ജീവിതത്തിന്റെ വീഴ്ചകളിലൊക്കെ അമ്മ എനിക്കു താങ്ങായിനിന്നു. അതൊരുവലിയ ബലമായിരുന്നു. ഞാൻ അമ്മയുടെ ബലത്തിലും അമ്മ എന്റെ ബലത്തിലും വിശ്വസിച്ചിരുന്നു. മൂക്കിന്റെ തുമ്പത്ത് ആർക്കും കണ്ടിട്ടില്ലാത്തതരം ഒരു മറുകുമായി, കവിത പഠിപ്പിച്ചും, പടംവരച്ചും, പൂക്കൾ തുന്നിയും, ചെമ്പരത്തിവടിയുമായി അമ്മമുന്നിലുണ്ട്... 'എടീ ഉഷേ...' അമ്മ കാർക്കശ്യത്തോടെ എന്നെ വിളിക്കുന്നുണ്ട്. ഉറക്കത്തിൽ നിന്നും തട്ടിപ്പിണഞ്ഞെണീറ്റ്ഞാൻ കൈയിലിരുന്ന പുസ്തകം തുറന്ന് വായിക്കുന്നുണ്ട്... ■

ന്യൂയോർക്കിൽനിന്ന് പ്രസിദ്ധീകരിക്കുന്ന emalayaee.com എന്ന ഓൺലൈൻ മലയാളം പത്രത്തിൽവന്ന ഒരു സ്പെഷ്യൽ റിപ്പോർട്ട് താഴെക്കൊടുക്കുന്നു

# അജിതയ്ക്കുമാത്രം പറയാൻ കഴിയുന്ന സത്യങ്ങൾ

**മദ്യം,** മയക്കുമരുന്ന്, പെണ്ണ് ഇവയെ കേന്ദ്രമാക്കിയുള്ള സെക്സ് ടൂറിസം, തഴച്ചുവളരുന്ന മാഫിയകൾ, കൊച്ചുപെൺകുട്ടികളെ വലയിൽ വീഴ്ത്തുന്ന വൻ ഗൂഢസംഘങ്ങൾ, അഴിമതി, വർഗ്ഗീയതയുടെ ആളിപ്പടരൽ: കേരളത്തിന്റെ ശോചനീയത അജിത വരച്ചുകാട്ടിയപ്പോൾ ആസുരഭീകരതയുടെ ആഴം വ്യക്തമായി. 63 വയസ്സിന്റെ ജീവിതവും നാലരപ്പതിറ്റാണ്ടിന്റെ രാഷ്ട്രീയ, വിപ്ലവപാരമ്പര്യവുമുള്ള അജിത കേരളമനസ്സാക്ഷിയുടെ യഥാർത്ഥ സൂക്ഷിപ്പുകാരിയാണ്. പഴയത്യാഗങ്ങൾ പിന്നീട് ഉന്നത പടവുകൾ ചവിട്ടാനുള്ള ഏണിപ്പടികളാണ് മറ്റുള്ളവർക്കെങ്കിൽ അജിത ഇന്നും സാധാരണവ്യക്തിയായി ജനങ്ങളിലൊരാളായിക്കഴിയുന്നു. ഒരർത്ഥത്തിൽ കേരളത്തിൽ സത്യംപറയുന്ന ചുരുക്കം ചിലരിലൊരാൾ.

അമേരിക്കയിൽ ഒരു സ്വകാര്യ സന്ദർശനത്തിന് എത്തിയതാണ് പഴയ വിപ്ലവകാരിയും ഭർത്താവ് യാക്കൂബും. സർഗ്ഗവേദിയും കേരളസെന്ററുംകൂടി നല്കിയ സ്വീകരണത്തിൽ പുൽപ്പള്ളി പോലീസ് സ്റ്റേഷൻ ആക്രമണകാലത്തെ (1968) പത്തൊമ്പതുകാരിയിൽനിന്ന് ഇന്നത്തെ അജിതയായുള്ള മാറ്റം അവർ വിവരിച്ചു.

കമ്മ്യൂണിസ്റ്റ് വിപ്ലവകാരിയായിരുന്ന അജിതയ്ക്ക് സ്വീകരണമൊരുക്കുന്നതിനെ പലരും വിമർശിച്ചത് കേരളാസെന്റർ എക്സിക്യൂട്ടീവ് ഡയരക്ടർ ഇ.എം. സ്റ്റീഫനും പ്രസിഡണ്ട് തമ്പി തലപ്പള്ളിയും ചൂണ്ടിക്കാട്ടി. എന്നാൽ മലയാളിയെ സ്വീകരിക്കുന്ന വേദിയാണ് കേരളാ സെന്റർ എന്നും അവരുടെ ആശയഗതി എന്ത് എന്നത് അപ്രസക്തമാണെന്നും അവർ പറഞ്ഞു. സർഗ്ഗവേദിപ്രസിഡണ്ട് മനോഹർ തോമസ് അജിതയെ പരിചയപ്പെടുത്തി.

എതിർപ്പിൽ തനിക്ക് അതിശയമൊന്നുമില്ലെന്നും താൻ എല്ലായ്പ്പോഴും അതു നേരിടാറുണ്ടെന്നും പറഞ്ഞുകൊണ്ടായിരുന്നു അജിതയുടെ തുടക്കം. മാർക്സിസ്റ്റ്, ലെനിനിസ്റ്റ്പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായിരുന്നു തന്റെ അച്ഛൻ കുന്നിക്കൽ നാരായണൻ. പോലീസ് സ്റ്റേഷൻ ആക്രമണത്തിനുശേഷം ആഴ്ചകളോളം തിരുനെല്ലിക്കാട്ടിൽ അലഞ്ഞ അവരെ പോലീസ് പിടികൂടി. കോടതി ജീവപര്യന്തം ശിക്ഷിച്ചു. എന്നാൽ എ.കെ. ആന്റണി മുഖ്യമന്ത്രിയായപ്പോൾ, മൊറാർജി



ദേശായിയുടെ നേതൃത്വത്തിലുള്ള അന്നത്തെ ജനതാസർക്കാറിന്റെ രാഷ്ട്രീയത്തടവുകാരെ വിട്ടയയ്ക്കുന്ന പൊതുനയത്തിന്റെ ഭാഗമായി 1977ൽ അവർ ജയിൽ മോചിതയായി.

1979ൽ അച്ഛൻ മരിച്ചു. ജയിലിൽകിടന്ന കോംപ്ലക്സുകളും വിഷാദവുമായി പുറത്തിറങ്ങിയ അവരെ അമ്മ മന്ദാകിനിയാണ് (2006 ൽ മരിച്ചു) പുതുജീവിതത്തിലേക്കു നയിച്ചത്. തുടർന്ന് സ്ത്രീകളുടെ പ്രശ്നങ്ങളിൽ സജീവമായ അജിത കേരളത്തിലെ പീഡിതരുടെ ശബ്ദമായി. ഏതെങ്കിലും സമരത്തിനുപിന്നിൽ അജിത ഉണ്ടെന്നറിഞ്ഞാൽമതി ആളുകൾ പേടിക്കും. കാശ്കൊടുത്ത് അവരെ ഒതുക്കാനാവില്ല. ഐസ്ക്രീം പാർലർ കേസിൽ ചാക്കുകണക്കിന് പണം കൈമാറ്റം ചെയ്ത് സാക്ഷികളെ മലക്കംമറിച്ചപ്പോഴും അജിത പോരാട്ടം തുടർന്നുകൊണ്ടേയിരിക്കുന്നു.

കോടീശ്വരനായ ഒരു വ്യക്തി കോഴിക്കോട് ഐസ്ക്രീംപാർലർ കേസിൽ സാധാരണപെണ്ണുങ്ങളെ തേടിപ്പോയി എന്നുപറയുന്നതിൽ സത്യമെത്രയുണ്ടെന്ന ചോദ്യം അവരെ ചൊടിപ്പിച്ചു. ആ കേസ് സത്യമാണെന്നവർ തറപ്പിച്ചുപറഞ്ഞു. അവയെപ്പറ്റിയെല്ലാം നേരത്തെ എഴുതിയിട്ടുണ്ട്. പുതിയ വെളിപ്പെടുത്തലുകൾ വരുന്നു. സുപ്രീംകോടതിയിൽ ഇപ്പോൾ കേസ് വി.എസ്. അച്യുതാനന്ദനാണ് നടത്തുന്നത്.

സ്ത്രീശാക്തീകരണത്തിനായി 'ബോധന' എന്ന സംഘടന രൂപീകരിക്കുമ്പോൾ കേരളത്തിൽ ബലാത്സംഗം ഒരു തമാശക്കാര്യമായിരുന്നു. സ്ത്രീ എന്തും സഹിക്കണം. ഭർത്താവ് കൺകണ്ട ദൈവം. ഉത്തരേന്ത്യയിലേതുപോലെ സ്റ്റൗ പൊട്ടിത്തെറിച്ച് സ്ത്രീകളെ കൊല്ലാമെന്ന കണ്ടുപിടുത്തം കേരളീയരും മനസ്സിലാക്കുന്ന കാലം. എന്തായാലും 'ബോധന' (അജിതയടക്കം നാലഞ്ചുപേർ) സ്ത്രീകൾക്കുവേണ്ടി രംഗത്തുവന്നതോടെ സ്ഥിതി മാറി. സ്ത്രീകളുടെ പ്രശ്നം പൊതുപ്രശ്നമാണെന്ന ധാരണ വന്നു. പോലീസ് സ്റ്റേഷനിൽ കുഞ്ഞീബി എന്ന സ്ത്രീ മരിച്ചപ്പോൾ അത് ആത്മഹത്യയായി പോലീസ് ചിത്രീകരിച്ചു. ആത്മഹത്യ ചെയ്യാൻ പോലീസ് സ്റ്റേഷനിൽ പോകണോ? സമരവും പ്രകടനവും നടത്തി, ഒടുവിൽ രണ്ട് എസ്.ഐ. മാരെയും പൊലീസുകാരേയും സസ്പെൻഡു ചെയ്യിക്കാനെങ്കിലുമായി.

മാവൂർ ഗ്വാളിയോർ റയോൺസ് തുറക്കാൻവേണ്ടി ഗ്രോ വാസുവിന്റെ നേതൃത്വത്തിലുള്ള സമരമായിരുന്നു മറ്റൊന്ന്. വീട്ടമ്മമാരെവരെ സമരത്തിനിറക്കി. ഏഷ്യാഡിൽ പരാജയപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പി.ടി. ഉഷയെ നാടെങ്ങും അപഹസിക്കുമ്പോൾ ബോധന അവർക്കുവേണ്ടി പയ്യോളിയിൽചെന്ന് മീറ്റിംഗ് സംഘടിപ്പിച്ചു. തോൽക്കുമ്പോൾ പിന്തുണയ്ക്കുന്നതിനുപകരം അപഹസിക്കുകയല്ല വേണ്ടത് എന്ന് തങ്ങൾ പറഞ്ഞപ്പോൾ ഒരാളുമെതിർത്തില്ല. പിന്നീട് ഉഷ ഒളിമ്പിക്സിൽവരെ നേട്ടം കൊയ്തു. 1990ൽ നടന്ന സ്ത്രീവിമോചനസമ്മേളനത്തെത്തുടർന്ന് 1993ൽ അന്വേഷി എന്ന സംഘടന രൂപം കൊണ്ടു. കുടുംബം കലക്കാൻ നടക്കുന്നവർ എന്നായിരുന്നു ആദ്യകാലത്ത് തങ്ങളെ ഇടതുപക്ഷക്കാർവരെ കുറ്റപ്പെടുത്തിയത്. ശാസ്ത്രസാഹിത്യ പരിഷത്താണ് ആദ്യമായി പിന്തുണയുമായി എത്തിയത്. തുടർന്ന് പുരുഷാധിപത്യത്തിനെതിരെ ഇ.എം.എസിന്റെ നിലപാടും വന്നു.

അന്വേഷി മലബാറിലെ ജില്ലകളിൽ ഇപ്പോൾ സ്ത്രീകൾക്ക് സാന്ത്വനമാവുന്നു. പ്രതിമാസം മുപ്പതു സ്ത്രീകളെങ്കിലും സേവനം തേടിവരും. അവർക്കു സഹായങ്ങൾ, കൗൺസലിങ്ങ്, ലീഗൽ എയ്ഡ് തുടങ്ങിയവയൊക്കെ അന്വേഷി ചെയ്യുന്നു. ഗാർഹിക പീഡനം കേരളത്തിൽ കൂടുകയാണ്. പ്രധാന വില്ലൻ മദ്യാസക്തിയാണ്. യാതൊരു നിയന്ത്രണവുമില്ലാതെ മദ്യം ലഭ്യമാവുന്നു. നിയമം മൂലം സ്ത്രീധനം നിയന്ത്രിച്ചു. പക്ഷേ, ആരും കേസ് കൊടുക്കില്ല. കാരണം വാദിയും പ്രതിയും കുടുംബം എന്നതാണ് നിയമത്തിന്റെ പ്രത്യേകത. ഐസ്ക്രീം പാർലർ കേസിൽ മാത്രമല്ല, വിതുര കേസ്, കിളിരൂർ കേസ്, സൂര്യനെല്ലി കേസ് എന്നിവയിലൊക്കെ തങ്ങൾ ഇടപെട്ടു. സൂര്യനെല്ലി പെൺകുട്ടിയെ സുപ്രീംകോടതിയിൽ മോശമായി ചിത്രീകരിക്കാനുള്ള ശ്രമമാണ് അവർക്കെതിരെ ഈയിടെയുണ്ടായ പണാപഹരണകേസ്.

ആഗോളവത്ക്കരണം സ്ത്രീക്കും ജനങ്ങൾക്കുംതന്നെ എതിരാണെന്നവർ പറയുന്നു. വികസനം ജനങ്ങൾക്കുവേണ്ടി എന്നതിനുപകരം വികസനം വികസനത്തിനുവേണ്ടി എന്നു ചിന്തിക്കുന്നവർ ധാരാളം. ഭക്ഷ്യോത്പാദനത്തിനുപകരം നാം നാണ്യവിളവിലേക്കു പോയി. അതിന്റെ വില അന്താരാഷ്ട്ര വിപണിയിലാണു നിശ്ചയിക്കുന്നത്. കർഷകർ ബാങ്കിൽനിന്നും പലിശക്കാരിൽനിന്നും വായ്പയെടുക്കുന്നു. തിരിച്ചടയ്ക്കാനാവാകെ ആത്മഹത്യചെയ്യുന്നു. ചെറുകിടവ്യവസായം ഇല്ലാതായി. സ്വയംപര്യാപ്തത മറന്നു. ആഗോളവത്കരണത്തിന്റെ പുതിയമുഖമാണ് ടൂറിസം. അനിയന്ത്രിതമായ ടൂറിസത്തെയാണ് വേൾഡ് ബാങ്കും മറ്റും പ്രോത്സാഹിപ്പിക്കുന്നത്. അനിവാര്യമായും അത് മദ്യം, മയക്കുമരുന്ന്, പെണ്ണ് എന്നീ ഘടകങ്ങളിലേക്കു മാറും. തായ്ലൻഡിൽ സംഭവിച്ചതുപോലെ ടൂറിസ്റ്റുകൾക്കുവേണ്ടി കൊച്ചുപെൺകുട്ടികളെ വലവീശാനാണ് ഒരു മാഫിയ പ്രവർത്തിക്കുന്നത്. ജ്യുഡീഷ്യറിയും അഴിമതിയിൽനിന്ന് മോചിതമല്ലെന്നവർ പറഞ്ഞു. എന്നാലും കോടതിയിൽ പോകാതിരിക്കാനാവില്ല. അച്യുതാനന്ദൻ ഗവണ്മെന്റു കൊണ്ടുവന്ന നല്ല കാര്യങ്ങൾ ഉമ്മൻചാണ്ടി സർക്കാർ ഇല്ലാതാക്കുന്നതാണ് ഇപ്പോൾ കണ്ടുവരുന്നത്.

> തോൽക്കുമ്പോൾ പിന്തുണയ്ക്കുന്നതിനുപകരം അപഹസിക്കുകയല്ല വേണ്ടത് എന്ന് തങ്ങൾ പറഞ്ഞപ്പോൾ ഒരാളുമെതിർത്തില്ല

ടി.പി. ചന്ദ്രശേഖരന്റെ കൊലപാതകം വലിയ മാറ്റത്തിനുകാരണമാകുന്നുണ്ട്. ആർ.എസ്.എസ്., എൻ.ഡി.എഫ്., തുടങ്ങിയ സംഘടനകൾമൂലം എല്ലാ മതവിഭാഗങ്ങളിലും വർഗീയത ശക്തിപ്പെട്ടിരിക്കുന്നു. ഇടതുപക്ഷത്തിന്റെ പരാജയമാണിത്. മാർക്സിസ്റ്റുപാർട്ടിയുടെ ലക്ഷ്യം തിരഞ്ഞെടുപ്പുവിജയം മാത്രമായി. അതിനവർ എന്തു വിട്ടുവീഴ്ചയും ചെയ്യും. യു.ഡി.എഫ്. ചെയ്യുന്നതും അതുതന്നെ.

കൂടംകുളം ആണവനിലയത്തിന്റെ കാര്യത്തിൽ കേരളീയർ അനങ്ങിയിട്ടില്ല. അത് തമിഴ്നാട്ടിലാണെങ്കിലും എന്തെങ്കിലും സംഭവിച്ചാൽ ബാധിക്കുന്നതിൽ നല്ലൊരു പങ്ക് കേരളീയരെയാണ്.

സ്കൂളുകളിലും കോളേജുകളിലും കോ-എജ്യുക്കേഷൻ നിർബന്ധിതമാക്കണമെന്ന് അവർ പറയുന്നു. യാഥാർത്ഥ്യവുമായി ബന്ധപ്പെടാതെ ആണും പെണ്ണും വളരുമ്പോൾ അവർ തെറ്റിദ്ധാരണയിൽ പെടുന്നു. ആരെങ്കിലും കണ്ണുകാണിച്ചാൽപോലും പ്രേമമാണെന്നു തെറ്റിദ്ധരിക്കുന്നു.

തന്റെ ഭൂതകാലത്തെപ്പറ്റി പശ്ചാത്താപം ഒന്നുമില്ല എന്ന് അവർ സൂചിപ്പിച്ചു. അഹിംസയെപ്പറ്റിപ്പറയുമ്പോൾതന്നെ ഭരണകൂടം ഹിംസയെ ഉപയോഗിക്കുന്നത് മറക്കരുത്. തങ്ങളുടെ സ്ഥലം തട്ടിയെടുക്കാൻവരുന്ന കുത്തകകളെ ഉത്തരേന്ത്യയിലെ ആദിവാസികൾ എന്തു ജനാധിപത്യമാർഗ്ഗത്തിലൂടെയാണ് ചെറുക്കേണ്ടത്? എങ്കിലും എല്ലാ ആക്രമണവും അംഗീകരിക്കാനും ആവില്ല. ■



അന്വേഷി കേസ് ഡയറി

# സദാചാര പോലീസ് വയനാട്ടിലും



▶ എലിസബത്ത് സി. എസ്.

**കേരളത്തിലെ** വർത്തമാനകാല ചർച്ചകളിൽ ഏറ്റവും കൂടുതൽ ഉയർന്നുവരുന്ന പ്രശ്നം 'സദാചാരപോലീസിംഗ്' ആയി മാറിയിരിക്കുന്നു. സദാചാരം എന്ന വാക്ക് മലയാളിക്ക് അന്യമല്ല. പക്ഷേ, സദാചാരപോലീസ് കേരളത്തിലെ സദാചാരത്തിന്റെ സംരക്ഷകരായി മാറിയിരിക്കുകയാണ്. മതവർഗ്ഗീയവാദികളായ ക്രിമിനലുകളാണ് ഇതിന്റെ വക്താക്കളായി പ്രത്യക്ഷപ്പെടുന്നത്. കേരളത്തിന്റെ പലഭാഗത്തും ഇന്ന് സദാചാരപോലീസ് സ്ത്രീകൾക്കും പെൺകുട്ടികൾക്കും യുവാക്കൾക്കുമെതിരെ സദാചാരത്തിന്റെ വടിവാളേന്തി ആക്രമണം നടത്തിക്കൊണ്ട്



പൗരാവകാശത്തിനുമേൽ ആധിപത്യം ഉറപ്പിക്കുകയാണ്. ദൃശ്യമാധ്യമങ്ങളിലും പത്രത്താളുകളിലും ഇവരുടെ ആക്രമണങ്ങൾ വാർത്തയായി മാറിക്കഴിഞ്ഞു.

നമ്മുടെ സദാചാരം എന്നുപറയുന്നത് സ്ത്രീപുരുഷ ലൈംഗികബന്ധങ്ങളുടേതായി മാറിയിരിക്കുന്നു. പ്രായപൂർത്തിയായ ഒരു വ്യക്തി–സ്ത്രീയായാലും പുരുഷനായാലും ആരെ പ്രേമിക്കണമെന്നതും ആരുമായി ലൈംഗികബന്ധം പുലർത്തണമെന്നതും അവരുടെ പൗരാവകാശമാണ്. മതവർഗ്ഗീയ പ്രസ്ഥാനങ്ങൾ സദാചാരവുമായി ബന്ധപ്പെട്ട കാര്യത്തിൽ വിവാഹപൂർവ്വ സ്ത്രീപുരുഷബന്ധങ്ങളിൽ കാലത്തിനനുസരിച്ച മാറ്റം ഉൾക്കൊള്ളുവാനോ പഠനത്തിനു വിധേയമാക്കാനോ സംവാദത്തിനോ തയ്യാറല്ല. അവർ വർഗ്ഗീയസംഘങ്ങളെ വളർത്തിക്കൊണ്ടുവന്ന് സദാചാരപോലീസിനെക്കൊണ്ട് മര്യാദ പഠിപ്പിക്കുന്നു. കാസർകോട് എം.എൽ.എ.യുടെ മകൾ തുടങ്ങി റെയ്ന കാസി, തസ്നിബാനു, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിക്കടുത്തുള്ള കോളേജ് വിദ്യാർത്ഥിനി ഇങ്ങനെ പലരേയും സദാചാരം പഠിപ്പിച്ചുകഴിഞ്ഞു. കോഴിക്കോട് ജില്ലയിലെതന്നെ മുക്കത്തെ ഒരു യുവാവിനെ തല്ലിക്കൊന്നുകൊണ്ടാണ് ഇവർ സദാചാര സംരക്ഷകരായി മാറിയത്. ഇപ്പോൾ വയനാട് ജില്ലയിലെ പടിഞ്ഞാറത്തറയിൽ സക്കീനയേയും ഇവർ ഒരുമാസംമുമ്പ് കൊല്ലാക്കൊല ചെയ്തുവിട്ടിരിക്കയാണ്.

എന്താണ് സക്കീന ചെയ്ത തെറ്റ്?

ഇപ്പോൾ 35കാരിയായ സക്കീന 19 വർഷത്തെ വിവാഹ ജീവിതത്തിനിടെ രണ്ട് ആൺകുട്ടികളുടെ ഉമ്മയായി. ഹൈസ്കൂൾ വിദ്യാർത്ഥികളായ രണ്ടു മക്കൾ. വിവാഹം കഴിഞ്ഞുവന്ന കാലം മുതൽ ഭർത്താവ് ഉസ്മാൻ അവളെ ക്രൂരമായി മർദ്ദിക്കുമായിരുന്നു. സാമാന്യം തരക്കേടില്ലാത്ത സാമ്പത്തികശേഷിയുള്ള കുടുംബമായിരുന്നു സക്കീനയുടേത്. 15 പവൻ സ്ത്രീധനം ഉസ്മാൻ ആവശ്യപ്പെട്ടെങ്കിലും 17 പവൻ സ്വർണ്ണവും അതിനനുസരിച്ച പണവും ഉസ്മാന് കൊടുത്താണ് വിവാഹം കഴിപ്പിച്ചത്. പണക്കൊതിയനായ ഉസ്മാൻ അയാൾക്കാവശ്യമുള്ളപ്പോഴൊക്കെ സക്കീനയോട് വീട്ടിൽപോയി പണം കൊണ്ടുവരാൻ പറഞ്ഞ് മർദ്ദിക്കുക പതിവായിരുന്നു. ഇതൊന്നും സക്കീന സ്വന്തം വീട്ടുകാരെ അറിയിച്ചിരുന്നില്ല. ഓരോകാര്യം പറഞ്ഞ് ഉപ്പയോട് പണംവാങ്ങിക്കൊടുക്കുക പതിവായിരുന്നു. മൂത്തമകനെ പ്രസവിക്കാൻ വീട്ടിൽ

കൊണ്ടുവിട്ടിട്ട് മകൻ നടക്കാൻ തുടങ്ങിയതിനുശേഷം മാത്രമാണ് ഉസ്മാൻ സക്കീനയെ സ്വന്തം വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്നത്. അതുതന്നെ മധ്യസ്ഥന്മാരെ കൂട്ടിയാണ് അയാൾ കൂട്ടിക്കൊണ്ടുവരാൻ തയ്യാറായത് പിന്നീട് പല പ്രാവശ്യവും ഉസ്മാൻ സക്കീനയെ വീട്ടിൽ കൊണ്ടുവിടുക പതിവായിരുന്നു. 4 മാസം മുതൽ 1 കൊല്ലംവരെ അവൾ സ്വന്തം വീട്ടിൽ കഴിയും. പഞ്ചായത്തുകാരെ വിളിപ്പിച്ച് കൂട്ടിക്കൊണ്ടുവരാൻവേണ്ടി ഉസ്മാൻതന്നെ ഏർപ്പാടാക്കും. പഞ്ചായത്തുകാരെ വിളിക്കേണ്ടതും സക്കീനയുടെ വീട്ടുകാരാണെന്ന് അയാൾ നിർബന്ധം പിടിക്കും. ഇത് ആവർത്തിച്ചുകൊണ്ടേയിരുന്നു. സ്വന്തം ജീവിതവും കുട്ടിയുടെ ഭാവിയും ഓർത്ത് സക്കീന വീണ്ടും വീണ്ടും വിട്ടുവീഴ്ചയ്ക്കു തയ്യാറായിക്കൊണ്ടേയിരുന്നു. രണ്ടാമത്തെ മകനും ജനിച്ച് 11 ദിവസം കഴിഞ്ഞപ്പോൾ സക്കീനയ്ക്ക് മാനസിക വിഭ്രാന്തിയുണ്ടായി. രണ്ടാമത്തെ കുഞ്ഞിനെ ഗർഭിണിയായിരിക്കുമ്പോൾ ഉസ്മാൻ സക്കീനയെ അവളുടെ വീട്ടിൽ കൊണ്ടുവിട്ടതാണ്. പിന്നെ തിരിഞ്ഞുനോക്കിയതേയില്ല. രണ്ടു പ്രസവവും സിസേറിയനായിരുന്നു. തന്റേയും രണ്ടു മക്കളുടേയും മുന്നോട്ടുള്ള ജീവിതം ഓർത്തപ്പോൾ അവൾ മനോരോഗിയായി. സ്വന്തം വീട്ടുകാർതന്നെ അവളുടെ അസുഖം ചികിത്സിച്ചു ഭേദമാക്കി വീണ്ടും മദ്ധ്യസ്ഥന്മാർ മുഖേന ഉസ്മാന്റെ വീട്ടിൽ കൊണ്ടുവിട്ടു. ഭർത്താവിന്റെ മാതാപിതാക്കളും സഹോദരങ്ങളും സ്നേഹസമ്പന്നരായിരുന്നതിനാൽ അയാളുടെ ക്രൂരത മക്കൾക്കുവേണ്ടി സഹിക്കുവാൻ സക്കീന തയ്യാറായിരുന്നു. അങ്ങനെ ജീവിക്കുമ്പോഴാണ് 8 വർഷംമുമ്പ് ഗൾഫിൽ പോകുവാൻ ഉസ്മാന് അവസരം വന്നത്. അതിനുവേണ്ട പണം മുഴുവൻ ചെലവാക്കിയത് സക്കീന തന്നെയാണ്. 8 വർഷത്തെ ഗൾഫ് ജീവിതത്തിനിടയിൽ അയാൾ മൂന്നുപ്രാവശ്യം നാട്ടിൽവന്നു. 6 മാസത്തോളം വീട്ടിൽ താമസിച്ച് തിരിച്ചുപോകുമ്പോൾ അയാൾക്ക് വീണ്ടും പാസ്പോർട്ട് ഉണ്ടാക്കാനും യാത്രാചെലവിനും ഉള്ള പണം സക്കീന കണ്ടെത്തേണ്ടിയിരുന്നു. ഇത്രയുംകാലം ഗൾഫിൽ നിന്നിട്ടും ഒരൊറ്റ പൈസപോലും ചെലവിന് അയാൾ അയച്ചുകൊടുത്തിരുന്നില്ല. സ്വന്തം വീട്ടുകാരെ ബുദ്ധിമുട്ടിച്ചും കൂലിപ്പണിക്കും വീട്ടുവേലയ്ക്കും തൊഴിലുറപ്പുപദ്ധതി പണിക്കും ഒക്കെപ്പോയി നിത്യജീവിതത്തിനും മക്കളുടെ ചെലവിനും പണം കണ്ടെത്തി. സ്വന്തം പേരിലുള്ള 10 സെന്റ് സ്ഥലത്തെ മരംവെട്ടി വിറ്റാണ് ഗൾഫിൽ പോകുന്നതിന് ഉസ്മാനെ സക്കീന സഹായിച്ചത്. ഗൾഫ് ജീവിതത്തിനിടയിൽ ഉസ്മാന്റെ സുഹൃത്തുക്കൾ സക്കീനയെക്കൊണ്ട് വ്യഭിചാര കഥകളും ഉസ്മാന് എത്തിച്ചുകൊടുത്തിരുന്നു. പണം തട്ടിയെടുക്കുകയും ചെയ്തു. അവൾ കൂലിപ്പണിക്കുപോയിരുന്ന വീട്ടിലെ സൂപ്പിയുമായി അവിഹിത ബന്ധമുണ്ടെന്നു പറഞ്ഞാണ് അപവാദം പ്രചരിപ്പിച്ചത്. ഉസ്മാൻ സക്കീനയെ സംശയിക്കുകയും ഗൾഫിൽനിന്നുവന്ന ശേഷം ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്യുമായിരുന്നു. സൂപ്പി ക്രിമിനൽകേസിൽ പ്രതിയായിരുന്നതിനാൽ സക്കീനയുടെ വീട്ടുകാർ ആദ്യം ഈ ബന്ധത്തെ എതിർത്തിരുന്നു. അവർക്ക് ഉസ്മാന്റെ ക്രൂരമായ മർദ്ദനങ്ങളെപ്പറ്റി ഒന്നും അറിയില്ലായിരുന്നു. സക്കീന പറഞ്ഞിരുന്നുമില്ല. സക്കീനയും സൂപ്പിയും പ്രണയത്തിലാണെന്ന കാര്യം പരസ്യമായപ്പോൾ ഒറ്റയ്ക്കു താമസിച്ചിരുന്ന ഉസ്മാൻ 60 ദിവസം സക്കീനയോടൊപ്പം നിർബന്ധമായും വന്ന് താമസിച്ചു. ഈ 60 ദിവസവും അയാൾക്കറിയാവുന്ന എല്ലാ തെറികളും പറയുകയും ലൈംഗികപീഡനം നടത്തുകയും ചെയ്തിരുന്നു. പിന്നീട് ഉസ്മാൻ അവളെ മൊഴിചൊല്ലി മറ്റൊരു പെണ്ണിനെ വിവാഹവും കഴിച്ചു.

സക്കീനയെ സംബന്ധിച്ചിടത്തോളം അവളുടെ ഭാവിജീവിതം ചോദ്യചിഹ്നമായി അവശേഷിച്ചു. വിവാഹമോചിതയായ മുസ്ലീം സ്ത്രീ. വിദ്യാർത്ഥികളായ രണ്ടു മക്കൾ. സ്വന്തംകാലിൽ നിൽക്കാൻ പ്രാപ്തരായിട്ടില്ല. വീട്ടുകാർക്കും താനൊരു ശല്യമാകുമെന്ന അവസ്ഥ വന്നപ്പോൾ സൂപ്പിയുമായുള്ള വിവാഹം നടത്താമെന്നു തീരുമാനിച്ചു. സൂപ്പി ഭാര്യയും രണ്ടുമക്കളുമുള്ള

> ഗൾഫ്ജീവിതത്തിനിടയിൽ
> ഉസ്മാന്റെ
> സുഹൃത്തുക്കൾ
> സക്കീനയെക്കൊണ്ട്
> വ്യഭിചാരകഥകളും
> ഉസ്മാന്
> എത്തിച്ചുകൊടുത്തിരുന്നു

ആളായതിനാൽ പെട്ടെന്നു വിവാഹം നടത്തുക ബുദ്ധിമുട്ടായിരുന്നു. രണ്ടുമൂന്നുമാസത്തെ കാലതാമസം വേണ്ടിവരുമെന്നതിനാൽ അവൾക്കൊരഭയം അത്യാവശ്യമായിരുന്നു. അങ്ങനെ സക്കീന വയനാട് വിമെൻസ് പ്രൊട്ടക്ഷൻ ഓഫീസറെ കണ്ട് സംരക്ഷണത്തിന് അപേക്ഷിച്ചു. അദ്ദേഹം അന്വേഷി ഷോർട്ട് സ്റ്റേഹോമിൽ സക്കീനയ്ക്ക് അഭയം കൊടുക്കാൻ അഭ്യർത്ഥിച്ചു. അതുപ്രകാരം സക്കീന ഷോർട്ട് സ്റ്റേഹോം അന്തേവാസിയായി. 4 മാസമായിട്ടും വിവാഹം വൈകിക്കുന്നതിനാൽ അന്വേഷിയുടെ നിരന്തരമായ ഇടപെടലിലൂടെസൂപ്പി കല്യാണം കഴിച്ച് ഏറ്റെടുക്കാൻ തയ്യാറാവുകയും മുണ്ടക്കുറ്റി മഹല്ല് കമ്മറ്റിക്കാർ 11 പേരും 12-ാം മൈൽ മഹല്ല് കമ്മറ്റിക്കാരും സക്കീനയുടെ 3 സഹോദരന്മാരും ഉൾപ്പെടെ 11 പേരും ചേർന്ന് സൂപ്പിക്ക് വിവാഹംകഴിച്ചുകൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു.

2012 ഏപ്രിൽ 19ന് അവർ വിവാഹിതരായി- 3 ദിവസം സഹോദരിയോടൊപ്പം താമസിച്ചു. പിന്നീട് സൂപ്പിയുടെ രണ്ടുവീടുകളിലൊന്നിൽ താമസം തുടങ്ങി. വിവാഹത്തിന്റെ 10-ാം ദിവസം രാത്രി എട്ടരയോടെ സക്കീന രണ്ടുപാത്രങ്ങളിൽ ചോറുവിളമ്പിവെച്ചു. ആക്രമിക്കപ്പെടാൻ സാദ്ധ്യതയുണ്ടെന്ന മുന്നറിയിപ്പുള്ളതിനാൽ പെട്ടെന്ന് ഭക്ഷണംകഴിച്ച് സ്ഥലംവിടാമെന്നു കരുതി. പക്ഷേ, ഈ സമയത്ത് പുറത്തുനിന്ന് സക്കീന എന്ന വിളികേട്ട് അവൾ വാതിൽ തുറന്ന ഉടനെ കണ്ടത് മുണ്ടക്കുറ്റി മഹല്ല് പ്രസിഡണ്ട്, ആദ്യഭർത്താവ് ഉസ്

മാൻ, മഹല്ലുകമ്മറ്റിക്കാർ ഉൾപ്പെടെ തനിക്കറിയാവുന്ന 24 പേർ വീട്ടിലേക്കു കയറാൻവേണ്ടി നിൽക്കുന്നതാണ്. വാതിൽ തുറന്ന ഉടനെ കല്യാണം കഴിഞ്ഞോടീ എന്നു ചോദിച്ച് തെറിവിളിച്ചുകൊണ്ട് ഉസ്മാൻ അവളെ ചവിട്ടിവീഴ്ത്തി വലിയ വടികൊണ്ട് പുറത്തടിക്കുകയാണു ചെയ്തത്. അക്രമിസംഘത്തിലെ എല്ലാവരുടെയടുത്തും വടിയും ആയുധങ്ങളുമുണ്ടായിരുന്നു. സൂപ്പിയെ വകവരുത്തുകയായിരുന്നു അവരുടെ പ്ലാൻ. ഈ സമയം സൂപ്പി പുറകുവശത്തുകൂടി രക്ഷപ്പെട്ടിരുന്നു. സ്ത്രീയായതിനാൽ തന്നെ ഉപദ്രവിക്കില്ല എന്നാണ് സക്കീന വിചാരിച്ചത്. ഉസ്മാനും കൂട്ടാളികളും അവളെ തല്ലിച്ചതച്ചശേഷം ഒരുകിലോമീറ്റർ ദൂരം വലിച്ചിഴച്ചുകൊണ്ടുപോയി. സൂപ്പിയുടെ ഒന്നാം ഭാര്യയും മക്കളും താമസിക്കുന്ന വീടിനുമുന്നിൽ നിർത്തിയിട്ട് നീ ഇവളെ വീട്ടിൽ കയറ്റിയാൽ നിന്നെയും മക്കളെയും അടിച്ചുശരിയാക്കും വീട് ചുട്ടുകളയും എന്നു ഭീഷണിപ്പെടുത്തുകയും ചെയ്തതിനാൽ ആ സ്ത്രീ വാതിൽ തുറക്കാൻ ധൈര്യപ്പെട്ടില്ല. വീണ്ടും സക്കീനയുടെ കൈപിടിച്ചുവലിച്ച് സൂപ്പിയുടെ മണവാട്ടിവാ വീട്ടിൽ കൊണ്ടുവിടാം എന്നു പറഞ്ഞ് പഴയവീട്ടിലേക്കു കൊണ്ടുവന്നു. അക്രമികൾ സൂപ്പി മച്ചിൻ പുറത്തുണ്ടാകുമെന്ന ധാരണയിൽ ഓട്ടുംപുറത്തുകയറി ഓടിളക്കി മച്ചിൻമേൽ ഇറങ്ങി. ഈ സമയത്ത് ഒരുവിധം ഇഴഞ്ഞ് അകത്തുകയറി സക്കീന വാതിലടച്ചു കുറ്റിയിട്ടു ചാരിനിന്നു. അവളുടെ തലയ്ക്കടി കിട്ടിയതിനാൽ ചോരയൊലിച്ച് അവൾ നിലത്തുവീണുപോയി. ഈ സമയത്തൊക്കെ ഇവരെല്ലാവരും തെറിവിളിക്കുകയും നീ ഭക്ഷണം കഴിച്ചോടീ, വണ്ടിയിൽ കയറ് നിന്നെ ഞങ്ങളുടെ വീട്ടിൽ ആക്കിത്തരാം, അല്ലെങ്കിൽ സഹോദരിയുടെ വീട്ടിൽ കൊണ്ടുവിടാം എന്നൊക്കെപ്പറയുന്നുണ്ടായിരുന്നു. സൂപ്പിയുടെ അനുവാദമില്ലാതെ എങ്ങോട്ടും ഇല്ല എന്ന് അവൾ തറപ്പിച്ചുപറഞ്ഞു. പുലർച്ചയ്ക്ക് ബാങ്ക് വിളി കേട്ടപ്പോൾ പ്രസിഡണ്ടും കൂട്ടാളികളും നിസ്കരിക്കാൻ പോയ തക്കംനോക്കി അവൾ അവിടുന്ന് അയൽവാസിയുടെ തൊഴുത്തിൽ അഭയംതേടി. സൂപ്പി ഈ വീട്ടിൽ ഉണ്ടായിരുന്നു. അയാൾ പോലീസിൽ വിവരമറിയിക്കുകയും വയനാട് ജില്ലാ ആസ്പത്രിയിൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. ഇത്ര ക്രൂരമായ പീഡനം ഒരു സ്ത്രീക്കുനേരെ നടത്തിയ പരാതി കിട്ടിയിട്ടും പോലീസ് നിഷ്ക്രിയത്വം പാലിക്കുകയാണുണ്ടായത്. സക്കീനയുടെ പരാതിപ്രകാരം സ്ത്രീസംഘടനാനേതാക്കൾ പോലീസോഫീസറെ നേരിട്ടുവിളിച്ച് മൊഴിയെടുക്കാൻ ആവശ്യപ്പെടുകയും അദ്ദേഹം പോലീസിനെ അയയ്ക്കുകയും ചെയ്തു.

വിവാഹമോചിതയായ മുസ്ലിം സ്ത്രീയെ ആദ്യഭർത്താവ് മുഖത്തുപോലും നോക്കാൻപാടില്ല എന്ന മതകല്പനയുള്ള സമുദായത്തിൽ അന്യസ്ത്രീയായി മാറിക്കഴിഞ്ഞ സക്കീനയെ കൊല്ലാക്കൊല ചെയ്യുകമാത്രമല്ല അവളെ ഡിസ്ചാർജ്ജ് ചെയ്യിക്കാനും കേസെടുക്കാതിരിക്കാനും മുൻഭർത്താവും സദാചാരപോലീസുകാരും കിണഞ്ഞു ശ്രമിച്ചിട്ടും അന്വേഷിയുടേയും വിമെൻസ് വോയ്സിന്റേയും ഇടപെടൽമൂലം കേസെടുക്കുകയും ചികിത്സ ലഭിക്കുകയും ചെയ്തു. ഈ സംഭവത്തിനുശേഷം ഭർത്താവിന്റെ വീട്ടിലോ സ്വന്തം കുടുംബത്തിലോ താമസിക്കാൻ സദാചാരക്കാർ സക്കീനയെ സമ്മതിക്കുന്നില്ല. അഭയത്തിനായി അലയുകയാണ്. സദാചാരപോലീസ് ചമഞ്ഞുകൊണ്ട് സ്ത്രീയുടെ വ്യക്തിസ്വാതന്ത്ര്യത്തിനെതിരെ നടത്തിയ ഈ ക്രൂരമായ ആക്രമണത്തിൽ പ്രതിഷേധിച്ചുകൊണ്ട് സ്ത്രീസംഘടനകളുടെ കൂട്ടായ്മ മെയ് 11ന് വയനാട് സിവിൽസ്റ്റേഷനു മുന്നിൽ പ്രതിഷേധ ധർണ നടത്താൻ തീരുമാനിച്ചു. ഈ സംഭവത്തെപ്പറ്റി ലഘുവിവരണത്തോടെ നോട്ടീസും അടിച്ചിറക്കി. തലേദിവസംതന്നെ ഈ നോട്ടീസ് കയ്യിൽ കിട്ടിയ സദാചാരക്കാരിൽ ചിലർ ഇതിൽ പങ്കെടുക്കുമെന്നുറപ്പുള്ള സ്ത്രീപ്രവർത്തകരെ വിളിച്ച് പരിപാടിയിൽ പങ്കെടുത്താൽ വിവരമറിയുമെന്നുപറഞ്ഞ് ഭീഷണിപ്പെടുത്തി. ധർണ നടത്തുന്ന അന്നു രാവിലെ പരിപാടിയിൽ പങ്കെടുക്കാൻ എത്തിയ സ്ത്രീകൾ നോട്ടീസ് വിതരണം ചെയ്യുന്നതുകണ്ട് സ്ത്രീകളോട് ഈ പരിപാടിയിൽ നിങ്ങൾ പങ്കെടുക്കേണ്ട ആവശ്യമില്ല. പോലീസ് കേസെടുത്ത് വേണ്ടരീതിയിൽ കൈകാര്യം ചെയ്യുന്നുണ്ട്. ഇനി നിങ്ങളുടെ കൈകടത്തൽ ഉണ്ടായാൽ പോലീസ് ഇടപെടും. ഇന്ന് സമരമൊന്നും നടത്തണ്ട, വീട്ടിൽ പൊയ്ക്കോ എന്നുപറഞ്ഞ് സ്ത്രീകളെ പിൻതിരിപ്പിക്കാൻ ശ്രമിച്ച സംഭവവുമുണ്ടായി. പോലീസുകാർ ധർണയ്ക്ക് അനുവാദം നല്കിയില്ല. അന്നു കലക്ടറേറ്റിൽ വേറെ രണ്ടു പ്രതിഷേധയോഗങ്ങളും നടത്തിയിരുന്നതിനാൽ അവരിൽ ഒരുകൂട്ടരുടെ



സദാചാര പോലീസിന്റെ ആക്രമണത്തിനിരയായ തസ്നിബാനു

ഹാൻഡ്മൈക്ക് ഉപയോഗിച്ചാണ് സ്ത്രീസംഘടനകൾ അവരുടെ ശക്തമായ പ്രതിഷേധധർണ്ണ നടത്തിയത്. ഈ പ്രതിഷേധധർണയ്ക്ക് ആളുകൾ ശക്തമായ ആനുകൂല്യം പ്രകടിപ്പിക്കുകയും വയനാട്ടിലെ ചാനലും സായാഹ്നപത്രവും നല്ല വാർത്ത കൊടുക്കുകയും ചെയ്തു.

സ്ത്രീകളുടെ അന്തസ്സുയർത്തിപ്പിടിക്കുന്ന നിയമവ്യവസ്ഥകളുള്ള ഒരു ജനാധിപത്യരാജ്യത്ത് ഇന്ന് സ്ത്രീകളുടെ അവസ്ഥ എന്താണ്? മതാധിപത്യമാണ് ഇന്ന് സമൂഹത്തെ നയിക്കുന്നത്. പ്രത്യേകിച്ചും സ്ത്രീകളെ. പുരുഷന്മാരെപ്പോലെ ദൈവവിശ്വാസവും ഭക്തിയും സ്ത്രീകൾക്കുണ്ട്. മതത്തിന്റെയോ ആത്മീയതയുടെയോ പേരിൽ അവർ ആരെയും ചൂഷണം ചെയ്യുന്നുമില്ല. അവിടേയും മതം സ്ത്രീകളെ ഉപയോഗിക്കുന്നുണ്ടുതാനും. ഭരണസംവിധാനവും സ്ത്രീക്കെതിരാണ്. സാമൂഹ്യനീതിയും സ്ത്രീയെ മാത്രം ക്രൂശിക്കുന്നു. തുല്യ അവകാശങ്ങളും തുല്യനീതിയും വിഭാവനംചെയ്യുന്ന ഭരണഘടന നിലവിലുള്ള രാജ്യത്ത് അതു സ്ത്രീവിരുദ്ധമാക്കിത്തീർക്കുമ്പോൾ നഷ്ടപ്പെടുന്നത്, മനുഷ്യത്വമാണ്, മാനവികതയാണ്. സ്ത്രീകളുടെ പൗരസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റത്തെ എതിർക്കേണ്ടത് സ്ത്രീസംഘടനകളുടെ മാത്രം ആവശ്യമല്ല. എല്ലാ പുരോഗമന ജനാധിപത്യവിശ്വാസികളും ഇതിനെ എതിർക്കേണ്ടതാണ്. ■

---

*(4-ാം പേജിൽ നിന്നും തുടർച്ച)*

അവയ്ക്കു മൂർച്ച കുറഞ്ഞുവെന്നും ഇക്കാരണത്താൽ മുഖ്യധാരാമാദ്ധ്യമങ്ങളുടെ ലൈംഗിക സദാചാര പ്രസ്താവങ്ങളിൽനിന്ന് വ്യക്തമായി അകലമിടാൻ പലപ്പോഴും നമുക്കു കഴിഞ്ഞിട്ടില്ല എന്നുമാണ് ലേഖനം പറയുന്നത്. ഇങ്ങനെ പറയുന്നതിനെ ലൈംഗികപീഡനത്തെ 'മറക്കാൻ' ആവശ്യപ്പെടലാണെന്ന് വ്യാഖ്യാനിക്കുന്നത്, സാധുവാകുമെന്നു തോന്നുന്നില്ല. നിയമ-രാഷ്ട്രീയ മണ്ഡലത്തിലല്ല, സാമൂഹ്യ ധാർമ്മികതയുടെ മണ്ഡലത്തിലാണ് ലൈംഗികാതിക്രമത്തെക്കുറിച്ചുള്ള പോരാട്ടം കൂടുതൽ ശക്തമായി അരങ്ങേറേണ്ടിയിരുന്നതെന്നാണ് ഞാൻ കരുതുന്നത്. കാരണം, തന്ത്രപരമായി നോക്കിയാൽ നിയമ-രാഷ്ട്രീയമണ്ഡലങ്ങൾ, അവയിൽ സ്ത്രീകൾക്കനുകൂലമായിത്തോന്നുന്ന എന്തെല്ലാം നിയമങ്ങളും നടപടികളും നിലവിലുണ്ടെങ്കിലും തീർച്ചയായും നമ്മുടെ ശക്തികേന്ദ്രങ്ങളല്ല. രാഷ്ട്രീയചിന്തകനും ഇന്ത്യൻ ദലിത് അവസ്ഥകളെക്കുറിച്ച് ആഴത്തിൽ പഠിച്ചിട്ടുള്ള ബുദ്ധിജീവിയുമായ ഗോപാൽ ഗുരു ഈ മണ്ഡലങ്ങളെ താരതമ്യംചെയ്തു നടത്തുന്ന നിരീക്ഷണങ്ങൾ ഇവിടെ പ്രസക്തമാണ്. സാമൂഹ്യമായ ഏറ്റുമുട്ടലുകളുണ്ടാകുമ്പോൾ അവ പരിഹരിക്കാൻ ലിബറൽ സമൂഹത്തിൽ രണ്ട് വഴികളാണുള്ളതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഒന്ന്, നിയമനിർമ്മാണം. രണ്ട്, പുതിയ ധാർമ്മികതയുടെ നിർമ്മാണം. പലപ്പോഴും രണ്ടാമത്തെ മാർഗ്ഗത്തെ ഒഴിവാക്കാൻവേണ്ടിയാണ് ഇന്ത്യയിലെ ബ്രാഹ്മണകേന്ദ്രിതജാതിവരേണ്യവർഗം ആദ്യമാർഗത്തെ പിന്തുണയ്ക്കുന്നതെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ഇത് ബ്രാഹ്മണകേന്ദ്രിതപുരുഷമേധാവിത്വത്തെ സംബന്ധിച്ചിടത്തോളവും ശരിയാണ്. അതുകൊണ്ട് നിയമമേഖലയിൽ സ്ത്രീകൾക്ക്, ഇന്നത്തെ അവസ്ഥയിൽ, ഘടനാപരമായിത്തന്നെ, ബലക്കുറവുണ്ട്. ഒന്നോ രണ്ടോ കേസുകൾ, സ്ത്രീപക്ഷനിയമങ്ങളുടെ ബലത്തിൽ വിജയിച്ചാൽ തന്നെയും അതിൽനിന്ന് പുതിയൊരു സ്ത്രീപക്ഷധാർമ്മികത തന്നെത്താനെ ഉണ്ടായിക്കൊള്ളും എന്നു കരുതാൻ കഴിയില്ല. കേരളീയഫെമിനിസത്തിന്റെ ആദ്യകാല തന്ത്രം- ഭരണകൂട- സിവിൽ സമൂഹ- വിപണി ഇടങ്ങളിൽ ഒരുപോലെ ഇടപെടുക എന്ന തന്ത്രം- അങ്ങേയറ്റം പ്രധാനമാകുന്നത് ഇക്കാരണത്താലാണ്. നിയമ-രാഷ്ട്രീയ ഇടങ്ങളിൽ (ഭരണകൂടത്തിൽ) ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ, ലൈംഗിക പീഡനക്കേസുകൾക്കു ചുറ്റും ശരിക്കും എതിർസ്വഭാവമുള്ള (നവോത്ഥാനപുരുഷമേധാവിത്വത്തെ അടിസ്ഥാനപരമായിത്തന്നെ ചോദ്യം ചെയ്യുന്ന) പുതിയ സ്ത്രീപക്ഷധാർമ്മികതയ്ക്ക് വേണ്ടത്ര ഊന്നൽ നൽകാൻ സാധിച്ചില്ല എന്നുതന്നെയാണ് ഞാൻ കരുതുന്നത്. നിയമനടപടികൾക്ക് മുൻകൈ എടുത്തത് തെറ്റായിപ്പോയി എന്നല്ല, മിക്ക മുട്ടകളും ആ കുട്ടയിൽ നിക്ഷേപിച്ചത് അബദ്ധമായി എന്നാണ് പറഞ്ഞത്.

അവസാനമായി, കേരളത്തിനു പുറത്തേക്ക് കേരളീയ സ്ത്രീവാദത്തെ വ്യാപിപ്പിക്കണമെന്ന എന്റെ വാദം 'മറവി'ക്കുള്ള മാർഗ്ഗമായി കണ്ടതെങ്ങനെ എന്നും വ്യക്തമല്ല. ഇന്ത്യൻ ഫെമിനിസം അങ്ങനെ മറവിയുണ്ടാക്കുന്ന ഒരു മരുന്നായി എനിക്കു തോന്നിയിട്ടില്ല. ഞാൻ 'അതിനു സഹായിക്കാ'മെന്ന സൂചനയുണ്ടുപോലും ലേഖനത്തിൽ! ഇതിന് ഞാൻ മറുപടി പറയുന്നില്ല. ഇത്തരം വ്യക്തിപരമായ ആക്രമണങ്ങൾ സ്ത്രീപക്ഷരാഷ്ട്രീയത്തിന് ഒരിക്കലും ഗുണം ചെയ്തിട്ടില്ല, ഇനി ചെയ്യുകയുമില്ല. കേരളത്തിൽ ജീവിക്കുന്ന ഫെമിനിസ്റ്റുകളിൽ ഇന്ത്യൻ ഫെമിനിസ്റ്റ് പ്രസ്ഥാനവുമായി നേരിട്ടുബന്ധമുള്ളവർ- എന്നെക്കാൾ എത്രയോ അധികം ബന്ധമുള്ളവർ- വളരെപ്പേരുണ്ട്. മാത്രമല്ല, കേരളത്തിനു പുറത്ത് പഠിക്കുകയും അവിടങ്ങളിലെ പുരോഗമനപ്രസ്ഥാനങ്ങളോട് ചേർന്നുനിന്നു പ്രവർത്തിക്കുകയും ചെയ്യുന്ന ചെറുപ്പക്കാരികളുടെ ഒരു തലമുറതന്നെ ഇന്നുണ്ട്. അതിൽ നമ്മുടെ പലരുടേയും പെണ്മക്കൾ ഉൾപ്പെടും. അവർ കേരളത്തിലെ ഫെമിനിസത്തെ കേരളത്തിനു പുറത്തേക്കു കൊണ്ടുപൊയ്ക്കൊള്ളും. ഏതെങ്കിലും വിധത്തിലുള്ള നേതൃത്വത്തിനോ, മുൻകൈയ്ക്കുപോലുമോ, ഒരു പ്രസ്ഥാനത്തോടും ഇന്നേവരെ പിശകിയിട്ടില്ലാത്ത എന്നെ വെറുതെ വിടുക! ■

**ജെ. ദേവിക**

# ഞങ്ങൾ എന്തുകൊണ്ട് ജീവിതം സമരമാക്കിമാറ്റി? ഞങ്ങൾ എന്തിനീ സഹനസത്യാഗ്രഹപാത സ്വീകരിച്ചു?

അനിത. എസ്

**തമിഴ്നാട്ടിലെ** തിരുനെൽവേലി ജില്ലയിൽ ഉയരുന്ന കൂടംകുളം അണുവൈദ്യുതനിലയം പ്രസിദ്ധമായ കന്യാകുമാരിയിൽ നിന്ന് 26.5 കിലോമീറ്ററും കേരളത്തിലെ തിരുവനന്തപുരത്തുനിന്ന് കഷ്ടിച്ച് 80 കിലോമീറ്ററും അകലെയാണു സ്ഥിതിചെയ്യുന്നത്. കൂടംകുളം അണുവൈദ്യുതനിലയത്തിന്റെ ചുറ്റുമുള്ള ഗ്രാമങ്ങളിലെ ജനങ്ങൾ കഴിഞ്ഞ 9 മാസമായി സത്യാഗ്രഹത്തിലും സഹനസമരത്തിലുമാണ്. കൂടംകുളം ആണവനിലയം എന്നെന്നേക്കുമായി അടച്ചുപൂട്ടുക എന്നതുമാത്രമാണ് അവരുടെ ആവശ്യം.

ഇതെഴുതുന്ന സമയത്ത് ഇടിന്തകരൈ ഗ്രാമത്തിലെ കൂറ്റൻ സമരപ്പന്തലിൽ 300-ൽപരം ജനങ്ങൾ നിരാഹാരസത്യാഗ്രഹത്തിലാണ്. ഇവരെ ഭീഷണിപ്പെടുത്താനും അടിച്ചമർത്താനും വിരട്ടിയോടിക്കാനും പോലീസിന്റേയും സൈന്യത്തിന്റേയും വൻസന്നാഹമാണ് സർക്കാർ വിന്യസിച്ചിരിക്കുന്നത്. 55,000-ൽപരം ഗ്രാമീണരുടെ മേൽ രാജ്യദ്രോഹം, ഭരണകൂടത്തിനെതിരെ നടത്തുന്ന കലാപം എന്നിങ്ങനെ ഗുരുതരമായ കുറ്റങ്ങൾ ചുമത്തി പോലീസ്കേസ് ചാർജ്ജ് ചെയ്തിരിക്കുകയാണ്.

ഇക്കഴിഞ്ഞ മേയ് 8-ന് കൂടംകുളം സമരപ്രവർത്തകരായ 20,000-ൽപരം പേർ അവരുടെ സമ്മതിദാന തിരിച്ചറിയൽ കാർഡ് സർക്കാറിനു തിരിച്ചുനൽകി. അടിസ്ഥാന അതിജീവന അവകാശത്തെ മാനിക്കാത്ത സർക്കാർ അവരുടെ സ്വത്വത്തെ ചോദ്യംചെയ്യുകയും നിരസിക്കുകയുമാണ് എന്ന പേരിലാണവർ ഈ യഥാർത്ഥ നിസ്സഹകരണസമരം നടത്തിയത്.

അമേരിക്കയിലെ ത്രീമൈൽ ഐലൻഡ്, പഴയ സോവിയറ്റ് യൂണിയനിലെ ചെർണോബിൽ, ഈയടുത്ത ജപ്പാനിലുണ്ടായ ഫുക്കുഷിമ എന്നീ അതിഭയാനകമായ ആണവദുരന്തങ്ങൾ കാണിക്കുന്നത് അണുനിലയങ്ങൾ ഏറ്റവും അപായകരമായ വൈദ്യുതിനിലയങ്ങളാണ് എന്നാണ്. അണുനിലയങ്ങളിൽനിന്നുള്ള മാരകറേഡിയേഷൻ വരുംതലമുറകളെ വികലാംഗരും തലച്ചോറിനും നാഡീവ്യൂഹത്തിനും ഗുരുതരമായ കേടുബാധിച്ചവരും മാരകരോഗികളുമാക്കും. ആണവനിലയത്തിൽനിന്നുള്ള വികിരണശേഷിയുള്ള മാലിന്യങ്ങൾ സുരക്ഷിതമായി നിർമാർജ്ജനംചെയ്യാനുള്ള ഒരു വഴിയും ശാസ്ത്രജ്ഞർ കണ്ടുപിടിച്ചിട്ടില്ല. ഇത്തരം മാരകമാലിന്യങ്ങൾ സൂക്ഷിക്കുന്നയിടങ്ങൾ അപായമേഖലകൾ സൃഷ്ടിക്കും. ആണവവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ലോകത്തേറ്റവും താഴ്ന്ന നിലവാരം കാണിക്കുന്ന 32 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 28 ആണ്. ഈയൊരു പശ്ചാത്തലത്തിലാണ് ഏഴെട്ടു പുതിയ ആണവനിലയങ്ങൾകൂടി നിർമ്മിക്കാനുള്ള തീരുമാനവുമായി നമ്മുടെ നാട് മുന്നോട്ടുപോവുന്നത്.



ആറ്റംസ്റോയ് എക്സ്പോർട്ട് എന്ന കമ്പനിയുടെ സാങ്കേതിക വിദ്യയോടെ റഷ്യയാണ് കൂടംകുളം ആണവനിലയത്തിന്റെ നിർമ്മാണം നടത്തുന്നത്. 2011 ഡിസംബർ മാസം റഷ്യൻ അംബാസഡർ പറഞ്ഞത് ജനങ്ങളുടെ സുരക്ഷയോ പരിസ്ഥിതി പ്രത്യാഘാതങ്ങളോ ഉറപ്പാക്കുന്നത് അവരുടെ ചുമതലയല്ല എന്നാണ്!

“കൂടംകുളത്തെക്കാൾ ഭൂഗർഭശാസ്ത്രപരമായി പശ്ചിമബംഗാളിലെ ഹരിപ്പൂർ വളരെ മോശപ്പെട്ട സ്ഥലമായതുകൊണ്ട് ഇന്ത്യ

പുതിയൊരു സ്ഥലം കണ്ടെത്താമെന്ന് സമ്മതിച്ചിരിക്കുകയാണ്. ആണവനിലയം നിർമ്മിക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ, അതെവിടെവേണമെന്നത് ഇന്ത്യയുടെ തീരുമാനമാണ്, റഷ്യയുടേതല്ല." ഭൂഗർഭശാസ്ത്രപരമായി കൂടംകുളവും അപകടമേഖലയാണെന്ന് ഇതിൽനിന്നു വ്യക്തമാണല്ലോ.

ആണവോർജ്ജത്തിനെതിരെയുള്ള ജനകീയ പ്രസ്ഥാനം (PMANE-Peaple's Movement Against Nuclear Energy) എന്ന സംഘടനയുടെ പേരിലാണ് കൂടംകുളത്തുകാർ ഭരണകൂടത്തോട് നിരവധി ചോദ്യങ്ങൾ ഉന്നയിച്ചിരിക്കുന്നത്. നാളിതുവരെ ഈ ചോദ്യങ്ങൾക്ക് ഒരൊറ്റ ഉത്തരംപോലും അവർക്കു കിട്ടിയിട്ടില്ല എന്നതു ഖേദകരമാണ്.

* ആണവനിലയത്തിൽനിന്നുള്ള മാലിന്യം എവിടെയാണു സൂക്ഷിക്കുക?

"കുറച്ചു മാലിന്യങ്ങൾ ഉണ്ടാവും. അത് ഒരു കുപ്പിപ്പാത്രത്തിൽ ഉരുക്കി സൂക്ഷിക്കും. നിങ്ങളുടെ ക്ലാസ്മുറിയിലെ ഷോക്കേസിൽ നിങ്ങൾക്കതു പ്രദർശിപ്പിക്കാം." ന്യൂക്ലിയർ പവർ കോർപറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ (NPCIL) ഡയരക്ടർ എസ്. കെ. ജെയിൻ വളരെ അലക്ഷ്യമായി പറഞ്ഞു! "മാലിന്യത്തിന്റെ 25% ഭൂമിക്കടിയിൽ സ്ഥാപിക്കുന്ന സംഭരണികളിൽ സൂക്ഷിക്കും'' എന്ന് എ.പി.ജെ. അബ്ദുൾകലാം ഉറപ്പുതരുന്നു!

കൂടംകുളം അണുനിലയം പോലുള്ള പദ്ധതികളിൽ ഉത്പാദിപ്പിക്കുന്ന പലതരത്തിലുള്ള മാരക മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനെക്കുറിച്ചുള്ള ഒരു ശാസ്ത്രീയവിവരവും പങ്കിടാൻ സാങ്കേതികവിദഗ്ധർ തയ്യാറല്ല.

* കൂടംകുളം ആണവനിലയത്തെക്കുറിച്ചുള്ള വിശദവിവരങ്ങൾ അടങ്ങിയ ഡോക്യുമെന്റുകൾ നമുക്കു ലഭ്യമാവുമോ?

കൂടംകുളം ആണവനിലയത്തിന്റെ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട്, സുരക്ഷിതത്വം, ഭദ്രത എന്നിവയെക്കുറിച്ചുള്ള പഠന റിപ്പോർട്ടുകൾ, നിലയം സ്ഥാപിക്കുന്ന സ്ഥാനത്തെക്കുറിച്ചുള്ള വിലയിരുത്തൽ എന്നിങ്ങനെയുള്ള

---

**ജനങ്ങളുടെ ആശങ്കകൾ മാറ്റാൻ തമിഴ്നാട് സർക്കാരോ കൂടംകുളം ആണവനിലയം അധികൃതരോ യാതൊരു ഉറപ്പോ വിശദവിവരങ്ങളോ നൽകിയിട്ടില്ല**

---

ഡോക്യുമെന്റുകൾ ജനങ്ങൾക്കു ലഭ്യമാക്കണമെന്ന ആവശ്യം അധികൃതർ ഇതുവരേയും ചെവിക്കൊണ്ടിട്ടില്ല. കൂടംകുളം അണുനിലയം സ്ഥാപിക്കാൻ പറ്റിയ സ്ഥലമാണോ എന്നതിനെക്കുറിച്ച് ശക്തമായ വാദപ്രതിവാദങ്ങളും ജനകീയ സമരങ്ങളും വിവാദങ്ങളും ആദ്യം മുതലേ ഉണ്ട്. കേന്ദ്രസർക്കാർ നിയമിച്ച മുത്തുനായകം വിദഗ്ദ്ധ കമ്മറ്റിയുടെ മുമ്പിൽ കൂടംകുളം സമരസമിതിക്കാർ 49 ചോദ്യങ്ങൾ ഉന്നയിച്ചിരുന്നു. അവയ്ക്കൊന്നും ഉത്തരം ലഭിച്ചിട്ടില്ല. മാത്രമല്ല, ഇൻഡോ-റഷ്യൻ ആണവ ഉടമ്പടിയെക്കുറിച്ചും ആണവമാലിന്യങ്ങളെക്കുറിച്ചുമൊക്കെയുള്ള ചോദ്യങ്ങൾക്ക് രാജ്യസുരക്ഷാനിയമത്തിന്റെ പേരുപറഞ്ഞ് ഉത്തരം നിഷേധിച്ചിരിക്കുകയാണ്.

* കൂടംകുളം ആണവനിലയം ഉയരുന്ന പ്രദേശം എത്രകണ്ട് അനുയോജ്യവും സുരക്ഷിതവുമാണ്?

ജനങ്ങളുടെ ആശങ്കകൾ മാറ്റാൻ തമിഴ്നാട് സർക്കാരോ കൂടംകുളം ആണവനിലയം അധികൃതരോ യാതൊരു ഉറപ്പോ വിശദവിവരങ്ങളോ നൽകിയിട്ടില്ല. ഈയൊരു ഗുരുതരാവസ്ഥയിൽ സമരസമിതി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിക്കുകയും കേന്ദ്ര വിദഗ്ദ്ധ കമ്മിറ്റിയുടെ മൂന്നാമത്തെ റിപ്പോർട്ട് (31-01-2012) വിശദമായി പരിശോധിക്കുകയും ചെയ്തു. അവർ കണ്ടെത്തിയ ഞെട്ടിപ്പിക്കുന്ന കാര്യങ്ങൾ:-

1. ആണവനിലയം പണിതുയർത്തുന്ന ശിലാതലത്തിന് 40,000 മീറ്റർ കട്ടിവേണം. കൂടംകുളത്തിന് അത് കഷ്ടി 400 മീറ്ററേ ഉള്ളു.

2. കൂടംകുളം ആണവനിലയം നിർമ്മിക്കപ്പെടുന്ന ഭൂതലത്തിന്റെ ഉപരിതല പാറപ്പാളികളുടെ എഴുന്നുവരലും ബാഹ്യ ഖരഭാഗത്തിന്റെ കട്ടികുറയലും പഠനവിധേയമായിട്ടില്ല. തൊട്ടടുത്തുള്ള ഗൾഫ് ഓഫ് മന്നാറിലും ഇതേ ഭൂഗർഭ പ്രത്യേകതകൾ കാണാം.

3. 1998നുശേഷം കൂടംകുളത്തിന് 75 കി.മീ. ചുറ്റളവിൽ ചെറിയതോതിലുള്ള നാല് അഗ്നിപർവ്വത ഉത്സ്ഫോടനങ്ങൾ ഉണ്ടായിട്ടുണ്ട്.

4. 2004 ഡിസംബറിൽ കൂടംകുളവും ചുറ്റുമുള്ള തീരദേശ ഗ്രാമങ്ങളും സുനാമി കെടുതികൾ നേരിട്ടിരുന്നു. അണുനിലയത്തിൽ നിന്ന് കഷ്ടിച്ച് 2 കി.മീ. ദൂരെയാണ് സുനാമി ബാധിതരെ പുനരധിവസിപ്പിച്ച കാസാനഗർ സുനാമി കോളനി. 400 വീടുകളാണ് അവിടെയുള്ളത്.

5. കൂടംകുളത്തിൽനിന്നും 25 കി.മീ. അകലെയുള്ള മൂന്നുസ്ഥലങ്ങളിൽ (മരുതൻകുളം, രാധാപുരം, പന്നിയാർകുളം) മഴപെയ്യുമ്പോൾ ഭൂമിയുടെ ഉപരിതലം താഴ്ന്നുപോകുന്ന പ്രതിഭാസം കാണാം. ഈ പ്രദേശത്തിന്റെ ഭൂഗർഭ അസ്ഥിരതയാണ് ഇതു കാണിക്കുന്നത്.

* കൂടംകുളം പ്രദേശത്തിന്റെ ശുദ്ധജല ലഭ്യതയുടെ അവസ്ഥ എന്താണ്?

ആണവനിലയത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും അപകടങ്ങൾ ഒഴിവാക്കാനും അപായമുണ്ടായാലുള്ള വിനാശത്തിന്റെ ശക്തി കുറയ്ക്കാനും ധാരാളം ശുദ്ധജലം ആവശ്യമാണ്. ത്രീമൈൽ ദ്വീപ്, ചെർണോബിൽ, ഫുക്കുഷിമ എന്നീ അപകടങ്ങളുടെ ആഘാതം, ശുദ്ധജല ലഭ്യത ഉറപ്പായിരുന്നെങ്കിൽ ലഘൂകരിക്കാൻ ആകുമായിരുന്നു. വരൾച്ചബാധിത പ്രദേശമായ കൂടംകുളത്ത് ശുദ്ധജലം വളരെ പരിമിതമാണ്. ഇതിനുംപുറമേ അഗ്നിപർവ്വത ഉത്സ്ഫോടനങ്ങളും പാറപ്പാളികളുടെ എഴുന്നുവരലും കാരണം ഭൂഗർഭജല പ്രവാഹത്തിനും ലഭ്യതയ്ക്കും ഏറ്റ

ക്കുറച്ചിലുകൾ വരാനും ഭൂഗർഭ ജലവിതാനം താഴാനും ഇടയുണ്ട്. ഭതലം താഴ്ന്നുപോകാൻ സാദ്ധ്യത യുള്ള പ്രദേശങ്ങളിൽ ഭൂഗർഭജല വ്യതിയാനങ്ങൾ ഭൂതലത്തിന്റെ ഉറപ്പ് കുറേക്കൂടി ക്ഷയിപ്പിക്കാനും സാദ്ധ്യതയുണ്ട്. കൂടംകുളം പദ്ധതി ക്ക് പേച്ചിപ്പാറ അണക്കെട്ടിൽനിന്ന് വെള്ളമെത്തിക്കും എന്നും കേൾ ക്കുന്നു. കന്യാകുമാരി ജില്ലയിൽ സ്ഥിതിചെയ്യുന്ന ഈ അണക്കെട്ട് മണ്ണുവീണുതൂർന്ന, ജലസംഭര ണശേഷി വളരെ കുറഞ്ഞ ഒന്നാണ്. 52 വർഷത്തെ (1901–1989) സ്ഥിരവരൾച്ചബാധിതപ്രദേശമാണ് കന്യാകുമാരി ജില്ല. കൂടംകുളം നിലയത്തിനുവേണ്ട ജലം അവിടെ നിന്നു ലഭിക്കുമോ?

* കൂടംകുളത്തെ ജനങ്ങൾ ഉപ ജീവനത്തിനുവേണ്ടി ആശ്രയി ക്കുന്ന സമുദ്രജീവജാലങ്ങൾക്കും ആവാസവ്യവസ്ഥകൾക്കും ആണവ നിലയം കാരണം ഉണ്ടാകുന്ന ആഘാതം എന്തായിരിക്കും?

ജീവനാധാരമായ സൗരോർജ്ജം ധാരാളം ലഭിക്കുന്ന സമുദ്ര ഉപരിത ലത്തിലെ അതിലോലമായ പരി സ്ഥിതിസംതുലിതാവസ്ഥയെ ആശ്രയിച്ചാണ് സമുദ്ര ആവാസ വ്യവസ്ഥയും ഭക്ഷ്യ ശൃംഖലകളും നിലനിൽക്കുന്നത്. സമുദ്രജല ത്തിന്റെ ശുദ്ധതയും കലക്കമില്ലാ യ്മയും, താപനില, പ്രാണവായു വിന്റെ അളവ് എന്നിവയിലുണ്ടാ കുന്ന ചെറിയമാറ്റം എന്നിവപോലും ഭക്ഷ്യശൃംഖലയിലെ ജീവജാല ങ്ങളെ നശിപ്പിക്കും. സമുദ്ര ആവാസവ്യവസ്ഥയിന്മേലുള്ള ഒരുതരത്തിലുള്ള മലിനീകരണവും താങ്ങാൻ ജീവജാലങ്ങൾക്കു കഴിയില്ല. കടൽജീവികളെ നിലനിർ ത്തുന്ന, സമുദ്ര ഊർജ്ജചക്രത്തിൽ ഏറ്റവും പ്രാധാന്യമുള്ള പ്ലവഗ ജീവിസമൂഹങ്ങളെയാണ് അണു നിലയത്തിൽനിന്നുള്ള മലിനീക രണം ഗുരുതരമായി ബാധിക്കുക. മത്സ്യത്തൊഴിലാളികളുടെ ഉപജീ വനത്തിന്റേയും വാണിജ്യ മത്സ്യ ബന്ധനത്തിന്റേയും ആധാരമായ മത്സ്യസമ്പത്തിനും സാരമായ നാശം സംഭവിക്കും. ആണവനിലയ ത്തിൽനിന്നുള്ള ചൂടുകൂടിയ മലിന ജലം നിരന്തരം കടലിലേക്ക് ഒഴുകാൻ തുടങ്ങുമ്പോൾ തീരക്ക ടലിലെ ജൈവസമ്പത്തും ജലപ്രവാ ഹങ്ങളുമെല്ലാം തകിടം മറിയും.

കടൽവെള്ളം ശുദ്ധജലമാക്കി മാറ്റാനുള്ള നിർലവണീകരണ പ്ലാന്റുകളാണ് (Desalination Plants) സമുദ്ര ആവാസവ്യവ സ്ഥയെ ഏറ്റവും ആദ്യം നശിപ്പി ക്കുക. അന്താരാഷ്ട നിലവാരമ നുസരിച്ച് ഓരോ അണുനിലയ ത്തിനും നാല് നിർലവണീകരണ പ്ലാന്റുകൾ ആവശ്യമാണ്. നൂറ്റിപ്പതിന ഞ്ചുകോടി രൂപ ചെലവിൽ കൂടം കുളം അണുനിലയം ആറ് ഡീസൽ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇസ്രാ യേലിൽനിന്നുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചു പ്രവർത്തിക്കുന്ന ഈ പ്ലാന്റുകളുടെ പ്രശ്നങ്ങളും കേടു പാടുകളും ഇവിടെ പരിഹരിക്കാൻ കഴിയുകയില്ല. കടൽജലം 70 ഡിഗ്രി സെൽഷ്യസിൽ ചൂടാക്കി, ജീവജാല ങ്ങളെ കൊന്നൊടുക്കി, രാസവ സ്തുക്കൾ ചേർത്തുവേണം ശുദ്ധ ജലം വേർതിരിച്ചെടുക്കാൻ. ഈ പ്രക്രിയ കഴിഞ്ഞ് ബാക്കിവരുന്ന സാന്ദ്രതകൂടിയ ഉപ്പുവെള്ളവും രാസവസ്തുക്കളും കടലിലേക്കു തന്നെ എത്തും. ഡീസൽ പ്ലാന്റ് ശേഖരിക്കുന്ന ഓരോ 378 ലിറ്റർ കടൽവെള്ളത്തിൽനിന്നും, 38–151 ലിറ്റർവരെ അതീവസാന്ദ്രമായ ഉപ്പും ലവണങ്ങളും രാസവസ്തുക്കളും കലർന്ന മലിനജലം കടലിൽ തിരിച്ചെത്തും.

ഉപ്പും ലവണങ്ങളും വർദ്ധി ക്കുന്ന കടൽവെള്ളത്തിൽ ചില ജാതി ശൈവാലങ്ങൾ (ആൽഗ കൾ) പെരുകുകയും സമുദ്രഭക്ഷ്യ ശൃംഖലയെ മാരകമായി നശി പ്പിക്കുന്ന 'ചുവപ്പു വേലിയേറ്റങ്ങൾ' (Red tides) ഉണ്ടാവുകയും ചെയ്യും. അറേബ്യൻ ഗൾഫിൽ നിർലവണീകരണപ്ലാന്റുകളുടെ പ്രവർത്തനം കാരണമുള്ള വിനാശക രമായ ഈ പ്രതിഭാസം കാണാം. നത്തക്കകളും കക്കാപ്രാണികളും വിഷമയമാകാൻ ഇതു കാരണ മാകുന്നു. സമുദ്രജലത്തിന്റെ താപ നില, ലവണത്വം, പോഷകങ്ങൾ എന്നിവയ്ക്കു വരുന്ന മാറ്റങ്ങളും കാറ്റിന്റേയും മഴയുടേയും സംഭാ വവും ചുവന്നവേലിയേറ്റ അധി നിവേശത്തിനു കാരണമാകുന്നു.

*കൂടംകുളം അണുനിലയ ത്തിന്റെ സാമൂഹിക ആഘാതങ്ങൾ

**കൂടംകുളം അണുനിലയം പോലുള്ള പദ്ധതികളിൽ ഉത്പാദിപ്പിക്കുന്ന പലതരത്തിലുള്ള മാരകമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനെക്കുറിച്ചുള്ള ഒരു ശാസ്ത്രീയവിവരവും പങ്കിടാൻ സാങ്കേതികവിദഗ്ധർ തയ്യാറല്ല**

അണുനിലയം കാരണമുണ്ടായേ ക്കാവുന്ന സാമൂഹിക ആഘാത ത്തെക്കുറിച്ച് ഒരു പഠനവും ഇതേ വരെ ഉണ്ടായിട്ടില്ല. അണുവിരുദ്ധ സത്യാഗ്രഹത്തിൽ അഭൂതപൂർവ്വ മായ ജനപങ്കാളിത്തം ആദ്യം മുതലേ ഉണ്ട് എന്നതിന്റെ അർത്ഥം ജനങ്ങൾക്ക് പ്രശ്നത്തിന്റെ ഗുരുത രാവസ്ഥ നന്നായി അറിയാം എന്നു തന്നെ. സമരസമിതിയുടെ ഗ്രാമീണ കമ്മിറ്റിക്ക് മത്സ്യത്തൊഴിലാളികളും ബീഡിത്തൊഴിലാളികളുംമറ്റും നൽകുന്ന സംഭാവനകളാണ് ഈ ഐതിഹാസികസമരത്തെ സാ മ്പത്തികമായി നിലനിർത്തുന്നത്. കൂടംകുളത്ത് 144 പ്രഖ്യാപിച്ച പ്പോഴും പോലീസും പട്ടാളവും വിന്യസിച്ചപ്പോഴും സമരപ്പന്തലി ലേക്ക് വഞ്ചിമാർഗ്ഗവും നടന്നു മൊക്കെ കുടിവെള്ളവും ആഹാ രവുമൊക്കെ എത്തിച്ചിരുന്നത് ജനങ്ങളാണ്. ഈ സഹനസമര ത്തിന്റെ ആത്മശക്തി ജീവിതം തന്നെ മുഴുനേരസമരമാക്കിമാറ്റിയ അവിടുത്തെ ഗ്രാമീണ സ്ത്രീ കളാണ്.

വിനാശകരമായ ആണവനിലയ ത്തിനടുത്ത് ജീവിതം കഴിച്ചുകൂട്ടേ ണ്ടിവരുമോ എന്ന ഭീതിയാണ് ഇന്നാ സമൂഹത്തിന്റെ സമാധാ നത്തേയും സുരക്ഷിതത്വബോധ ത്തേയും നശിപ്പിക്കുന്നത്. പക്ഷേ, അതേ ഭീതിയും ആശങ്കകളുംതന്നെ യാണവരെ ഒന്നിപ്പിക്കുന്നതും ജീവി തംതന്നെ പ്രതീക്ഷാനിർഭരമായ സഹനസമരമായിമാറ്റാനുള്ള ശക്തി നൽകുന്നതും. ■





# നോ വൺ കിൽഡ് ജെസ്സീക്ക

ഡോ. രജനി. ബി.

**ഒരു** യഥാർത്ഥസംഭവത്തെ സിനിമയാക്കി സ്ക്രീനിലെത്തിക്കുമ്പോൾ നേരിടേണ്ടിവരുന്ന തടസ്സങ്ങളേറെയാണ്. ഡോക്യുമെന്ററി ശൈലി കടന്നുകൂടാനുള്ള സാദ്ധ്യതയേറെയുണ്ട്. പൊതുസമൂഹത്തിന് അവബോധമുള്ള വിഷയമായതുകൊണ്ട് വികാരങ്ങളും പൊതുതാത്പര്യങ്ങളും വസ്തുനിഷ്ഠമായ കാഴ്ചപ്പാടിനെ സാരമായി ബാധിക്കുവാനുള്ള സാദ്ധ്യതകളുമുണ്ട്. ഈ തടസ്സങ്ങളെയെല്ലാം മറികടന്ന് സമൂഹമനഃസാക്ഷിയെ ഉണർത്തിയ ഒരു സംഭവത്തെ തെറ്റില്ലാത്ത രീതിയിൽ അവതരിപ്പിക്കുന്നതിൽ സംവിധായകൻ രാജ്കുമാർ ഗുപ്ത വിജയിച്ചിരിക്കുന്നു.




ഫിലിം ഫെയർ അവാർഡുകളിൽ മികച്ച സിനിമ, മികച്ചനടി എന്നീ വിഭാഗങ്ങളിൽ നോമിനേഷനുകൾ ലഭിച്ചെങ്കിലും മികച്ച സഹനടിക്കുള്ള പുരസ്കാരം (റാണിമുഖർജിക്ക്) മാത്രമാണു ലഭിച്ചത്. ബോളിവുഡിന്റെ സ്ഥിരം മസാലക്കൂട്ടിന്റെ അഭാവമാവാം അവാർഡുകളുടെ കാര്യത്തിൽ 'നോ വൺ കിൽഡ് ജെസ്സീക്ക' പുറകോട്ടു പോയത്.

1999-ൽ ദില്ലി നഗരത്തിലെ ഒരു റസ്റ്റോറന്റിൽവെച്ച് മോഡലായ ജെസ്സീക്കലാലിനെ മദ്യം വിളമ്പാൻ വിസമ്മതിച്ചതിന് മനു എന്ന മനീഷ്ഭരദ്വാജ് വെടിവെച്ചുകൊന്നു. കേസ്സ് അട്ടിമറിക്കാൻ മനുവിന്റെ പിതാവായ ഹരിയാനയിലെ രാഷ്ട്രീയനേതാവ് കിണഞ്ഞു പരിശ്രമിച്ചതിന്റെ ഫലമായി സാക്ഷികൾ കൂറുമാറുകയും നിയമവ്യവസ്ഥയെത്തന്നെ പരിഹാസ്യമാക്കുന്ന പല സംഭവങ്ങളും നടക്കുകയും ചെയ്തു. ജെസ്സീക്കയുടെ സഹോദരി സബ്രീനയുടേയും ഒരുകൂട്ടം എൻ.ഡി.ടി.വി. റിപ്പോർട്ടർമാരുടേയും ശ്രമങ്ങൾക്കൊടുവിൽ കേസ്സ് പുനർവിചാരണയ്ക്കെടുക്കുകയും കുറ്റവാളിക്ക് ജീവപര്യന്തം തടവുശിക്ഷ ലഭിക്കുകയും ചെയ്തു. എസ്.എം.എസ്സിലൂടെ സമൂഹം ഒരു കോടതി വിധിയെ ചോദ്യംചെയ്ത സംഭവമായിരുന്നു അത്.

സിനിമയുടെ പേരിലുമുണ്ട് ഒരു 'മീഡിയ ടച്ച്'. 2006 ഫെബ്രുവരി 22ന് ടൈംസ് ഓഫ് ഇന്ത്യയിൽ ഗരിമശർമ്മ എഴുതിയ 'നോ വൺ കിൽഡ് ജെസ്സീക്ക' എന്ന ലേഖനമാണ് ഈ സിനിമയുടെ പ്രചോദനം. സാക്ഷികൾ കൂറുമാറുകയും മറ്റുനിയമതടസ്സങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്ത അവസരത്തിൽ ഗരിമശർമ്മ എഴുതിയ ഈ തലക്കെട്ട് ഇന്ത്യൻ സമൂഹത്തിന്റെ നീതിബോധത്തെ ചോദ്യം ചെയ്യുന്ന ഒന്നായിരുന്നു.


ഭരണവർഗ്ഗത്തിന്റെ അഴിമതികളെയും അതിനുമുമ്പിൽ പകച്ചുനിൽക്കുന്ന നിസ്സഹായരായ മനുഷ്യരെയും വരച്ചുകാട്ടുന്നതിൽ 'നോ വൺ കിൽഡ് ജെസ്സീക്ക' വിജയിച്ചിട്ടുണ്ട്. സബ്രീനലാലിനെ അവതരിപ്പിച്ച വിദ്യാബാലനും മീരയെന്ന ഉണർവ്വുള്ള എൻ.ഡി.ടി.വി. റിപ്പോർട്ടറിനെ അവതരിപ്പിച്ച റാണി മുഖർജിയും അനായാസമായി സിനിമയുടെ വിജയം ഉറപ്പിക്കുന്നു. വളരെയധികം ഡീഗ്ലാമറൈസ് ചെയ്യപ്പെട്ട കഥാപാത്രമായാണ് സബ്രീന സ്ക്രീനിലെത്തുന്നത്. വിദ്യാബാലൻ എന്ന ഗ്ലാമറസ്സ് നടിയിലും ഇത് പ്രകടമാണ്. വിദ്യ എന്ന നടിയുടെ അഭിനയ സാദ്ധ്യതകൾ ഏറെയാണെന്ന് 'നോ വൺ

കിൽഡ് ജെസ്സീക്ക' നമ്മെ ഓർമ്മിപ്പിക്കുന്നു. ബോൾഡ് കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന (കഹാനി, ഡർട്ടി പിക്ചർ) വിദ്യ ഇവിടെ കാഴ്ചവെക്കുന്നത് മറ്റൊരു മുഖമാണ്. ഇടർച്ചയുള്ള ശബ്ദവും സംശയങ്ങളും സംഘർഷങ്ങളും പ്രകടമാക്കുന്ന ശരീരഭാഷയും സബ്രീനയുടെ പ്രത്യേകതകളാണ്. അവരുടെ വസ്ത്രധാരണവും വ്യത്യസ്തമാണ്. സിനിമയിൽ, അനാകർഷകം എന്നു

എന്നിവ ഭാഷയിൽ ധാരാളം കൊണ്ടുവരണമെന്ന് റാണിയുടെ കഥാപാത്രം നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരുകാര്യം ഉറപ്പ്, ഈ ഭാഷ റാണിയെന്ന നടിക്ക് വഴങ്ങുന്നില്ല.

മീഡിയ ആക്റ്റിവിസത്തിന്റെ ഉത്തമ ഉദാഹരണമായി നിലകൊള്ളുന്ന ഈ സിനിമയിൽ ഉറച്ച മനസ്സും ഒരു ശക്തിക്കുമുന്നിലും തലകുനിക്കാത്ത കുറേ ചെറുപ്പ

ഭരണവർഗ്ഗത്തിന്റെ അഴിമതികളെയും അതിനുമുമ്പിൽ പകച്ചുനിൽക്കുന്ന നിസ്സഹായരായ മനുഷ്യരെയും വരച്ചുകാട്ടുന്നതിൽ 'നോ വൺ കിൽഡ് ജെസ്സീക്ക' വിജയിച്ചിട്ടുണ്ട്




വിശേഷിപ്പിക്കാവുന്ന കുർത്തകളും ഷർട്ടുകളുമാണ് ഈ കഥാപാത്രം ധരിച്ചിരിക്കുന്നത്.

മീര എന്ന ധീരയായ, 'പൊട്ടിത്തെറിക്കുന്ന' കഥാപാത്രത്തോട് റാണി മുഖർജി എത്രമാത്രം കൂറു കാണിച്ചു എന്നത് ചോദ്യചിഹ്നമായി നിലകൊള്ളുന്നു. വസ്ത്രധാരണത്തിലും ഭാഷയിലും ശരീരഭാഷയിലുമെല്ലാം റാണി ബോൾഡ് ആണ്. വാർത്തകൾക്കുപുറകേ പോവുന്നതിലും വാർത്താപ്രാധാന്യം എന്നത് 'മാനേജ്' ചെയ്യപ്പെടേണ്ട ഒരു വസ്തുതയാണെന്ന് കാണിച്ചുതരുന്ന മീഡിയപ്രവർത്തക എന്നതിലും റാണി വിജയിച്ചിട്ടുണ്ട്. തന്റെ 'ബോൾഡ്നെസ്സ്' കൂടുതൽ സ്പഷ്ടമാക്കുവാനുള്ള ശ്രമത്തിൽ പക്ഷേ, പാളിച്ചകൾ വന്നിട്ടുണ്ട്. മുൻനിരകളിൽ സ്ഥാനമുറപ്പിക്കുന്ന ആധുനികവനിതയാവണമെങ്കിൽ ഫോർ ലെറ്റർ വേർഡ്സ്, ബിച്ച്

ക്കാരും പ്രത്യക്ഷപ്പെടുന്നുണ്ട്. സാങ്കേതികവിദ്യയുടേയും മീഡിയയുടേയും ആരോഗ്യപരമായ കൂട്ടുകെട്ട് തിന്മകളെ നശിപ്പിക്കുന്ന കാഴ്ച ഈ സിനിമയുടെ മേന്മ തന്നെയാണ്. മാത്രവുമല്ല, ഒരു സാധാരണ ബോളിവുഡ് സിനിമയിൽനിന്ന് വ്യത്യസ്തമായി 'നോ വൺ കിൽഡ് ജെസ്സീക്ക' യിൽ പാട്ടുകളുടേയോ ഡാൻസുകളുടേയോ അതിപ്രസരമില്ല. അപകടഘട്ടങ്ങളിൽ നായകസഹായം കാംക്ഷിക്കുന്ന, കരയാൻ മാത്രമറിയുന്ന യാഥാസ്ഥിതിക നായികയുമില്ല. വിദ്യാബാലനും റാണി മുഖർജിയും അതുറപ്പിക്കുന്നുണ്ട്.

കഥയുടെ ചുരുളഴിയുന്ന പല ഘട്ടങ്ങളിലും വീഴ്ചകളും സംഭവിച്ചിട്ടുണ്ട്. കോടതിരംഗങ്ങളിൽ ഏറെ നാടകീയത അടങ്ങിയിട്ടുണ്ട്. അതുപോലെതന്നെ, സ്ത്രീവിഷയം മുഖ്യമായ ഒരു സിനിമയിൽ പുരുഷനായതുകൊണ്ടുമാത്രം പാർശ്വ

വത്ക്കരിക്കപ്പെട്ട ഒരു കഥാപാത്രവുമുണ്ട്, രാകേഷ് ശർമ്മ അവതരിപ്പിക്കുന്ന പോലീസ് ഓഫീസർ. കുറ്റവാളിയായ മനുവിനെ ഉപദ്രവിക്കാതിരിക്കാൻ കോഴവാങ്ങുന്ന ഈ ഓഫീസർ പക്ഷേ, കേസിനെ സഹായിക്കുന്ന പല തെളിവുകളും മീഡിയയ്ക്ക് കൈമാറുന്നു. ഏറെ അഭിനയസാദ്ധ്യതകളുള്ള ഈ കഥാപാത്രത്തെ പക്ഷേ, വികസിപ്പിച്ചെടുക്കുന്നതിൽ സംവിധായകൻ ശ്രദ്ധിച്ചിട്ടില്ല. ആകസ്മികമാണെങ്കിൽപോലും ഈ സിനിമയിലെ പുരുഷന്മാർ ഭൂരിഭാഗവും ഭീരുക്കളും ചതിയന്മാരും അത്യാഗ്രഹികളും ആയിമാത്രം അവതരിക്കുന്നു. സ്ത്രീകളെ ശാക്തീകരിക്കണമെങ്കിൽ പുരുഷന്മാരെ നീചന്മാരാക്കണമോ?

മറ്റൊരു പ്രശ്നത്തിലേക്കുകൂടി ശ്രദ്ധ ക്ഷണിച്ചുകൊള്ളട്ടെ: ജെസ്സീക്കയെപ്പോലെ ഗ്ലാമറസ്സായി ഗ്ലാമർ ലോകത്ത് ജീവിക്കുന്ന സ്ത്രീകൾ സുരക്ഷിതരല്ലെന്ന 'സത്യം' സംവിധായകമനസ്സിൽ കടന്നുകൂടിയോ? ആധുനികവസ്ത്രങ്ങൾമാത്രം ധരിക്കുന്ന ജെസ്സീക്ക ഒരറ്റത്ത്. വളരെയധികം ഡീസെക്സ് ചെയ്യപ്പെട്ട വസ്ത്രങ്ങളണിയുന്ന സബ്രീന മറ്റേയറ്റത്ത്. വിദ്യാബാലന്റെ പ്രത്യക്ഷമായിത്തന്നെ വേറിട്ടുനിൽക്കുന്ന വസ്ത്രധാരണരീതിക്ക് വേറെ ന്യായീകരണങ്ങളില്ല. ■

# കുട്ടികൾക്ക് പഠനോപകരണങ്ങളുടെ വിതരണം



**അന്വേഷി** വിമെൻസ് റീഡിംഗ് റൂം & ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ പറയഞ്ചേരി ഹയർസെക്കണ്ടറി സ്കൂളിലെ ഏഴ് കുട്ടികൾക്കും നടക്കാവ് ഹയർസെക്കണ്ടറി സ്കൂളിലെ അഞ്ചു കുട്ടികൾക്കും യൂണിഫോം വാങ്ങുന്നതിനുള്ള തുക അവരുടെ അദ്ധ്യാപികമാരെ ഏല്പിച്ചു. കൂടാതെ ഈ രണ്ടുസ്കൂളുകളിലെയും 20 കുട്ടികൾക്കുവീതം പഠനോപകരണങ്ങളും വിതരണം ചെയ്തു. 11-06-12ന് ലൈബ്രറിഹാളിൽ നടന്ന ചടങ്ങ് താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി എ. ഗംഗാധരൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ലൈബ്രറി സെക്രട്ടറി ജാൻസി ജോസ്, അന്വേഷി സെക്രട്ടറി പി. ശ്രീജ, പി. പ്രമീള എന്നിവർ സംസാരിച്ചു. ചില സുഹൃത്തുക്കൾ നല്കിയ സംഭാവനകൾ കൊണ്ടാണ് ഇത്തരമൊരു പരിപാടി സംഘടിപ്പിക്കാൻ കഴിഞ്ഞത്. അവരുടെ വലിയമനസ്സിന് ലൈബ്രറി ഭാരവാഹികൾ അകൈതവമായ നന്ദി രേഖപ്പെടുത്തി.



## അനുസ്മരണം

2011 ജൂലായ് 5-ാം തീയതി അന്തരിച്ച അമ്മുവേടത്തി എന്ന അംബുജം സുരാസു. അമ്മുവേടത്തി അന്വേഷിയുടെ സ്ഥാപകമെമ്പറും നാടക-സിനിമാനടിയുമായിരുന്നു. പ്രശസ്ത നാടകനടനായിരുന്ന സുരാസു ആയിരുന്നു അമ്മുവേടത്തിയുടെ ജീവിത പങ്കാളി. അവരുടെ ഓർമ്മയ്ക്കുമുന്നിൽ ഞങ്ങളുടെ സ്നേഹം നിറഞ്ഞ ആദരാഞ്ജലികൾ.

*അന്വേഷി & സംഘടിത ടീം*



പുസ്തകപരിചയം

## തെമ്മാടികളും തമ്പുരാക്കന്മാരും

(മലയാളസിനിമയും ആണത്തങ്ങളും)

ജെനി റൊവീന

ഫേബിയൻ ബുക്സ് / 100 രൂപ

മലയാളസിനിമയിലെ ആണത്തങ്ങളെ ആഴത്തിൽ പരിശോധിക്കുന്ന ആദ്യത്തെ പഠനമാണിത്. സിനിമ സ്ഥിരമായ മുന്നോട്ടുവെക്കുന്ന ആൺപ്രതിനിധാനങ്ങൾ സ്ഥാപിക്കപ്പെടുന്നതും കാലംതോറും മാറിവരുന്നതും അന്യോന്യത്തിൽനിന്ന് കടം വാങ്ങുന്നതും ഇവിടെ വിശദമായി പഠിക്കുന്നു. കേരളീയ സിനിമ കാഴ്ചയിൽ ആധിപത്യം സ്ഥാപിച്ചിട്ടുള്ള ശൂദ്രാധിഷ്ഠിത ആണത്തങ്ങളും പെണ്ണത്തങ്ങളും എപ്രകാരമാണ് ഹിന്ദുസദാചാര പുരുഷനും സ്ത്രീയുമെന്ന അധീശത്വസ്വത്വമായി പരിവർത്തനപ്പെട്ടത് എന്ന അന്വേഷണമാണ് ഈ പുസ്തകത്തിന്റെ മറ്റൊരു പ്രധാനവശം.




## എന്റെ പേര്

സുജാസൂസൻ ജോർജ്ജ്

സാഹിത്യപ്രവർത്തക സഹകരണസംഘം / 65 രൂപ

പെണ്ണിന് പുരുഷന്റെ ലോകം പേരിടുന്നത് അവൾ ലോകത്തിന്റെ ഉടലിൽ സ്പർശിക്കുമ്പോഴാണ്. ലോകം അങ്ങനെ ഈ കവിയെ ടീച്ചർ എന്നോ സഖാവേ എന്നോ തൊട്ടുവിളിച്ചിരിക്കാം. എന്നാൽ ഒരു കവിത അവസാനിപ്പിക്കുന്നത് നഗ്നമായ ഐഡന്റിറ്റികാർഡിന്റെ നിശ്ചലതയിലാണ്. സഹനങ്ങളുടെ മാതാവിന്റെ ഛേദിച്ച ശിരസ്സായി– മനുഷ്യരുടെ പാപങ്ങൾ ഏറ്റുവാങ്ങുന്ന കബന്ധമായി– നിശ്ചലമായുള്ള നില്പ്. പിന്നീടുള്ള സ്വപ്നദൃശ്യത്തിന്റെ ജ്വരവൈദ്യുതിയിലും പടർന്നുപോകാത്ത നിർമ്മമമായ ഒരു പേരടയാളക്കാർഡായി.

*ഡോ. കെ. എം. വേണുഗോപാൽ*





## വിഷക്കായുടെ പൊരുൾ

എ.പി. ജ്യോതിർമയി

പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട് / 105 രൂപ

“പന്ത്രണ്ടും പതിനാലും വയസ്സിലേ ഗർഭിണികളാകുന്ന പെൺകുട്ടികൾ യൗവനമെത്തുംമുമ്പേ കിഴവികളായി, രോഗിണികളായി ചത്തുവീഴുന്നത് ആരെയും വിഷമിപ്പിക്കുന്നില്ല. ആരാണിവരെ പിഴപ്പിക്കുന്നത്? കാടുമുഴുവനും ഓടിനടന്ന് ഈറ്റവെട്ടാനും ചൂരലൊടിക്കാനും വരുന്ന പെൺകുട്ടികൾ ആരുടെ കൈകളിലാണ് ചെന്നുപെടുന്നത്? നാലഞ്ചു മുത്തുമാലകളും മിന്നുന്ന പാവാടയും സമ്മാനിച്ചാൽ ചെയ്തുപോകുന്ന അപരാധമറിയാതെ അവർ തങ്ങളെ വലയം ചെയ്യുന്ന കൈകളിൽ മുകരാകുന്നു.” നിരാലംബരായ ആദിവാസിപ്പെൺകുട്ടികളുടെ നിലവിളികൾ മുഴങ്ങുന്ന നോവൽ.




**ലോങ്ങ് ഷോട്ട്** | കബിത മുഖോപാധ്യായ്




ജോബ് മേള – ക്വട്ടേഷൻ സംഘങ്ങളെ ആവശ്യമുണ്ട് !

Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O), Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara